# സീറോമലബാർസഭയുടെ
# ആരാധനക്രമം
## (വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ)

SYRO MALABAR COMMISSION FOR LITURGY

**വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ**
**(വിഭൂതി)**

**ഓശാനഞായർ, പെസഹാവ്യാഴം**
**പീഡാനുഭവവെള്ളി, വലിയശനി**
**(യാമപ്രാർഥനയോടുകൂടിയത്)**

**ഉയിർപ്പുതിരുനാൾ**

© All Rights reserved to the
Syro-Malabar Bishops' Synod

*Imprimatur*

Mount St. Thomas
25 March 2025

✠ **Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Irinjalakuda
19 March 2025

✠ **Mar Pauly Kannookadan**
Bishop of Irinjalakuda
Chairman
Syro-Malabar Major Archiepiscopal
Commission for Liturgy

Published by

Secretariat, Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi - 682 030
Kerala, India, Ph : (+91) 9446477924
E-mail : syromalabarliturgy@gmail.com

25 March 2025

Printed at

St. Joseph's Press, Trivandrum

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

Prot. No. 0224/2025

SYRO MALABAR COMMISSION FOR LITURGY

# DECREE

In response to the pastoral needs of the Syro-Malabar Church, His Beatitude Mar Varkey Cardinal Vithayathil, the then Major Archbishop of the Syro-Malabar Church, having made due consultation and deliberations in the forums concerned and with the approval of the Synod of Bishops of the Syro-Malabar Church in its Sessions held from 10 July to 22 July 2000, from 30 October to 11 November 2000, from 9 to 21 January 2006, from 21 August to 2 September 2006 and 18 August to 29 August 2008, and after having obtained the Recognitio of the Congregation for the Oriental Churches on 2 April 2009, promulgated on 6 August 2009 (Prot. No. 622/2009) the liturgical texts for Christmas, Penitential Service to begin the Great Fast (*Vibhoothi*), Palm Sunday, Holy Thursday, Passion Friday, Holy Saturday and Easter Sunday with effect from 14 September 2009, abrogating all other texts that were hitherto in use for the celebration of the above-mentioned liturgical rites.

SYRO MALABAR COMMISSION FOR LITURGY


As the revised editio typica of the Raza Qurbana Taksa came into force on 28 November 2021 and the revised text of the Liturgy of the Hours in Malayalam came into force on 6 January 2023, there arose the need to revise the text of Christmas, Penitential Service to begin the Great Fast (*Vibhoothi*), Palm Sunday, Holy Thursday, Passion Friday, Holy Saturday and Easter Sunday. The Synod of Syro-Malabar Bishops, having held discussions in the due forums, Session I of the XXXIII Synod of Bishops of the Syro-Malabar Church held from 06 to 11 January 2025, granted permission to the Commission for Liturgy to print the revised Taksa of the above-mentioned liturgical rites, incorporating the prayers, hymns from the revised *editio typica* of the *Raza Qurbana* Taksa and the text of the Liturgy of the Hours.

Now, the undersigned, Mar Raphael Thattil, the Major Archbishop of the Syro-Malabar Church, hereby approves and promulgates the revised text of Christmas, Penitential Service to begin the Great Fast (*Vibhoothi*), Palm Sunday, Holy Thursday, Passion Friday, Holy Saturday and Easter Sunday with effect from 13 April 2025, the Palm Sunday. It is further decreed that all other texts hitherto in use for the celebration above-mentioned liturgical rites stand abrogated from the date of promulgation of this revised text.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 25 March 2025, the Feast of Annunciation.

All contrary dispositions notwithstanding.





✠ **Mar Raphael Thattil**
Major Archbishop of the Syro-Malabar Church

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

Prot. No. 1594/2025

# പ്രസ്താവന

സീറോമലബാർസഭയുടെ ആരാധനക്രമത്തിലെ **പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാ വ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ** എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങൾ 2009 ഏപ്രിൽ 2-ാം തീയതി റോമിലെ പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയം അംഗീകരിച്ചുനല്കി (Prot. No. 248/2004). മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ 2009 ആഗസ്റ്റ് 6-ാം തീയതി, നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ ദിനത്തിൽ നല്കിയ ഡിക്രിപ്രകാരം (Prot. No. 622/2009) ഈ ക്രമങ്ങൾ, അന്നത്തെ ആരാധനക്രമ കമ്മീഷൻ ചെയർമാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ 'പ്രസ്താവന' യോടു കൂടി, പ്രസിദ്ധപ്പെടുത്തുകയും 2009 സെപ്റ്റംബർ 14-ാം തീയതി, വിശുദ്ധ കുരിശിന്റെപുകഴ്ചയുടെ തിരുനാൾ ദിനത്തിൽ, പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു.

വളരെ നാളത്തെ പഠനത്തിനും ചർച്ചകൾക്കും ശേഷമാണ് സീറോമലബാർ സഭയുടെ ആരാധനക്രമത്തിലെ **പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാ വ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ** എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങൾക്ക് അന്തിമരൂപം നല്കിയത്. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് 2000 ജൂലൈ 10 മുതൽ 22 വരെയും ഒക്ടോബർ 30 മുതൽ നവംബർ 11 വരെയുള്ള സിനഡിലും 2006 ഓഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 2 വരെയുള്ള സിനഡിലും 2008 ഓഗസ്റ്റ് 18 മുതൽ 29 വരെ സമ്മേളിച്ച സിനഡിലും ചർച്ചചെയ്ത് ആവശ്യകമായ ഭേദഗതികളോടെ അംഗീകരിച്ച്, 2008 സെപ്റ്റംബർ 20-ാം തീയതി ഔദ്യോഗികാംഗീകാരത്തിനായി റോമിലേക്ക് അയക്കുകയും ചെയ്തു.

സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത സീറോമലബാർസഭയുടെ ആരാധനക്രമത്തിലെ **പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ** എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങൾ യാമപ്രാർഥനകളോടുകൂടിയതും അല്ലാത്തതുമായ തക്സകൾ പ്രസിദ്ധീകരിച്ചു.

SYRO MALABAR COMMISSION FOR LITURGY

2021 നവംബർ 28 മുതൽ സീറോമലബാർസഭയിൽ നവീകരിച്ച കുർബാന തക്സയും 2023 ജനുവരി 6 മുതൽ സീറോമലബാർസഭയിൽ യാമപ്രാർഥന കളുടെ (റംശ-ലെലിയ-സപ്ര) നവീകരിച്ച പുസ്തകവും നിലവിൽവന്നു. നവീകരിച്ച കുർബാന തക്സയിലെയും യാമപ്രാർഥനകളിലെയും പ്രാർഥനകളും ഗീതങ്ങളും കർമക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് നവീകരിച്ച **പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ** എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങൾ പ്രസിദ്ധീകരിക്കാൻ 2025 ജനുവരി ആഗസ്റ്റ് 6 മുതൽ 11 വരെ സമ്മേളിച്ച സിനഡ്, സീറോമലബാർ സഭയുടെ ആരാധനക്രമ കമ്മീഷനോട് നിർദേശിച്ചു.

ഇപ്രകാരം, 2009 സെപ്റ്റംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്ന സീറോമലബാർസഭയുടെ **പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ** എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങളിൽ 2021 നവംബർ 28 മുതൽ നിലവിൽവന്ന നവീകരിച്ച കുർബാന തക്സയിലെയും 2023 ജനുവരി 6 മുതൽ നിലവിൽവന്ന യാമപ്രാർഥന കളിലെയും പ്രാർഥനകളും ഗീതങ്ങളും കർമക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട്, **സീറോമലബാർസഭയുടെ പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാന ഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ** എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു. ഇതിനായി നേതൃത്വം നൽകിയ ആരാധനക്രമ കമ്മീഷൻ മുൻ ചെയർമാൻ മാർ തോമസ് ഇലവനാൽ പിതാവിനെയും കമ്മീഷൻ അംഗങ്ങളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

കുർബാനക്രമത്തിൽ നല്കിയിട്ടുള്ള ഐച്ഛികങ്ങൾ ഈ ക്രമങ്ങൾക്കും ബാധകമാണ്. കൂടാതെ, ഈ തിരുക്കർമ്മങ്ങളിൽ നല്കിയിരിക്കുന്ന പ്രത്യേക ഐച്ഛികങ്ങൾ കാർമ്മികർക്ക് അവസരോചിതം തിരഞ്ഞെടുക്കാവുന്നതാണ്. 2025 ഏപ്രിൽ 13-ാം തീയതി ഓശാനഞായർ ദിനത്തിൽ ഈ ക്രമങ്ങൾ പ്രാബല്യത്തിൽ വരത്തക്കവിധം പ്രസിദ്ധീകരിക്കുന്നു.

✠ **ബിഷപ്പ് പോളി കണ്ണൂക്കാടൻ**
ചെയർമാൻ,
സീറോമലബാർസഭ ആരാധനക്രമ കമ്മീഷൻ

മാർച്ച് 19, 2025
മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# ഉള്ളടക്കം


വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി)................. 1

ഓശാനഞായര്‍ (യാമപ്രാര്‍ഥനയോടുകൂടിയത്)................................... 29

പെസഹാവ്യാഴം (യാമപ്രാര്‍ഥനയോടുകൂടിയത്)................................. 71

പീഡാനുഭവവെള്ളി (യാമപ്രാര്‍ഥനയോടുകൂടിയത്)........................... 117

വലിയശനി (യാമപ്രാര്‍ഥനയോടുകൂടിയത്)........................................ 209

ഉയിര്‍പ്പുതിരുനാള്‍........................................................................ 257

അനുബന്ധം
(വലിയ ആഴ്ചയിലെ ഒന്നാം ഗണം, രണ്ടാം ഗണം വായനകള്‍)...................... 303

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

# വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി)

## പൊതുനിർദേശങ്ങൾ

1. വലിയ നോമ്പിന്റെ ആരംഭത്തിലാണ് ഈ ശുശ്രൂഷ നടത്തേണ്ടത്.

2. വിശുദ്ധ കുർബാനയോടു ചേർന്നോ അല്ലാതെയോ ഇത് നടത്താവുന്നതാണ്.

3. ശിരസ്സിൽ പൂശുന്നതിനുള്ള ഭസ്മം ഉണ്ടാക്കുന്നതിന് തലേവർഷം ഓശാന ഞായറാഴ്ച ആശീർവദിച്ച കുരുത്തോല ഉപയോഗിക്കുന്നത് അഭികാമ്യമാണ്.

4. ഐച്ഛികമായ ഭാഗങ്ങൾ ഈ ⌈ ⌋ അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി)

## കർമക്രമം

(വിശുദ്ധ കുർബാനയോടുകൂടിയാണ് ഈ ശുശ്രൂഷ നടത്തുന്നതെങ്കിൽ, കുർബാനക്രമത്തിലേതുപോലെ ആരംഭിക്കുന്നു.)

**കാർമി.** അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

**സമൂ.** അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

(അല്ലെങ്കിൽ)

**കാർമി.** നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച്
ഈ കുർബാന ആരംഭിക്കാം.

**സമൂ.** മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ
നാം ഇത് അർപ്പിക്കുന്നത്

**കാർമി.** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂ.** ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

**കാർമി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സ്
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** പശ്ചാത്തപിക്കുന്ന പാപികളെ കാരുണ്യപൂർവം സ്വീകരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, അങ്ങയുടെ സന്നിധിയിൽ നില്ക്കുന്ന പാപികളായ ഞങ്ങളെ ദയാപൂർവം തൃക്കൺ പാർക്കണമേ. വിനീതഹൃദയനായ ചുങ്കക്കാരനെപ്പോലെ അങ്ങയുടെ അനുഗ്രഹത്തിനു ഞങ്ങൾ കാത്തു നില്ക്കുന്നു. ഇന്ന് ഞങ്ങൾ ആരംഭിക്കുന്ന നോമ്പ്, അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും ജീവിതനവീകരണത്തിലേക്കും ഞങ്ങളെ നയിക്കട്ടെ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങളുടെ

SYRO MALABAR COMMISSION FOR LITURGY

പാപങ്ങൾ പശ്ചാത്താപത്തിന്റെ കണ്ണുനീരാൽ കഴുകിക്കളയാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കാനും സഹായിക്കണമേ.

(വിശുദ്ധ കുർബാനയോടുകൂടെയാണെങ്കിൽ കൂട്ടിച്ചേർക്കുന്നു)

മിശിഹായോടു ചേർന്ന് എളിമയോടും ഹൃദയവിശുദ്ധിയോടുംകൂടെ പരിഹാരത്തിന്റെയും കൃതജ്ഞതയുടെയും ഈ ബലിയർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ.

(തുടരുന്നു)

സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനമാല

### സങ്കീർത്തനം 15

**കാർമി.** കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

**സമൂ.** (കാനോന) കർത്താവേ, അങ്ങയുടെ വഴികൾ അന്വേഷിക്കാനും തിരുവചനത്താൽ നയിക്കപ്പെടാനും കൃപയുണ്ടാകണമേ.
അങ്ങയുടെ ഹിതം മനസ്സിലാക്കാൻ
ഞങ്ങളെ പഠിപ്പിക്കുകയും ചെയ്യണമേ.

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും?
അങ്ങയുടെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

കറകൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും
ഹൃദയത്തിൽ സത്യമുള്ളവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും.

കൂട്ടുകാരനോടു തിന്മ ചെയ്യാത്തവനും
അയല്ക്കാരനെതിരായി കൈക്കൂലി വാങ്ങാത്തവനും.

കോപിപ്പിക്കുന്നവനെ അവഗണിക്കുന്നവനും
കർത്താവിനെ ഭയപ്പെടുന്നവരെ മാനിക്കുന്നവനും.

സത്യപ്രതിജ്ഞ ലംഘിക്കാത്തവനും
പണം പലിശയ്ക്കു കൊടുക്കാത്തവനും
നിർദോഷിക്കെതിരേ കൈക്കൂലി വാങ്ങാത്തവനും.

ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു;
അവൻ ഒരിക്കലും ഇളകുകയില്ല.

SYRO MALABAR COMMISSION FOR LITURGY

## സങ്കീർത്തനം 16

ദൈവമേ, എന്നെ കാത്തുകൊള്ളണമേ;
എന്തുകൊണ്ടെന്നാൽ, ഞാൻ അങ്ങിൽ ആശ്രയിച്ചിരിക്കുന്നു.

അങ്ങാണ് എന്റെ നാഥനെന്നും
എന്റെ നന്മ അങ്ങിൽനിന്നാണെന്നും
കർത്താവിനോടു ഞാൻ പറഞ്ഞു.

ഭൂമിയിലുള്ള പരിശുദ്ധരും ശ്രേഷ്ഠരും
എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരാണെന്നും ഞാൻ പറഞ്ഞു.

അന്യദേവന്മാർക്കു ഞാൻ രക്തബലി അർപ്പിക്കയില്ല;
അവരുടെ നാമം ഞാൻ ഉരുവിടുകയുമില്ല.

എന്റെ അവകാശവും പാനപാത്രവും കർത്താവാകുന്നു;
എന്റെ ഓഹരി എനിക്കു വേർതിരിച്ചു തരുന്നത് അങ്ങാകുന്നു.

നല്ല സ്ഥലത്താണ് എനിക്ക് അളവുചങ്ങല വീണത്;
എന്റെ അവകാശം എനിക്ക് ഇഷ്ടമായി.

എനിക്ക് ഉപദേശം നല്കിയ കർത്താവിനെ ഞാൻ വാഴ്ത്തും;
രാത്രിയാമങ്ങളിലും എന്റെ അന്തരംഗം എന്നെ പഠിപ്പിച്ചു.

കർത്താവിനെ ഞാൻ സദാ കൺമുമ്പിൽ ദർശിച്ചു;
ഞാൻ ഇളകാതിരിക്കാൻ അവിടന്ന് എന്റെ വലത്തുഭാഗത്തുണ്ട്.

അതിനാൽ എന്റെ ഹൃദയം സന്തോഷിക്കുന്നു;
മനസ്സ് ആനന്ദിക്കുന്നു; ശരീരം ശാന്തി അനുഭവിക്കുന്നു.

അങ്ങ് എന്നെ ശീയോലിൽ ഉപേക്ഷിച്ചില്ല;
അങ്ങയുടെ പരിശുദ്ധനെ ജീർണിക്കാൻ അനുവദിച്ചില്ല;
ജീവന്റെ മാർഗം അങ്ങ് എന്നെ കാണിക്കും.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** (കാനോന) കർത്താവ് എന്റെ ഓഹരിയും പാനപാത്രവുമാകുന്നു;
അവിടന്ന് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്;
എന്റെ ഭാഗധേയം അവിടത്തെ കരങ്ങളിലാകുന്നു;
അവിടന്ന് എനിക്കു ജീവന്റെ മാർഗം കാണിച്ചുതരുന്നു.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നുപ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.**

**ശുശ്രൂ.** **ആമ്മേൻ.**

**ശുശ്രൂ.** **സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

**ഗായക.** **സർവാധിപനാം കർത്താവേ,**
**സമൂ.** **നിൻ സ്തുതി ഞങ്ങൾ പാടുന്നു**
**ഈശോ നാഥാ, വിനയമൊടെ**
**നിന്നെ നമിച്ചു പുകഴ്ത്തുന്നു.**

**മർത്ത്യനു നിത്യമഹോന്നതമാം**
**ഉത്ഥാനം നീയരുളുന്നു**
**അക്ഷയമവനുടെയാത്മാവി-**
**ന്നുത്തമരക്ഷയുമേകുന്നു.**

**വചന വേദിയിലുള്ളവര്‍** കര്‍ത്താവേ, ഞാന്‍ കൈകള്‍ കഴുകി നിര്‍മലമാക്കുകയും അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുകയും ചെയ്തു.

സര്‍വാധിപനാം ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതല്‍ എന്നേക്കും, ആമ്മേന്‍.

സര്‍വാധിപനാം ...

(അല്ലെങ്കില്‍)

**ഗായക. സമൂ.** സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങള്‍ സ്തുതിക്കുന്നു;
ഈശോമിശിഹായേ,
നിന്നെ ഞങ്ങള്‍ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാല്‍,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിര്‍പ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**വചന വേദിയിലുള്ളവര്‍** കര്‍ത്താവേ, ഞാന്‍ കൈകള്‍ കഴുകി നിര്‍മലമാക്കുകയും അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുകയും ചെയ്തു.

സകലത്തിന്റെയും നാഥാ, ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതല്‍ എന്നേക്കും, ആമ്മേന്‍.

സകലത്തിന്റെയും നാഥാ, ...

**ശുശ്രൂ.** നമുക്കു പ്രാര്‍ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാര്‍മി.** എന്റെ കര്‍ത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിര്‍പ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങള്‍ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമര്‍പ്പിക്കാന്‍ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേന്‍.

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.** ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

**ഗായക. സമൂ.** പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

**വചനവേദിയിലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

**ഗായക. സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.
പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

**ഗായക. സമൂ.** പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**വചനവേദിയിലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

**ഗായക സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.
പരിശുദ്ധനായ ദൈവമേ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.**

സമൂഹം ഇരിക്കുന്നു.

**ഉത്പത്തി പുസ്തകത്തിൽനിന്നുള്ള വായന. (3:1–19)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ദൈവമായ കർത്താവു സൃഷ്ടിച്ച എല്ലാ വന്യജീവികളിലുംവച്ച് കൗശലമേറിയതായിരുന്നു സർപ്പം. അതു സ്ത്രീയോടു ചോദിച്ചു: 'തോട്ടത്തിലെ ഒരു വൃക്ഷത്തിന്റെയും ഫലം തിന്നരുതെന്നു ദൈവം കല്പിച്ചിട്ടുണ്ടോ?' സ്ത്രീ സർപ്പത്തോടു പറഞ്ഞു: 'തോട്ടത്തിലെ വൃക്ഷങ്ങളുടെ പഴങ്ങൾ ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ, തോട്ടത്തിന്റെ നടുവിലുള്ള മരത്തിന്റെ പഴം ഭക്ഷിക്കുകയോ തൊടുകപോലുമോ അരുത്; ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും എന്നു ദൈവം പറഞ്ഞിട്ടുണ്ട്.' സർപ്പം സ്ത്രീയോടു പറഞ്ഞു: 'നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നൻമയും തിൻമയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം.' ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും, കണ്ണിനു കൗതുകകരവും, അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നു കണ്ട് അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു; അവനും തിന്നു. ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവരറിഞ്ഞു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി.**

വെയിലാറിയപ്പോൾ ദൈവമായ കർത്താവു തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടത്തെ മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിട യിലൊളിച്ചു. അവിടന്നു പുരുഷനെ വിളിച്ചു ചോദിച്ചു: 'നീ എവിടെയാണ്?' അവൻ മറുപടി പറഞ്ഞു: 'തോട്ടത്തിൽ അവി ടത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ടു ഭയന്ന് ഒളിച്ചതാണ്.' അവിടന്നു ചോദിച്ചു: 'നീ നഗ്നനാണെന്നു നിന്നോടാരു പറഞ്ഞു? തിന്നരുതെന്ന് ഞാൻ കൽപിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?' അവൻ പറഞ്ഞു: 'അങ്ങ് എനിക്കു കൂട്ടിനു തന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കു തന്നു; ഞാൻ അതു തിന്നു.' ദൈവമായ കർത്താവ് സ്ത്രീയോടു ചോദിച്ചു: 'നീ എന്താണ് ഈ ചെയ്തത്?' അവൾ പറഞ്ഞു: 'സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു.'

ദൈവമായ കർത്താവ് സർപ്പത്തോടു പറഞ്ഞു: 'ഇതു ചെയ്തതു കൊണ്ട് നീ എല്ലാ കന്നുകാലികളുടെയും വന്യമൃഗങ്ങളുടെയു മിടയിൽ ശപിക്കപ്പെട്ടതായിരിക്കും. നീ മണ്ണിൽ ഇഴഞ്ഞു നടക്കും. ജീവിതകാലം മുഴുവൻ നീ പൊടി തിന്നും. നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതി യും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേല്പ്പിക്കും.' അവി ടന്നു സ്ത്രീയോടു പറഞ്ഞു: 'നിന്റെ ഗർഭാരിഷ്ടതകൾ ഞാൻ വർധിപ്പിക്കും. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. എങ്കിലും, നിനക്കു ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും. അവൻ നിന്നെ ഭരിക്കുകയും ചെയ്യും.' അവിടന്ന് ആദത്തോടു പറഞ്ഞു: 'തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കു കേട്ടു നീ തിന്നതുകൊണ്ട് നീ മൂലം മണ്ണു ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്കാലം മുഴുവൻ കഠി നാധ്വാനംകൊണ്ട് നീ അതിൽനിന്നു കാലയാപനം ചെയ്യും. അതു മുള്ളും മുൾച്ചെടികളും നിനക്കായി മുളപ്പിക്കും. വയലിലെ സസ്യങ്ങൾ നീ ഭക്ഷിക്കും. മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്, പൊടിയിലേക്കുതന്നെ നീ മടങ്ങും.'

അല്ലെങ്കിൽ

ഉത്പ 1:1-19 (അനുബന്ധം പേജ് 305 കാണുക)

ഉത്പ 3:1-13 (അനുബന്ധം പേജ് 308 കാണുക)

## രണ്ടാം വായന

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ.**

**യോനായുടെ പുസ്തകത്തിൽനിന്നുള്ള വായന. (3:1-10)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **യോനായ്ക്കു വീണ്ടും കർത്താവിന്റെ അരുളപ്പാടുണ്ടായി: 'എഴുന്നേറ്റ് മഹാനഗരമായ നിനെവേയിലേക്കു പോവുക. ഞാൻ നല്കുന്ന സന്ദേശം നീ അവിടെ പ്രഘോഷിക്കുക.' കർത്താവിന്റെ കല്പന അനുസരിച്ച് യോനാ എഴുന്നേറ്റ് നിനെവേയിലേക്കുപോയി. അതു വളരെ വലിയൊരു നഗരമായിരുന്നു. അതു കടക്കാൻ മൂന്നു ദിവസത്തെ യാത്ര വേണ്ടിയിരുന്നു. യോനാ, നഗരത്തിൽ കടന്ന് ഒരു ദിവസത്തെ വഴി നടന്നു. അനന്തരം, അവൻ വിളിച്ചുപറഞ്ഞു: 'നാല്പതു ദിവസം കഴിയുമ്പോൾ നിനെവേ നശിപ്പിക്കപ്പെടും.'**

**നിനെവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. വലിയവരും ചെറിയവരും ഒന്നുപോലെ ചാക്കുടുത്തു. ഈ വാർത്ത നിനെവേ രാജാവ് കേട്ടു. അവൻ സിംഹാസനത്തിൽനിന്ന് എഴുന്നേറ്റ് രാജകീയ വസ്ത്രം മാറ്റി ചാക്കുടുത്ത് ചാരത്തിൽ ഇരുന്നു. അവൻ നിനെവേ മുഴുവൻ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. രാജാവിന്റെയും അവന്റെ പ്രഭുക്കന്മാരുടെയും കല്പനയാണിത്: 'മനുഷ്യനോ മൃഗമോ കന്നുകാലിയോ ആടോ ഒന്നും ഭക്ഷിക്കരുത്. അവ മേയുകയോ വെള്ളം കുടിക്കുകയോ അരുത്. മനുഷ്യനും മൃഗവും ചാക്കുവസ്ത്രം ധരിച്ച്, ദൈവത്തോട് ഉച്ചത്തിൽ വിളിച്ചപേക്ഷിക്കട്ടെ! ഓരോരുത്തരും തങ്ങളുടെ ദുർമാർഗത്തിൽനിന്നും അക്രമങ്ങളിൽനിന്നും പിൻതിരിയട്ടെ! ദൈവം**

മനസ്സുമാറ്റി തന്റെ ക്രോധം പിൻവലിക്കുകയും അങ്ങനെ നാം നശിക്കാതിരിക്കുകയും ചെയ്തേക്കാം.'

തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞു എന്നു കണ്ട് ദൈവം മനസ്സുമാറ്റി; അവരുടെമേൽ അയയ്ക്കുമെന്നു പറഞ്ഞ തിൻമ അയച്ചില്ല.

അല്ലെങ്കിൽ

ജോഷ്വ 1:1-15 (അനുബന്ധം പേജ് 306 കാണുക)
ജ്ഞാനം 12:16-20 (അനുബന്ധം പേജ് 309 കാണുക)

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ.** പ്രകീർത്തനം (ശൂറായ) ആലപിക്കാനായി
നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

**കാർമി.** സർവചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.
ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിന്നുപവാസത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

**ശുശ്രൂ.II** ജനതകളവിടത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമി.** നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.I** ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.** ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**കാർമി.** സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം. (12:1-15)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർഥമായ ആരാധന. നിങ്ങൾ ഈ ലോകത്തിന്**

അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും. എനിക്കു ലഭിച്ചിരിക്കുന്ന കൃപയാൽ പ്രേരിതനായി നിങ്ങളോടു ഞാൻ പറയുന്നു: ഉള്ളതിലധികം മേൻമ ആരും ഭാവിക്കരുത്; മറിച്ച്, ദൈവം ഓരോരുത്തർക്കും നല്കിയിരിക്കുന്ന വിശ്വാസത്തിന്റെ അളവനുസരിച്ചു വിവേകപൂർവം ചിന്തിക്കുവിൻ.

നമുക്ക് ഒരു ശരീരത്തിൽ അനേകം അവയവങ്ങൾ ഉണ്ടല്ലോ. എല്ലാ അവയവങ്ങൾക്കും ഒരേ ധർമമല്ല. അതുപോലെ, നാം പലരാണെങ്കിലും മിശിഹായിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്. നമുക്കു ലഭിച്ചിരിക്കുന്ന കൃപയനുസരിച്ചു നമുക്കുള്ള ദാനങ്ങളും വ്യത്യസ്തങ്ങളാണ്. പ്രവചനവരം വിശ്വാസത്തിനു ചേർന്നവിധം പ്രവചിക്കുന്നതിലും, ശുശ്രൂഷാവരം ശുശ്രൂഷാനിർവഹണത്തിലും, അധ്യാപനവരം അധ്യാപനത്തിലും, ഉപദേശവരം ഉപദേശത്തിലും നമുക്ക് ഉപയോഗിക്കാം. ദാനംചെയ്യുന്നവൻ ഔദാര്യത്തോടെയും, നേതൃത്വം നല്കുന്നവൻ തീക്ഷ്ണതയോടെയും, കരുണ കാണിക്കുന്നവൻ പ്രസന്നതയോടെയും പ്രവർത്തിക്കട്ടെ.

നിങ്ങളുടെ സ്നേഹം നിഷ്കളങ്കമായിരിക്കട്ടെ. തിൻമയെ ദ്വേഷിക്കുവിൻ; നൻമയെ മുറുകെപ്പിടിക്കുവിൻ. നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ; പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടുനില്ക്കുവിൻ. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ. പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ; പ്രാർഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ. വിശുദ്ധരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവിൻ; അതിഥിസത്കാരത്തിൽ തല്പരരാകുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ; അനുഗ്രഹിക്കുകയല്ലാതെ ശപിക്കരുത്. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവിൻ; കരയുന്നവരോടുകൂടെ കരയുവിൻ.

(അല്ലെങ്കിൽ)

**1 യോഹന്നാൻ 3:1–10 (അനുബന്ധം പേജ് 310 കാണുക)**

**റോമാ 1:16–25 [1:1–25] (അനുബന്ധം പേജ് 311 കാണുക)**

**റോമാ 12:1–8 (അനുബന്ധം പേജ് 313 കാണുക)**

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** **എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**ശുശ്രൂ.** **ആമ്മേൻ.**

**ശുശ്രൂ.** **ഹല്ലേലുയ്യാ. (3)**

## ഹല്ലേലുയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ഗായക. സമൂ.**
**ഹല്ലേലുയ്യാ പാടീടുന്നേൻ**
**ഹല്ലേലുയ്യാ, ഹല്ലേലുയ്യാ**

**ആശ്രയമരുളും കർത്താവിങ്കൽ**
**ശരണമണയ്ക്കുക, ജീവിതഭാഗ്യം.**

**നാഥനു സമനായാരുണ്ടോർത്താൽ**
**വിണ്ണിലുമതുപോലീ ധരമേലും?**

**ദൈവികനന്മകൾ കീർത്തിച്ചീടാൻ**
**നാവിനു തെല്ലും കഴിവില്ലല്ലോ.**

**താതനുമതുപോൽ സുതനും**
**പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.**

**ആദിമുതല്ക്കേയിന്നും നിത്യവു-**
**മായി ഭവിച്ചീടട്ടെ, ആമ്മേൻ.**

**ഹല്ലേലുയ്യാ പാടീടുന്നേൻ**
**ഹല്ലേലുയ്യാ ഹല്ലേലുയ്യാ.**

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടു കൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

കാർമികൻ ബലിപീഠത്തെ സമീപിച്ചു സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമി.** സമാധാനം ✠ നിങ്ങളോടുകൂടെ.

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

**കാർമി.** വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം. (5:1-12)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമി.** ജനക്കൂട്ടത്തെക്കണ്ടപ്പോൾ ഈശോ മലയിലേക്കു കയറി. അവൻ ഇരുന്നപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി:

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലർ ഭാഗ്യവാന്മാർ; അവർ ഭൂമി അവകാശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർക്കു സംതൃപ്തി ലഭിക്കും. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ

ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്.

(അല്ലെങ്കിൽ)

**മത്തായി 5:17-26 [5:17-37] (അനുബന്ധം പേജ് 314 കാണുക)**

(അല്ലെങ്കിൽ)

**മത്തായി 21:28-32 (അനുബന്ധം പേജ് 316 കാണുക)**

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വചനസന്ദേശം

വചനസന്ദേശത്തിനുശേഷം കാർമികൻ ഭസ്മം സജ്ജീകരിച്ചിരിക്കുന്ന പീഠത്തിനു സമീപം ചെന്നു നില്ക്കുന്നു. അപ്പോൾ സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.

## അനുതാപഗീതം

കണ്ണീരാരുതരും
പശ്ചാത്താപത്തിൽ
പാപം കഴുകിടാൻ
കണ്ണീരാരുതരും?

നിൻ തിരുകല്പന വിട്ടുലകിൻ
മറിമായങ്ങളിൽ മുഴുകി ഞാൻ
പാഴായ്പ്പോയൊരു ദിനമെല്ലാം
ഓർത്തോർത്തുരുകി കരയാനായ്
താപത്തിൻ കണ്ണീരാരുതരും?
താപത്തിൻ കണ്ണീരാരുതരും?

വൈരിയെനിക്കെതിരായ്
വലകൾ വിരിച്ചവയിൽ
വീണുകുഴങ്ങി ഞാൻ
വീണുകുഴങ്ങി ഞാൻ.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

**വലകൾ തകർത്തെൻ നാഥാ, നീ**
**രക്ഷയെനിക്കു കനിഞ്ഞരുളി**
**പാവനമാം തവ കല്പനകൾ**
**ലംഘിക്കുകയാൽ ദുർബലനായ്**
**വീണ്ടും ഞാൻ വലയിൽ വീണല്ലോ**
**വീണ്ടും ഞാൻ വലയിൽ വീണല്ലോ.**

**കണ്ണീരാരുതരും ...**

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **പശ്ചാത്തപിക്കുന്ന പാപികൾക്ക് വാതിൽ തുറന്നുകൊടുക്കുന്ന കാരുണ്യവാനായ കർത്താവേ, നിന്റെ കൃപയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ. മാമോദീസാവഴി ഞങ്ങളെ വിശുദ്ധീകരിച്ച് മുദ്രിതരാക്കിയതിന് ഞങ്ങൾ നന്ദിപറയുന്നു. ലോകത്തിനു മരിച്ച്, നിനക്കായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. അനുതാപത്തിന്റെ വസ്ത്രം ധരിച്ചും ശിരസ്സിൽ ചാരം പൂശിയും അനുതാപം പ്രകടിപ്പിച്ച നിനിവേക്കാരെ ജീവന്റെ വഴിയിലേക്കു നയിച്ച കർത്താവേ, ഈ നോമ്പു കാലം ഞങ്ങൾക്ക് മാനസാന്തരത്തിന്റെയും ജീവിത നവീകരണത്തിന്റെയും അവസരമായിത്തീരട്ടെ. ഞങ്ങൾ മണ്ണാകുന്നുവെന്നും മണ്ണിലേക്കുതന്നെ മടങ്ങുമെന്നും ഞങ്ങളറിയുന്നു. പാപങ്ങൾ പൊറുത്ത് ഞങ്ങളെ അനുഗ്രഹിക്കുകയും പശ്ചാത്താപത്തിന്റെ ബാഹ്യചിഹ്നമായി ഞങ്ങൾ പൂശാൻ പോകുന്ന ഈ ഭസ്മം ആശീർവദിക്കുകയും ✠** (ഭസ്മം ആശീർവദിക്കുന്നു) **വിശുദ്ധീകരിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

കാർമികൻ ഭസ്മത്തിന്മേൽ വിശുദ്ധജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. അനന്തരം സ്വന്തം നെറ്റിയിന്മേലും ജനങ്ങളുടെ നെറ്റിയിന്മേലും ഭസ്മം പൂശുന്നു. (ഒന്നിലധികം വൈദികരുണ്ടെങ്കിൽ, അവരിലൊരാൾ പ്രധാന കാർമികന്റെ നെറ്റിയിൽ ഭസ്മം പൂശുന്നു.) സമൂഹം താഴെക്കൊടുത്തിരിക്കുന്ന ഗീതം പാടുന്നു. ആവശ്യമെങ്കിൽ ആവർത്തിക്കുന്നു.

## ഗീതം

മനുഷ്യാ, നീ മണ്ണാകുന്നു
മണ്ണിലേക്കു മടങ്ങും നൂനം
അനുതാപക്കണ്ണുനീർ വീഴ്ത്തി - പാപ-
പരിഹാരം ചെയ്തുകൊൾക നീ. മനുഷ്യാ, നീ ...

ഫലം നല്കാതുയർന്നുനില്ക്കും - വൃക്ഷ-
നിരയെല്ലാമരിഞ്ഞുവീഴ്ത്തും.
എരിതീയിലെരിഞ്ഞുവീഴും - നീറി
നിറംമാറി ചാമ്പലായ്ത്തീരും. മനുഷ്യാ, നീ ...

ദൈവപുത്രൻ വരുന്നൂഴിയിൽ - ധാന്യ-
ക്കളമെല്ലാം ശുചിയാക്കുവാൻ
നെന്മണികൾ സംഭരിക്കുന്നു - കെട്ട
പതിരെല്ലാം ചുട്ടെരിക്കുന്നു. മനുഷ്യാ, നീ ...

ആയിരങ്ങൾ വീണുതാഴുന്നു - മർത്ത്യ
മാനസങ്ങൾ വെന്തുനീറുന്നു.
നിത്യജീവൻ നല്കിടും നീർച്ചാൽ - വിട്ടു
മരുഭൂവിൽ ജലം തേടുന്നു. മനുഷ്യാ, നീ ...

സ്വർഗരാജ്യമാർഗമങ്ങോളം - കൂർത്ത
മുള്ളുമുറ്റി ഇരുണ്ടു നില്പ്പൂ
തീനരകം തീർത്ത മാർഗങ്ങൾ - വീതി
നിറഞ്ഞു പൂ ചൊരിഞ്ഞു നില്പ്പൂ. മനുഷ്യാ, നീ ...

ശിലോഹായിൽ ഗോപുരം വീണു - കൂടെ
നരരേറെ മരിച്ചുവീണു
തപം ചെയ്തു വരം നേടായ്കിൽ - നിങ്ങൾ
അതുപോലെ തകർന്നുപോകും. മനുഷ്യാ, നീ ...

ഭസ്മംപൂശൽ കഴിഞ്ഞ് കാർമികൻ കൈ കഴുകിത്തുടയ്ക്കുന്നു.

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

**ശുശ്രൂ.** നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടുംകൂടെ നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.** **ഞങ്ങളുടെ രക്ഷകനും പരിപാലകനും സകലത്തിന്റെയും ദാതാവുമായ അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **സമസ്ത ലോകത്തിന്റെയും സകല സഭകളുടെയും സമാധാനത്തിനും ഐക്യത്തിനും നിലനില്പിനുംവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായുടെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായുടെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായുടെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാന്റെയും അവരുടെ സഹശുശ്രൂഷികളുടെയും ക്ഷേമത്തിനുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **നാല്പതു രാവും നാല്പതു പകലും ഉപവസിച്ച് ഞങ്ങൾക്കു മാതൃക നല്കിയ കർത്താവേ,**

**സമൂ.** **ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **പിതാവിന്റെ ഇഷ്ടം നിറവേറ്റാനും ദൈവരാജ്യം സ്ഥാപിക്കാനുമായി ഭൂമിയിലേക്കു വന്ന കർത്താവേ,**

**സമൂ.** **ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **വിശക്കുന്നവരുമായി അപ്പം പങ്കിടുന്നതും നഗ്നരെ വസ്ത്രം ധരിപ്പിക്കുന്നതും ഭവനരഹിതർക്കു പാർപ്പിടം നല്കുന്നതും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുന്നതുമാണ് യഥാർഥ ഉപവാസമെന്ന് പ്രവാചകൻവഴി അരുൾച്ചെയ്ത കർത്താവേ,**

**സമൂ.** **ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **ദുഷ്ടതയുടെ കെട്ടുകൾ അഴിക്കുകയും അടിച്ചമർത്തപ്പെട്ടവരെ മോചിപ്പിക്കുകയും ചെയ്യുന്നതാണ് നീ ആഗ്രഹിക്കുന്ന ഉപവാസമെന്ന് പ്രവാചകൻവഴി ഞങ്ങളെ പഠിപ്പിച്ച കർത്താവേ,**

**സമൂ.** **ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** പാപികൾ നശിക്കണമെന്നാഗ്രഹിക്കാതെ അവരെ നേർവഴിക്കു തിരിക്കാൻ ആഗ്രഹിക്കുന്ന കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പശ്ചാത്താപം പ്രകടിപ്പിച്ച കള്ളനു സ്നേഹപൂർവം മാപ്പു നല്കിയ കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പശ്ചാത്തപിക്കുന്ന പാപിയെപ്പറ്റി സ്വർഗത്തിൽ വലിയ സന്തോഷമുണ്ടാകുമെന്ന് അരുൾച്ചെയ്ത കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണ് ചെയ്തതെന്നു ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വചനം കൊണ്ടുമാണ് ജീവിക്കുന്നതെന്നു പഠിപ്പിച്ച കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പ്രകൃതിയെയും ജീവജാലങ്ങളെയും സൃഷ്ടിച്ചു പരിപാലിക്കുകയും മനുഷ്യനന്മയ്ക്കുവേണ്ടി അവ വിനിയോഗിക്കാൻ ഞങ്ങളെ ഭരമേല്പിക്കുകയും ചെയ്ത കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ദൈവരാജ്യവും അതിന്റെ നീതിയും ആദ്യം അന്വേഷിക്കുവിൻ; അപ്പോൾ മറ്റുള്ളവയെല്ലാം ലഭിക്കുമെന്ന് ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്ത കർത്താവേ, ആത്മപരിത്യാഗത്തിന്റെയും ഹൃദയ പരിവർത്തനത്തിന്റെയും അനുരഞ്ജനത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാൻ ഈ നോമ്പുകാലത്തു ഞങ്ങളെ സഹായി

ക്കണമേ. നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുന്നവരോടൊപ്പം, തിന്മയ്ക്കെതിരായ പോരാട്ടത്തിൽ ഞങ്ങളും പങ്കുചേരട്ടെ. പ്രാർഥനയും ഉപവാസവും പരസ്നേഹപ്രവർത്തനങ്ങളുംവഴി പാപങ്ങൾക്കു പരിഹാരം ചെയ്യാനും ജീവിതത്തിലെ കുരിശുകൾ സഹിച്ച് സ്വർഗോന്മുഖരായി ജീവിക്കാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

(സൂചന: വിശുദ്ധ കുർബാന ഇല്ലെങ്കിൽ, ഇപ്പോൾ സമാപനാശീർവാദം നല്കുന്നു.)

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, സാർവത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ അങ്ങയുടെ കരുണനിറഞ്ഞ വലംകൈ നീട്ടണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിലും നിന്ന് അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യാൻ ഞങ്ങളെല്ലാവരെയും ദയാപൂർവം യോഗ്യരാക്കണമേ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** മാമോദീസാ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമി.** സകലത്തിന്റെയും നാഥനായ ദൈവം
തന്റെ കൃപാസമുദ്രത്തിൽ
നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ
കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും
നമ്മുടെ പാപങ്ങളുടെ മാലിന്യം
തുടച്ചുനീക്കുകയും ചെയ്യട്ടെ.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

**ഗായക.** പാപം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ.

**സമൂ.** ദിവ്യരഹസ്യങ്ങൾ
കൈക്കൊള്ളുന്നവരേ,
മിശിഹാതൻ പ്രിയരേ,
തിന്മയിലാത്മശരീരങ്ങൾ
പങ്കിലമാക്കും ജനനിരയിൽ
ചേരുക വഴിയായ് വിശ്വാസം
നിങ്ങൾ കൈവെടിയാതെന്നും
കാത്തിടുവിൻ ഹൃദയം നിർമലമായ്.

**ഗായക.** നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണല്ലോ.

**സമൂ.** ദിവ്യരഹസ്യങ്ങൾ ...

(അല്ലെങ്കിൽ)

**ഗായക.** പാപം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ.

**സമൂ.** മിശിഹായുടെ ശിഷ്യന്മാരേ, അവിടത്തെ ദിവ്യരഹസ്യങ്ങളിൽ ഭാഗഭാക്കാകുന്നവരേ, ആത്മാവിനെയും ശരീരത്തെയും ദുഷിപ്പിക്കുന്നവരും തിന്മ പ്രവർത്തിക്കുന്നവരുമായുള്ള സംസർഗംവഴി നിങ്ങളുടെ വിശ്വാസം നഷ്ടപ്പെടാതിരിക്കാനും നിങ്ങൾ സ്വീകരിച്ച മാമോദീസാ വ്യർഥമാകാതിരിക്കാനും ശ്രദ്ധിച്ചുകൊള്ളുവിൻ.

SYRO MALABAR COMMISSION FOR LITURGY

**ഗായക.** നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണല്ലോ.

**സമൂ.** മിശിഹായുടെ ശിഷ്യന്മാരേ, അവിടത്തെ ...

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക.)

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**സമൂ.** ദിവ്യവിരുന്നിനു നമ്മെ വിളിപ്പൂ
രക്ഷകനീശോ കരുണാപൂർവം.

കൈക്കൊള്ളാം തിരുഗാത്രനിണങ്ങൾ
ത്രിത്വത്തിൻ സ്തുതിഗീതികൾ പാടാം.

(അല്ലെങ്കിൽ)

**സമൂ.** നമ്മുടെ രക്ഷകനായ മിശിഹാ നമുക്കായി ആത്മീയവിരുന്ന് ഒരുക്കിയിരിക്കുന്നു. ഭയഭക്തികളോടും സ്നേഹത്തോടുംകൂടെ നമുക്ക് അവിടത്തെ സമീപിക്കാം. അവിടത്തെ ശരീരവും രക്തവും നമുക്കു സ്വീകരിക്കാം. അവിടന്ന് നമ്മിൽ സംപ്രീതനാകട്ടെ. ഹല്ലേലുയ്യാ പാടിക്കൊണ്ട് പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നമുക്ക് ആരാധിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** വരുവിൻ, പാപക്കറകൾ കഴുകാം
ഉപവാസത്താൽ ശക്തി വരിക്കാം

ഭയഭക്തിയൊടും സ്നേഹത്തോടും
കൈക്കൊള്ളാം തിരുഗാത്രനിണങ്ങൾ.

(അല്ലെങ്കിൽ)

**ശുശ്രൂ.** വരുവിൻ, പാപക്കറകൾ കഴുകിക്കളയുന്ന ഉപവാസവും പ്രായശ്ചിത്തവുംവഴി ആത്മീയശക്തി പ്രാപിക്കാം. ഭയഭക്തികളോടും സ്നേഹത്തോടുംകൂടെ അവിടത്തെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാം.

SYRO MALABAR COMMISSION FOR LITURGY

## കൃതജ്ഞതാപ്രാർഥനകൾ

**കാർമി.** കർത്താവായ ദൈവമേ, ജീവദായകമായ അങ്ങയുടെ വചനം സ്വീകരിച്ച് പാപബോധത്തിലും പരിഹാര മനോഭാവത്തിലും വളരാനും തിരുശരീരരക്തങ്ങൾ ഉൾക്കൊണ്ട് നിത്യജീവന് അർഹരാകാനും അങ്ങു ഞങ്ങളെ അനുഗ്രഹിച്ചു. അങ്ങയുടെ ഈ ദാനത്തിനു നന്ദി പറയാൻ ഞങ്ങൾ അശക്തരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമി.** പാപങ്ങൾ പൊറുക്കുന്നവനും രോഗങ്ങൾ സുഖപ്പെടുത്തുന്നവനുമായ മിശിഹായേ, പശ്ചാത്താപത്തോടെ നിന്റെ പക്കലണഞ്ഞ് ഈ പരിഹാരബലിയിൽ പങ്കുചേരാൻ നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ കാരുണ്യം എന്നും പ്രകീർത്തിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയൈ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** മാനവരഖിലം ദൈവികമാം
ജീവൻ നിത്യം പുല്കീടാൻ
തനയനെ മന്നിനു നല്കിയൊരാ
ദൈവപിതാവിനെ വാഴ്ത്തീടാം.

മാനവവംശം പൂർണതയിൽ
നിത്യനവീകൃതമായീടാൻ
അനുതാപത്തിൻ സന്ദേശം
നല്കിയ പുത്രനെ വാഴ്ത്തീടാം.

വിണ്ണിൻ രാജ്യം തേടീടാൻ
ദൈവത്തിൻ സ്തുതി പാടീടാൻ
പ്രാർഥനയിൽ, പരസ്നേഹത്തിൽ
വളരാൻ കൃപയവനേകട്ടെ.

**ജീവനെഴും തിരുസ്ലീവായാൽ**
**നിങ്ങൾ മുദ്രിതരാകട്ടെ**
**സംരക്ഷിതരായ്ത്തീരട്ടെ ✠**
**ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.**

**സമൂ.** **ആമ്മേൻ.**

(അല്ലെങ്കിൽ)

**കാർമ്മി.** **എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നും ജീവന്റെ പൂർണത ഉൾക്കൊള്ളണമെന്നും ആഗ്രഹിക്കുന്ന കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഏകജാതനെ ഭൂമിയിലേക്കയച്ച അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. അവിടന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും സന്ദേശം ഞങ്ങൾക്കു നല്കുകയും ചെയ്തു. സ്വർഗരാജ്യത്തിന്റെ നീതി എപ്പോഴും അന്വേഷിക്കാനും, പ്രത്യേകിച്ച് ഈ നോമ്പുകാലത്ത് പ്രാർഥനയുടെയും പാപപരിഹാരത്തിന്റെയും പരസ്നേഹത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കാനും നിങ്ങൾക്കിടയാകട്ടെ. ദൈവത്തിന്റെ ജനമേ, ദൈവവചനത്തിലാശ്രയിച്ച് പ്രലോഭനങ്ങളെ ജയിച്ച് ആത്മീയ സൗഭാഗ്യം അനുഭവിക്കാൻ, കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# ഓശാന ഞായർ

## പൊതുനിർദേശങ്ങൾ

1. ഓശാനഞായറിന്റെ തിരുക്കർമങ്ങൾക്കായി കുരുത്തോലയോ അനുയോജ്യമായ മറ്റു മരച്ചില്ലകളോ ഉപയോഗിക്കാവുന്നതാണ്.

2. കുരിശടിയിലോ, ദൈവാലയത്തിലോ, സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തോ, പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന പീഠത്തിന്റെ മുമ്പിൽവച്ചോ ജനാഭിമുഖമായി നിന്ന് തിരുക്കർമങ്ങൾ ആരംഭിക്കുന്നു. ആ പീഠത്തിനു സമീപം ഒരു ഉപപീഠത്തിന്മേൽ കുരുത്തോല, വിശുദ്ധ ജലം എന്നിവ വച്ചിരിക്കണം.

3. കുരുത്തോല ആശീർവദിച്ചതിനുശേഷം ജനങ്ങൾക്കു നല്കുകയോ ജനങ്ങൾ വഹിച്ചുകൊണ്ടുനില്ക്കുമ്പോൾ ആശീർവദിക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ, കാർമികരും ശുശ്രൂഷികളും വഹിക്കേണ്ട കുരുത്തോല ഉപപീഠത്തിന്മേൽവച്ചുതന്നെ ആശീർവദിക്കുന്നതാണ് ഉചിതം.

4. ദൈവാലയത്തിൽവച്ചാണ് തിരുക്കർമങ്ങൾ നടത്തുന്നതെങ്കിൽ പ്രദക്ഷിണമായി ദൈവജനം പുറത്തിറങ്ങി കഴിയുമ്പോൾ ദൈവാലയത്തിന്റെ വാതിലുകൾ അടയ്ക്കുന്നു.

5. ഈ കർമം ഏറ്റവും ആഘോഷപൂർവകമായി നടത്തുമ്പോൾ ഉപയോഗിക്കുന്ന ഭാഗങ്ങൾ ഈ ⟦ അടയാളംകൊണ്ടും ഐച്ഛികമായ ഭാഗങ്ങൾ ഈ ⌜ ⌟ അടയാളംകൊണ്ടും വേർതിരിച്ചിരിക്കുന്നു.

6. പ്രഭാതപ്രാർഥന (സപ്രാ) യോടുകൂടിയാണ് കർമങ്ങൾ ആരംഭിക്കുന്നത്. പ്രഭാതപ്രാർഥനയുടെ പ്രത്യേക ഭാഗങ്ങൾ ഈ ⟦ അടയാളംകൊണ്ട് വേർതിരിച്ചിരുന്നു.

7. ഓശാനഞായറാഴ്ച രണ്ടാമത്തെ കൂദാശക്രമം (മാർ തെയദോറിന്റെ കൂദാശക്രമം) ഉപയോഗിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

# ഓശാനഞായർ

## പ്രാരംഭഗീതം

(ബാഹർ ലെമ്പാ ... യാദാ ഹൂശാവേ ...)

**ഗായക.** ഓർശ്ലേം നഗരത്തിൻ വാതിൽ തുറക്കുന്നു
**സമൂ.** ഒലിവിൻ ശിഖരങ്ങൾ കൈകളിലുയരുന്നു
ഓശാനകളാൽ വഴിയെല്ലാം
മുഖരിതമാകുന്നു.

രാജമഹേശ്വരനാം മിശിഹായണയുന്നു
കഴുതക്കുട്ടിയതാ വാഹനമാകുന്നു
വീഥികൾതോറും ജയ്‌വിളികൾ
മാറ്റൊലി തീർക്കുന്നു.

വാനവരോടൊപ്പം പാടാം ഓശാന
വിനയമൊടീ സുദിനം നാഥനു സ്തുതിപാടാം.
വിണ്ണിൻ പാവന ഭവനത്തിൽ
ചേർക്കുക ഞങ്ങളെയും.

പാതകൾതോറും വെൺ പട്ടുവിരിപ്പുകളും
സൈത്തിൻകൊമ്പുകളും നിൻ എതിരേല്പിന്നായ്
അന്നുവിരിച്ചതുപോൽ ഹൃദയം
ഞങ്ങളൊരുക്കീടാം.

പ്രാരംഭഗീതം ആലപിക്കുമ്പോൾ കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ധൂപക്കുറ്റി, സ്ലീവ (കുരിശ്), തിരികൾ, സുവിശേഷഗ്രന്ഥം എന്നിവ സംവഹിച്ചുകൊണ്ട് പ്രദക്ഷിണമായിവന്ന് പീഠത്തിന്റെ മുമ്പിൽ ജനാഭിമുഖമായി നില്ക്കുന്നു. പീഠത്തിന്റെ നടുവിൽ സ്ലീവയും സുവിശേഷഗ്രന്ഥവും ഇരുവശങ്ങളിലായി കത്തിച്ച തിരികളും വയ്ക്കുന്നു.

**കാർമി.** അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

**സമൂ.** അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

(അല്ലെങ്കിൽ)

**കാർമി.** നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച്
ഈ കുർബാന ആരംഭിക്കാം.

**സമൂ.** മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ
നാം ഇത് അർപ്പിക്കുന്നത്

SYRO MALABAR COMMISSION FOR LITURGY

**കാർമി.** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂ.** ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

**കാർമി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

SYRO MALABAR COMMISSION FOR LITURGY

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

SYRO MALABAR COMMISSION FOR LITURGY

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** മഹത്ത്വത്തിന്റെ രാജാവായ മിശിഹായേ, വിനീതനായി കഴുതക്കുട്ടിയുടെ പുറത്ത് ജെറുസലെം ദൈവാലയത്തിലേക്ക് എഴുന്നള്ളിയ നിന്നെ ഞങ്ങൾ ആരാധിക്കുന്നു. നീതിമാനും പ്രതാപവാനുമായ രാജാവേ, നിനക്ക് ഓശാന പാടിയ സീയോൻ മക്കളുടെ കീർത്തനങ്ങളോടുകൂടെ ഞങ്ങളുടെ പ്രാർഥനകളും സ്തുതിഗീതങ്ങളും സ്വീകരിക്കണമേ. ഓശാനപാടി നിന്നെ എതിരേറ്റ ജനങ്ങളെപ്പോലെ സ്തുതിഗീതങ്ങൾ ആലപിച്ചു കൊണ്ട് നിന്നെ എതിരേല്ക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ സഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കുചേർന്ന് ഈ പെസഹാരഹസ്യങ്ങൾ അനുഷ്ഠിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനം 100

(തൂയൈ ... / കർത്താവേ, മമരാജാവേ ...)

**കാർമി.** ഓശാനകളാൽ ഓർശ്ലേമിൽ
ബാലകരാലേ കീർത്തിതനേ,
ദൈവസുതാ, നിൻ ദയയാലേ
രക്ഷിച്ചരുളുക ഭക്തരെ നീ.

**സമൂ.** ഭൂവാസികളേ, കർത്താവിൻ
സ്തുതിഗീതങ്ങൾ പാടിടുവിൻ
ശുശ്രൂഷിക്കുക സാമോദം
പാവനമാം തിരുസന്നിധിയിൽ.

കീർത്തനനാദമുയർത്തി മുദാ
തിരുമുറ്റത്തു പ്രവേശിപ്പിൻ
ദൈവവുമതുപോൽ കർത്താവും
അവനാണെന്നതറിഞ്ഞിടുവിൻ.

നമ്മെ മെനഞ്ഞൊരു ദൈവത്തിൻ
സ്വന്തജനം നാം അജഗണവും.
അവനുടെ വാതിൽ കടന്നിടുവിൻ
പാവനനാമം കീർത്തിപ്പിൻ.

നാഥൻ നല്ലവനെന്നാളും
അവനുടെ കൃപയോ ചിരകാലം
വിശ്വസ്തതയും കുറവെന്യേ
എന്നേയ്ക്കും നിലനിൽക്കുന്നു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

**കാർമി.** ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
സന്തോഷപൂർവം അവിടത്തെ ശുശ്രൂഷിക്കുവിൻ.

**സമൂ.** (കാനോന) ഒറെശ്ലെമിൽ ശിശുക്കൾ
ഓശാനഗീതങ്ങളാൽ സ്തുതിച്ച പുത്രാ,
അങ്ങയുടെ ആരാധകരെ സദയം രക്ഷിക്കണമേ.

**കാർമി.** കീർത്തനങ്ങൾ പാടിക്കൊണ്ട്
അവിടത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

**സമൂ.** നമ്മുടെ ദൈവമായ കർത്താവ്
അവിടന്നാണെന്നു നിങ്ങൾ അറിയുവിൻ.

**കാർമി.** നാമല്ല, അവിടന്നാണു നമ്മെ സൃഷ്ടിച്ചത്;
നാം അവിടത്തെ ജനവും
മേച്ചിൽസ്ഥലത്തെ അജഗണവുമാകുന്നു.

**സമൂ.** സ്തോത്രങ്ങൾ പാടിക്കൊണ്ട്
അവിടത്തെ വാതിലുകൾ കടക്കുവിൻ.

**കാർമി.** കീർത്തനങ്ങൾ ആലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

**സമൂ.** കർത്താവു നല്ലവനാകുന്നു;
അവിടത്തെ കൃപയും വിശ്വസ്തതയും
എന്നേക്കും നിലനില്ക്കും.

SYRO MALABAR LITURGY COMMISSION FOR

**കാർമി.** **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**സമൂ.** **ആദിമുതൽ എന്നേക്കും, ആമ്മേൻ.**

**കാർമി.** (കാനോനാ) **ഒറെശ്ലെമിൽ ശിശുക്കൾ**
**ഓശാനഗീതങ്ങളാൽ സ്തുതിച്ച പുത്രാ,**
**അങ്ങയുടെ ആരാധകരെ സദയം രക്ഷിക്കണമേ.**

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഞങ്ങൾ അങ്ങേക്കു സ്തുതിയും സ്തോത്രവുമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവും സകലർക്കും പ്രകാശം നല്കുന്നവനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**ശുശ്രൂ.** (സങ്കീ 91) **അത്യുന്നതന്റെ സംരക്ഷണമുള്ളവനും**
**ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു.**

(കാനോനാ) **ദൈവം പ്രകാശം സൃഷ്ടിച്ചപ്പോൾ**
**മാലാഖമാർ അദ്ഭുതപ്പെട്ടു;**
**ഓരോ പ്രഭാതത്തിലും പ്രകാശമുദിക്കുമ്പോൾ**
**നാം അവരോടൊപ്പം ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു.**

**സമൂ.** **അത്യുന്നതന്റെ സംരക്ഷണമുള്ളവനും**
**ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു.**

**എന്റെ ശരണവും സങ്കേതവും**
**ഞാൻ ആശ്രയിക്കുന്ന ദൈവവും**
**അങ്ങാകുന്നുവെന്നു കർത്താവിനോടു പറയുക.**

**ഇടർച്ചയുടെ കെണിയിൽനിന്നും**
**വ്യർഥമായ സംഭാഷണത്തിൽനിന്നും**
**അവിടന്നു നിന്നെ രക്ഷിക്കും.**

**തന്റെ തൂവലുകൾകൊണ്ട്**
**അവിടന്നു നിന്നെ ആവരണം ചെയ്യും.**

**തന്റെ ചിറകുകളുടെ കീഴിൽ**
**അവിടന്നു നിനക്ക് അഭയം നല്കും.**

**അവിടത്തെ സത്യം**
**നിന്റെ ചുറ്റും ആയുധമായിരിക്കും.**

രാത്രിയുടെ ഭീകരതയും
പകൽ പറക്കുന്ന അസ്ത്രവും നീ ഭയപ്പെടേണ്ട.

ഇരുട്ടിൽ മുഴങ്ങുന്ന ശബ്ദവും
മധ്യാഹ്നത്തിലടിക്കുന്ന കൊടുങ്കാറ്റും നീ ഒട്ടും പേടിക്കേണ്ട.

ആയിരങ്ങൾ നിന്റെ പാർശ്വഭാഗത്തു വീഴും;
പതിനായിരങ്ങൾ നിന്റെ വലത്തുഭാഗത്തും;
എങ്കിലും അവരാരും നിന്നെ സമീപിക്കുകയില്ല.

നീ അവരെയെല്ലാം കാണും;
ദുഷ്ടർക്കുള്ള പ്രതിഫലം നീ ദർശിക്കും.

നിന്റെ സങ്കേതം കർത്താവാകുന്നു;
അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു തിന്മയൊന്നും വരുകയില്ല;
ബാധ നിന്റെ കൂടാരത്തെ സമീപിക്കുകയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കാൻ
അവിടന്നു തന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

സർപ്പത്തിന്റെയും അണലിയുടെയുംമേൽ
നീ ചവിട്ടിനടക്കും.

സിംഹത്തെയും പെരുമ്പാമ്പിനെയും
നീ ചവിട്ടിമെതിക്കും.

എന്നോടു പ്രാർഥിച്ചതുകൊണ്ട്
ഞാൻ അവനെ രക്ഷിക്കും.

എന്റെ നാമം അറിഞ്ഞതുകൊണ്ട്
ഞാൻ അവനെ ശക്തിപ്പെടുത്തും.

എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ
ഞാൻ അവന് ഉത്തരമരുളും.

അവന്റെ സങ്കടകാലങ്ങളിലെല്ലാം
ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും.

ശക്തിയും ബഹുമാനവും അവനു ഞാൻ നല്കും;
ദീർഘായുസ്സു നല്കി അവനെ ഞാൻ തൃപ്തനാക്കും.

SYRO MALABAR COMMISSION FOR LITURGY

രക്ഷിക്കാനുള്ള എന്റെ കഴിവ്
അവനെ കാണിക്കുകയും ചെയ്യും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**ശുശ്രൂ.** അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു.

(കാനോന) ദൈവം പ്രകാശം സൃഷ്ടിച്ചപ്പോൾ
മാലാഖമാർ അദ്ഭുതപ്പെട്ടു;

ഓരോ പ്രഭാതത്തിലും പ്രകാശമുദിക്കുമ്പോൾ
നാം അവരോടൊപ്പം ദൈവത്തെ മഹത്ത്വപ്പെടുത്തുന്നു.

നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, മനുഷ്യവർഗത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ അങ്ങു ഞങ്ങളുടെ സങ്കേതവും ആശ്രയവുമാകുന്നു. അങ്ങിൽ അഭയം തേടുകയും അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവർ ഒരിക്കലും നിരാശരാവുകയില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** (സങ്കീ 104) എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു.

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
എന്റെ ദൈവമായ കർത്താവേ,
അങ്ങ് ഏറ്റവും വലിയവനാകുന്നു.

മഹത്ത്വവും തേജസ്സും അങ്ങു ധരിച്ചിരിക്കുന്നു;
പ്രകാശം മേലങ്കിയായി അണിഞ്ഞിരിക്കുന്നു.

കൂടാരത്തിന്റെ ആകൃതിയിൽ
ആകാശത്തെ അവിടന്നു വിരിച്ചുനിറുത്തി.

വെള്ളത്തിനു മുകളിലായി
തന്റെ മാളികകൾ നിർമിച്ചു.

മേഘങ്ങളെ വാഹനമാക്കി;
കാറ്റിന്റെ ചിറകുകളിൽ സഞ്ചരിച്ചു.

അവിടന്നു തന്റെ ദൂതന്മാരെ അശരീരികളായും
തന്റെ ശുശ്രൂഷകരെ ജ്വലിക്കുന്ന അഗ്നിയായും സൃഷ്ടിച്ചു.

ഒരിക്കലും ഇളകാതിരിക്കാൻ
ഭൂമിയെ അടിത്തറയിലുറപ്പിച്ചു.

വസ്ത്രംകൊണ്ടെന്നപോലെ
ആഴികൊണ്ട് അതിനെ ആവരണം ചെയ്തു.

വെള്ളം പർവതങ്ങൾക്കുമീതേ നിന്നു;
അവിടന്നു കല്പിക്കുമ്പോൾ അതു പ്രവഹിക്കുകയും
ഇടിമുഴക്കുമ്പോൾ അതു വിറയ്ക്കുകയും ചെയ്യുന്നു.

അവിടന്നു നിശ്ചയിച്ച സ്ഥാനങ്ങളിൽ
മലകളും താഴ്വരകളും ഉണ്ടായി.

ജലം ഭൂമിയെ മൂടാതിരിക്കാൻ
അതിന് അതിരു നിശ്ചയിച്ചു.

നീർച്ചാലുകൾ മലയിടുക്കിലൂടെ ഒഴുകിപ്പോകുന്നു;
അവിടന്ന് അവയെ താഴ്വരയിലേക്കു തിരിച്ചുവിടുന്നു.

വനത്തിലെ മൃഗങ്ങളെല്ലാം അവയിൽനിന്നു കുടിക്കുന്നു;
കാട്ടുകഴുതകളും ദാഹം തീർക്കുന്നു.

ആകാശത്തിലെ പറവകൾ അവയ്ക്കു സമീപം കൂടുകെട്ടി;
മരച്ചില്ലകളിലിരുന്ന് അവ പാട്ടുപാടി.

മാളികയിൽനിന്ന് അവിടന്നു മലകളെ നനയ്ക്കുന്നു;
അവിടത്തെ പ്രവൃത്തിയുടെ ഫലമനുഭവിച്ച്
ഭൂമി തൃപ്തിയടയുന്നു.

അവിടന്നു മൃഗങ്ങൾക്കുവേണ്ടി പുല്ലു മുളപ്പിക്കുന്നു;
മനുഷ്യന് ആഹാരമുണ്ടാക്കാൻ സസ്യങ്ങൾ കിളിർപ്പിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**ശുശ്രൂ.** എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക;
(കാനോന) ദൈവമേ, സ്തുതി അങ്ങേക്കു യോജ്യമാകുന്നു.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, സ്വർഗീയമായ തേജസ്സിനാൽ സകല സൃഷ്ടികളെയും ആനന്ദിപ്പിക്കുന്നവനും പ്രകാശത്തിന്റെ സ്രഷ്ടാവും തന്റെ കരുണയാൽ ഇരുളിനെ ക്രമപ്പെടുത്തിയിരിക്കുന്നവനും അങ്ങാകുന്നു. ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. (സങ്കീ 93) കർത്താവു ഭരണം നടത്തുന്നു;
അവിടന്നു പ്രതാപമണിഞ്ഞിരിക്കുന്നു;
ശക്തിധരിച്ച് അവിടന്നു പ്രബലനായിരിക്കുന്നു.
(കാനോന) നിത്യനായ മിശിഹായേ,
നിന്നെ ഞങ്ങൾ ആരാധിക്കുന്നു.

സമൂ. കർത്താവു ഭരണം നടത്തുന്നു;
അവിടന്നു പ്രതാപമണിഞ്ഞിരിക്കുന്നു;
ശക്തിധരിച്ച് അവിടന്നു പ്രബലനായിരിക്കുന്നു.

അങ്ങു പ്രപഞ്ചം ഉറപ്പിച്ചുനിറുത്തി;
അതിന് ഇളക്കമുണ്ടാവുകയില്ല.

അങ്ങയുടെ സിംഹാസനം
ആദിമുതൽ സുസ്ഥിരമായിരിക്കുന്നു;
അങ്ങ് അനാദിമുതലുള്ള ദൈവമാണ്.

കർത്താവേ, പ്രവാഹങ്ങൾ ഉയരുന്നു;
നദികൾ ആരവമുയർത്തുന്നു;
ശുദ്ധമായി പൊങ്ങിയൊഴുകുന്നു.

പെരുവെള്ളത്തിന്റെ ആരവത്തെക്കാൾ
കടലിലെ തിരമാലകൾ ശക്തമാണ്.

കർത്താവ് ഉന്നതങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നു;
അങ്ങയുടെ അനുശാസനങ്ങൾ
എത്രയോ വിശ്വസനീയം!

കർത്താവേ, നിത്യകാലത്തോളം
പരിശുദ്ധി അങ്ങയുടെ ഭവനത്തിന് ഉചിതമാകുന്നു.

(സങ്കീ 150) വിശുദ്ധമന്ദിരത്തിൽ കർത്താവിനെ സ്തുതിക്കുവിൻ;
പ്രഭാവമേറിയ ആകാശപ്പരപ്പിൽ അവിടത്തെ പുകഴ്ത്തുവിൻ.

തന്റെ ശക്തിപ്രഭാവത്തിൽ അവിടത്തെ സ്തുതിക്കുവിൻ;
ഉന്നതമഹിമാവിനെക്കുറിച്ച് അവിടത്തെ പുകഴ്ത്തുവിൻ.

കാഹളനാദത്താൽ അവിടത്തെ സ്തുതിക്കുവിൻ;
വീണകളാലും കിന്നരങ്ങളാലും അവിടത്തെ പുകഴ്ത്തുവിൻ.

തപ്പുകളാലും മദ്ദളങ്ങളാലും അവിടത്തെ സ്തുതിക്കുവിൻ;
കർണാനന്ദകരമായ കൈത്താളങ്ങളാൽ
അവിടത്തെ പുകഴ്ത്തുവിൻ.

SYRO MALABAR COMMISSION FOR LITURGY

**ആരവത്താലും ആർപ്പുവിളിയാലും**
**അവിടത്തെ സ്തുതിക്കുവിൻ.**
**ജീവജാലങ്ങളെല്ലാം കർത്താവിനെ പുകഴ്ത്തട്ടെ;**

(സങ്കീ 116) **ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ;**
**ജനതകളേ, അവിടത്തെ പുകഴ്ത്തുവിൻ.**

**എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ**
**നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു;**
**സത്യമായും കർത്താവ് എന്നേക്കും നിലനില്ക്കുന്നു.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;**
**ആദിമുതൽ എന്നേക്കും, ആമ്മേൻ.**

ശുശ്രൂ. **എല്ലാ ശ്വാസത്തിലും നമുക്കു കർത്താവിനെ സ്തുതിക്കാം.**
(കാനോന) **പ്രകാശമായ മിശിഹായേ,**
**നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.**

**നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമി. **ഞങ്ങളുടെ കർത്താവായ ദൈവമേ, സത്യപ്രകാശവും പിതാവിന്റെ തേജസ്സുമായ മിശിഹായേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി നീ സ്വയം വെളിപ്പെടുകയും ഞങ്ങളിൽനിന്നുള്ള ആദ്യഫലമായി ലോകത്തിലുദിക്കുകയും ചെയ്തു. ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

## പ്രഭാതഗീതം (ഓനീസാ ദ്സപ്രാ)

(അൽ മദ്ബഹ് കുദ്ശാ... / മർത്ത്യമനീഷയതിൻ....)

**സർവജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ** (സങ്കീ 150:6)

**സർവം നവമാക്കും മോഹനതേജസ്സേ,**
**സൃഷ്ടികളൊരുഗണമായ് നിന്നെ നമിക്കുന്നു.**

**സ്തുതികൾ പാടി അവന്റെ മുമ്പിൽ പ്രവേശിക്കുവിൻ** (സങ്കീ 100:2)

**മാനവരക്ഷയ്ക്കായ് ദാവീദിൻ സുതനായ്**
**ഉദയംചെയ്തവനാം രാജാവതിധന്യൻ.**

**അവൻ നമ്മുടെ ദൈവമായ കർത്താവാണെന്നറിയുവിൻ** (സങ്കീ 100:3)

**ഇന്നീ സുദിനത്തിൽ ബാലകരെല്ലാരും**
**പാടുന്നങ്ങേക്കായ് സ്തുതിയായ് ഓശാന.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**ഇന്നീ തിരുനാളിൽ നിൻ പുകൾ പാടീടാൻ**
**വരമേകണമേ നീ ഞങ്ങൾക്കഖിലർക്കും.**

## പ്രഭാതകീർത്തനം (ബ്മദ്നാഹൈ സപ്രാ)

(മെത്തോൽ ദ്ഹൂയു ... മറിയം ബ്സുൽത്താ ...)

**പുലരിപ്രഭയിൽ കർത്താവേ,**
**സാമോദം നിൻ ദാസരിതാ**
**സൃഷ്ടിക്കഖിലം രക്ഷകനാം**
**നിൻസ്തുതിഗീതം പാടുന്നു.**
**സകലേശാ, നിൻ കൃപയാലെ**
**ശാന്തി നിറഞ്ഞൊരു ദിനവും നീ**
**പാപപ്പൊറുതിയുമരുളണമേ**
**നന്മയിലൂടെ നയിക്കണമേ.**

**ശരണം പൊലിയാതെന്നാളും**
**സുതരെക്കാത്തരുളീടണമേ**
**ഞങ്ങൾക്കെതിരായൊരുനാളും**
**വാതിലടയ്ക്കരുതഖിലേശാ.**
**നരവംശത്തിൻ വൈകല്യം**
**അറിയും താതാ, കനിയണമേ**
**അർഹത നോക്കാതവികലമായ്**
**പ്രതിസമ്മാനം നല്കണമേ.**

**സ്നേഹവുമൈക്യവുമന്യൂനം**
**ശാന്തിയുമിവിടെ വിതയ്ക്കണമേ**
**അജപാലനമൊരു കുറവെന്യേ**
**ഫലമേകാനിടയാക്കണമേ.**
**ആരോഗ്യം നരനേകണമേ**
**സൗഖ്യം രോഗിക്കേകണമേ**
**മർത്ത്യഗണത്തിൻ പാപങ്ങൾ**
**കഴുകി വിശുദ്ധി വളർത്തണമേ.**

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, സൃഷ്ടികളെല്ലാം നിന്റെ ആഗമനം കാത്തിരിക്കുന്നു. സ്വർഗമാകുന്ന ഓറെശ്ലെത്ത് നിന്റെ വിശുദ്ധരോടുകൂടെ നിത്യാനന്ദമനുഭവിക്കാൻ ഞങ്ങളെ അർഹരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## സ്തുതിഗീതം (തെശ്ബൊഹ്ത്താ)

(തൂയൈ ... / കർത്താവേ, മമ രാജാവേ, ...)

ഈശോ കർത്താവാം മിശിഹാ
താതനിൽനിന്നു നമുക്കായി
ഉദയം ചെയ്തിരുൾ നീക്കി മുദാ
തൻപ്രഭ നമ്മെയണിയിച്ചു.

ശോഭനമാം പകലവനേകി;
ഇരുളിൻ ശക്തിയൊളിച്ചോടി.
ഇരുളല മൂടിയ നേത്രങ്ങൾ
ദിവ്യപ്രഭതന്നൊളി കണ്ടു.

മിശിഹാ വിശ്വം മുഴുവനിലും
തൻപ്രഭ ചിന്തി വിരാജിച്ചു.
മരണവുമിരുളും താഴുകയായ്
നരകകവാടമുടഞ്ഞുരുകി.

ശിപ്രസമാനം കൂരിരുളാൽ
മൂടിയ സൃഷ്ടികുലത്തെയവൻ
ദീപ്തിചൊരിഞ്ഞു വിമോചിച്ചു,
മൃതരുയിരാർന്നു പുകൾപാടി.

ഹാത്രവിമോചനമവനരുളി
താതസമക്ഷമുയർന്നെത്തി
മഹിമയൊടവനിനി വന്നീടും
മകുടം ശരണാഗതനേകാൻ.

രാജകുമാരനെയെതിരേല്ക്കാൻ
മണിദീപങ്ങളുയർത്തിടുവിൻ,
സാമോദം നടകൊണ്ടിടുവിൻ,
മഹിതം മകുടം ചൂടിടുവിൻ.

മർത്ത്യനു രക്ഷ കനിഞ്ഞരുളാൻ
തനയനെ സദയമയച്ചതിനായ്
താതനു നന്ദി പറഞ്ഞിടുവിൻ,
സുതനു മഹൽസ്തുതി പാടിടുവിൻ.

പെട്ടെന്നവനുടെ ദിനമണയും
കാത്തുവസിച്ച വിശുദ്ധന്മാർ
തിരികൾ തെളിച്ചതിമോദമൊടെ
നിരചേർന്നവനെ എതിരേല്ക്കും.

സജ്ജനതതിതൻ മഹിമാവിൽ
ദൂതഗണങ്ങൾ സാമോദം
വിജയകിരീടമവർക്കേകും
അഖിലരുമൊന്നായ് സ്തുതിപാടും.

സ്വർഗം മാനവനേകീടാൻ
നിത്യാനന്ദം നല്കീടാൻ
വന്നണയും നരരക്ഷകനെ
വാഴ്ത്തിപ്പാടാം സോദരരേ.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ നാമം പരിശുദ്ധമാകുന്നു. അങ്ങയുടെ ആലയം പരിശുദ്ധമാകുന്നു. വചനത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിനാലും സകലവും വിശുദ്ധീകരിക്കുന്ന അങ്ങയെ സ്വർഗീയരും ഭൗമികരും 'പരിശുദ്ധൻ' എന്നു പ്രകീർത്തിക്കുന്നു. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

(കുരുത്തോല വെഞ്ചരിപ്പും തുടർന്നുള്ള പ്രദക്ഷിണവും സുവിശേഷവായനയ്ക്കും വചനസന്ദേശത്തിനും ശേഷവും നടത്താവുന്നതാണ്.)

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **കർത്താവായ ദൈവമേ, നിത്യം ജീവിക്കുന്നവനായ അങ്ങേക്കും പരിശുദ്ധനായ അങ്ങയുടെ അഭിഷിക്തനും ജീവദായകനായ പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

## ഗീതം

**ഓശാനപാടുവിൻ, നാഥനെ വാഴ്ത്തുവിൻ**
**ദിവ്യാപദാനങ്ങൾ കീർത്തിക്കുവിൻ**
**കാഹളമൂതുവിൻ, വീണകൾ മീട്ടുവിൻ**
**പാവനപാദം നമിച്ചീടുവിൻ**

**പൂക്കൾ വിരിക്കുവിൻ, വീഥിയൊരുക്കുവിൻ**
**വിണ്ടലനാഥനെഴുന്നള്ളുന്നു**
**ആനന്ദഗാനങ്ങളെങ്ങും മുഴങ്ങട്ടെ**
**സൃഷ്ടികൾ നാഥനെ വാഴ്ത്തീടട്ടെ.** **ഓശാന ...**

## കുരുത്തോല വെഞ്ചരിപ്പ്

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ നാഥനും രക്ഷകനും രാജാധിരാജനുമായ മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ജെറുസലെം പട്ടണത്തിലേക്കുള്ള നിന്റെ ആഘോഷപൂർവകമായ പ്രവേശനത്തിന്റെ ഓർമയാചരിക്കാൻ ഒരുമിച്ചു കൂടിയിരിക്കുന്ന ഈ സമൂഹത്തെ തൃക്കൺപാർക്കണമേ. ഒലിവിൻകൊമ്പുകൾ പിടിച്ചുകൊണ്ട് നിന്നെ എതിരേറ്റവരെ അനുഗ്രഹിച്ച മിശിഹായേ, നിന്റെ വലത്തുകരം നീട്ടി, ഈ കുരുത്തോലകൾ ✠ ആശീർവദിക്കണമേ. ഞങ്ങളെയും ഈ കുരുത്തോലകൾ സ്ഥാപിക്കപ്പെടുന്ന ഭവനങ്ങളെയും സ്ഥലങ്ങളെയും നിന്റെ കൃപാവരം കൊണ്ട് നിറയ്ക്കണമേ. ഓശാനപാടി ഇന്നു നിന്നെ എതിരേല്ക്കുന്ന ഞങ്ങൾ, മഹത്വപൂർണമായ നിന്റെ പ്രത്യാഗമനത്തിൽ നിന്നെ എതിരേല്ക്കാനും, സ്വർഗീയ**

**ജെറുസലെമിൽപ്രവേശിച്ച് ആനന്ദപൂർവം നിന്നെ സ്തുതിക്കാനും അർഹരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

കാർമികൻ കുരുത്തോലകളിൽ വിശുദ്ധജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. കുരുത്തോലകൾ വിതരണം ചെയ്യുന്നെങ്കിൽ താഴെവരുന്ന ഗീതം ആലപിക്കുന്നു.

## ഗീതം

**ഓശാന, ഓശാന**
**ദാവീദിൻ സുതനോശാന. ഓശാന ...**

**കർത്താവിൻ പൂജിതനാമത്തിൽ**
**വന്നവനെ വാഴ്ത്തിപ്പാടിടുവിൻ;**
**വിണ്ണിൻ പൂവേദിയിലോശാന**
**ദാവീദിൻ സൂനുവിനോശാന. ഓശാന ...**

**ബാലകരും തീർഥകരും**
**നാഥനു ജയ്ഗാനം പാടുന്നു**
**പുതുമലരും തളിരിലയും**
**നാഥനു ജയ്ഗാനം പാടുന്നു. ഓശാന ...**

**ജയ് വിളിയാൽ ചില്ലകളുണരുന്നു**
**പാതകളിൽ തോരണമിളകുന്നു;**
**ദൈവസുതൻ വിനയവിരാജിതനായ്**
**അണയുന്നു നഗരകവാടത്തിൽ. ഓശാന ...**

**വിണ്ടലവും ഭൂതലവും**
**മംഗളഗീതിയിൽ മുഴുകുന്നു**
**വാനവരും മാനവരും**
**നൂതന സന്തോഷം നുകരുന്നു. ഓശാന ...**

**വെൺനുരയാലാഴിയലംകൃതമായ്**
**നീലിമയാലംബരവീഥികളും**
**കാനനവും കാഞ്ചനപൂവനവും**
**നാഥനു സൗരഭ്യം പകരുന്നു. ഓശാന ...**

തുടർന്ന്, കുരുത്തോലകൾ വഹിച്ചുകൊണ്ട് എല്ലാവരും പ്രദക്ഷിണമായി ദൈവാലയത്തിലേക്കു നീങ്ങുന്നു. ധൂപക്കുറ്റി, സ്ലീവ, തിരികൾ, സുവിശേഷഗ്രന്ഥം എന്നിവ വഹിക്കുന്നവർ പ്രദക്ഷിണത്തിന്റെ ഏറ്റവും മുമ്പിലും, കാർമികൻ ഏറ്റവും പുറകിലുമായിരിക്കണം. പ്രദക്ഷിണസമയത്ത് താഴെവരുന്ന ഗീതം ആലപിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

## ഗീതം 1

ഓശാന, ഓശാന
ദാവീദിൻ സുതനോശാന. (2)

സെഹിയോൻപുത്രീ, മോദം പുണരുക
നിന്നുടെ നാഥനിതാ
പ്രതാപവാനായ് വരുന്നു വിണ്ണിൻ
കീർത്തനവീചികളിൽ. ഓശാന ...

വിനീതനായൊരു കഴുതക്കുഞ്ഞിൻ
പുറത്തെഴുന്നള്ളി
സൈത്തിൻ ചില്ലകൾ വിതറിയ വഴിയേ
വരുന്നു ദൈവസുതൻ. ഓശാന ...

നിരയായ് നീങ്ങും ബാലികമാരുടെ
കീർത്തനമുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ
താളം തുള്ളുന്നു. ഓശാന ...

ഓശാനകളാലാഴിചലിക്കു-
ന്നംബരമുണരുന്നു;
സ്വരവീചികളാലവനീവാസികൾ
പുളകം കൊള്ളുന്നു. ഓശാന ...

## ഗീതം 2

ഓശാന, ഓശാന
ദാവീദിൻ സുതനോശാന.

കർത്താവിൻ തിരുനാമത്തിൽ
വന്നവനുന്നതനോശാന
ദൈവകുമാരകനോശാന
വാനവവീഥിയിലോശാന. ഓശാന ...

സൈത്തിൻ ചില്ലകൾ വിതറുകയായ്
ജയസ്വരവീചികളുയരുകയായ്
ബാലകനിരയുടെ പാണികളിൽ
ചില്ലകൾ താളം തുള്ളുകയായ്. ഓശാന ...

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

വിനയാന്വിതനായ് ദൈവസുതൻ
വരുന്നു നഗരകവാടത്തിൽ
വാനവ മാനവ വൃന്ദങ്ങൾ
വിണ്ണിൻ നാഥനെ വാഴ്ത്തുകയായ്. ഓശാന ...

കീർത്തനവീചികളുയരുകയായ്
പാർത്തലമാർത്തുവിളിക്കുകയായ്
അംബരവീഥികളുണരുകയായ്
അംബുദവീഥികൾ തെളിയുകയായ്. ഓശാന ...

രാജാവാഗതനാകുംപോൾ
രക്ഷാനായകനണയുകയായ്
വിണ്ടലനാഥനെഴുന്നള്ളും
വേളയിൽ മോദം നിറയുകയായ്. ഓശാന ...

കഴുതക്കുഞ്ഞിൻ പുറമേറി
കരുണാരൂപൻ വന്നണയും
നിമിഷങ്ങളിലാ ജനവൃന്ദം
നിർവൃതി ജയ്‌വിളിയാക്കുകയായ്. ഓശാന ...

പ്രദക്ഷിണം ദൈവാലയത്തിന്റെ അടഞ്ഞുകിടക്കുന്ന പ്രധാന കവാടത്തിലെത്തുമ്പോൾ കാർമികൻ സ്വരമുയർത്തി പറയുന്നു:

**കാർമി.** വാതിലുകളേ, ശിരസ്സുയർത്തുവിൻ;
നിത്യകവാടങ്ങളേ, തുറക്കുവിൻ;
മഹത്ത്വത്തിന്റെ രാജാവ് എഴുന്നള്ളുന്നു.

പ്രദക്ഷിണത്തിൽ സംവഹിക്കപ്പെടുന്ന കുരിശിന്റെ ചുവടുകൊണ്ട് കാർമികൻ വാതിലിൽ മുട്ടുന്നു.

**അകത്തുള്ളവർ:** ഈ മഹത്ത്വത്തിന്റെ രാജാവ് ആരാകുന്നു?

**പുറത്തുള്ളവർ:** പ്രതാപവാനും ശക്തനുമായ കർത്താവുതന്നെ.

ഇപ്രകാരം മൂന്നുപ്രാവശ്യം പറയുന്നു.
മൂന്നാം പ്രാവശ്യം വാതിലിൽ മുട്ടുമ്പോൾ വാതിൽ അകത്തുനിന്നു തുറക്കുന്നു. കാർമികനെയും ശുശ്രൂഷികളെയും അനുഗമിച്ച് എല്ലാവരും ദൈവാലയത്തിൽ പ്രവേശിക്കുന്നു.
ഈ സമയം ഗായകസംഘവും സമൂഹവുംചേർന്ന് താഴെവരുന്ന ഗീതം ആലപിക്കുന്നു.

## ഗീതം

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം.

നൂറുനൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെക്കാണാതെ
നൂറുനൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞുപോയീ കണ്ണീരിൽ. മഹേശ്വരാ ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ ന്യായാസനത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേമാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേമാർ പരിശുദ്ധൻ എന്നു നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടുചേർന്നു ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## സ്ലീവാ ചുംബനം
## മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

ഗായക.I കുറ്റമറ്റ പാതയിൽ ചരിക്കുന്നവർ അനുഗൃഹീതരാകുന്നു.

സമൂ. മിശിഹായോർശ്ലേം നഗരത്തിൽ
വന്നൂ കഴുതപ്പുറമേറി
അതുകണ്ടവരാം ബാലകരോ
ആനന്ദത്താൽ പുളകിതരായ്.

ഒലിവിൻ കൊമ്പുകൾ പേറിയിതാ
ബാലകരൊപ്പം ജനനിരകൾ
ഉദ്ഘോഷിച്ചൂ സാമോദം
ദാവീദിൻ സുതനോശാന

കർത്താവിൻ തിരുനാമത്തിൽ
വരുവോനുന്നതനെന്നാളും
വാഴ്ത്തപ്പെട്ടവനായണയും
ദാവീദിൻ സുതനോശാന.

**ഗായക.II** ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതരാകുന്നു.

**സമൂ.** മിശിഹായോർശ്ലേം നഗരത്തിൽ ...

**ഗായക.I** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ഒലിവിൻ കൊമ്പുകൾ വീശുന്നു
തപ്പുകൾ കൊട്ടിപ്പാടുന്നു
ബാലകരൊന്നായ് ദാവീദിൻ
പുത്രനു സ്വാഗതമോതുന്നു.

അവരുടെയാരവമുയരത്തിൽ
മാലാഖമാർ കേൾക്കുന്നു
ഒരുമയൊടവരുദ്ഘോഷിപ്പൂ:
'ഉന്നതവീഥിയിലോശാന'.

രക്ഷാകരമാം സ്ലീവാതൻ
നിസ്തുലശക്തി വിശേഷത്താൽ
ഞങ്ങൾ ജയിച്ചിടുമനുനിമിഷം
ദുഷ്ടനെയവനുടെ കെണികളെയും.

**ഗായക.II** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**സമൂ.** ഒലിവിൻ കൊമ്പുകൾ വീശുന്നു ...

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ഗായക.**
**സമൂ.**
സർവാധിപനാം കർത്താവേ,
നിൻസ്തുതി ഞങ്ങൾ പാടുന്നു
ഈശോനാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**വചനവേദിയിലുള്ളവർ** മരച്ചില്ലകളേന്തി പ്രദക്ഷിണമായി
ബലിപീഠത്തിങ്കലേക്കു നീങ്ങുവിൻ.

സർവാധിപനാം ...

**ഗായക.**
**സമൂ.**
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

**ഗായക.**
**സമൂ.**
സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

വചന വേദിയിലുള്ളവർ: മരച്ചില്ലകളേന്തി പ്രദക്ഷിണമായി
ബലിപീഠത്തിങ്കലേക്കു നീങ്ങുവിൻ.

സകലത്തിന്റെയും നാഥാ, ...

ഗായക. സമൂ.: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

ശുശ്രൂ.: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി.: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ.: ആമ്മേൻ.

ശുശ്രൂ.: ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക. സമൂ.: പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

വചന വേദിയിലുള്ളവർ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിപാവനനാം സർവേശാ, ...

ഗായക. സമൂ.: ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

ശുശ്രൂ.: സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

**ഗായക. സമൂ.** **പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**വചനവേദിയിലുള്ളവർ** **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...**

**ഗായക. സമൂ.** **ആദിമുതൽ എന്നേക്കും, ആമ്മേൻ.
പരിശുദ്ധനായ ദൈവമേ, ...**

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.**

സമൂഹം ഇരിക്കുന്നു.

**ഉത്പത്തി പുസ്തകത്തിൽനിന്നുള്ള വായന.** **(49:8-12, 22-26)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **യൂദാ, നിന്റെ സഹോദരന്മാർ നിന്നെ പുകഴ്ത്തും, നിന്റെ കൈ ശത്രുക്കളുടെ കഴുത്തിൽ പതിക്കും. നിന്റെ പിതാവിന്റെ പുത്രന്മാർ നിന്റെ മുമ്പിൽ കുമ്പിടും. യൂദാ ഒരു സിംഹക്കുട്ടിയാണ്. എന്റെ മകനേ, നീ ഇരയിൽനിന്നു മടങ്ങിയിരിക്കുന്നു. അവൻ ഒരു സിംഹത്തെപ്പോലെയും സിംഹിയെപ്പോലെയും പതുങ്ങിക്കിടന്നു വിശ്രമിക്കുന്നു. അവനെ ഉണർത്താൻ ആർക്കു ധൈര്യമുണ്ടാകും? ചെങ്കോൽ യൂദായെ വിട്ടുപോകയില്ല; അതിന്റെ അവകാശി വന്നുചേരുംവരെ അധികാരദണ്ഡ് അവന്റെ സന്തതികളിൽനിന്നു നീങ്ങിപ്പോകയില്ല. ജനതകൾ അവനെ അനുസരിക്കും. അവൻ തന്റെ കഴുതയെ മുന്തിരിവള്ളിയിലും കഴുതക്കുട്ടിയെ വിശിഷ്ടമായ മുന്തിരിച്ചെടിയിലും കെട്ടിയിടും; തന്റെ ഉടുപ്പു വീഞ്ഞിലും മേലങ്കി മുന്തിരിച്ചാറിലും കഴുകും. അവന്റെ കണ്ണുകൾ വീഞ്ഞിനെക്കാൾ ചെമന്നും പല്ലുകൾ പാലിനെക്കാൾ വെളുത്തുമിരിക്കും.**

**നീരുറവയ്ക്കരികേ നില്ക്കുന്ന ഫലസമൃദ്ധമായ വൃക്ഷമാണു യൗസേപ്പ്. അതിന്റെ ശാഖകൾ മതിലിനു മീതേ പടർന്നു നിൽക്കുന്നു. വില്ലാളികൾ അവനെ കഠിനമായി വേദനിപ്പിച്ചു. അവർ അവനുനേരേ അമ്പെയ്യുകയും അവനെ ഞെരുക്കുകയും ചെയ്തു. എന്നാൽ, അവന്റെ വില്ല് ഉറച്ചു നിന്നു. യാക്കോബിന്റെ ശക്തനായ ദൈവം – ഇസ്രായേലിന്റെ പാറയായ ഇടയൻ – തന്റെ കൈകൾകൊണ്ട് അവന്റെ കൈകളെ ശക്തിപ്പെടുത്തി. നിന്റെ പിതാവിന്റെ ദൈവം നിനക്കു തുണയായിരിക്കും. സർവശക്തനായ ദൈവം നിന്നെ അനുഗ്രഹിക്കും. മുകളിലുള്ള ആകാശത്തിന്റെയും കീഴിലുള്ള ആഴത്തിന്റെയും, ഉദരത്തിന്റെയും മാറിടത്തിന്റെയും അനുഗ്രഹങ്ങൾ നിനക്കുണ്ടാവട്ടെ! നിന്റെ പിതാവിന്റെ അനുഗ്രഹങ്ങൾ നിത്യപർവതങ്ങളുടെ ഔദാര്യത്തെക്കാളും ശാശ്വതഗിരികളുടെ അനുഗ്രഹങ്ങളെക്കാളും ശക്തങ്ങളാണ്. അവ യൗസേപ്പിന്റെ ശിരസ്സിൽ, തന്റെ സഹോദരരിൽനിന്നു വേർപെട്ടിരുന്നവന്റെ മൂർധാവിൽ വർഷിക്കപ്പെടട്ടെ.**

അല്ലെങ്കിൽ

**പുറ 15:1-3, 11-15, 20-21 (അനുബന്ധം പേജ് 317 കാണുക)**

## രണ്ടാം വായന

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. സഖറിയായുടെ പുസ്തകത്തിൽനിന്നുള്ള വായന.** (9:9-12)

കാർമികനു നേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജെറുസലെം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു. ഞാൻ എഫ്രായിമിൽനിന്നു രഥത്തെയും ജെറുസലെമിൽനിന്നു പടക്കുതിരയെയും വിച്ഛേദിക്കും. പടവില്ല് ഞാൻ ഒടിക്കും. അവൻ ജനതകൾക്കു സമാധാനം അരുളും. അവന്റെ ആധിപത്യം സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമിയുടെ അറ്റം വരെയും ആയിരിക്കും. നീയുമായുള്ള എന്റെ ഉടമ്പടിയുടെ രക്തം നിമിത്തം പ്രവാസികളെ ഞാൻ ജലരഹിതമായ കുഴിയിൽനിന്നു സ്വതന്ത്രരാക്കും. പ്രത്യാശയുടെ തടവുകാരേ, നിങ്ങളുടെ രക്ഷാദുർഗത്തിലേക്കു മടങ്ങിപ്പോകുവിൻ. നിങ്ങൾക്ക് ഇരട്ടി മടക്കിത്തരുമെന്നു ഞാൻ പ്രഖ്യാപിക്കുന്നു.**

അല്ലെങ്കിൽ

ഏശ 62:10-12 + 63:1-4 (അനുബന്ധം പേജ് 318 കാണുക)

**സമൂ.** **ദൈവമായ കർത്താവിനു സ്തുതി.**

**ശുശ്രൂ.** **പ്രകീർത്തനം (ശൂറായ) ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.**

## പ്രകീർത്തനം (ശൂറായ)

**കാർമി.** സർവചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

തരുനിരയെല്ലാം ദൈവത്തിൻ
സ്തുതിഗീതങ്ങളുയർത്തട്ടെ.
ഓശാനകളാലീസുദിനം
ഹല്ലേലുയ്യാ പാടുക നാം
വാഴ്ത്തീടാം നിത്യം തിരുനാമം.

**ശുശ്രൂ.II** ജനതകളവിടത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു.

**സമൂ.** തരുനിരയെല്ലാം ദൈവത്തിൻ ...

**കാർമി.** നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ.** തരുനിരയെല്ലാം ദൈവത്തിൻ ...

**ശുശ്രൂ.I** ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

**സമൂ.** തരുനിരയെല്ലാം ദൈവത്തിൻ ...

**ശുശ്രൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി, ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽ ചെന്ന് ലേഖനപ്രഘോഷണഗ്രന്ഥം എടുത്തു ജനങ്ങൾക്ക് അഭിമുഖമായി നിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം.** (11:13–24)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്ന് തന്റെ കൃപാതിരേകത്താൽ നിന്നെ ✠ നിർമലദർപ്പണമാക്കുകയും ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായി നിന്നു വായിക്കുന്നു.

**ശുശ്രൂ.** **വിജാതീയരായ നിങ്ങളോടു ഞാൻ പറയുകയാണ്: വിജാതീയരുടെ ശ്ലീഹാ എന്ന നിലയ്ക്ക് എന്റെ ശുശ്രൂഷയെ ഞാൻ പ്രശംസിക്കുന്നു. അതുവഴി എന്റെ കൂട്ടരായ യഹൂദരെ അസൂയാകുലരാക്കാനും, അങ്ങനെ അവരിൽ കുറേപ്പേരെയെങ്കിലും രക്ഷിക്കാനും എനിക്ക് ഇടയാകുമല്ലോ. എന്തുകൊണ്ടെന്നാൽ, അവരുടെ തിരസ്കാരം ലോകത്തിന്റെ അനുരഞ്ജനമായെങ്കിൽ അവരുടെ സ്വീകാരം മൃതരിൽനിന്നുള്ള ജീവനല്ലാതെ മറ്റെന്തായിരിക്കും?**

**ധാന്യമാവിൽനിന്ന് ആദ്യഫലമായി സമർപ്പിക്കപ്പെട്ടതു പരിശുദ്ധമെങ്കിൽ അതു മുഴുവൻ പരിശുദ്ധമാണ്. വേര് പരിശുദ്ധമെങ്കിൽ ശാഖകളും അങ്ങനെതന്നെ. ഒലിവുമരത്തിന്റെ ശാഖകളിൽ ചിലതു മുറിച്ചു കളഞ്ഞിട്ട്, കാട്ടൊലിവിന്റെ മുളയായ നിന്നെ അവിടെ ഒട്ടിക്കുകയും വേരിൽനിന്നു വരുന്ന ജീവരസം നീ പങ്കുപറ്റുകയും ചെയ്യുന്നെങ്കിൽ, നീ ആ ശാഖകളെക്കാൾ വലിയവനാണ് എന്ന് അഭിമാനിക്കരുത്. അഭിമാനിക്കുന്നെങ്കിൽ, നീ വേരിനെ താങ്ങുകയല്ല, വേരു നിന്നെ താങ്ങു**

കയാണ് എന്ന് ഓർത്തുകൊള്ളുക. എന്നെ ഒട്ടിച്ചു ചേർക്കേണ്ട തിനാണ് ശാഖകൾ മുറിക്കപ്പെട്ടത് എന്നു നീ പറഞ്ഞേക്കാം. അതു ശരിതന്നെ. അവരുടെ അവിശ്വാസം നിമിത്തം അവർ വിച്ഛേദിക്കപ്പെട്ടു; എന്നാൽ, നീ വിശ്വാസംവഴി ഉറച്ചു നില്ക്കുന്നു. ആകയാൽ, അഹങ്കാരം വെടിഞ്ഞ് ഭയത്തോടെ വർത്തിക്കുക. എന്തുകൊണ്ടെന്നാൽ, സ്വാഭാവിക ശാഖകളോടു ദൈവം ദാക്ഷിണ്യം കാണിക്കാത്ത നിലയ്ക്ക് നിന്നോടും കാണിക്കുകയില്ല. അതുകൊണ്ട്, ദൈവത്തിന്റെ കാരുണ്യവും കാഠിന്യവും നിന്റെ ശ്രദ്ധയിലിരിക്കട്ടെ. വീണവനോടു കാഠിന്യവും, ദൈവത്തിന്റെ കൃപയിൽ നിലനിന്നാൽ നിന്നോടു കാരുണ്യവും അവിടന്നു കാണിക്കും. അല്ലെങ്കിൽ, നീയും മുറിച്ചു നീക്കപ്പെടും. തങ്ങളുടെ അവിശ്വാസത്തിൽ തുടരാത്തപക്ഷം അവരും ഒട്ടിച്ചുചേർക്കപ്പെടും. അവരെ വീണ്ടും ഒട്ടിച്ചുചേർക്കാൻ ദൈവത്തിനു കഴിയും. വനത്തിലെ ഒലിവുമരത്തിൽനിന്നു നീ മുറിച്ചെടുക്കപ്പെട്ടു; കൃഷിസ്ഥലത്തെ നല്ല ഒലിവിന്മേൽ പ്രകൃതിസഹജമല്ലാത്ത വിധം ഒട്ടിക്കപ്പെടുകയും ചെയ്തു. അങ്ങനെയെങ്കിൽ, ഈ സ്വാഭാവികശാഖകൾ അവയുടെ തായ്ത്തണ്ടിൽ വീണ്ടും ഒട്ടിക്കപ്പെടുക എത്രയോ യുക്തം.

അല്ലെങ്കിൽ

ഗലാ 4:12-20 (അനുബന്ധം പേജ് 319 കാണുക)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

തുടർന്ന്, രണ്ടു ഗണമായി ഹല്ലേലുയ്യാഗീതം (സൂമാറ) ആലപിക്കുന്നു.

## ഹല്ലേലുയ്യാഗീതം (സൂമാറ)

**ഗായക.** ഹല്ലേലുയ്യാ പാടീടുന്നേൻ
**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

എത്രമനോജ്ഞം നിൻ തിരുനാമം
കർത്താവേ, ഈ ഭൂമിയിലെങ്ങും.

നിന്റെ മഹത്ത്വം വാനിനുമീതേ
കീർത്തിതമാണെന്നറിവൂ ഞങ്ങൾ.

നിന്നുടെ ചിന്തയിലെത്താൻ മാത്രം
എന്തൊരുമേന്മ മനുഷ്യനിലുള്ളൂ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥം എടുക്കുന്നു.

**കാർമി.** ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

കാർമികൻ ബലിപീഠത്തെ സമീപിച്ചു സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** **നമുക്കു ശ്രദ്ധാപൂർവംനിന്നു**
**പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

സുവിശേഷപ്രഘോഷണഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ.** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

**കാർമി.** **വിശുദ്ധ മത്തായി അറിയിച്ച**
**നമ്മുടെ കർത്താവീശോമിശിഹായുടെ**
**പരിശുദ്ധ സുവിശേഷം.** **(21:1-17)**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

**കാർമി.** **അവർ ജെറുസലെമിനെ സമീപിക്കവേ, ഒലിവുമലയ്ക്കരികെയുള്ള ബഥ്ഫഗെയിലെത്തി. അപ്പോൾ ഈശോ തന്റെ രണ്ടു ശിഷ്യന്മാരെ ഇപ്രകാരം നിർദേശിച്ചയച്ചു: എതിരേ കാണുന്ന ഗ്രാമത്തിലേക്കു പോകുവിൻ. അവിടെ ഒരു കഴുതയെയും അടുത്ത് അതിന്റെ കുട്ടിയെയും കെട്ടിയിരിക്കുന്നത് ഉടനെ നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുക. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും ചോദിച്ചാൽ, കർത്താവിന് അവയെക്കൊണ്ട് ആവശ്യമുണ്ടെന്നു പറയുക; അവൻ ഉടനെതന്നെ അവയെ വിട്ടുതരും. പ്രവാചകൻവഴി പറയപ്പെട്ട വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്. സീയോൻ പുത്രിയോടു പറയുക: ഇതാ, നിന്റെ രാജാവ് വിനയാന്വിതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് നിന്റെ അടുത്തേക്കു വരുന്നു. ശിഷ്യന്മാർപോയി ഈശോ കല്പിച്ചതുപോലെ ചെയ്തു.**

അവർ കഴുതയെയും കഴുതക്കുട്ടിയെയും കൊണ്ടുവന്ന് അവയുടെമേൽ വസ്ത്രങ്ങൾ വിരിച്ചു. അവൻ കയറി ഇരുന്നു. ജനക്കൂട്ടത്തിൽ വളരെപ്പേർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു; മറ്റു ചിലരാകട്ടെ, വൃക്ഷങ്ങളിൽനിന്നു ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി. ഈശോയുടെ മുമ്പിലും പിമ്പിലും നടന്നിരുന്ന ജനങ്ങൾ ആർത്തുവിളിച്ചു: ദാവീദിന്റെ പുത്രനു ഓശാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! ഉന്നതങ്ങളിൽ ഓശാന! അവൻ ജെറുസലെമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകി വശായി, ആരാണിവൻ എന്നു ചോദിച്ചു. ജനക്കൂട്ടം പറഞ്ഞു: ഇവൻ ഗലീലിയിലെ നസ്രസിൽ നിന്നുള്ള പ്രവാചകനായ ഈശോയാണ്.

ഈശോ ദൈവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെയെല്ലാം പുറത്താക്കി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുവില്പനക്കാരുടെ ഇരിപ്പിടങ്ങളും അവൻ തട്ടിമറിച്ചിട്ടു. അവൻ അവരോടു പറഞ്ഞു: എന്റെ ഭവനം പ്രാർഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ, അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു.

അന്ധന്മാരും മുടന്തന്മാരും ദൈവാലയത്തിൽ അവന്റെ അടുത്തെത്തി. അവൻ അവരെ സുഖപ്പെടുത്തി. അവൻ ചെയ്ത വിസ്മയകരമായ പ്രവൃത്തികളെയും ദാവീദിന്റെ പുത്രന് ഓശാന എന്ന് ഉദ്ഘോഷിച്ച് ദൈവാലയത്തിൽ ആർപ്പുവിളിക്കുന്ന കുട്ടികളെയും കണ്ടപ്പോൾ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും രോഷാകുലരായി. അവർ അവനോടു പറഞ്ഞു: ഇവരെന്താണു പറയുന്നതെന്ന് നീ കേൾക്കുന്നില്ലേ? ഈശോ പ്രതിവചിച്ചു: ഉവ്വ്; ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതി ഒരുക്കി എന്ന് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലേ? അനന്തരം അവൻ അവരെ വിട്ട് നഗരത്തിൽനിന്ന് ബഥാനിയായിലേക്കു പോയി അവിടെ താമസിച്ചു.

അല്ലെങ്കിൽ

ലൂക്കാ 19:28-40 (അനുബന്ധം പേജ് 320 കാണുക)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## വചനസന്ദേശം

SYRO MALABAR COMMISSION FOR LITURGY

കുരുത്തോല വെഞ്ചരിപ്പും തുടർന്നുള്ള പ്രദക്ഷിണവും ഇവിടെ നടത്താവുന്നതാണ്.

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

### I

**ശുശ്രൂ.** നമുക്കെല്ലാവർക്കും ഭക്തിയോടും സന്തോഷത്തോടുംകൂടെ നിന്ന്, വിനീതനായി ജെറുസലെമിൽ പ്രവേശിച്ച മിശിഹായെ ധ്യാനിച്ചുകൊണ്ട്, 'ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു' എന്ന് ഏറ്റുപറയാം.

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** രക്ഷകനും നാഥനുമായി സകല ജനപദങ്ങളും അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന മിശിഹായേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** ഭൂമിയിൽ ദൈവസ്തുതികൾ ആലപിക്കുന്ന ഞങ്ങളെ, സ്വർഗത്തിൽ നിന്നെ മഹത്വപ്പെടുത്താൻ അനുഗ്രഹിക്കുന്ന മിശിഹായേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** കഴുതക്കുട്ടിയുടെ പുറത്ത് ജെറുസലെം ദൈവാലയത്തിലേക്ക് എഴുന്നള്ളി വിനയത്തിന്റെയും എളിമയുടെയും മാതൃക ഞങ്ങളെ പഠിപ്പിച്ച മിശിഹായേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** ഹെബ്രായപൈതങ്ങളുടെ സ്തുതിഗീതങ്ങൾ സ്വീകരിച്ച് അവരെ അനുഗ്രഹിച്ച മിശിഹായേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** പൂർവപിതാക്കന്മാരോടു ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ട് പ്രവചനങ്ങളുടെ പൂർത്തീകരണമായിത്തീർന്ന മിശിഹായേ,

**സമൂ.** ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

**ശുശ്രൂ.** മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ്

**മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും അവരുടെ സഹശുശ്രൂഷികളെയും അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മിശിഹായേ,**

സമൂ. **ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

ശുശ്രൂ. **ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യുന്ന മിശിഹായേ,**

സമൂ. **ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.**

## II

ശുശ്രൂ. **സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്നു വിനയപൂർവം ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **ഞങ്ങളുടെ ആയുസ്സിലെ എല്ലാ ദിവസവും രാവും പകലും ഞങ്ങൾക്കു പാപരഹിതമായ ജീവിതവും അങ്ങയുടെ സഭയ്ക്കു ശാശ്വതമായ സമാധാനവും ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന പരിപൂർണതയുടെ ബന്ധമായ സ്നേഹത്തിന്റെ ഐക്യം ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **പാപമോചനവും ഞങ്ങളുടെ ജീവിതത്തിന് ഉപകരിക്കുകയും ദൈവമായ അങ്ങയെ പ്രസാദിപ്പിക്കുകയും ചെയ്യുന്ന ദാനങ്ങളും ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **അങ്ങയുടെ അനുഗ്രഹവും കൃപയും എന്നും ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവും രാജാവുമായ മിശിഹായേ, നിന്നെ ഞങ്ങൾ ആരാധിക്കുന്നു. നിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാനും മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഭൂമിയിൽ നിനക്ക് ഓശാനഗീതികൾ ആലപിക്കുന്ന ഞങ്ങളെ നിത്യമഹത്വത്തിൽ പ്രവേശിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെ വരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷ അംഗങ്ങളാകാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമ്മികൻ നിവർന്നുനിന്ന് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.

**കാർമ്മി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** മാമോദീസാ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടും കൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

താഴെവരുന്ന പ്രാർഥനകൾ കാർമ്മികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമ്മി.** സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

**ഗായക.** കർത്താവേ, ഭൂമിയിലെങ്ങും
അവിടത്തെ നാമം എത്ര മഹനീയമാകുന്നു!

**സമൂ.** ഓശാനസ്തുതിയാൽ
ബാലകർ കീർത്തിച്ചു
രക്ഷകനീശോയെ.
മേഘത്തേരിലെഴുന്നള്ളും
നാഥനു സമനായാഗതനായ്
കഴുതത്തേരിലിരുന്നവനെ
ഹെബ്രായക്കാർ ദർശിച്ചു
പാടുകയായ് നാഥാ, ഓശാന.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

**ഗായക.** കർത്താവിന്റെ നാമം സീയോനിൽ പ്രഘോഷിക്കപ്പെടും.

**സമൂ.** സുതനാം ദൈവത്തെ
ബാലകരോടൊപ്പം
വാഴ്ത്തിപ്പാടീടാം.
ഉന്നതവീഥിയിലോശാന
ആത്മാക്കൾ തൻ രക്ഷകനേ,
കർത്താവിൻ തിരുനാമത്തിൽ
വന്നവനും യുഗരാജാവായ്
വരുവോനും നിത്യം സ്തുത്യർഹൻ.

(അല്ലെങ്കിൽ)

**ഗായക.** കർത്താവേ, ഭൂമിയിലെങ്ങും
അവിടത്തെ നാമം എത്ര മഹനീയമാകുന്നു!

**സമൂ.** ദൈവികപ്രചോദനത്താൽ ഹെബ്രായബാലകർ ഓശാന പാടി അവിടത്തെ പ്രകീർത്തിച്ചു. കഴുതക്കുട്ടിയുടെ പുറത്തിരുന്നു സഞ്ചരിച്ച കർത്താവിനെ, മേഘങ്ങളിൽ സംവഹിക്കപ്പെട്ടവനെ എന്നപോലെ അവർ പ്രകീർത്തിച്ചു. നമുക്കും അവരോടുകൂടെ ആലപിക്കാം: ഉന്നതങ്ങളിൽ ഓശാന; കർത്താവിന്റെ നാമത്തിൽ വന്നവനും വലിയ മഹത്ത്വത്തോടെ വരാനിരിക്കുന്നവനുമായ നമ്മുടെ ആത്മാക്കളുടെ രക്ഷകൻ അനുഗൃഹീതനാകുന്നു.

**ഗായക.** കർത്താവിന്റെ നാമം സീയോനിൽ പ്രഘോഷിക്കപ്പെടും.

**സമൂ.** ദൈവികപ്രചോദനത്താൽ ...

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക)

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**സമൂ.** ജനതകളെല്ലാമണയുക വേഗം
ദിവ്യരഹസ്യം കൈക്കൊള്ളാനായ്.

മുറിയപ്പെട്ടൊരു ഗാത്രവുമൊപ്പം
ചിന്തിയ രക്തവുമീ വേദികയിൽ.

തീക്കനലാമീ ദിവ്യരഹസ്യം
പാപം പോക്കും ജീവൻ നല്കും.

പാവനരായ് തിരുസന്നിധിയണയാം
വിശ്വാസത്തോടു കൈക്കൊണ്ടീടാം.

(അല്ലെങ്കിൽ)

**സമൂ.** നമ്മുടെ മുമ്പിൽ സജ്ജമാക്കപ്പെട്ടിരിക്കുന്ന ഈ ദിവ്യരഹസ്യങ്ങൾ വിശ്വാസത്തോടും ഭക്തിയോടുംകൂടെ നമുക്കു സ്വീകരിക്കാം. നമ്മുടെ രക്ഷയ്ക്കായി മുറിക്കപ്പെട്ട ശരീരവും നമുക്കുവേണ്ടി ചിന്തപ്പെട്ടതും ഉടമ്പടിയുടേതുമായ രക്തവും കൈക്കൊള്ളാം. ഇതാ, പ്രവാചകനെ സ്പർശിക്കുകയും എല്ലാ പാപങ്ങളിൽനിന്നും വിശുദ്ധീകരിക്കുകയും ചെയ്ത ജീവിപ്പിക്കുന്ന തീക്കട്ട. ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ നമുക്ക് അതിനെ സമീപിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** ഓശാനകളാൽ ബാലകരെല്ലാം
നാഥനെ വാഴ്ത്തിപ്പാടുകയായി.
ദാവീദിൻ സുതനുന്നതനെന്നും
മാനവരക്ഷകനവിടന്നല്ലോ.
ദിവ്യശരീരവുമതുപോൽ രക്തവു-
മേകിയ നാഥനു നന്ദി നിതാന്തം.

(അല്ലെങ്കിൽ)

**ശുശ്രൂ.** ഒലിവുശാഖകളേന്തിയ ബാലകർ ഈ ദിവസം മിശിഹായെ എതിരേറ്റു. ഓശാനഗീതികളാൽ അവർ അവനെ മഹത്ത്വപ്പെടുത്തി. അവനെ അയച്ച പിതാവിന് അവർ സ്തുതികൾ ആലപിച്ചു. ദാവീദിന്റെ ഭവനത്തിൽനിന്ന് കൃപാപൂർവം വന്നവനും ഞങ്ങളുടെ വംശത്തെ രക്ഷിച്ചവനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. സഹോദരരേ, തിരുശരീരരക്തങ്ങൾ സ്വീകരിച്ച് അവന്റെ തിരുനാമത്തിനു നിങ്ങൾ നന്ദി പറയുവിൻ.

## കൃതജ്ഞതാപ്രാർഥനകൾ

**കാർമി.** കർത്താവായ ദൈവമേ, മിശിഹായുടെ മരണവും ഉത്ഥാനവും അനുസ്മരിക്കുന്ന ഈ പരിഹാരബലിയിൽ പങ്കുചേരാനും ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാനും ഇടയാക്കിയതിന് ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഞങ്ങളുടെ ജീവിത സമർപ്പണംവഴി അങ്ങയെ മഹത്ത്വപ്പെടുത്താൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** ഓശാനഗീതങ്ങളുടെ മധ്യേ ജെറുസലെമിൽ പ്രവേശിച്ച കർത്താവേ, ഓശാനപാടി നിന്നെ സ്തുതിക്കാൻ ഞങ്ങളെയും യോഗ്യരാക്കിയതിന് ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിന്റെ പെസഹാരഹസ്യത്തിൽ പങ്കുചേർന്നവരായ ഞങ്ങൾ സ്വർഗീയ ജെറുസലെമിൽ എത്തിച്ചേർന്ന് അവിരാമം നിന്നെ മഹത്ത്വപ്പെടുത്താൻ ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയൈ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നീടാൻ
ദൈവം നമ്മെ നയിച്ചല്ലോ.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

നരരക്ഷകനും നാഥനുമായ്
ധരയിലണഞ്ഞവനീശോയെ
നല്കിയ താതനു വന്ദനവും
സ്തുതിയുമണയ്ക്കാം സാമോദം.

എളിയൊരു കഴുതപ്പുറമേറി
വന്നൊരു രാജനെ വന്ദിക്കാൻ
ഓശാനകളാൽ വാഴ്ത്തീടാൻ
ഇടയാക്കണമേ റൂഹായേ.

പീഡ സഹിക്കാൻ, കുരിശേറാൻ
ഓർശ്ലേം പൂകിയ തിരുനാഥൻ
ത്യാഗമൊടെന്നും ജീവിക്കാൻ
നിത്യമനുഗ്രഹമരുളട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമി.** പിതാവായ ദൈവം, നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാ ആധ്യാത്മികദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്തു. അവിടന്നു തന്റെ ജീവദായകമായ സുവിശേഷംവഴി ശിഷ്യഗണത്തോട് ഇപ്രകാരം അരുൾ ചെയ്തു: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല. പ്രത്യുത, അവൻ മരണത്തിൽ നിന്ന് നിത്യായുസ്സിലേക്കു പ്രവേശിക്കും.' രക്ഷകനും നാഥനുമായി തന്റെ പ്രിയപുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. കഴുതപ്പുറത്ത് എഴുന്നള്ളി വിനയത്തിന്റെ മാതൃക നല്കിയ മിശിഹായെ നമുക്ക് ആരാധിക്കാം. കർത്താവിന്റെ സ്തുതികൾ ആലപിക്കാൻ നമ്മെ ശക്തരാക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു മഹത്ത്വപ്പെടുത്താം. പീഡകൾ സഹിക്കാനും കുരിശിൽ മരിക്കാനും ജെറുസലെമിൽ പ്രവേശിച്ച കർത്താവ്, ത്യാഗങ്ങൾ സഹിച്ച് ദൈവഹിതം നിറവേറ്റാൻ നമ്മെ ശക്തരാക്കട്ടെ. രക്ഷകനും രാജാവുമായി മിശിഹായെ സകലരും ഏറ്റുപറയാൻ ഇടയാകട്ടെ. ദൈവത്തിന്റെ ജനമേ, ഭൂമിയിൽ അവിടത്തേക്ക് ഓശാനപാടി സ്തുതിക്കുന്ന നിങ്ങൾ സ്വർഗത്തിൽ അനവരതം അവിടത്തെ മഹത്ത്വപ്പെടുത്താൻ യോഗ്യരാകട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

# പെസഹാവ്യാഴം

## പൊതുനിർദേശങ്ങൾ

1. പെസഹാവ്യാഴാഴ്ച ദൈവാലയങ്ങളിൽ ഒരു കുർബാന മാത്രമേ അർപ്പിക്കുകയുള്ളൂ.

2. സാധാരണയായി, സായാഹ്നപ്രാർഥന (റംശാ) യോടുകൂടിയായിരിക്കും വിശുദ്ധ കുർബാന അർപ്പിക്കുന്നത്. എന്നാൽ, ആവശ്യമെങ്കിൽ വിശുദ്ധ കുർബാന രാവിലെ അർപ്പിക്കാവുന്നതാണ്. അപ്പോൾ ഈ ക്രമത്തിൽ ചേർത്തിട്ടുള്ള സായാഹ്നപ്രാർഥന (റംശാ) യുടെ പ്രത്യേക ഭാഗങ്ങൾ ഉപേക്ഷിക്കുന്നു. സായാഹ്നപ്രാർഥന (റംശാ) യുടെ ഭാഗങ്ങൾ ഈ ⟦ അടയാളം കൊണ്ട് വേർതിരിച്ചിരിക്കുന്നു

3. വചനസന്ദേശത്തിനുശേഷമാണ് കാൽകഴുകൽ ശുശ്രൂഷ. കാൽകഴുകൽ ശുശ്രൂഷ നടത്തുന്നുണ്ടെങ്കിൽ, ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്തിരിക്കണം.

4. ഏറ്റവും ആഘോഷപൂർവകമായി ഈ കർമം നടത്തുമ്പോൾ ഉപയോഗിക്കുന്ന ഭാഗങ്ങൾ ഈ ⟦ അടയാളം കൊണ്ട് വേർതിരിച്ചിരിക്കുന്നു. ഐച്ഛികമായ ഭാഗങ്ങൾ ഈ ⌜ ⌟ അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു.

5. പെസഹാവ്യാഴാഴ്ച മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ഉപയോഗിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# പെസഹാവ്യാഴം

## കർമ്മക്രമം

കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളിഞ്ഞ്, കുർബാനക്രമത്തിൽ നിർദേശിച്ചിരിക്കുന്നതുപോലെ, പ്രദക്ഷിണമായി വചനവേദിയിൽ (ബേമ്മ) വന്നു ജനാഭിമുഖമായി നില്ക്കുന്നു. പ്രദക്ഷിണസമയത്ത് താഴെക്കാണുന്ന ഗീതം ആലപിക്കുന്നു. ഉചിതമായ മറ്റൊരു ഗീതം ആലപിക്കാവുന്നതാണ്.

### പ്രാരംഭഗീതം

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

**മർത്ത്യനു ജീവൻ നല്കീടാൻ**
**സ്ഥാപിച്ചീശോ സെഹിയോനിൽ**
**നിത്യതയേകും കൂദാശ,**
**മരണംവരെയും സ്നേഹിച്ചു.**

**ഗുരുവും നാഥനുമാം മിശിഹാ**
**ശിഷ്യഗണത്തിൻ പാദങ്ങൾ**
**കഴുകി സുമാതൃക നല്കുകയായ്**
**സകലരുമതുപോൽ ചെയ്തീടാൻ.**

**അന്നു മുറിച്ചവനേകിയതാം**
**അപ്പം പാവനഗാത്രംതാൻ**
**നമ്മുടെ ജീവിതമതുപോലെ**
**മർത്ത്യർക്കായിഹ മുറിയേണം.**

**കർത്താവിൻ തിരുസാന്നിധ്യം**
**നീക്കും നമ്മുടെ രോഗങ്ങൾ.**
**പാപം പരിചിൽ പോക്കീടാൻ**
**ദിവ്യൗഷധമവനീയുലകിൽ.**

**തിരുവോസ്തിയിൽ നിന്നൻപോടെ**
**നമ്മെ നാഥൻ ദർശിപ്പൂ**
**നമ്മെ ദൈവികരാക്കീടാൻ**
**നാഥൻ നമ്മിൽ വാഴുന്നു.**

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

കാർമി. അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

സമൂ. അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

(അല്ലെങ്കിൽ)

കാർമി. നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച്
ഈ കുർബാന ആരംഭിക്കാം.

സമൂ. മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ
നാം ഇത് അർപ്പിക്കുന്നത്

കാർമി. അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

സമൂ. ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

കാർമി. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

സമൂ. ആമ്മേൻ. (3)

കാർമി. ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ. ആമ്മേൻ.

കാർമി. സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂ. സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ-
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

SYRO MALABAR COMMISSION FOR LITURGY

**സ്വർഗസ്ഥിതനാം താതാ നിൻ**
**സ്തുതിതൻ നിസ്തുല മഹിമാവാൽ**
**ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ**
**പാവനമായി വിളങ്ങുന്നു.**

**വാനവമാനവവൃന്ദങ്ങൾ**
**ഉദ്ഘോഷിപ്പൂ സാമോദം**
**പരിശുദ്ധൻ നീ എന്നെന്നും**
**പരിശുദ്ധൻ നീ പരിശുദ്ധൻ.**

(അല്ലെങ്കിൽ)

**കാർമി.** **സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.**

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ മഹത്ത്വത്താൽ**
**സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.**
**മാലാഖമാരും മനുഷ്യരും**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ**
**എന്ന് ഉദ്ഘോഷിക്കുന്നു.**

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങയുടെ തിരുമനസ്സു**
**സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.**

**ഞങ്ങൾക്ക് ആവശ്യകമായ ആഹാരം**
**ഇന്നു ഞങ്ങൾക്കു തരണമേ.**
**ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ**
**ഞങ്ങളുടെ കടങ്ങളും പാപങ്ങളും**
**ഞങ്ങളോടും ക്ഷമിക്കണമേ.**
**ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.**
**ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.**

**എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും**
**എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR LITURGY COMMISSION FOR

**കാർമ്മി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** ഞങ്ങളുടെ കർത്താവായ മിശിഹായേ, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് ശുശ്രൂഷയുടെ മാതൃക കാണിക്കുകയും, പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് സ്വന്തം ശരീരരക്തങ്ങൾ ഭക്ഷണ പാനീയങ്ങളായി നല്കുകയും ചെയ്ത നിനക്കു ഞങ്ങൾ നന്ദി പറയുന്നു. സ്നേഹത്തിന്റെ കൂദാശയായി നീ സ്ഥാപിച്ചുനല്കിയ ഈ ദിവ്യരഹസ്യങ്ങൾ നിർമല മനഃസാക്ഷിയോടും വിശുദ്ധ വിചാരങ്ങളോടും കൂടെ അർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനം 135

**കാർമ്മി.** കർത്താവിൻ സ്തുതി പാടിടുവിൻ
നല്ലവനാണവനെന്നാളും
അവനുടെ കരുണയനാദിമുതൽ
ചിരകാലം നിലനില്ക്കുന്നു.

**സമൂ.** അത്യുന്നതനാം ദൈവത്തെ
കീർത്തിപ്പിൻ, സ്തുതി പാടിടുവിൻ
മഹിതം വിസ്മയകൃത്യങ്ങൾ
വിരചിപ്പതു തൻ കരമല്ലോ.

വാനും ഭൂവും തിരുനാഥൻ
ജ്ഞാനത്താലന്നുളവാക്കി
പകലിനു ദീപ്തി പകർന്നീടാൻ
സൂര്യനു കല്പനയവനേകി.

താരാവലിയും പനിമതിയും
കർത്താവിൻ കരവിരുതല്ലോ
രാവിൽ പ്രഭയായ് തെളിയാനായ്
അവിടന്നവയെ സൃഷ്ടിച്ചു.

പരിപാലനയും കരബലവും
ഇസ്രായേലിനു വെളിവാക്കി
മെസ്രേൻനാട്ടിൽനിന്നവരെ
കരുണാപൂർവം മോചിച്ചു.

സ്വന്തജനത്തിനു പാർക്കാനായ്
അൻപൊടു ദേശമവൻ നല്കി
ഓഹരിയായ് അവകാശവുമായ്
തന്നത്തന്നെയവർക്കേകി.

നമ്മുടെ താഴ്മയിലഖിലേശൻ
അലിവൊടു നമ്മെയോർമിച്ചു
വൈരിഗണത്തിൽനിന്നുമവൻ
നമ്മെ കനിവൊടു രക്ഷിച്ചു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

SYRO MALABAR COMMISSION FOR LITURGY

(അല്ലെങ്കിൽ)

കാർമ്മി. കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

സമൂ. കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

കാർമ്മി. മഹോന്നതനായ ദൈവത്തെ സ്തുതിക്കുവിൻ;
അവിടത്തെ കാരുണ്യം അനന്തമാണ്.

സമൂ. കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

കാർമ്മി. നാഥന്മാരുടെ നാഥനെ സ്തുതിക്കുവിൻ;
അവിടത്തെ കാരുണ്യം അനന്തമാണ്.

സമൂ. കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

കാർമ്മി. ഈജിപ്തിലെ കടിഞ്ഞൂൽപുത്രരെ
സംഹരിച്ചവനെ സ്തുതിക്കുവിൻ.

സമൂ. കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

കാർമ്മി. അവരുടെ ഇടയിൽനിന്ന് ഇസ്രായേൽജനത്തെ
മോചിപ്പിച്ചവനെ സ്തുതിക്കുവിൻ

സമൂ. കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

കാർമ്മി. കടലിനെ വിഭജിച്ചവനെ സ്തുതിക്കുവിൻ;
അവിടത്തെ കാരുണ്യം അനന്തമാണ്.

സമൂ. കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

SYRO MALABAR COMMISSION FOR LITURGY

**കാർമ്മി.** ഫറവോയെയും സൈന്യത്തെയും
കടലിൽ താഴ്ത്തിയവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമ്മി.** ശക്തരായ രാജാക്കന്മാരെ
നിഹനിച്ചവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമ്മി.** അവരുടെ ദേശം അവകാശമായി
ജനത്തിനേകിയവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമ്മി.** വൈരികളിൽനിന്നു നമ്മെ
രക്ഷിച്ചവനെ സ്തുതിക്കുവിൻ.

**സമൂ.** കർത്താവിനെ നിങ്ങൾ സ്തുതിക്കുവിൻ;
അവിടന്നു നല്ലവനാകുന്നു;
അവിടത്തെ കാരുണ്യം അനന്തമാണ്.

**കാർമ്മി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി.** ഞങ്ങളുടെ രക്ഷകനായ ദൈവമേ,
ഞങ്ങളെ സഹായിക്കണമേ.
അങ്ങയുടെ തിരുനാമത്തെപ്രതി
ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ ന്യായാസനത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേമാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേമാർ പരിശുദ്ധൻ എന്നു നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടുചേർന്നു ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

## മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

ഗായക. അങ്ങയുടെ സമൃദ്ധമായ നന്മകളെ അവർ വിളിച്ചറിയിക്കും.

സമൂ. പെസഹാനാളിൽ സ്ഥാപിച്ചല്ലോ പാവനകൂദാശ
പങ്കാളികളായ്ത്തീർത്തു തൻ ബലിയിൽ കൃപയോടെ
അപ്പവുമതുപോൽ വീഞ്ഞും തിരുമെയ്യും രക്തവുമായ്
രക്ഷ പകർന്നീടാനായ് വന്നവനാം കർത്താവേ
ഭക്തിയോടെന്നും ഞങ്ങൾ വാഴ്ത്തി മുദാ കീർത്തിച്ചീടട്ടെ.

ഗായക. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. പെസഹാനാളിൽ സ്ഥാപിച്ചല്ലോ പാവനകൂദാശ ...

ഗായക. ആദിമുതൽ എന്നേക്കും, ആമ്മേൻ.

സ്ലീവാ നമ്മൾക്കെന്നും നന്മകൾ തന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ
കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

**ഗായക. സമൂ.** സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**വചന വേദിയിലുള്ളവർ** കർത്താവ് എത്രയോ നല്ലവനാണെന്ന്
നിങ്ങൾതന്നെ അനുഭവിച്ചറിയുവിൻ. (സങ്കീ 34:8)

സർവാധിപനാം ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

**ഗായക. സമൂ.** സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ,
നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**വചന വേദിയിലുള്ളവർ** കർത്താവ് എത്രയോ നല്ലവനാണെന്ന്
നിങ്ങൾതന്നെ അനുഭവിച്ചറിയുവിൻ. (സങ്കീ 34:8)

സകലത്തിന്റെയും നാഥാ, ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## പ്രാരംഭഗീതം (ഓനീസാ ദക്ദം)

(മറിയാ ബ്സപ്രാ ... / കരുണാനിധിയാം കർത്താവേ, ...)

**കർത്താവ് എന്റെ ഇടയനാകുന്നു.** (സങ്കീ 23:1)
**ഞങ്ങൾക്കരിയ സഹായകനാം**
**രക്ഷകനീശോമിശിഹായേ,**
**നല്ലിടയാ, നീയെന്നാളും**
**അജഗണമിവരെ നയിക്കേണം;**
**വലതുകരത്തിൻ തണലിൽ നീ**
**തിരുഹിതമൊത്തു നടത്തേണം.**

**സ്തുതിയുടെ ബലികൾ ഞാൻ അർപ്പിക്കും.** (സങ്കീ 27:6)
**കർത്താവേ, നിൻ സന്നിധിയിൽ**
**വിശ്വാസത്തോടർപ്പിക്കും**
**സ്തുതിയുടെ ബലികൾ സാനന്ദം**
**കൈക്കൊണ്ടാശിസ്സേകേണം;**
**നിക്ഷേപാലയവാതിൽ തുറ -**
**ന്നലിവോടെ കൃപയേകേണം.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**
**ബലിയായ്ത്തീർന്നൊരു മിശിഹായേ,**
**പാവനമാം നിൻ രക്തത്താൽ**
**സൃഷ്ടികളഖിലം രമ്യതയിൽ**
**ശാന്തത പുല്കി വിരാജിപ്പൂ.**
**ദൈവികമാം നിൻ ഭവനത്തിൽ**
**ചേരാനവരെ വിളിച്ചു നീ.**

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അനന്തമായ കരുണയും നിരന്തരമായ പരിപാലനവുമോർത്ത് അങ്ങയെ ഏറ്റുപറയാനും ആരാധിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

## സായാഹ്നസങ്കീർത്തനങ്ങൾ (മറിയാ ക്രേസാക്)

ശു.ശ്രു. (സങ്കീ 140) കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു; എനിക്കുത്തരമരുളണമേ.
(കാനോന) കർത്താവേ, എന്റെ വാക്കുകേട്ട്
എന്റെ പ്രാർഥന സ്വീകരിക്കണമേ.

(സമൂഹം രണ്ടു ഗണമായി തുടരുന്നു)

കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;
എനിക്കുത്തരമരുളണമേ.

എന്റെ പ്രാർഥന സ്വീകരിക്കണമേ;
പരിമളധൂപംപോലെ അത് അങ്ങയുടെ പക്കലേക്കുയരട്ടെ.

കർത്താവേ, എന്റെ ഈ പ്രാർഥന
എന്റെ സായാഹ്നബലിയായി സ്വീകരിക്കണമേ.

എന്റെ നാവിനും അധരത്തിനും
അങ്ങു കാവൽ നിറുത്തണമേ.

എന്റെ ഹൃദയം തിന്മയിലേക്കു ചായാതിരിക്കട്ടെ;
ദുഷ്പ്രവൃത്തികൾ ഞാൻ ചെയ്യാതിരിക്കട്ടെ;
ദുഷ്ടരോടു ഞാൻ സഹവസിക്കാതിരിക്കട്ടെ.

നീതിമാനായ മനുഷ്യൻ
എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ.

ദുഷ്ടരുടെ തൈലംകൊണ്ട്
എന്റെ ശിരസ്സു പൂശാൻ അനുവദിക്കരുതേ.

എന്തുകൊണ്ടെന്നാൽ, എന്റെ പ്രാർഥന
അവരുടെ പ്രവൃത്തികൾക്കെതിരാകുന്നു.

അവരുടെ വിധികർത്താക്കൾ
കനത്ത കൈകളാൽ തടയപ്പെട്ടു.

എന്റെ വാക്കുകൾ സ്നേഹമസൃണമായിരുന്നെന്ന്
അപ്പോൾ അവർക്കു മനസ്സിലായി.

(സങ്കീ 141) ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിക്കുന്നു; ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു.

**എന്റെ ഹൃദയം നീറുമ്പോൾ എന്റെ സങ്കടങ്ങളും പീഡകളും ഞാൻ അവിടത്തെ അറിയിക്കും.**

**ക്ലേശങ്ങളാൽ ഞാൻ വലയുമ്പോൾ**
**എന്റെ വഴികളെല്ലാം അങ്ങ് അറിയുന്നല്ലോ.**

**ഞാൻ സഞ്ചരിക്കുന്ന വഴികളിൽ**
**അവർ എനിക്കു കെണികൾ വച്ചു.**

**ഞാൻ വലത്തേക്കു തിരിഞ്ഞുനോക്കി;**
**എന്നെ അറിയുന്നവർ ആരുമില്ല.**

**ഓടിയൊളിക്കാൻ എനിക്കിടമില്ല;**
**എന്നെ രക്ഷിക്കാൻ ആരുമില്ല.**

**കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു:**
**അങ്ങ് എന്റെ അഭയമാണല്ലോ.**

(സങ്കീ 118/14) **അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമാകുന്നു.**

**നീതിയുടെ നിയമങ്ങളനുസരിക്കാൻ**
**ശപഥപൂർവം ഞാൻ നിശ്ചയിച്ചു.**

**കർത്താവേ, ഞാൻ ഏറെ താഴ്ത്തപ്പെട്ടു;**
**അങ്ങയുടെ വചനമനുസരിച്ച് എനിക്കു ജീവൻ നല്കണമേ.**

**എന്റെ വചനങ്ങളിൽ അങ്ങു സംപ്രീതനാകണമേ;**
**അങ്ങയുടെ വിധികൾ എന്നെ പഠിപ്പിക്കണമേ.**

**എന്നെന്നും ഞാൻ അങ്ങയുടെ കരങ്ങളിലാകുന്നു;**
**അങ്ങയുടെ നിയമം ഞാൻ മറക്കുകയില്ല.**

**പാപികൾ എനിക്കു കെണികൾ വച്ചു;**
**എങ്കിലും പ്രമാണങ്ങളിൽനിന്നു ഞാൻ പിന്മാറിയില്ല.**

**അങ്ങയുടെ പ്രമാണങ്ങളാണ് എന്നേക്കും എന്റെ ഓഹരി;**
**അതിനാൽ അവയിൽ എന്റെ ഹൃദയം ആനന്ദിക്കുന്നു.**

**അങ്ങയുടെ കല്പനകൾ എന്നും സത്യമായി പാലിക്കാൻ**
**എന്റെ ഹൃദയം ഞാൻ സജ്ജമാക്കുന്നു.**

(സങ്കീ 116) **ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ,**
**ജനതകളേ, അവിടത്തെ പുകഴ്ത്തുവിൻ.**

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ
നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു;
സത്യമായും കർത്താവ് എന്നേക്കും നിലനില്ക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേക്കും, ആമ്മേൻ.

ശുശ്രൂ. കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;
എനിക്കുത്തരമരുളണമേ.
(കാനോന) കർത്താവേ, എന്റെ വാക്കുകേട്ട്
എന്റെ പ്രാർഥന സ്വീകരിക്കണമേ.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പ്രാർഥന ദയാപൂർവം കേൾക്കുകയും ദിവ്യമായ കാരുണ്യത്താൽ അങ്ങയുടെ ആരാധകരുടെ അപേക്ഷ സ്വീകരിക്കുകയും ചെയ്യണമേ. ശരീരങ്ങളുടെ സൗഖ്യദായകനും ആത്മാക്കളുടെ നല്ല ശരണവുമായവനേ, പാപികളായ ഞങ്ങളിൽ കനിയണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

## അനുഗീതം (ഓനീസാ ദ്വാസർ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

ദൈവം തന്റെ പ്രതിഛായയിൽ ആദത്തെ സൃഷ്ടിച്ചു.

(ഉത്പ 1:27)

സ്രഷ്ടാവാം ദൈവം
സ്നേഹത്തിൻ തികവിൽ
നരനെ മനഞ്ഞപ്പോൾ
തന്നുടെ ദൈവികഛായയതും
സാദൃശ്യവുമവനേകി മുദാ
എന്നാലവനോ സാത്താൻതൻ
ദുഷ്പ്രേരണയാൽ തെറ്റിപ്പോയ്
നാശത്തിൻ കുഴിയിൽ നിപതിച്ചു.

**മിശിഹാ നമുക്കുവേണ്ടി മരിച്ചു.** (റോമാ 5:8)
**തിന്മയിലാണ്ടീടും**
**മാനവവംശത്തിൽ**
**മരണം നടമാടി.**
**മൃതിയിൽനിന്നും മാനവരെ**
**പരിചൊടു രക്ഷിച്ചീടാനായ്**
**സ്വാതന്ത്ര്യം നരനേകാനായ്**
**ദൈവകുമാരൻ കാൽവരിയിൽ**
**ബലിയാകാൻ സ്വയമേ തിരുമനസ്സായ്.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**
**മിശിഹാകർത്താവേ,**
**നിൻ തിരുസ്ലീവാതൻ**
**അദ്ഭുതകിരണങ്ങൾ**
**ദുഷ്ടർ മൂടിമറച്ചെന്നാൽ**
**നിൻ കൃപയാലതു പ്രഭവീശി;**
**സ്ലീവാ കൈകളിലേന്തി സദാ**
**വൈദികഗണമോ നിൻ നാമം**
**വാഴ്ത്തുന്നു നാഥാ, നിൻ സഭയിൽ.**

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമി. **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു പ്രകൃത്യാ പരിശുദ്ധനും മഹത്ത്വപൂർണനുമാകുന്നു. അങ്ങ് എല്ലാറ്റിലും ഉന്നതനും അനാദിമുതൽ ആരാധിക്കപ്പെടുന്നവനുമാകുന്നു. അങ്ങയെ ഞങ്ങൾ എല്ലായ്പോഴും ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.**

സമൂ. **ആമ്മേൻ.**

ശുശ്രൂ. **ശബ്ദമുയർത്തിപ്പാടിടുവിൻ**
**സർവരുമൊന്നായ് പാടിടുവിൻ**
**എന്നെന്നും ജീവിക്കും**
**സർവേശ്വരനെ വാഴ്ത്തിടുവിൻ.**

ഗായക. **പരിപാവനനാം സർവേശാ,**
സമൂ. **പരിപാവനനാം ബലവാനേ,**
**പരിപാവനനാം അമർത്ത്യനേ,**
**കാരുണ്യം നീ ചൊരിയണമേ.**

SYRO MALABAR COMMISSION FOR LITURGY

വചന വേദിയിലുള്ളവർ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

ഗായക. ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

ഗായക. സമൂ. പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

വചന വേദിയിലുള്ളവർ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

ഗായക ആദിമുതൽ എന്നേക്കും, ആമ്മേൻ.

സമൂ. പരിശുദ്ധനായ ദൈവമേ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽ ചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.**

സമൂഹം ഇരിക്കുന്നു.

**പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന.** (12:1-20)

കാർമികനു നേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **കർത്താവ് ഈജിപ്തിൽ വച്ചു മോശയോടും അഹറോനോടും അരുൾചെയ്തു: ഈ മാസം നിങ്ങൾക്കു വർഷത്തിന്റെ ആദ്യമാസമായിരിക്കണം. ഇസ്രായേൽസമൂഹത്തോടു മുഴുവൻ പറയുവിൻ: ഈ മാസം പത്താംദിവസം ഓരോ കുടുംബത്തലവനും ഓരോ ആട്ടിൻകുട്ടിയെ കരുതിവയ്ക്കണം; ഒരു വീടിന് ഒരാട്ടിൻകുട്ടി വീതം. ഏതെങ്കിലും കുടുംബം ഒരാട്ടിൻകുട്ടിയെ മുഴുവൻ ഭക്ഷിക്കാൻമാത്രം വലുതല്ലെങ്കിൽ ആളുകളുടെ എണ്ണം നോക്കി അയൽക്കുടുംബത്തെയും പങ്കുചേർക്കട്ടെ. ഭക്ഷിക്കാനുള്ള കഴിവു പരിഗണിച്ചുവേണം ഒരാടിനു വേണ്ട ആളുകളുടെ എണ്ണം നിശ്ചയിക്കാൻ.**

**കോലാടുകളിൽനിന്നോ ചെമ്മരിയാടുകളിൽനിന്നോ ആട്ടിൻകുട്ടിയെ തിരഞ്ഞെടുത്തുകൊള്ളുക; എന്നാൽ, അത് ഒരു വയസുള്ളതും ഊനമറ്റതുമായ മുട്ടാട് ആയിരിക്കണം. ഈ മാസം പതിനാലാം ദിവസംവരെ അതിനെ സൂക്ഷിക്കണം.**

SYRO MALABAR COMMISSION FOR LITURGY

ഇസ്രായേൽസമൂഹം മുഴുവൻ തങ്ങളുടെ ആട്ടിൻകുട്ടികളെ അന്നു സന്ധ്യയ്ക്കു കൊല്ലണം. അതിന്റെ രക്തത്തിൽനിന്നു കുറച്ചെടുത്ത് ആടിനെ ഭക്ഷിക്കാൻ കൂടിയിരിക്കുന്ന വീടിന്റെ രണ്ടു കട്ടിളക്കാലുകളിലും മേല്പടിയിലും പുരട്ടണം. അവർ അതിന്റെ മാംസം തീയിൽ ചുട്ട്, പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി, അന്നുരാത്രി ഭക്ഷിക്കണം. ചുട്ടല്ലാതെ പച്ചയായോ വെള്ളത്തിൽ വേവിച്ചോ ഭക്ഷിക്കരുത്. അതിനെ മുഴുവനും, തലയും കാലും ഉൾഭാഗവുമടക്കം, ചുട്ട് ഭക്ഷിക്കണം. പ്രഭാതമാകുമ്പോൾ അതിൽ യാതൊന്നും അവ ശേഷിക്കരുത്. എന്തെങ്കിലും മിച്ചം വന്നാൽ തീയിൽ ദഹിപ്പിക്കണം.

ഇപ്രകാരമാണ് അതു ഭക്ഷിക്കേണ്ടത്: അരമുറുക്കി ചെരുപ്പുകളണിഞ്ഞ് വടി കൈയിലേന്തി തിടുക്കത്തിൽ ഭക്ഷിക്കണം. കാരണം, അതു കർത്താവിന്റെ പെസഹായാണ്. ആ രാത്രി ഞാൻ ഈജിപ്തിലൂടെ കടന്നുപോകും ഈജിപ്തിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും ആദ്യജാതരെയെല്ലാം ഞാൻ സംഹരിക്കും. ഈജിപ്തിലെ ദേവന്മാർക്കെല്ലാം എതിരായി ഞാൻ ശിക്ഷാവിധി നടത്തും. ഞാനാണു കർത്താവ്. കട്ടിളയിലുള്ള രക്തം നിങ്ങൾ ആ വീട്ടിൽ താമസിക്കുന്നുവെന്നതിന്റെ അടയാളമായിരിക്കും. അതു കാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും. ഞാൻ ഈജിപ്തിനെ പ്രഹരിക്കുമ്പോൾ ആ ശിക്ഷ നിങ്ങളെ ബാധിക്കുകയില്ല. ഈ ദിവസം നിങ്ങൾക്ക് ഒരു സ്മരണാദിനമായിരിക്കട്ടെ. ഇതു തലമുറതോറും കർത്താവിന്റെ തിരുനാളായി നിങ്ങൾ ആചരിക്കണം. ഇതു നിങ്ങൾക്ക് എന്നേക്കും ഒരു കല്പനയായിരിക്കും.

നിങ്ങൾ ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം. ഒന്നാം ദിവസംതന്നെ നിങ്ങളുടെ വീടുകളിൽനിന്ന് പുളിമാവു നീക്കം ചെയ്യണം. ഒന്നുമുതൽ ഏഴുവരെയുള്ള ദിവസങ്ങളിൽ ആരെങ്കിലും പുളിച്ച അപ്പം ഭക്ഷിച്ചാൽ അവൻ ഇസ്രായേലിൽനിന്നു വിച്ഛേദിക്കപ്പെടണം. ഒന്നാം ദിവസവും ഏഴാം ദിവസവും നിങ്ങൾ വിശുദ്ധസമ്മേളനം വിളിച്ചു കൂട്ടണം. ആ ദിവസങ്ങളിൽ വേല ചെയ്യരുത്. എന്നാൽ, ഭക്ഷിക്കാനുള്ളതു പാകം ചെയ്യാം. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ നിങ്ങൾ ആചരിക്കണം. കാരണം, ഈ ദിവസമാണ് ഞാൻ നിങ്ങളുടെ വ്യൂഹങ്ങളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവന്നത്.

SYRO MALABAR COMMISSION FOR LITURGY

നിങ്ങൾ തലമുറതോറും ഈ ദിവസം ആചരിക്കണം. ഇത് എന്നേക്കുമുള്ള കല്പനയാണ്.

ആദ്യ മാസത്തിലെ പതിനാലാം ദിവസം സന്ധ്യമുതൽ ഇരുപത്തൊന്നാം ദിവസം സന്ധ്യവരെ നിങ്ങൾ പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം. നിങ്ങളുടെ വീടുകളിൽ ഏഴു ദിവസത്തേക്കു പുളിമാവു കാണരുത്. ആരെങ്കിലും പുളിപ്പുള്ള അപ്പം ഭക്ഷിച്ചാൽ അവൻ, വിദേശിയോ സ്വദേശിയോ ആകട്ടെ, ഇസ്രായേൽ സമൂഹത്തിൽനിന്നു വിച്ഛേദിക്കപ്പെടണം. പുളിപ്പിച്ച യാതൊന്നും നിങ്ങൾ ഭക്ഷിക്കരുത്. നിങ്ങൾ വസിക്കുന്നിടത്തെല്ലാം പുളിപ്പില്ലാത്ത അപ്പം മാത്രമേ ഭക്ഷിക്കാവൂ.

അല്ലെങ്കിൽ

പുറ 12:1-14, 21-28 (അനുബന്ധം പേജ് 321 കാണുക)

## രണ്ടാം വായന

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. മലാക്കിയുടെ പുസ്തകത്തിൽനിന്നുള്ള വായന. (1:10-14)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ! നിങ്ങളിൽ എനിക്കു പ്രീതിയില്ല. നിങ്ങളുടെ കരങ്ങളിൽനിന്നു ഞാൻ ഒരു കാഴ്ചയും സ്വീകരിക്കുകയില്ല - സൈന്യങ്ങളുടെ കർത്താവ് അരുൾചെയ്യുന്നു.

സൂര്യോദയംമുതൽ അസ്തമയംവരെ എന്റെ നാമം ജനതകളുടെയിടയിൽ മഹത്വപൂർണമാണ്. എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും ശുദ്ധമായ കാഴ്ചയും അർപ്പിക്കപ്പെടുന്നു.

SYRO MALABAR COMMISSION FOR LITURGY

എന്തുകൊണ്ടെന്നാൽ, ജനതകളുടെ ഇടയിൽ എന്റെ നാമം ഉന്നതമാണ് – സൈന്യങ്ങളുടെ കർത്താവ് അരുൾചെയ്യുന്നു.

കർത്താവിന്റെ ബലിപീഠത്തെ നിന്ദിക്കാം, നിന്ദ്യമായ ഭോജനം അതിൽ അർപ്പിക്കാം എന്നു കരുതുമ്പോൾ നിങ്ങൾ അതിനെ മലിനമാക്കുന്നു.

സൈന്യങ്ങളുടെ കർത്താവ് അരുൾചെയ്യുന്നു: ഞങ്ങൾ മടുത്തു എന്നു പറഞ്ഞ് നിങ്ങൾ എനിക്കെതിരേ ചീറുന്നു. അക്രമം കൊണ്ടു പിടിച്ചെടുത്തതിനെയും, മുടന്തുള്ളതിനെയും, രോഗം ബാധിച്ചതിനെയും നിങ്ങൾ കാഴ്ചയായി അർപ്പിക്കുന്നു! നിങ്ങളുടെ കൈകളിൽനിന്നു ഞാൻ അതു സ്വീകരിക്കണമോ? – കർത്താവു ചോദിക്കുന്നു.

തന്റെ ആട്ടിൻകൂട്ടത്തിൽ മുട്ടാട് ഉണ്ടായിരിക്കുകയും അതിനെ നേരുകയും ചെയ്തിട്ട്, ഊനമുള്ളതിനെ കർത്താവിനു ബലിയർപ്പിക്കുന്ന വഞ്ചകനു ശാപം. സൈന്യങ്ങളുടെ കർത്താവ് അരുൾചെയ്യുന്നു: ഞാൻ ഉന്നതനായ രാജാവാണ്. ജനതകൾ എന്റെ നാമം ഭയപ്പെടുന്നു.

അല്ലെങ്കിൽ

എസെ 45:18–25 (അനുബന്ധം പേജ് 323 കാണുക)

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ.** പ്രകീർത്തനം (ശൂറായ) ആലപിക്കാനായി
നിങ്ങൾ എഴുന്നേല്ക്കുവിൻ

## പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

**കാർമി.** അംബരമനവരതം
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിൻ തിരുപെസഹാതൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.II** **ജനതകളവിടത്തെ**
**മഹിമകൾ പാടുന്നു**
**താണുവണങ്ങുന്നു.**

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ ...**

**കാർമ്മി.** **നിത്യപിതാവിനും**
**സുതനും റൂഹായ്ക്കും**
**സ്തുതിയുണ്ടാകട്ടെ.**

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ ...**

**ശുശ്രൂ.I** **ആദിയിലെപ്പോലെ**
**ഇപ്പൊഴുമെപ്പോഴും**
**എന്നേക്കും, ആമ്മേൻ.**

**സമൂ.** **ദിവ്യാത്മാവിൻ ഗീതികളാൽ ...**

**ശുശ്രൂ.** **ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**
**നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമ്മി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**കാർമ്മി.** സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ഒന്നാം ലേഖനം.** **(11:23-29)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്ന് തന്റെ കൃപാതിരേകത്താൽ നിന്നെ ✠ നിർമലദർപ്പണമാക്കുകയും ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ ഈശോ, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞത അർപ്പിച്ചതിനുശേഷം, അതു മുറിച്ചുകൊണ്ട് അരുൾചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ, അത്താഴത്തിനു ശേഷം പാനപാത്രമെടുത്ത് അരുൾചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതു പാനംചെയ്യുമ്പോഴെല്ലാം എന്റെ ഓർമയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. തന്മൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റുചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനു ശേഷം ഈ അപ്പം ഭക്ഷിക്കുകയും**

SYRO MALABAR COMMISSION FOR LITURGY

പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെതന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും.

അല്ലെങ്കിൽ

1 കോറി 5:6-8; 11:23-30 (അനുബന്ധം പേജ് 324 കാണുക)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

## ഹല്ലേലുയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ഗായക.** ഹല്ലേലുയ്യാ പാടീടുന്നേൻ
**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ആശ്രയമരുളും കർത്താവിങ്കൽ
ശരണമണയ്ക്കുക ജീവിതഭാഗ്യം.

നാഥനു സമനായാരുണ്ടുലകിൽ
വിണ്ണിലുമതുപോലീ ധരമേലും?

ദൈവികനന്മകൾ കീർത്തിച്ചീടാൻ
നാവിനു തെല്ലും കഴിവില്ലല്ലോ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.**

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** **ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** **നമുക്കു ശ്രദ്ധാപൂർവംനിന്നു**
**പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

(അല്ലെങ്കിൽ)

**നിങ്ങൾ മൗനമായിനിന്നു ശ്രദ്ധാപൂർവം**
**പരിശുദ്ധ സുവിശേഷം ശ്രവിക്കുവിൻ.**

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ.** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

**കാർമി.** **വിശുദ്ധ യോഹന്നാൻ, വിശുദ്ധ മത്തായി എന്നിവർ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.**

**(യോഹന്നാൻ 13:1-14 + മത്തായി 26:26-30)**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

**കാർമി.** **ഈ ലോകംവിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന്, പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു. അത്താഴസമയത്ത് പിശാച് ശിമയോന്റെ പുത്രനായ യൂദാസ്കറിയോത്തായുടെ മനസ്സിൽ ഈശോയെ ഒറ്റിക്കൊടുക്കാൻ തോന്നിച്ചു. പിതാവ് സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നുവെന്നും താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കു പോവുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു.**

**അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ടു തുടയ്ക്കാനും തുടങ്ങി. അവൻ ശിമയോൻ പത്രോസിന്റെ അടുത്തെത്തി. പത്രോസ് അവനോടു ചോദിച്ചു: കർത്താവേ, നീ എന്റെ കാൽ കഴുകുകയോ? ഈശോ പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും. പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. ഈശോ പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല. ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സുംകൂടി കഴുകണമേ! ഈശോ പ്രതിവചിച്ചു: കുളികഴിഞ്ഞവന്റെ കാലുകൾ മാത്രമേ**

**കഴുകേണ്ടതുള്ളു. അവൻ മുഴുവൻ ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല. തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നു; അതുകൊണ്ടാണ് നിങ്ങളിൽ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് അവൻ പറഞ്ഞത്.**

**അവരുടെ പാദങ്ങൾ കഴുകിയതിനുശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.**

**അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കു വേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. ഞാൻ നിങ്ങളോടു പറയുന്നു: എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു നവമായി ഇതു പാനംചെയ്യുന്ന ദിവസംവരെ മുന്തിരിയുടെ ഈ ഫലത്തിൽ നിന്നു ഞാൻ വീണ്ടും കുടിക്കുകയില്ല. സ്തോത്രഗീതം ആലപിച്ചശേഷം അവർ ഒലിവുമലയിലേക്കു പോയി.**

സമൂ. **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

അല്ലെങ്കിൽ

**ലൂക്കാ 22:7-13 + യോഹ 13:1-15 + ലൂക്കാ 22:15-21**

**(അനുബന്ധം പേജ് 325 കാണുക)**

## വചനസന്ദേശം

SYRO MALABAR COMMISSION FOR LITURGY

## കാൽകഴുകൽ ശുശ്രൂഷ

കാൽകഴുകൽ ശുശ്രൂഷയുടെ സമയത്ത് സമൂഹം ഇരിക്കുന്നു.

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ കർത്താവും ഗുരുവുമായ മിശിഹായേ, അന്ത്യ അത്താഴവേളയിൽ നീ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി ക്കൊണ്ട് എളിമയുടെയും ശുശ്രൂഷയുടെയും ആത്മ സമർപ്പണ ത്തിന്റെയും മാതൃക നല്കുകയും അത് അനുകരിക്കാൻ ഞങ്ങ ളോട് ആവശ്യപ്പെടുകയും ചെയ്തു. ജീവദായകമായ നിന്റെ കല്പന അനുസരിച്ചുകൊണ്ട് ഈ ശുശ്രൂഷ യഥായോഗ്യം നിർവഹിക്കാനും പരസ്പരസ്നേഹത്തിലൂടെ ഇതിന്റെ ചൈതന്യം അനുദിന ജീവിതത്തിൽ നിലനിറുത്താനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

കാൽകഴുകലിന്റെ ഗീതം ആരംഭിക്കുന്നു. ഈ സമയത്ത് കാർമികൻ കാപ്പ മാറ്റിവച്ച്, വെള്ളക്കച്ച അരയിൽ ചുറ്റി, ശുശ്രൂഷികളുടെ സഹായത്തോടുകൂടെ കാലുകഴുകപ്പെടു ന്നതിനായി നിയുക്തരായിരിക്കുന്ന പന്ത്രണ്ടുപേരുടെ വലതു പാദങ്ങൾ കഴുകിത്തുടയ്ക്കുകയും ചുംബിക്കുകയും ചെയ്യുന്നു. അനന്തരം, കാർമികൻ അരയിൽ ചുറ്റിയിരി ക്കുന്ന വെള്ളക്കച്ച മാറ്റുകയും കൈകഴുകിത്തുടയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം അദ്ദേഹം കാപ്പ വീണ്ടും ധരിക്കുന്നു.

## കാൽകഴുകലിന്റെ ഗീതം

(1)

**താലത്തിൽ വെള്ളമെടുത്തു
വെൺകച്ചയുമരയിൽ ചുറ്റി
മിശിഹാ തൻ ശിഷ്യന്മാരുടെ
പാദങ്ങൾ കഴുകി.**

**വിനയത്തിൻ മാതൃക നല്കാൻ
സ്നേഹത്തിൻ പൊൻകൊടി നാട്ടാൻ
സകലേശൻ ദാസന്മാരുടെ
പാദങ്ങൾ കഴുകി.**

**സ്നേഹത്തിൻ ചിറകുവിരിഞ്ഞു**
**'രാജാളി' തെളിഞ്ഞുപറഞ്ഞു,**
**'സ്നേഹിതരേ, നിങ്ങൾക്കിന്നൊരു**
**മാതൃക ഞാനേകി.'**

**ഗുരുവെന്നു വിളിപ്പൂ നിങ്ങൾ**
**പരമാർഥതയുണ്ടതിലെങ്കിൽ**
**ഗുരുനല്കിയ പാഠം നിങ്ങൾ**
**സാദരമോർത്തിടുവിൻ.**

**പാദങ്ങൾ കഴുകിയ ഗുരുവിൻ**
**ശിഷ്യന്മാർ നിങ്ങൾ, അതോർത്താൽ**
**അന്യോന്യം പാദം കഴുകാൻ**
**ഉത്സുകരായ്ത്തീരും.**

**വത്സലരേ, നിങ്ങൾക്കായ് ഞാൻ**
**നല്കുന്നൂ പുതിയൊരു നിയമം**
**സ്നേഹിപ്പിൻ സ്വയമെന്നതുപോൽ**
**അന്യോന്യം നിങ്ങൾ.**

**അവനിയിലെൻ ശിഷ്യഗണത്തെ**
**അറിയാനുള്ളടയാളമിതാ:**
**സ്നേഹിപ്പിൻ സ്വയമെന്നതുപോൽ**
**അന്യോന്യം നിങ്ങൾ.**

**സ്നേഹിതനെ രക്ഷിപ്പതിനായ്**
**ജീവൻ ബലി ചെയ്‌വതിനെക്കാൾ**
**ഉന്നതമാം സ്നേഹം പാർത്താൽ**
**മറ്റെന്തുണ്ടുലകിൽ?**

**ഞാനേകിയ കല്പനയെല്ലാം**
**പാലിച്ചു നടന്നിടുമെങ്കിൽ**
**നിങ്ങളിലെൻ നയനം പതിയും**
**സ്നേഹിതരായ്ത്തീരും.**

**ദാസന്മാരെന്നു വിളിക്കാ,**
**നിങ്ങളെ ഞാനിനിയൊരുനാളും**
**സ്നേഹിതരായ്ത്തീർന്നൂ, ചിരമെൻ**
**വത്സലരേ, നിങ്ങൾ.**

(അല്ലെങ്കിൽ)

(2)

(ഹാലേൻ മിശിഹാ പാറോക്കേ ... / ഹാവാ വഴിയായ് നരവംശം)

ഗായക. ജനങ്ങളേ, വന്നു ശ്രവിക്കുവിൻ.

സമൂ. മാനവപാപം നീക്കിടാൻ
മർത്ത്യനു രക്ഷ കനിഞ്ഞരുളാൻ
ബലിയായ് തിരുമെയ് നല്കിയൊരാ
മിശിഹാനാഥനെ വാഴ്ത്തിടാം.
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകി നാഥൻ വിനയമൊടെ
സേവനമാതൃക നല്കിയൊരാ
നാഥനെ വാഴ്ത്തി നമിച്ചിടാം.

ഗായക. കർത്താവിന്റെ അദ്ഭുതങ്ങൾ ആരു വിവരിക്കും?

സമൂ. കൃപചൊരിയും നിൻ സ്നേഹത്തിൻ
പൂർണതയെങ്ങനെ വർണിക്കും!
വചനത്തിൻ പരികർമത്താൽ
മാതൃകയങ്ങു കനിഞ്ഞേകി.
ദാസനു സമനായ് ശിഷ്യർ തൻ
പാദങ്ങൾ നീ കഴുകുകയാൽ
ആധ്യാത്മികമാം മാതൃക നീ
ഞങ്ങളെയന്നു പഠിപ്പിച്ചു.

ഗായക. നിങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ.

സമൂ. ദിവ്യരഹസ്യം സെഹിയോനിൽ
സ്ഥാപിച്ചിടും സുദിനത്തിൽ
ശിഷ്യഗണത്തോടു തിരുനാഥൻ
അരുൾചെയ്തല്ലോ സാമോദം:
'ഗുരുവും നാഥനുമാകും ഞാൻ
കഴുകി താവക പാദങ്ങൾ
ഞാനീ ചെയ്തതുപോലിനിമേൽ
നിങ്ങളുമെന്നും ചെയ്യേണം.'

ഗായക. അവൻ കണ്ടു, വിറയൽപൂണ്ടു.

സമൂ. ഓറെശ്ലത്താ ഗേഹത്തിൽ
നിറവേറുന്ന രഹസ്യങ്ങൾ
മാലാഖമാർ ദർശിക്കേ
വിസ്മയപൂരിതരായല്ലോ.

മഹിമ നിറഞ്ഞവനാം നാഥൻ
ബലിചെയ്യും നിജദേഹത്താൽ
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകീ പെസഹാത്തിരുനാളിൽ.

**ഗായക.** വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം.

**സമൂ.** വിനയം നിറയും മനമോടെ
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകിയ നാഥനെ വാഴ്ത്തീടാം
ഉത്തമമാം സ്വരഗീതികളാൽ.
പരസ്നേഹത്തിൻ നിർഝരികൾ
നാഥൻ തന്നു നമുക്കായി
നാമതു നിത്യവുമന്യൂനം
സഹജർക്കേകണമൻപോടെ.

**ഗായക.** നിർമലമനോഭാവം കൈവരിക്കുവിൻ.

**സമൂ.** അപ്പം നാഥൻ വിഭജിക്കേ,
മലിനതയോലും മനമോടെ
ഭക്ഷിക്കുകയാൽ യൂദാസിൽ
സാത്താനുടനെ കുടിയേറി.
നന്ദിമറന്നു, മറഞ്ഞല്ലോ
യൂദാസിരുളിൻ വീഥികളിൽ
ദുഷ്ടതനിറയും ഹൃദയത്തിൽ
ദൈവത്തിൻ വിളി കേൾക്കാതായ്.

**ഗായക.** പരമാർഥഹൃദയമുള്ളവർക്ക്.

**സമൂ.** മഹിമ നിറഞ്ഞ രഹസ്യങ്ങൾ
നാഥൻ ശിഷ്യർക്കന്നേകി
ലോകർക്കഖിലം പാപത്തിൻ
മുക്തിക്കായ് തിരുബലിയായി.
തിരുമെയ് സദയം വിഭജിച്ചു
തിരുരക്തവുമവനർപ്പിച്ചു
കനിവിൽ മാനവവംശത്തെ
രക്ഷിച്ചവനെ വാഴ്ത്തീടാം.

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

ഗായക. **ആനന്ദപൂർവം സ്തുതി പാടുവിൻ.**

സമൂ. **ഇന്നീ പെസഹാത്തിരുനാളിൽ**
**മോദം പകരുക ഞങ്ങളിൽ നീ**
**നാഥാ സ്തുതികൾ പാടീടാൻ**
**ഞങ്ങളിലെന്നും കനിയേണം.**
**വഞ്ചനയെല്ലാം നീങ്ങീടാൻ**
**കുരിശാൽ രക്ഷ പകർന്നിടണേ**
**നിൻഹിതമനിശം നിറവേറ്റാൻ**
**ബലവും ധൈര്യവുമരുളേണം.**

ഗായക. **അവൻ ദരിദ്രരെ തന്റെ മാർഗം പഠിപ്പിക്കുന്നു.**

സമൂ. **പെസഹാനിശയിൽ തിരുനാഥൻ**
**ശിഷ്യഗണത്തൊടു കല്പിച്ചു:**
**നിങ്ങളെ ഞാൻ സ്നേഹിച്ചതുപോൽ**
**തമ്മിൽത്തമ്മിൽ സ്നേഹിപ്പിൻ.**
**നിങ്ങൾക്കായ് ഞാൻ പീഡകളും**
**സഹനവുമിന്നു വരിക്കുന്നു**
**രക്ഷയുമുയിരും നരനേകാൻ**
**പുണരും മൃതിയാ കുരിശിൽ ഞാൻ.**

ഗായക. **നിങ്ങളെല്ലാവരും ശ്രദ്ധിക്കുവിൻ.**

സമൂ. **കർത്താവേ, നിൻ കൃപയാലെ**
**കാൽവരിമലയിൽ കുരിശിന്മേൽ**
**പീഡകളേറ്റു മരിച്ചു നീ**
**സൃഷ്ടികുലത്തിൻ രക്ഷകനായ്.**
**ജീവൻ നല്കി മർത്ത്യർക്കായ്**
**അനുതാപികളെ രക്ഷിച്ചു**
**തിരുവുത്ഥാനം നരനേകി**
**മോചനമരുളും നവജീവൻ.**

ഗായക. **കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു.**

സമൂ. **വേദന തിങ്ങിയ നിമിഷത്തിൽ**
**സ്വേദകണങ്ങൾ നിണമായി**
**ഗദ്ഗദമുയരും ഹൃദയത്തിൽ**
**ജാഗ്രതയോടെ പ്രാർഥിച്ചു.**

SYRO MALABAR COMMISSION FOR LITURGY

**'നിങ്ങൾ പരീക്ഷയിൽ വീഴാതെ**
**പ്രാർഥിക്കാ'നുപദേശിച്ചു**
**താതഹിതം നിറവേറ്റാനായ്**
**സ്വയമൊരു ബലിയായർപ്പിച്ചു.**

കാൽകഴുകൽകർമം കഴിഞ്ഞ് കാർമികനും ശുശ്രൂഷികളും വചനവേദിയിൽ വന്നു നില്ക്കുമ്പോൾ, ഗീതം അവസാനിപ്പിക്കുന്നു. തുടർന്ന് കാറോസൂസ.

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

### I

ശുശ്രൂ. **നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെ നിന്ന് 'കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാനും പ്രാർഥനാരൂപിയിൽ വളരാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **'ഞാൻ സ്വർഗത്തിൽനിന്നിറങ്ങിവന്ന അപ്പമാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ നിത്യരക്ഷ പ്രാപിക്കും' എന്നരുൾച്ചെയ്ത കർത്താവേ, നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് നിത്യജീവിതത്തിന് യോഗ്യരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. 'ഞാൻ ഈ ചെയ്തത് നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്നരുൾചെയ്ത കർത്താവേ, ഈ ബലിയിൽ പങ്കുചേർന്ന് നിന്റെ രക്ഷാകരസ്നേഹം നിരന്തരം അനുഭവിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെയും ആത്മസമർപ്പണത്തിന്റെയും മാതൃക നല്കിയ കർത്താവേ, സഹോദരങ്ങളെ എളിമയോടെ ശുശ്രൂഷിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'നിങ്ങൾ പരസ്പരം പാദങ്ങൾ കഴുകുവിൻ' എന്നരുൾചെയ്ത കർത്താവേ, വിനയത്തിന്റെയും ശൂന്യവത്കരണത്തിന്റെയും ജീവിതം നയിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഒരേ പാനപാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യുന്ന ഞങ്ങൾ സ്നേഹത്തിലും ഐക്യത്തിലും ജീവിക്കാൻ ഇടവരുത്തണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്ന കല്പന നല്കിയ കർത്താവേ, അന്യോന്യം സ്നേഹിച്ചുകൊണ്ട് നിന്റെ ശിഷ്യർക്ക് ഉചിതമായ ജീവിതം നയിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിൽ ഞങ്ങളെ നയിക്കാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

## II

ശുശ്രൂ. സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്നു വിനയപൂർവം ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. ഞങ്ങളുടെ ആയുസ്സിലെ എല്ലാ ദിവസവും രാവും പകലും ഞങ്ങൾക്കു പാപരഹിതമായ ജീവിതവും അങ്ങയുടെ സഭയ്ക്കു ശാശ്വതമായ സമാധാനവും ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന പരിപൂർണതയുടെ ബന്ധമായ സ്നേഹത്തിന്റെ ഐക്യം ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. പാപമോചനവും ഞങ്ങളുടെ ജീവിതത്തിന് ഉപകരിക്കുകയും ദൈവമായ അങ്ങയെ പ്രസാദിപ്പിക്കുകയും ചെയ്യുന്ന ദാനങ്ങളും ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. അങ്ങയുടെ അനുഗ്രഹവും കൃപയും എന്നും ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** അങ്ങയുടെ ഏകപുത്രനെ പെസഹാക്കുഞ്ഞാടായി ഞങ്ങൾക്കു നല്കിയ പിതാവായ ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ മഹനീയമായ ഈ ദാനം പരസ്പര സ്നേഹത്തിൽ ജീവിക്കാൻ ഞങ്ങളെ ശക്തരാക്കട്ടെ. അവിടത്തെ തിരുശരീരരക്തങ്ങൾ ഞങ്ങൾക്ക് നിത്യസൗഭാഗ്യത്തിന് കാരണമായിത്തീരുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ. സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞു നിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവ സ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷ അംഗങ്ങളാകാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയും മേൽ ഉണ്ടാകുമാറാകട്ടെ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

## സായാഹ്നഗീതം (ഓനീസാ ദ് റംശാ)

(മെത്തോൽ ദ്ഹൂയു ... / പുലരിപ്രഭയിൽ കർത്താവേ, ...)

**ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകുന്നു.**

(മത്താ 11:29)

**നമ്മുടെ പാപം പോക്കീടാൻ
രക്ഷ നമുക്കു കനിഞ്ഞരുളാൻ
തൻ തിരുമെയ്യും തിരുനിണവും
നല്കിയ നാഥനെ വാഴ്ത്തീടാം.
ശിഷ്യഗണത്തിൻ പാദമവൻ
കഴുകി തൻ കരതാരുകളാൽ
വിനയത്തിൻ മഹനീയതരം
മാതൃകയേകി നമുക്കേവം.**

**ഞാൻ നിങ്ങൾക്ക് ഈ മാതൃക നല്കിയിരിക്കുന്നു.**

(യോഹ 13:15)

**സകലരിലും കൃപ ചൊരിയും നിൻ
സ്നേഹത്തികവാർ വിവരിക്കും?
ചെയ്തികളാൽ നീ തന്നരുളി
ആധ്യാത്മികമാം മാതൃകകൾ.
ദാസനു തുല്യമിറങ്ങിത്തൻ
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകിയ വിനയസുമാതൃകയാൽ
ഞങ്ങളെയങ്ങു പഠിപ്പിച്ചു.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**ദിവ്യരഹസ്യം സെഹിയോനിൽ
പൂരിതമാക്കിയ ശേഷമവൻ
തന്നുടെ ശിഷ്യഗണത്തോടായ്
അരുളിച്ചെയ്തു സാമോദം:
'ഗുരുവും നാഥനുമാകും ഞാൻ
ശിഷ്യന്മാരാം നിങ്ങൾതൻ
പാദം പരിചൊടു കഴുകിയപോൽ
നിങ്ങളുമെന്നും ചെയ്തിടുവിൻ'.**

SYRO MALABAR COMMISSION FOR LITURGY

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അനന്തമായ സ്നേഹത്താൽ നീ സ്വയം വിനീതനാക്കുകയും ഞങ്ങളുടെ വംശത്തിനു വേണ്ടിയുള്ള ബലിയായിത്തീരുകയും ചെയ്തുവല്ലോ. ശരീരത്തിൽ മരണം അനുഭവിച്ച നിന്റെ സജീവമായ രക്തത്താൽ നിന്റെ അജഗണം വീണ്ടെടുക്കപ്പെട്ടു. എല്ലാറ്റിനെയും ജീവിപ്പിക്കുന്ന നിന്റെ മരണം അനുഗൃഹീതമാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സ്തുതിപ്പ് (ശൂബാഹാ)

(സങ്കീർത്തനം 35)

**മ്ശം.** കർത്താവേ, എനിക്കു ന്യായവിധി നല്കണമേ;
എന്നോടു പൊരുതുന്നവർക്കെതിരേ
അങ്ങും എന്നോടൊപ്പം പൊരുതണമേ. ഹല്ലേലുയ്യാ. (3)

കർത്താവേ, എനിക്കു ന്യായവിധി നല്കണമേ;
എന്നോടു പൊരുതുന്നവർക്കെതിരേ
അങ്ങും എന്നോടൊപ്പം പൊരുതണമേ.

എനിക്ക് അനർത്ഥമുണ്ടായപ്പോൾ
അവർ കൂട്ടംകൂടി സന്തോഷിച്ചു.

ദീർഘനേരം എനിക്കെതിരായി അവർ സമ്മേളിച്ചു;
എന്നാലും ഞാനത് അറിഞ്ഞില്ല.

അഹങ്കാരത്തോടും പരിഹാസത്തോടുംകൂടെ
അവർ എനിക്കെതിരായി പല്ലിറുമ്മി;
കർത്താവേ, എനിക്കതു കണ്ടുമതിയായി.

അവരുടെ ആക്രമണത്തിൽനിന്ന്
എന്റെ പ്രാണൻ രക്ഷിക്കണമേ;
ഏകനായ എന്നെ സിംഹങ്ങളിൽനിന്നു രക്ഷിക്കണമേ.

വലിയസഭയിൽ ഞാൻ അങ്ങയെ സ്തുതിക്കും;
ജനങ്ങളുടെ മധ്യേ പാടിപ്പുകഴ്ത്തും.

അകാരണമായി എന്നെ വെറുക്കുന്ന ശത്രുക്കൾ
എന്റെ പേരിൽ സന്തോഷിക്കാതിരിക്കട്ടെ.

SYRO MALABAR COMMISSION FOR LITURGY

അവർ കണ്ട ഭാവംനടിക്കുന്നില്ല;
സമാധാനം ആശംസിക്കുന്നില്ല.

ചുറ്റുമുള്ള അഗതികൾക്കെതിരായി
അവർ വഞ്ചന നിരൂപിക്കുന്നു.

അവർ എനിക്കെതിരായി വായ് തുറക്കുന്നു;
ഞങ്ങളവനെ കണ്ടുവെന്ന് അവർ പറയുന്നു.

ദൈവമേ, അങ്ങ് ഇതൊക്കെ കാണുന്നില്ലേ?
കർത്താവേ, മൗനമായിരിക്കരുതേ;
എന്നിൽനിന്ന് അകന്നുപോകരുതേ.

എന്റെ കർത്താവേ, എന്റെ ദൈവമേ,
ന്യായവിധിക്കായി തയ്യാറാകണമേ;
എന്റെ ഞെരുക്കം അങ്ങു കാണണമേ.

കർത്താവേ, അങ്ങയുടെ നീതിക്കനുസൃതം വിധിക്കണമേ;
അവർ എന്റെ പേരിൽ സന്തോഷിക്കാതിരിക്കട്ടെ.

'ഞങ്ങളുടെ ഇഷ്ടം നടന്നിരിക്കുന്നു;
ഞങ്ങൾ അവനെ വെള്ളത്തിൽ താഴ്ത്തിയല്ലോ'യെന്ന്
അവർ ഉള്ളിൽ പറയാതിരിക്കട്ടെ.

എന്റെ അനർഥത്തിൽ ആഹ്ലാദിക്കുന്നവർ തലതാഴ്ത്തട്ടെ;
വലിമ ഭാവിക്കുന്നവരെല്ലാം ലജ്ജിതരാകട്ടെ.

എന്റെ വിജയം ആഗ്രഹിച്ചവരെല്ലാം ആനന്ദിക്കുകയും
ദൈവത്തെ സ്തുതിക്കുകയുംചെയ്യും.

'തന്റെ ദാസന്റെ സമാധാനം കാംക്ഷിക്കുന്ന കർത്താവ്
വലിയവൻ' എന്ന് അവർ എപ്പോഴും ഉദ്ഘോഷിക്കും.

അങ്ങയുടെ നീതിയും മഹിമയും
എന്നെന്നും ഞാൻ പ്രകീർത്തിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

മ്ശം. ഹല്ലേലുയ്യാ. (3)
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**ശുശ്രൂ.** **മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.**

താഴെവരുന്നപ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമി.** **സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.**

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

**കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.**

**താഴെവരുന്ന ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ആലപിക്കുന്നു / ചൊല്ലുന്നു.**

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

**ഗായക.** **വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.**

**സമൂ.** **കുരിശിൽ ഭീകരമാം**
**പീഡകളേറ്റീടാൻ**
**പോകുകയായ് നാഥൻ.**
**പാവനമാം ബലിവേദികയിൽ**
**കാണ്മൂ ദിവ്യരഹസ്യങ്ങൾ**
**നാമിന്നീശോമിശിഹാതൻ**
**ബലിതൻ ഓർമയിൽ മുഴുകുന്നു.**
**വാഴ്ത്തീടാം വിണ്ണിൻ ദാനങ്ങൾ.**

**ഗായക.** **കർത്താവിനെ പ്രതീക്ഷിച്ച് അവനിൽ പ്രത്യാശയർപ്പിക്കുവിൻ.**

**സമൂ.** **കുരിശിൽ ഭീകരമാം ...**

(അല്ലെങ്കിൽ)

**ഗായക.** **വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം.**

**സമൂ.** **കുരിശിലെ പീഡാസഹനത്തിനായി നയിക്കപ്പെടുന്ന മിശിഹായെ നമ്മുടെ ആന്തരിക നയനങ്ങൾകൊണ്ട് ഈ ദിവ്യ**

SYRO MALABAR COMMISSION FOR LITURGY

രഹസ്യങ്ങളിലൂടെ സ്നേഹപൂർവം വീക്ഷിക്കാം. വിശുദ്ധമായ അൾത്താരയിൽ ജീവദായകമായ ബലി അർപ്പിക്കപ്പെടുന്നു. നമുക്ക് അവിടത്തെ മരണത്തിന്റെ ഓർമ ആചരിക്കുകയും മാലാഖമാരോടൊപ്പം ഉച്ചത്തിൽ കീർത്തനങ്ങൾ ആലപിക്കുകയും ചെയ്യാം. 'അവർണനീയമായ ദാനത്തെ പ്രതി അങ്ങേക്കു സ്തുതി'.

ഗായക. കർത്താവിനെ പ്രതീക്ഷിച്ച് അവനിൽ പ്രത്യാശയർപ്പിക്കുവിൻ.

സമൂ. കുരിശിലെ പീഡാസഹനത്തിനായി ...

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക.)

ഇന്നേദിവസം മൂന്നാമത്തെ കൂദാശക്രമം
(മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ഉപയോഗിക്കുന്നു.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലൂയ്യാ പാടീടുന്നേൻ ...)

സമൂ. പാപികളാകും മർത്ത്യർക്കായി
മിശിഹാനാഥൻ പീഡകളേറ്റൂ.

നല്കുകയായി തിരുനാഥൻ തൻ
ഗാത്രവുമതുപോൽ രക്തവുമിപ്പോൾ.

അനുതാപത്തിൻ ചിന്തകളോടേ
കൈക്കൊള്ളുക നാം ദിവ്യരഹസ്യം.

(അല്ലെങ്കിൽ)

സമൂ. നമുക്കുവേണ്ടി പീഡകൾ സഹിച്ച മിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും അനുതാപത്തോടെ നമുക്കു സ്വീകരിക്കാം.

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലൂയ്യാ പാടീടുന്നേൻ ...)

ശുശ്രൂ. മെസ്രേൻ നാട്ടിലെ പെസഹാകർമം
നിറവേറുകയായ് ഈ സുദിനത്തിൽ.

പെസഹാമേഷം ദൈവകുമാരൻ
പാരിതിനേകി ദിവ്യശരീരം.

വിനയാന്വിതരായ് കൈക്കൊള്ളുക നാം
മിശിഹാതൻ തിരുനിണഗാത്രങ്ങൾ.

(അല്ലെങ്കിൽ)

**ശുശ്രൂ.** **ഈജിപ്തിലെ ആ സായംസന്ധ്യയിലാരംഭിച്ച രക്ഷാകർമം പൂർത്തിയാക്കപ്പെട്ട ഈ പെസഹാദിനം അനുഗൃഹീതമാകുന്നു. മോശ ഈജിപ്തിൽ ആചരിച്ച പെസഹാ, ദൈവപുത്രനായ മിശിഹായിൽ പൂർത്തിയായിരിക്കുന്നു. പെസഹാക്കുഞ്ഞാടായ മിശിഹായുടെ ശരീരം ഇതാ നമുക്കായി വിഭജിക്കപ്പെട്ടിരിക്കുന്നു. നമുക്ക് അവിടത്തെ സമീപിക്കാം.**

## കൃതജ്ഞതാപ്രാർഥനകൾ

**കാർമി.** **കർത്താവായ ദൈവമേ, അങ്ങയുടെ തിരുവചനം ശ്രവിക്കാനും കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് അങ്ങയെ സ്തുതിക്കാനും അങ്ങ് ഞങ്ങളെ യോഗ്യരാക്കി. ഞങ്ങൾക്കായി അങ്ങ് ഒരുക്കിയിരിക്കുന്ന സ്വർഗസൗഭാഗ്യം അനുഭവിച്ച് അങ്ങയെ നിരന്തരം പാടിപ്പുകഴ്ത്താൻ ഞങ്ങൾ അർഹരാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.**

**കാർമി.** **ഞങ്ങളുടെ നാഥനും രക്ഷകനുമായ മിശിഹായേ, നീ കുരിശുമരണത്താൽ ഞങ്ങളുടെ പാപങ്ങൾ മോചിക്കുകയും തിരുശരീരരക്തങ്ങളാൽ ഞങ്ങളെ സമ്പന്നരാക്കുകയും ചെയ്തു. നിന്നോടൊത്തു നിത്യം വസിക്കാൻ ഈ ദിവ്യകൂദാശ ഞങ്ങൾക്കു കാരണമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

## സമാപനാശീർവാദം

(തൂയൈ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** **സ്നേഹപിതാവാം സകലേശൻ**
**പാപികളാകും മർത്ത്യർക്കായ്**
**പാരിലയച്ചൂ കനിവോടെ**
**ഏകാത്മജനാം മിശിഹായെ.**

**ജീവൻ നല്കാൻ സ്ഥാപിച്ചൂ**
**പരിപൂജിതമാം കുർബാന,**
**ദൈവികമാം വരദാനങ്ങൾ**
**പാവനറൂഹാ ചൊരിയുന്നു.**

SYRO MALABAR COMMISSION FOR LITURGY

**എന്റെ ശരീരം ഭക്ഷിക്കും**
**എൻ രക്തം പാനം ചെയ്യും**
**മാനവനെന്നിൽ നിവസിക്കും**
**അവനിൽ ഞാനും, നിശ്ചയമായ്.**

**വിധിയിൽ വീഴാതവനെ ഞാൻ**
**അന്തിമദിവസമുയിർപ്പിക്കും**
**നിത്യായുസ്സവനേകും ഞാൻ**
**ഏവം നാഥനരുൾ ചെയ്തു.**

**ശിഷ്യന്മാരുടെ പാദങ്ങൾ**
**കഴുകിയ നാഥൻ നല്കിയതാം**
**മാതൃകപോലെ സകലർക്കും**
**സേവനമെന്നും ചെയ്തിടുവിൻ.**

**ജീവനെഴും തിരുസ്ലീവായാൽ**
**നിങ്ങൾ മുദ്രിതരാകട്ടെ**
**സംരക്ഷിതരായ്ത്തീരട്ടെ ✠**
**ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.**

സമൂ. **ആമ്മേൻ.**

(അല്ലെങ്കിൽ)

കാർമി. **തന്റെ ഏകജാതനെ നല്കാൻ തക്കവിധം പാപികളായ നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. സ്നേഹത്തിന്റെ നിത്യസ്മാരകമായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും, 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും' എന്നരുൾ ചെയ്യുകയും ചെയ്ത രക്ഷകനായ മിശിഹായെ നമുക്കു വാഴ്ത്താം. വരപ്രസാദങ്ങൾ ചൊരിഞ്ഞുകൊണ്ട് നമ്മിൽ നിത്യം വസിക്കുന്ന പരിശുദ്ധാത്മാവിനു നന്ദി പറയാം. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ മിശിഹായെ അനുകരിച്ച് സഹോദരങ്ങൾക്കു സേവനം ചെയ്യാനും ദൈവത്തെ പ്രീതിപ്പെടുത്താനും അവൻ നമ്മെ ശക്തരാക്കട്ടെ. നാം സ്വീകരിച്ച തിരുശരീരരക്തങ്ങൾ നമുക്കു നിത്യജീവിതത്തിന്റെ അച്ചാരമായി ഭവിക്കട്ടെ. ഇന്നത്തെ തിരുക്കർമങ്ങളിൽ സംബന്ധിച്ച നിങ്ങളെല്ലാവരെയും സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.**

സമൂ. **ആമ്മേൻ.**

പരിശുദ്ധകുർബാന മാറ്റിസ്ഥാപിക്കുന്നുണ്ടെങ്കിൽ, കാർമികൻ ശുശ്രൂഷികളോടും സഹായികളോടുമൊപ്പം പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന സ്ഥലത്ത് പരിശുദ്ധകുർബാന കൊണ്ടുപോയി വയ്ക്കുന്നു. ഇന്നേദിവസം പരിശുദ്ധകുർബാന അരുളിക്കയിൽവച്ചുള്ള ആഘോഷമായ ആരാധനയോ ആശീർവാദമോ നടത്തുന്നില്ല. പകരം, സക്രാരി തുറന്നുവച്ചുകൊണ്ടാണ് ആരാധന നടത്തുന്നത്.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

# പീഡാനുഭവവെള്ളി

## പൊതുനിർദേശങ്ങൾ

1. പീഡാനുഭവവെള്ളിയാഴ്ചയിലെ തിരുക്കർമങ്ങൾ സാധാരണയായി സായാഹ്നത്തിലാണ് നടത്തുക. സായാഹ്നപ്രാർഥന (റംശാ) യുടെ പ്രത്യേക ഭാഗങ്ങൾ ഈ ⌈ അടയാളം കൊണ്ട് വേർതിരിച്ചിരുന്നു. എന്നാൽ, ആവശ്യമെങ്കിൽ പീഡാനുഭവവെള്ളിയാഴ്ചയിലെ തിരുക്കർമങ്ങൾ രാവിലെ നടത്താവുന്നതാണ്. അപ്പോൾ ഈ ക്രമത്തിൽ ചേർത്തിട്ടുള്ള സായാഹ്നപ്രാർഥന (റംശാ) യുടെ പ്രത്യേക ഭാഗങ്ങൾ ഉപേക്ഷിക്കുന്നു. ഐച്ഛികമായ ഭാഗങ്ങൾ ഈ ⌜ ⌟ അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു.
2. ഈ ശുശ്രൂഷയിൽ കർത്താവിന്റെ രൂപമില്ലാത്ത സ്ലീവായോ ക്രൂശിതരൂപമോ ഉപയോഗിക്കാം. സ്ലീവ (ഊറാറ ധരിപ്പിച്ച്)/ ക്രൂശിതരൂപം വചനവേദിയിൽ പ്രതിഷ്ഠിക്കുന്നു.
3. സ്ലീവ (ക്രൂശിതരൂപം) ചുംബനം പ്രദക്ഷിണത്തിനു മുമ്പോ പിമ്പോ നടത്താവുന്നതാണ്.
4. സ്ലീവ (ക്രൂശിതരൂപം) പൊതിയുന്നതിനുള്ള വെള്ളക്കച്ച കരുതിയിരിക്കണം.
5. പീഡാനുഭവവെള്ളിയാഴ്ച ദിവ്യകാരുണ്യസ്വീകരണശുശ്രൂഷ ഐച്ഛികമാണ്.
6. കയ്പുനീര് രുചിക്കാൻ നല്കുന്ന പതിവുണ്ടെങ്കിൽ അതിനുള്ള സജ്ജീകരണം ചെയ്തിരിക്കണം.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# പീഡാനുഭവവെള്ളി

## കർമ്മക്രമം

കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ധൂപക്കുറ്റി, സ്ലീവ/ക്രൂശിതരൂപം, തിരികൾ, സുവിശേഷഗ്രന്ഥം എന്നിവ സംവഹിച്ചുകൊണ്ട് പ്രദക്ഷിണമായിവന്ന് ബേമ്മായിൽ (വചനവേദിയിൽ) നില്ക്കുന്നു. സ്ലീവായും /ക്രൂശിതരൂപവും സുവിശേഷഗ്രന്ഥവും കത്തിച്ച തിരികളും വചനപീഠത്തിൽ വയ്ക്കുന്നു.

കാർമികൻ, ജനങ്ങളുടെ അതേ ദിശയിൽ, വചനപീഠത്തിൽ പ്രതിഷ്ഠിച്ച സ്ലീവായ്ക്ക്/ക്രൂശിതരൂപത്തിന് അഭിമുഖമായി മുട്ടുകുത്തി നില്ക്കുന്നു. പത്തു സെക്കൻഡ് നേരത്തേക്കു മരമണിയടിച്ചുകഴിയുമ്പോൾ സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു. ''വീണു താതനോടർഥിച്ചു'' എന്ന് ആലപിക്കുന്ന മൂന്നുപ്രാവശ്യവും കാർമികൻ കുനിഞ്ഞു നിലംമുത്തുന്നു. തദവസരത്തിൽ ജനങ്ങൾ മുട്ടുകുത്തി നില്ക്കുന്നു.

### ഗീതം

**'കഴിയുമെങ്കിലീ പാനപാത്രമെൻ**
**പ്രിയതാതാ, മാറ്റിത്തരണമേ'**
**താണു ദൈവത്തിൻ സൂനു ഭൂമിയിൽ**
**വീണു താതനോടർഥിച്ചു.** കഴിയു ...

**മർത്ത്യപാപങ്ങൾ വന്നുയർന്നൊരു**
**മാമല തീർത്തു നില്ക്കവേ**
**ഭീതിയാൽ മൃദുമേനിയാകവേ**
**രക്തധാരയിലാഴ്ന്നുപോയ്.** കഴിയു ...

ഗീതം ആലപിച്ചു കഴിയുമ്പോൾ എല്ലാവരും എഴുന്നേല്ക്കുന്നു. കാർമികൻ വചനവേദിയിൽ വന്ന് ജനാഭിമുഖമായി നില്ക്കുന്നു.

**കാർമി.** **അത്യുന്നതമാം സ്വർല്ലോകത്തിൽ**
**സർവേശനു സ്തുതിഗീതം.** (3)

**സമൂ.** **ഭൂമിയിലെന്നും മർത്ത്യനു ശാന്തി**
**പ്രത്യാശയുമെന്നേക്കും.** (3)

(അല്ലെങ്കിൽ)

**കാർമി.** **അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.** (3)

**സമൂ.** **ആമ്മേൻ.** (3)

**കാർമി.** **ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**കാർമി.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ-
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

SYRO MALABAR COMMISSION FOR LITURGY

**ഞങ്ങൾക്ക് ആവശ്യകമായ ആഹാരം**
**ഇന്നു ഞങ്ങൾക്കു തരണമേ.**
**ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ**
**ഞങ്ങളുടെ കടങ്ങളും പാപങ്ങളും**
**ഞങ്ങളോടും ക്ഷമിക്കണമേ.**
**ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.**
**ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.**

**എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും**
**എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.**

കാർമി. **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

സമൂ. **ആദിമുതൽ എന്നേക്കും, ആമ്മേൻ.**

കാർമി. **സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**

(സമൂഹവും ചേർന്ന്)

**അങ്ങയുടെ നാമം പൂജിതമാകണമേ.**
**അങ്ങയുടെ രാജ്യം വരണമേ.**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.**

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**അങ്ങയുടെ മഹത്ത്വത്താൽ**
**സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.**
**മാലാഖമാരും മനുഷ്യരും**
**അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ**
**എന്ന് ഉദ്ഘോഷിക്കുന്നു.**

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമി. **മഹോന്നതനായ കർത്താവേ, ദൈവമായ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. മഹത്ത്വപൂർണമായ ത്രിത്വത്തെ ഞങ്ങൾ എല്ലാ സമയവും സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷകനായ മിശിഹാ അനുഭവിച്ച പീഡകൾ ഭക്തിപൂർവം ഞങ്ങൾ അനുസ്മരിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയുംമേൽ മിശിഹാ നേടിയ വിജയത്തിൽ ഞങ്ങളെയും പങ്കാളികളാക്കണമേ. അവിടത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഫലങ്ങൾ പ്രാപിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

## സങ്കീർത്തനമാല

(സങ്കീ 22:1-8, 11, 15, 21, 24-28; 44:8-26; 56:1-13)

ആവശ്യമെങ്കിൽ സങ്കീർത്തനങ്ങളുടെ ദൈർഘ്യം കുറയ്ക്കാവുന്നതാണ്.

ശുശ്രൂ. **എന്റെ ദൈവമേ, എന്റെ ദൈവമേ,**
**എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു?**

(കാനോന) **എന്റെ ദൈവമേ, എന്റെ ദൈവമേ,**
**അങ്ങയെ അവഗണിക്കുന്ന മനുഷ്യരുടെ കൈകളിൽ**
**എന്നെ ഏല്പിച്ചുകൊടുക്കരുതേ.**

(സമൂഹം രണ്ടുഗണമായി തുടരുന്നു.)

**എന്റെ ദൈവമേ, എന്റെ ദൈവമേ,**
**എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു?**

**എന്റെ ദൈവമേ, പകൽസമയം ഞാൻ അങ്ങയെ വിളിച്ചു;**
**അങ്ങ് എനിക്കുത്തരമരുളിയില്ല.**

**രാത്രിയിലും ഞാൻ അങ്ങയെ വിളിച്ചു;**
**അങ്ങ് എനിക്കായി കാത്തിരുന്നില്ല.**

**അങ്ങു പരിശുദ്ധനാകുന്നു;**
**അങ്ങയുടെ മഹിമയിൽ ഇസ്രായേൽ വസിക്കുന്നു.**

**എന്റെ പിതാക്കന്മാർ അങ്ങിൽ ആശ്രയിച്ചു;**
**അവർ അങ്ങിൽ ശരണംവച്ചു;**
**അപ്പോൾ അങ്ങ് അവരെ രക്ഷിച്ചു.**

**അങ്ങയുടെ പക്കൽ നിലവിളിച്ചതിനാൽ**
**അവർ രക്ഷിക്കപ്പെട്ടു;**
**അങ്ങിൽ ആശ്രയിച്ചതിനാൽ അവർ ലജ്ജിതരായില്ല.**

**ഞാൻ മനുഷ്യനല്ല, കൃമിയാകുന്നു;**
**മനുഷ്യരുടെ നിന്ദാവിഷയവും**
**ജനങ്ങളുടെ പരിഹാസപാത്രവുമാകുന്നു.**

**എന്നെ കണ്ടവരെല്ലാം എന്നെ അവഹേളിച്ചു;**
**വികൃതമായ ആംഗ്യങ്ങളോടെ അവർ തലയാട്ടി.**

**കർത്താവു രക്ഷിക്കുമെന്ന് അവൻ പ്രത്യാശിച്ചു;**
**അവനിൽ സംപ്രീതനെങ്കിൽ**
**കർത്താവ് അവനെ രക്ഷിക്കട്ടെ.**

**അങ്ങ് എന്നിൽനിന്ന് അകന്നിരിക്കരുതേ;**
**എന്തുകൊണ്ടെന്നാൽ, ദുരിതം അടുത്തെത്തിയിരിക്കുന്നു;**
**എന്നെ സഹായിക്കാൻ ആരുമില്ല.**

**എന്റെ കൈകളും കാലുകളും അവർ തുളച്ചു;**
**അസ്ഥികളെല്ലാം എണ്ണാറായി;**
**അവർ എന്നെ തുറിച്ചുനോക്കി.**

**എന്റെ വസ്ത്രം അവർ ഭാഗിച്ചെടുത്തു;**
**അങ്കിക്കുവേണ്ടി അവർ നറുക്കിട്ടു.**

**കർത്താവേ, അങ്ങ് എന്നിൽനിന്ന് അകന്നുപോകരുതേ;**
**എന്റെ ദൈവമേ, എന്റെ ദൈവമേ,**
**എന്റെ സഹായത്തിനു വേഗംവരണമേ.**

**വാളിൽനിന്ന് എന്റെ ജീവനെ രക്ഷിക്കണമേ;**
**ഏകാകിയായ എന്നെ നായ്ക്കളിൽനിന്ന് മോചിക്കണമേ.**

**സിംഹത്തിന്റെ വായിൽനിന്ന് എന്നെ രക്ഷിക്കണമേ;**
**അഹങ്കാരിയുടെ കൊമ്പിൽനിന്ന്**
**എളിയവനായ എന്നെ വിടുവിക്കണമേ.**

**ദരിദ്രന്റെ നിലവിളി അവിടന്നു നിരസിച്ചില്ല;**
**അവിടന്ന് അത് അവഗണിച്ചില്ല.**

**അവിടന്ന് അവനിൽനിന്നു മുഖം തിരിച്ചില്ല;**
**അവൻ വിളിച്ചപ്പോൾ അവിടന്നു ശ്രവിച്ചു.**

**വലിയ സമൂഹത്തിൽ എന്റെ മഹത്ത്വം**
**അങ്ങയുടെ പക്കൽനിന്നാകുന്നു;**
**ഭക്തർ കാൺകേ എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും.**

**ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും;**
**കർത്താവിനെ തേടുന്നവർ അവിടത്തെ സ്തുതിക്കും;**
**സംതൃപ്തരായി എന്നെന്നും ജീവിക്കും.**

**ഭൂവാസികൾ എല്ലാവരും കർത്താവിനെ അനുസ്മരിക്കട്ടെ;**
**അവർ അവിടത്തെ പക്കലേക്കു തിരിയട്ടെ;**
**തലമുറകളെല്ലാം തിരുമുമ്പിൽ പ്രണമിക്കട്ടെ.**

**എന്തുകൊണ്ടെന്നാൽ, രാജ്യം കർത്താവിന്റേതാകുന്നു;**
**ജനതകളുടെ അധിപനും അവിടന്നാകുന്നു.**

SYRO MALABAR COMMISSION FOR LITURGY

## സങ്കീർത്തനം 44

ദിവസം മുഴുവൻ ഞങ്ങൾ അങ്ങയെ സ്തുതിച്ചു;
എന്നും അങ്ങയുടെ നാമം പ്രകീർത്തിച്ചു.

ഇപ്പോൾ അങ്ങു ഞങ്ങളെ വിസ്മരിച്ചു;
ഞങ്ങൾ ലജ്ജിതരാകാൻ ഇടയാക്കിയല്ലോ.

ഞങ്ങളുടെ സൈന്യത്തോടൊപ്പം അങ്ങു പുറപ്പെട്ടില്ല;
പിന്തിരിഞ്ഞോടാൻ ഞങ്ങൾക്ക് ഇടവരുത്തി;
ശത്രുക്കൾ ഞങ്ങളെ കൊള്ളയടിച്ചു.

കൊലയ്ക്കുള്ള ആടുകളെപ്പോലെ
അങ്ങു ഞങ്ങളെ അവർക്കു നല്കി;
ജനതകൾക്കിടയിൽ ഞങ്ങളെ ചിതറിച്ചു.

സ്വന്തംജനത്തെ വിലയില്ലാതെ വിറ്റു;
അവരുടെ വില അങ്ങു വർധിപ്പിച്ചില്ല.

അയല്ക്കാർക്കു ഞങ്ങളെ പരിഹാസവിഷയമാക്കി;
ചുറ്റുമുള്ളവർക്ക് ആക്ഷേപപാത്രമാക്കി.

ജനതകളുടെ മധ്യത്തിൽ ഞങ്ങളെ പഴമൊഴിയാക്കി;
ജനപദങ്ങൾക്കിടയിൽ അവഹേളിതരാക്കി.

ദിവസം മുഴുവൻ ഞാൻ അപമാനിതനാകുന്നു;
ലജ്ജ എന്റെ മുഖം ആവരണംചെയ്തു.

നിന്ദകന്റെയും ദൂഷകന്റെയും സ്വരമുയരുന്നു;
പ്രതികാരം ചെയ്യുന്ന ശത്രു എന്റെ മുമ്പിൽ.

ഇതെല്ലാം ഞങ്ങൾക്കു സംഭവിച്ചു;
എങ്കിലും ഞങ്ങൾ അങ്ങയെ മറന്നില്ല.

അങ്ങയുടെ ഉടമ്പടി ഞങ്ങൾ ലംഘിച്ചില്ല;
പിന്നോട്ടു ഞങ്ങൾ തിരിഞ്ഞില്ല;
അങ്ങയുടെ മാർഗത്തിൽനിന്നു മാറിയുമില്ല.

വീണ്ടും അങ്ങു ഞങ്ങളെ എളിമപ്പെടുത്തി;
മരണത്തിന്റെ നിഴലിൽ മൂടിക്കളഞ്ഞു.

എന്നിട്ടും അങ്ങയുടെ നാമം ഞങ്ങൾ വിസ്മരിച്ചില്ല;
അന്യദേവന്മാരുടെ നേർക്കു കൈനീട്ടിയില്ല.

SYRO MALABAR COMMISSION FOR LITURGY

**ഇതെല്ലാം പരിശോധിക്കുന്നതു ദൈവമാകുന്നു;
ഹൃദയവിചാരങ്ങൾ അവിടന്ന് അറിയുന്നു.**

**അങ്ങയെപ്രതി അനുദിനം ഞങ്ങൾ വധിക്കപ്പെടുന്നു;
അറക്കാനുള്ള ആടുകളെപ്പോലെ ഗണിക്കപ്പെടുന്നു.**

**കർത്താവേ, ഉണരണമേ, ഉറങ്ങരുതേ;
ഞങ്ങളെ ഓർക്കണമേ, മറക്കരുതേ.**

**തിരുമുഖം ഞങ്ങളിൽനിന്നു തിരിക്കരുതേ;
ഞങ്ങളുടെ താഴ്ചയും ഞെരുക്കവും മറക്കരുതേ.**

**പൂഴിയോളം ഞങ്ങൾ താണിരിക്കുന്നു;
ഉദരം നിലത്തൊട്ടിച്ചേർന്നുപോയി.**

**കർത്താവേ, കാരുണ്യപൂർവം എഴുന്നേല്ക്കണമേ;
ഞങ്ങളെ സഹായിച്ചു രക്ഷിക്കണമേ.**

## സങ്കീർത്തനം 56

**ദൈവമേ, എന്നോടു കരുണ തോന്നണമേ;
എന്തുകൊണ്ടെന്നാൽ, മനുഷ്യൻ എന്നെ ചവിട്ടിമെതിക്കുന്നു;
യോദ്ധാവ് ദിവസംമുഴുവൻ എന്നെ ഞെരുക്കുന്നു.**

**ദിവസം മുഴുവൻ ശത്രുക്കൾ എന്നെ ചവിട്ടിമെതിക്കുന്നു;
അനേകം യോദ്ധാക്കൾ എനിക്കെതിരേ പ്രബലപ്പെടുന്നു.**

**രാവും പകലും ഞാൻ ഭയപ്പെടുകയില്ല;
എന്തുകൊണ്ടെന്നാൽ, ഞാൻ അങ്ങിൽ ആശ്രയിക്കുന്നു.**

**ദൈവത്തിൽ ഞാൻ അഭിമാനിക്കുന്നു;
അവിടന്നിൽ ഞാൻ സമാശ്രയിക്കുന്നു.**

**ഞാൻ ഭയപ്പെടുകയില്ല;
മനുഷ്യന് എന്നോട് എന്തുചെയ്യാനാകും?**

**അവർ ദിവസം മുഴുവനും എനിക്കെതിരായി ആലോചിക്കുന്നു;
എനിക്കെതിരേ തിന്മ നിരൂപിക്കുന്നു.**

**അപായപ്പെടുത്താൻ ഒളിവിൽ കാത്തിരിക്കുന്നവരെപ്പോലെ
അവർ എന്റെ കാല്പാടുകൾ നിരീക്ഷിക്കുന്നു.**

**അവനെ രക്ഷിക്കാനാരുമില്ലെന്ന് അവർ പറഞ്ഞു;
ജനതകളോടുള്ള കോപത്തിൽ
അങ്ങ് അവരെ വിധിക്കണമേ.**

SYRO MALABAR LITURGY COMMISSION FOR

ദൈവമേ, എന്റെ വിശ്വാസം ഞാൻ അങ്ങയെ അറിയിച്ചു;
എന്റെ കണ്ണീർക്കണങ്ങൾ തിരുസന്നിധിയിൽ സൂക്ഷിക്കണമേ;
അങ്ങയുടെ ഗ്രന്ഥത്തിൽ അവ രേഖപ്പെടുത്തണമേ.

എന്റെ ശത്രുക്കൾ ലജ്ജിച്ചു പിന്തിരിയട്ടെ;
ദൈവം എന്നോടുകൂടെയാണെന്നു ഞാൻ അറിയുന്നു.

ദൈവവചനം ഞാൻ കീർത്തിക്കുന്നു;
ദൈവത്തിൽ സമാശ്രയിക്കുന്നു.

അങ്ങേക്കുള്ള നേർച്ചകൾ ഞാൻ നിറവേറ്റും;
കൃതജ്ഞതയോടെ ഞാൻ ബലിയർപ്പിക്കും.

എന്റെ ആത്മാവിനെ മരണത്തിൽനിന്നും
പാദങ്ങളെ വീഴ്ചയിൽനിന്നും അങ്ങു സംരക്ഷിച്ചു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**ശുശ്രൂ.** എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു?
(കാനോന) എന്റെ ദൈവമേ, എന്റെ ദൈവമേ,
അങ്ങയെ അവഗണിക്കുന്ന മനുഷ്യരുടെ കൈകളിൽ
എന്നെ ഏല്പിച്ചുകൊടുക്കരുതേ.

നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിനു നല്കിയ നന്മകൾക്കായി അങ്ങയുടെ മഹനീയത്രിത്വത്തിന്റെ ഉന്നതവും ഭാഗ്യപൂർണ്ണവും പരിശുദ്ധവുമായ നാമത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** രക്തസാക്ഷികളുടെ മരണദിനത്തിൽ അവരുടെ ജീവിതബലി സ്വീകരിച്ച മിശിഹായേ, ഞങ്ങളുടെ ബലഹീനമായ കരങ്ങളിൽ നിന്ന് ഈ ധൂപം കാരുണ്യപൂർവം സ്വീകരിക്കണമേ, ✠ എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

ധൂപാർപ്പണഗീതം ആരംഭിക്കുന്നു. മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

## ധൂപാർപ്പണഗീതം

(ബാഹർലെമ്പാ ... യാദാ ഹൂശാവേ)

**ഗായക.** ശക്തനായ കർത്താവേ, അങ്ങേ കൂടാരം
എത്ര മനോഹരമാകുന്നു.

**സമൂ.** മിശിഹാകർത്താവേ, നരകുലരക്ഷകനേ,
ഞങ്ങളണച്ചിടുമീ പ്രാർഥന തിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ
കൈക്കൊണ്ടരുളേണം.

**ഗായക.** കർത്താവിന്റെ അങ്കണം എന്റെ ആത്മാവ് കാത്തിരുന്നു.

**സമൂ.** മിശിഹാ കർത്താവേ, ...

**ഗായക.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** മിശിഹാ കർത്താവേ, ...

**ശുശ്രൂ.** സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങൾക്കുവേണ്ടി മുറിവുകളേറ്റ് കുരിശിൽ സ്വയം ബലിയർപ്പിച്ച കർത്താവേ, ഞങ്ങളുടെ മുറിവുകളെ സുഖപ്പെടുത്തണമേ. നിന്റെ ദാരുണമായ മരണത്തിൽ സൃഷ്ടികളെല്ലാം വിലപിച്ചുവല്ലോ. നിന്റെ പീഡാനുഭവത്തെയും മരണത്തെയും അനുസ്മരിക്കുന്ന ഞങ്ങൾ ലോകത്തിനു മരിച്ചവരായി പരിശുദ്ധാത്മാവിൽ പുതുജീവൻ പ്രാപിക്കുന്നതിനു കൃപ നല്കണമേ. ഞങ്ങളുടെ പാപങ്ങളോർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു. കർത്താവേ, ഞങ്ങളോടു കരുണ തോന്നണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

ഗായക. സമൂ. സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

വചന വേദിയിലുള്ളവർ: കർത്താവിൽ പ്രത്യാശ വയ്ക്കുന്നവരേ,
നിങ്ങൾ ധൈര്യം അവലംബിക്കുവിൻ. (സങ്കീ. 31:24)

സർവാധിപനാം ...

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

ഗായക. സമൂ. സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ,
നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

വചന വേദിയിലുള്ളവർ: കർത്താവിൽ പ്രത്യാശ വയ്ക്കുന്നവരേ,
നിങ്ങൾ ധൈര്യം അവലംബിക്കുവിൻ. (സങ്കീ. 31:24)

സകലത്തിന്റെയും നാഥാ, ...

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## പ്രാരംഭഗീതം (ഓനീസാ ദക്ദ്ദം)

(തൂയെ ... / കർത്താവേ, മമ രാജാവേ, ...)

കർത്താവിന്റെ മുന്തിരിത്തോട്ടം ഇസ്രായേൽ ഭവനമാണ്

മുന്തിരിവയലാമിസ്രായേൽ
ഫലമേകാതെ കിടന്നപ്പോൾ
ജനതകളെ തൻ തൃക്കൈയാൽ
നട്ടു വളർത്തി സകലേശൻ.

അവർ അകാരണമായി എന്നെ ദ്വേഷിച്ചു.

ഘോരതമസ്സിൻ ദാസന്മാർ
കാരണമെന്ന്യേയുലകത്തിൽ
സുതനാമീശനെ ദ്വേഷിച്ചു
സ്വർഗപിതാവിനെ നിന്ദിച്ചു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ശത്രുജനത്തിനുമുയിരേകാൻ
മന്നിലണഞ്ഞവനീശോയെ
പാരമസൂയ നിറഞ്ഞവരാം
ശത്രുജനങ്ങൾ നിഹനിച്ചു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അനന്തമായ കരുണയും നിരന്തരമായ പരിപാലനവുമോർത്ത് അങ്ങയെ ഏറ്റുപറയാനും ആരാധിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

## സായാഹ്നസങ്കീർത്തനങ്ങൾ (മറിയാ ക്രേസാക്)

ശുശ്രൂ. (സങ്കീ 140) **കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു; എനിക്കുത്തരമരുളണമേ.**

(കാനോനാ) **കർത്താവേ, എന്റെ വാക്കുകേട്ട്**
**എന്റെ പ്രാർഥന സ്വീകരിക്കണമേ.**

**കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;**
**എനിക്കുത്തരമരുളണമേ.**

**എന്റെ പ്രാർഥന സ്വീകരിക്കണമേ;**
**പരിമളധൂപംപോലെ അത് അങ്ങയുടെ പക്കലേക്കുയരട്ടെ.**

**കർത്താവേ, എന്റെ ഈ പ്രാർഥന**
**എന്റെ സായാഹ്നബലിയായി സ്വീകരിക്കണമേ.**

**എന്റെ നാവിനും അധരത്തിനും**
**അങ്ങു കാവൽ നിറുത്തണമേ.**

**എന്റെ ഹൃദയം തിന്മയിലേക്കു ചായാതിരിക്കട്ടെ;**
**ദുഷ്പ്രവൃത്തികൾ ഞാൻ ചെയ്യാതിരിക്കട്ടെ;**
**ദുഷ്ടരോടു ഞാൻ സഹവസിക്കാതിരിക്കട്ടെ.**

**നീതിമാനായ മനുഷ്യൻ**
**എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ.**

**ദുഷ്ടരുടെ തൈലംകൊണ്ട്**
**എന്റെ ശിരസ്സു പൂശാൻ അനുവദിക്കരുതേ.**

**എന്തുകൊണ്ടെന്നാൽ, എന്റെ പ്രാർഥന**
**അവരുടെ പ്രവൃത്തികൾക്കെതിരാകുന്നു.**

**അവരുടെ വിധികർത്താക്കൾ**
**കനത്ത കൈകളാൽ തടയപ്പെട്ടു.**

**എന്റെ വാക്കുകൾ സ്നേഹമസൃണമായിരുന്നെന്ന്**
**അപ്പോൾ അവർക്കു മനസ്സിലായി.**

(സങ്കീ 141) **ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിക്കുന്നു;**
**ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു.**

**എന്റെ ഹൃദയം നീറുമ്പോൾ എന്റെ സങ്കടങ്ങളും പീഡകളും**
**ഞാൻ അവിടത്തെ അറിയിക്കും.**

SYRO MALABAR COMMISSION FOR LITURGY

**ക്ലേശങ്ങളാൽ ഞാൻ വലയുമ്പോൾ**
**എന്റെ വഴികളെല്ലാം അങ്ങ് അറിയുന്നല്ലോ.**

**ഞാൻ സഞ്ചരിക്കുന്ന വഴികളിൽ**
**അവർ എനിക്കു കെണികൾ വച്ചു.**

**ഞാൻ വലത്തേക്കു തിരിഞ്ഞുനോക്കി;**
**എന്നെ അറിയുന്നവർ ആരുമില്ല.**

**ഓടിയൊളിക്കാൻ എനിക്കിടമില്ല;**
**എന്നെ രക്ഷിക്കാൻ ആരുമില്ല.**

**കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു:**
**അങ്ങ് എന്റെ അഭയമാണല്ലോ.**

(സങ്കീ 118/14) **അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും**
**വഴികളിൽ പ്രകാശവുമാകുന്നു.**

**നീതിയുടെ നിയമങ്ങളനുസരിക്കാൻ**
**ശപഥപൂർവം ഞാൻ നിശ്ചയിച്ചു.**

**കർത്താവേ, ഞാൻ ഏറെ താഴ്ത്തപ്പെട്ടു;**
**അങ്ങയുടെ വചനമനുസരിച്ച് എനിക്കു ജീവൻ നല്കണമേ.**

**എന്റെ വചനങ്ങളിൽ അങ്ങു സംപ്രീതനാകണമേ;**
**അങ്ങയുടെ വിധികൾ എന്നെ പഠിപ്പിക്കണമേ.**

**എന്നെന്നും ഞാൻ അങ്ങയുടെ കരങ്ങളിലാകുന്നു;**
**അങ്ങയുടെ നിയമം ഞാൻ മറക്കുകയില്ല.**

**പാപികൾ എനിക്കു കെണികൾ വച്ചു;**
**എങ്കിലും പ്രമാണങ്ങളിൽനിന്നു ഞാൻ പിന്മാറിയില്ല.**

**അങ്ങയുടെ പ്രമാണങ്ങളാണ് എന്നേക്കും എന്റെ ഓഹരി;**
**അതിനാൽ അവയിൽ എന്റെ ഹൃദയം ആനന്ദിക്കുന്നു.**

**അങ്ങയുടെ കല്പനകൾ എന്നും സത്യമായി പാലിക്കാൻ**
**എന്റെ ഹൃദയം ഞാൻ സജ്ജമാക്കുന്നു.**

(സങ്കീ 116) **ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ,**
**ജനതകളേ, അവിടത്തെ പുകഴ്ത്തുവിൻ.**

**എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ**
**നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു;**
**സത്യമായും കർത്താവ് എന്നേക്കും നിലനില്ക്കുന്നു.**

SYRO MALABAR COMMISSION FOR LITURGY

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി: ആദിമുതൽ എന്നേക്കും, ആമ്മേൻ.**

ശുശ്രൂ. **കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു; എനിക്കുത്തരമരുളണമേ.**

(കാനോന) **കർത്താവേ, എന്റെ വാക്കുകേട്ട് എന്റെ പ്രാർഥന സ്വീകരിക്കണമേ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമി. **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പ്രാർഥന ദയാപൂർവം കേൾക്കുകയും ദിവ്യമായ കാരുണ്യത്താൽ അങ്ങയുടെ ആരാധകരുടെ അപേക്ഷ സ്വീകരിക്കുകയും ചെയ്യണമേ. ശരീരങ്ങളുടെ സൗഖ്യദായകനും ആത്മാക്കളുടെ നല്ല ശരണവുമായവനേ, പാപികളായ ഞങ്ങളിൽ കനിയണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

## അനുഗീതം (ഓനീസാ ദ്‌വാസർ)

(മറിയാ ബ്സപ്രാ ... / കരുണാനിധിയാം കർത്താവേ, ...)

**വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു.** (യോഹ 1:14)

**ഉദയം ചെയ്തീയുലകത്തിൽ
നിത്യപ്രഭയിൽനിന്നുയരും
സത്യപ്രഭയാം തിരുനാഥൻ.
മാനവപാപം മോചിക്കാൻ
മഹിയെ തേജോമയമാക്കാൻ
മർത്ത്യശരീരം കൈക്കൊണ്ടു.**

**ലോകം നിങ്ങളെ ദ്വേഷിക്കുന്നു.** (യോഹ 15:19)

**ദുരതിങ്ങീടും പാപത്തിൻ
പിടിയിൽപെട്ടവരെല്ലാരും
ദൈവാത്മജനെ നിരസിച്ചു.
ദയലവലേശം കാട്ടാതെ
ബഹുമാനവുമവനേകാതെ
നിഷ്ഠുരമവനെ നിന്ദിച്ചു.**

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ദുഷ്ടജനങ്ങൾ കർത്താവിൻ
കവിളിൽ താഡനമേല്പിച്ചു (യോഹ 18:22)
തുപ്പിയുമവനെ നിന്ദിച്ചു.
സർവജഗത്തിൻ രക്ഷകനെ
കാല്‌വരിമലയിൽ കുരിശിന്മേൽ
ക്രൂശിച്ചീനാൾ നിഷ്കരുണം.

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു പ്രകൃത്യാ പരിശുദ്ധനും മഹത്ത്വപൂർണനുമാകുന്നു. അങ്ങ് എല്ലാറ്റിലും ഉന്നതനും അനാദിമുതൽ ആരാധിക്കപ്പെടുന്നവനുമാകുന്നു. അങ്ങയെ ഞങ്ങൾ എല്ലായ്പ്പോഴും ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക. പരിപാവനനാം സർവേശാ,
സമൂ. പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

വചനവേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

ഗായക. ആദിമുതൽ എന്നേക്കും, ആമ്മേൻ.
സമൂ. പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

ഗായക. പരിശുദ്ധനായ ദൈവമേ,
സമൂ. പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**വചന വേദിയിലുള്ളവർ** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിശുദ്ധനായ ദൈവമേ, ...

**ഗായകസമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിശുദ്ധനായ ദൈവമേ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

സമൂഹം ഇരിക്കുന്നു.

ഉത്പത്തി പുസ്തകത്തിൽനിന്നുള്ള വായന. (22:1-19)

കാർമികനു നേരേ തിരിഞ്ഞ്, തലകുനിച്ച്, ശുശ്രൂഷി ആശീർവാദം യാചിക്കുന്നു.

കർത്താവേ, ആശീർവദിക്കണമേ.

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.

(അല്ലെങ്കിൽ)

ദൈവം ✠ അനുഗ്രഹിക്കട്ടെ.

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. പിന്നീടൊരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിച്ചു. അവിടന്നു വിളിച്ചു: 'അബ്രാഹം.' 'ഇതാ ഞാൻ', അവൻ വിളികേട്ടു. 'നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ടു മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം.' അബ്രാഹം അതിരാവിലെ എഴുന്നേറ്റു കഴുതയ്ക്കു ജീനിയിട്ട് രണ്ടു വേലക്കാരെയും മകൻ ഇസഹാക്കിനെയുംകൂട്ടി ബലിക്കുവേണ്ട വിറകും കീറിയെടുത്ത്, ദൈവം പറഞ്ഞ സ്ഥലത്തേക്കു പുറപ്പെട്ടു.

മൂന്നാം ദിവസം അവൻ തലയുയർത്തി നോക്കിയപ്പോൾ അകലെ ആ സ്ഥലം കണ്ടു. അവൻ വേലക്കാരോടു പറഞ്ഞു: 'കഴുതയുമായി നിങ്ങൾ ഇവിടെ നില്ക്കുക. ഞാനും മകനും അവിടെപ്പോയി ആരാധിച്ചു തിരിച്ചുവരാം.' അബ്രാഹം ദഹനബലിക്കുള്ള വിറകെടുത്ത് മകൻ ഇസഹാക്കിന്റെ ചുമലിൽ വച്ചു. കത്തിയും തീയും അവൻതന്നെ എടുത്തു. അവർ ഒരുമിച്ചു മുമ്പോട്ടു നടന്നു. ഇസഹാക്ക് തന്റെ പിതാവായ അബ്രാഹത്തെ വിളിച്ചു: 'പിതാവേ'. 'എന്താ മകനേ', അവൻ വിളികേട്ടു. ഇസഹാക്കു പറഞ്ഞു: 'തീയും വിറകുമുണ്ടല്ലോ; എന്നാൽ, ദഹനബലിക്കുള്ള കുഞ്ഞാടെവിടെ?' അവൻ മറുപടി പറഞ്ഞു: 'ബലിക്കുള്ള കുഞ്ഞാടിനെ ദൈവംതന്നെ തരും.' അവരൊന്നിച്ചു മുമ്പോട്ടുപോയി.

ദൈവം പറഞ്ഞ സ്ഥലത്ത് എത്തിയപ്പോൾ, അബ്രാഹം അവിടെ ഒരു ബലിപീഠം പണിതു. വിറക് അടുക്കിവച്ചിട്ട് ഇസഹാക്കിനെ ബന്ധിച്ചു വിറകിനു മീതേ കിടത്തി. മകനെ ബലികഴിക്കാൻ അബ്രാഹം കത്തി കൈയിലെടുത്തു. തൽക്ഷണം കർത്താവിന്റെ ദൂതൻ ആകാശത്തുനിന്ന് 'അബ്രാഹം, അബ്രാഹം' എന്നു വിളിച്ചു. 'ഇതാ ഞാൻ', അവൻ വിളികേട്ടു. 'കുട്ടിയുടെമേൽ കൈ വയ്ക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏക പുത്രനെ എനിക്കു തരാൻ നീ മടി കാണിച്ചില്ല.'

അബ്രാഹം തലപൊക്കി നോക്കിയപ്പോൾ, തന്റെ പിന്നിൽ, മുൾച്ചെടികളിൽ കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെക്കണ്ടു. അവൻ അതിനെ മകനുപകരം ദഹനബലിയർപ്പിച്ചു. അബ്രാഹം ആ സ്ഥലത്തിനു 'യാഹ്വെയിരെ' എന്നു പേരിട്ടു.

SYRO MALABAR COMMISSION FOR LITURGY

'കർത്താവിന്റെ മലയിൽ അവിടന്നു വേണ്ടതു പ്രദാനം ചെയ്യുന്നു'വെന്ന് ഇന്നുവരെയും പറയപ്പെടുന്നു. കർത്താവിന്റെ ദൂതൻ ആകാശത്തുനിന്നു വീണ്ടും അബ്രാഹത്തെ വിളിച്ചു പറഞ്ഞു: 'കർത്താവ് അരുൾചെയ്യുന്നു, നീ നിന്റെ ഏകപുത്രനെ പ്പോലും എനിക്കു തരാൻ മടിക്കായ്കകൊണ്ടു ഞാൻ ശപഥം ചെയ്യുന്നു: ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തിലെ മണൽത്തരിപോലെയും ഞാൻ വർധിപ്പിക്കും. ശത്രുവിന്റെ നഗരകവാടങ്ങൾ അവർ പിടിച്ചെടുക്കും. നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ടു നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും.' അബ്രാഹം എഴുന്നേറ്റ് തന്റെ വേലക്കാരുടെ അടുത്തേക്കു ചെന്നു. അവരൊന്നിച്ച് ബേർഷെബയിലേക്കു തിരിച്ചുപോയി. അബ്രാഹം ബേർഷെബയിൽ പാർത്തു.

## സങ്കീർത്തനം 27

ശുശ്രൂ. കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു;
ഞാൻ ആരെ ഭയപ്പെടണം?

(കാനോന) മറഞ്ഞിരിക്കുന്നവ പരിശോധിക്കുന്ന ദൈവമേ,
തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ.

(സമൂഹം രണ്ടുഗണമായി തുടരുന്നു.)

കർത്താവ് എന്റെ ജീവന്റെ ശക്തിയാകുന്നു;
ആരുടെ മുമ്പിൽ ഞാൻ പരിഭ്രമിക്കണം?

ദുഷ്ടരും എതിരാളികളും വിരോധികളും
എന്നെ വിഴുങ്ങാൻ സമീപിച്ചു;
അപ്പോൾ അവർ ഒന്നടങ്കം മറിഞ്ഞുവീണു.

ഒരുകാര്യം കർത്താവിനോടു ഞാൻ ചോദിച്ചിട്ടുണ്ട്;
അതുതന്നെ ഞാൻ അപേക്ഷിക്കുന്നു.

എനിക്കു ജീവിതകാലംമുഴുവൻ
കർത്താവിന്റെ ഭവനത്തിൽ വസിക്കണം.

കർത്താവേ, ഞാൻ അങ്ങയെ വിളിക്കുമ്പോൾ
എന്റെ സ്വരം ശ്രവിച്ച് എന്നിൽ കനിയണമേ;
എനിക്കുത്തരമരുളണമേ.

**കർത്താവേ, എന്റെ ഹൃദയം അങ്ങയോടു സംസാരിക്കുന്നു;
ഞാൻ അങ്ങയുടെ തിരുമുഖം തേടുന്നു;
അങ്ങയുടെ മുഖം എന്നിൽനിന്നു തിരിക്കരുതേ.**

**എന്റെ സഹായകനായ കർത്താവേ,
അങ്ങയുടെ ദാസനായ എന്നെ കോപത്തോടെ ശിക്ഷിക്കരുതേ.**

**കർത്താവേ, അങ്ങേ വഴി എന്നെ പഠിപ്പിക്കണമേ;
നേർവഴിയിലൂടെ എന്നെ നയിക്കണമേ.**

**എന്റെ വൈരികൾക്ക് എന്നെ ഏല്പിക്കരുതേ;
എനിക്കെതിരായി കള്ളസാക്ഷികൾ അണിനിരക്കുന്നു;
അവർ തിന്മ സംസാരിക്കുന്നു.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.**

ശുശ്രൂ. **കർത്താവ് എന്റെ പ്രകാശവും രക്ഷയുമാകുന്നു;
ഞാൻ ആരെ ഭയപ്പെടണം?**

(കാനോന) **മറഞ്ഞിരിക്കുന്നവ പരിശോധിക്കുന്ന ദൈവമേ,
തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ.**

## രണ്ടാം വായന

ശുശ്രൂ. **സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ.
ഏശയ്യായുടെ പുസ്തകത്തിൽനിന്നുള്ള വായന.**

**(52:13–53:9)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ശുശ്രൂഷി ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

കാർമി. **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. എന്റെ ദാസനു ശ്രേയസ്സുണ്ടാവും. അവൻ അത്യുന്നതങ്ങളിലേക്ക് ഉയർത്തപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യും. അവനെ കണ്ടവർ അമ്പരന്നുപോയി; മനുഷ്യനെന്നു തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു. അവന്റെ രൂപം മനുഷ്യന്റേതല്ല. അവൻ അനേക ജനതകളെ പരിഭ്രാന്തരാക്കും. രാജാക്കന്മാർ അവൻമൂലം നിശബ്ദരാകും. അവരോടു പറഞ്ഞിട്ടില്ലാത്തവ അവർ കാണും; കേട്ടിട്ടില്ലാത്തവ മനസ്സിലാക്കുകയും ചെയ്യും.

നമ്മൾ കേട്ടത് ആരു വിശ്വസിച്ചു? കർത്താവിന്റെ കരം ആർക്കു വെളിപ്പെട്ടിട്ടുണ്ട്? തൈച്ചെടിപോലെ, വരണ്ട ഭൂമിയിൽ നില്ക്കുന്ന മുളപോലെ, അവൻ അവിടത്തെ മുമ്പിൽ വളർന്നു. ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭീര്യമോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു.

അവൻ നിന്ദിക്കപ്പെട്ടു; നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ, ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി. നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേല്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. ആടുകളെപ്പോലെ നാം വഴിതെറ്റിപ്പോയി. നാമോരോരുത്തരും സ്വന്തം വഴിക്കു പോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി. അവൻ മർദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു. മർദനത്തിനും ശിക്ഷാവിധിക്കും അധീനനായി അവൻ എടുക്കപ്പെട്ടു. എന്റെ ജനത്തിന്റെ പാപംനിമിത്തമാണ് അവൻ പീഡനമേറ്റ് ജീവിക്കുന്നവരുടെ ഇടയിൽനിന്നു വിച്ഛേദിക്കപ്പെട്ടതെന്ന്, അവന്റെ തലമുറയിൽ ആരു കരുതി? അവൻ ഒരു അതിക്രമവും

ചെയ്തില്ല; അവന്റെ വായിൽനിന്നു വഞ്ചന പുറപ്പെട്ടുമില്ല. എന്നിട്ടും, ദുഷ്ടരുടെയും ധനികരുടെയും ഇടയിൽ അവൻ സംസ്കരിക്കപ്പെട്ടു. അവനു ക്ഷതമേല്ക്കണമെന്നത് കർത്താവിന്റെ ഹിതമായിരുന്നു.

സമൂ. ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂ. പ്രകീർത്തനം (ശൂറായ) ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ

## പ്രകീർത്തനം (ശൂറായ)

കാർമി. സർവചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിൻ തിരുമരണത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ.II ജനതകളവിടത്തെ
മഹിമകൾ പാടുന്നു
താണുവണങ്ങുന്നു.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമി. നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ.1 ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**കാർമി.** സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

*ശുശ്രൂഷികൾ പ്രഘോഷണപീഠത്തിങ്കൽ ജനങ്ങൾക്ക് അഭിമുഖം നിന്നുകൊണ്ടു വ്യാഖ്യാനഗീതം (തുർഗാമ) ആലപിക്കുന്നു.*

**ശുശ്രൂ. I** **സകലേശ്വരനാം ദൈവം**
**ഭൂവിന്നുടയോൻ രാജമഹേശൻ തന്റെ**
**സ്നേഹവിരുന്നിൻ ക്ഷണമുള്ളോരേ, വരുവിൻ നിങ്ങൾ.**

**ശുശ്രൂ. II** **പരിശോധിപ്പിൻ വേഗം**
**സുവിശേഷത്തിൻ ദിവ്യപ്രഭയിൽ നിങ്ങൾ**
**ശുചിയാക്കീടിൻ ഭൗതികചിന്താസരണികളെല്ലാം.**

**നാഥൻ സദയം നല്കി**
**സൗഭാഗ്യത്തിൻ നിക്ഷേപങ്ങൾ മന്നിൽ**
**പാപികൾ വരുവിൻ, കടബാധ്യതകൾ നീക്കുക നിങ്ങൾ.**

**ദൈവികരാജ്യം നേടാൻ**
**ഹൃദയതലങ്ങൾ ശുചിയാക്കിടുവിൻ ചേലിൽ**
**ശിശുവിനുതുല്യം നിർമലരായിത്തീരുക വീണ്ടും.**

**ദൈവാത്മാവിൻ ഗീതം**
**ചൊരിയുകയല്ലോ ദൈവികരാജ്യം കാതിൽ**
**ശാശ്വതഭാഗ്യം നിറയും വഴികൾ വെളിവാക്കുന്നു.**

**നിഴലാം നിയമം വിട്ടു
നൂതനനിയമം പാലിച്ചവനാം പൗലോസ്
ശ്ലീഹാതന്നുടെ മാതൃക നിങ്ങൾ കൈക്കൊണ്ടിടുവിൻ.**

**ഇസ്രായേലിൻ തീക്ഷ്ണൻ
ശാവോലിനെയാ നാഥൻ പരിചിൽ നേടി
തിരുസഭതന്നിൽ തീക്ഷ്ണതയേറും മാതൃക നല്കാൻ.**

**ശാവോലന്നാൾ യൂദൻ
നിയമം ചാർത്തും തിരശ്ശീലകളാൽ അന്ധൻ
മിശിഹാ അവനിൽ തൻ നിയമത്താൽ കാഴ്ച പകർന്നു.**

**റോമാക്കാർക്കായ് പൗലോസ്
എഴുതിയ കത്താൽ നമ്മെയുമിപ്പോൾ മോദാൽ
ദൈവികദൗത്യം അറിയിപ്പതു നാം കേൾക്കുക യുക്തം.**

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്കഭിമുഖമായി നിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം.** (5:6-16)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്ന് തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

ശുശ്രൂ. നാം ബലഹീനരായിരിക്കേ, നിർണയിക്കപ്പെട്ട സമയത്തു മിശിഹാ പാപികൾക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടിപ്പോലും ആരെങ്കിലും മരിക്കുക പ്രയാസമാണ്. ഒരുപക്ഷേ ഒരു നല്ല മനുഷ്യനുവേണ്ടി മരിക്കാൻ വല്ലവരും തുനിഞ്ഞെന്നുവരാം. എന്നാൽ, നാം പാപികളായിരിക്കേ, മിശിഹാ നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു. ആകയാൽ, ഇപ്പോൾ അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട നാം, അവൻ മൂലം ക്രോധത്തിൽനിന്നു രക്ഷിക്കപ്പെടുമെന്നതു തീർച്ചയാണല്ലോ. നാം ശത്രുക്കളായിരുന്നപ്പോൾ അവിടത്തെ പുത്രന്റെ മരണത്താൽ ദൈവവുമായി രമ്യതപ്പെട്ടുവെങ്കിൽ, രമ്യതപ്പെട്ടതിനുശേഷം അവന്റെ ജീവൻമൂലം രക്ഷിക്കപ്പെടുമെന്നതും തീർച്ച. മാത്രമല്ല, നമ്മുടെ കർത്താവായ ഈശോമിശിഹാവഴി നാം ദൈവത്തിൽ അഭിമാനിക്കുകയും ചെയ്യുന്നു. അവൻ വഴിയാണല്ലോ നാം ഇപ്പോൾ അനുരഞ്ജനം സാധിച്ചിരിക്കുന്നത്.

ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു. നിയമം നല്കപ്പെടുന്നതിനു മുമ്പുതന്നെ പാപം ലോകത്തിൽ ഉണ്ടായിരുന്നു. എന്നാൽ, നിയമമില്ലാത്തപ്പോൾ പാപം കണക്കിലെടുക്കപ്പെടുന്നില്ല. ആദത്തിന്റെ പാപത്തിനു സദൃശമായ പാപം ചെയ്യാതിരുന്നവരുടെ മേൽപ്പോലും, ആദത്തിന്റെ കാലംമുതൽ മോശയുടെ കാലംവരെ മരണം ആധിപത്യം പുലർത്തി. ആദം വരാനിരുന്നവന്റെ പ്രതിരൂപമാണ്. എന്നാൽ, പാപം പോലെയല്ല കൃപാദാനം. ഒരു മനുഷ്യന്റെ പാപംമൂലം വളരെപ്പേർ മരിച്ചുവെങ്കിൽ, ദൈവകൃപയും ഈശോമിശിഹായെന്ന ഒരു മനുഷ്യന്റെ കൃപാദാനവും അനേകർക്ക് എത്രയധികം സമൃദ്ധമായി ലഭിച്ചിരിക്കുന്നു! ഒരുവന്റെ പാപത്തിൽനിന്നുളവായ ഫലംപോലെയല്ല ഈ ദാനം. ഒരു പാപത്തിന്റെ ഫലമായുണ്ടായ വിധി, ശിക്ഷയ്ക്കു കാരണമായി. അനേകം പാപങ്ങൾക്കുശേഷം ആഗതമായ കൃപാദാനമാകട്ടെ, നീതീകരണത്തിനു കാരണമായി.

(അല്ലെങ്കിൽ)

**ശ്ലീഹാ 8:26-39 (അനുബന്ധം പേജ് 328 കാണുക)**

സമൂ. **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

ലേഖനവായനയ്ക്കുശേഷം ഗീതം ആലപിക്കുന്നു.
തത്സമയം കാർമികൻ ധൂപം ആശീർവദിക്കുന്നു.

## ഗീതം

സ്വന്തം ജനങ്ങൾക്കു ജീവനേകാൻ
സർവേശനന്ദനൻ ഭൂവിൽ വന്നു
കുരിശാണാ നാഥനായ് തീർത്തു ലോകം
വ്യഥയാണാ നാഥനിൽ ചേർത്തു ലോകം.

ഇരുളിൽ പ്രകാശം തെളിച്ചു കാട്ടാൻ
പരമപ്രകാശം കനിഞ്ഞിറങ്ങി
കുരിശാണാ നാഥനായ് തീർത്തു ലോകം
വ്യഥയാണാ നാഥനിൽ ചേർത്തു ലോകം.

സ്വന്തം ...

## വ്യാഖ്യാനഗീതം (തുർഗാമ)

ശുശ്രൂ. വിശ്വാസികളേ, കേൾപ്പിൻ
സൗഖ്യവുമുയിരും പകരും മൊഴികൾ മോദാൽ
ദൈവകുമാരൻ നരനായ് നമ്മെ മോചിതരാക്കി.

സമൂ. ഈ മൊഴി നിങ്ങൾക്കേകി
ഭാഗ്യം നിറയും വലിയൊരു നിധിയീ ഭൂവിൽ
ഈ സദ്ഗ്രന്ഥം ജീവൻ നല്കും ഔഷധമല്ലോ.

ജീവൻ നല്കാൻ പോരും
ജീവത്വചനം കേൾക്കിലൊളിക്കും സാത്താൻ
ബാധകളേതും ഭീതിയൊടുടനേ ഒഴിവായീടും.

സ്വർഗം പൂകാൻ പോരും
വാതിലിതല്ലോ വഴിയുമിതല്ലോ നിത്യം
ഈ വഴി പോയാൽ അപകടമെന്യേ രാജ്യം നേടാം.

മൃതരീ ശബ്ദം കേൾക്കിൽ
ജീവൻ നേടും സ്വർഗം പൂകും ചേലിൽ
ഇതു നിരസിക്കിൽ ജീവിപ്പവരും മൃതരായ് തീരും.

പ്രഭ വിതറീടും ദീപം
ജീവൻതന്നെ ഈ സദ്വചനം പാരിൽ
വിധിയാളനെയീ വചനം സുതരാം വെളിവാക്കുന്നു.

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

ജനതതിയെല്ലാം ചേലിൽ
രക്ഷിതരായി നാഥൻ വഴിയായ് ഭൂവിൽ
പാപം നിയതം മോചിപ്പവനീ നാഥൻ മാത്രം.

വിത്തു വിതയ്ക്കും നാഥൻ
തിരുവചനത്തിൻ വിത്തു വിതയ്ക്കാൻ വന്നു
വയലിനു പകരം ഹൃദയനിലങ്ങൾ നല്കുക നിങ്ങൾ.

നാഥൻ മൊഴിയും നാദം
ഭാഗ്യവുമുയിരും കരുണയുമുലകിൽ തൂകും
ശരണവുമനിശം കൃപയുമിതേകും മനുജനു മോദാൽ.

ആശ്രയമവനിൽ ചേർക്കും
വിശ്വാസികളോ ഭാഗ്യം നിയതം ചൂടും
അവരൊരുനാളിൽ മൃതരായാലും ജീവൻ നേടും.

ആശ്രിതരെയാ നാഥൻ
കൈവെടിയില്ല കാത്തരുളീടും നിത്യം
പാപാങ്കിതരായ് അവരിലൊരാളും മൃതിയടയില്ല.

ദൈവകുമാരൻ ഭൂവിൽ
മാനവനായി തിരുവവതാരം ചെയ്തു
കന്യകയിൽ നിന്നവനൊരുനാളിൽ ജാതനുമായി.

രോഗം സദയം നീക്കി
മൃതരിൽ ജീവൻ പുനരവനേകി മോദാൽ
തിരുവുത്ഥാനം ചെയ്തൊരു നാഥൻ സ്വർഗം പൂകി.

റൂഹായെയാ നാഥൻ
ശിഷ്യർക്കേകി ശിക്ഷണമേകി ചേലിൽ
ശിക്ഷണമേകാൻ സദയമയച്ചു ദിശകളിലെല്ലാം.

സുവിശേഷകർതൻ സാക്ഷ്യം
അനുഭവമധുനാ വിവരിക്കുന്നു കേൾക്കാൻ
ചെവിയുള്ളവനോ കേട്ടു ഫലങ്ങൾ നല്കീടട്ടെ.

സുവിശേഷവായനയ്ക്കായി എല്ലാവരും എഴുന്നേല്ക്കുന്നു.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

## ഹല്ലേലുയ്യാഗീതം (സൂമാറ)
### (സങ്കീ 22:16-18)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ഗായക.** ഹല്ലേലുയ്യാ പാടീടുന്നേൻ
**സമൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

വൈരികളെന്നെ വളഞ്ഞുകഴിഞ്ഞെൻ
കൈകാലുകളിൽ ആണിതറച്ചു.

നിന്ദയൊടെന്നെയവർ വീക്ഷിച്ചു;
എന്നുടെയസ്ഥികളെണ്ണാറായി.

അവരെൻ വസ്ത്രം ഭാഗംവച്ചു;
മേലങ്കിക്കായ് ചിട്ടിയുമിട്ടു.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

SYRO MALABAR COMMISSION FOR LITURGY

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.**

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** **ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** **നമുക്കു ശ്രദ്ധാപൂർവംനിന്നു
പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

(അല്ലെങ്കിൽ)

**നിങ്ങൾ മൗനമായിനിന്നു ശ്രദ്ധാപൂർവം
പരിശുദ്ധ സുവിശേഷം ശ്രവിക്കുവിൻ.**

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമ്മി.** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ.** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

(സുവിശേഷവായനയ്ക്കുപകരം പേജ് 195 ലെ പീഡാനുഭവചരിത്രം വായിക്കാവുന്നതാണ്.)

## സുവിശേഷം

**കാർമ്മി.** **വിശുദ്ധ ലൂക്കാ, മത്തായി, യോഹന്നാൻ എന്നിവർ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.**

(ലൂക്കാ 22:63-23,12; മത്താ 27:19; ലൂക്കാ 23:13-23; മത്താ 27:24-25; ലൂക്കാ 23:24-45; മത്താ 27:51-54; യോഹ 19:23-30)

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

**കാർമ്മി.** **ഈശോയ്ക്കു കാവൽനിന്നിരുന്നവർ അവനെ പരിഹസിക്കുകയും അടിക്കുകയും ചെയ്തു. അവർ അവന്റെ കണ്ണുകൾ മൂടിക്കൊണ്ട്, 'നിന്നെ അടിച്ചവൻ ആരെന്നു പ്രവചിക്കുക' എന്നു പറഞ്ഞു. അവർ അവനെ അധിക്ഷേപിച്ച് അവനെതിരായി പലതും പറഞ്ഞു.**

**പ്രഭാതമായപ്പോൾ, പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും ഉൾപ്പെടുന്ന ജനപ്രമാണികളുടെ സംഘം സമ്മേളിച്ചു. അവർ അവനെ തങ്ങളുടെ സംഘത്തിലേക്കു കൊണ്ടുവന്നു പറഞ്ഞു: 'നീ മിശിഹായാണെങ്കിൽ അതു ഞങ്ങളോടു പറയുക.' അവൻ അവരോടു പറഞ്ഞു: 'ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം തരുകയുമില്ല. ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുവശത്ത് ഇരിക്കും.' അവരെല്ലാവരുംകൂടി ചോദിച്ചു: 'അങ്ങനെയെങ്കിൽ, നീ ദൈവപുത്രനാണോ?' അവൻ പറഞ്ഞു: 'നിങ്ങൾത്തന്നെ പറയുന്നല്ലോ, ഞാൻ ആണെന്ന്.' അവർ പറഞ്ഞു: 'ഇനി നമുക്കു വേറെ സാക്ഷ്യം എന്തിന്? അവന്റെ നാവിൽനിന്നുതന്നെ നാം അതു കേട്ടുകഴിഞ്ഞു.'**

**അനന്തരം, അവരുടെ സംഘം ഒന്നാകെ എഴുന്നേറ്റ് അവനെ പീലാത്തോസിന്റെ മുമ്പിലേക്കു കൊണ്ടുപോയി. അവർ അവന്റെമേൽ കുറ്റംചുമത്താൻ തുടങ്ങി: 'ഈ മനുഷ്യൻ**

SYRO MALABAR COMMISSION FOR LITURGY

ഞങ്ങളുടെ ജനത്തെ വഴിതെറ്റിക്കുകയും സീസറിനു നികുതി കൊടുക്കുന്നതു നിരോധിക്കുകയും താൻ രാജാവായ മിശിഹായാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു.' പീലാത്തോസ് അവനോടു ചോദിച്ചു: 'നീ യഹൂദരുടെ രാജാവാണോ?' അവൻ മറുപടി പറഞ്ഞു: 'നീ തന്നെ പറയുന്നുവല്ലോ.' പീലാത്തോസ് പുരോഹിത പ്രമുഖന്മാരോടും ജനക്കൂട്ടത്തോടും പറഞ്ഞു: 'ഞാൻ ഈ മനുഷ്യനിൽ ഒരു കുറ്റവും കാണുന്നില്ല.' അവരാകട്ടെ, നിർബന്ധപൂർവം പറഞ്ഞു: 'ഇവൻ ഗലീലിമുതൽ ഇവിടംവരെയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനത്തെ ഇളക്കിവിടുന്നു.'

ഇതുകേട്ടു പീലാത്തോസ്, 'ഈ മനുഷ്യൻ ഗലീലിയക്കാരനാണോ' എന്നു ചോദിച്ചു. അവൻ ഹേറോദേസിന്റെ അധികാരത്തിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ പീലാത്തോസ് അവനെ അവന്റെ അടുത്തേക്ക് അയച്ചു. ആ ദിവസങ്ങളിൽ ഹേറോദേസ് ജെറുസലെമിൽ ഉണ്ടായിരുന്നു. ഹേറോദേസ് ഈശോയെ കണ്ടപ്പോൾ അത്യധികം സന്തോഷിച്ചു. എന്തുകൊണ്ടെന്നാൽ, അവൻ ഈശോയെപ്പറ്റി കേട്ടിരുന്നതുകൊണ്ട് ഈശോയെ കാണാൻ ആഗ്രഹിച്ചിരുന്നു; ഈശോ ചെയ്യുന്ന ഏതെങ്കിലും ഒരദ്ഭുതം കാണാമെന്നു പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. അതിനാൽ, അവൻ പലതും ഈശോയോടു ചോദിച്ചു. പക്ഷേ, ഈശോ ഒന്നിനും ഉത്തരം പറഞ്ഞില്ല. പ്രധാന പുരോഹിതന്മാരും നിയമജ്ഞരും ഈശോയുടെമേൽ ആവേശപൂർവം കുറ്റം ചുമത്തിക്കൊണ്ട് ചുറ്റും നിന്നിരുന്നു. ഹേറോദേസ് പടയാളികളോടുചേർന്ന് ഈശോയോടു നിന്ദ്യമായി പെരുമാറുകയും അവനെ അധിക്ഷേപിക്കുകയും ചെയ്തു. ഹേറോദേസ് ഈശോയെ പകിട്ടേറിയ വസ്ത്രം ധരിപ്പിച്ച് പീലാത്തോസിന്റെ അടുത്തേക്കു തിരിച്ചയച്ചു. അന്നുമുതൽ ഹേറോദേസും പീലാത്തോസും പരസ്പരം സ്നേഹിതന്മാരായി. അതുവരെ അവർ ശത്രുതയിലാണു കഴിഞ്ഞിരുന്നത്.

മാത്രമല്ല, പീലാത്തോസ് ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ, അവന്റെ ഭാര്യ അവന്റെ അടുത്തേക്ക് ആളയച്ച് അറിയിച്ചു: 'ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. അവൻ മൂലം സ്വപ്നത്തിൽ ഞാൻ ഇന്നു വളരെയേറെ ക്ലേശിച്ചു.'

പീലാത്തോസ് പുരോഹിതപ്രമുഖന്മാരെയും നേതാക്കന്മാരെയും ജനത്തെയും ഒന്നിച്ചുകൂട്ടി അവരോടു പറഞ്ഞു: 'ജനത്തെ വഴിപിഴപ്പിക്കുന്നു എന്നു പറഞ്ഞ് നിങ്ങൾ ഇവനെ എന്റെ മുമ്പിൽ കൊണ്ടുവന്നു. ഇതാ, നിങ്ങളുടെ മുമ്പിൽവച്ചുതന്നെ ഇവനെ ഞാൻ വിസ്തരിച്ചു. നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളിൽ ഒന്നുപോലും ഇവനിൽ ഞാൻ കണ്ടില്ല. ഹേറോദേസും കണ്ടില്ല. അവൻ ഇവനെ എന്റെ അടുത്തേക്കു തിരിച്ചയച്ചിരിക്കയാണല്ലോ. നോക്കൂ, മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഇവൻ ചെയ്തിട്ടില്ല. അതിനാൽ ഞാൻ ഇവനെ ചമ്മട്ടി കൊണ്ട് അടിപ്പിച്ച് വിട്ടയക്കും.'

അപ്പോൾ, അവർ ഏകസ്വരത്തിൽ ആക്രോശിച്ചു: 'ഇവനെ കൊണ്ടുപോവുക. ബറാബാസിനെ ഞങ്ങൾക്കു വിട്ടുതരിക.' പട്ടണത്തിൽ നടന്ന കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവനാണ് ബറാബാസ്. ഈശോയെ വിട്ടയക്കണം എന്നാഗ്രഹിച്ചുകൊണ്ട് പീലാത്തോസ് ഒരിക്കൽകൂടി അവരോടു സംസാരിച്ചു. അവരാകട്ടെ, 'ക്രൂശിക്കുക, അവനെ ക്രൂശിക്കുക' എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. പീലാത്തോസ് മൂന്നാം പ്രാവശ്യവും അവരോടു ചോദിച്ചു: 'അവൻ എന്തു തിന്മ പ്രവർത്തിച്ചു? വധശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഞാൻ അവനിൽ കണ്ടില്ല. അതുകൊണ്ട് ഞാൻ അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയക്കും.' അവനെ ക്രൂശിക്കണമെന്ന് അവർ നിർബന്ധപൂർവം ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു: 'അവനെ ക്രൂശിക്കുക!' അവസാനം അവരുടെ നിർബന്ധംതന്നെ വിജയിച്ചു.

ബഹളം വർധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാവുന്നില്ലെന്നു മനസ്സിലാക്കിയ പീലാത്തോസ് വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പിൽവച്ചു കൈ കഴുകിക്കൊണ്ടു പറഞ്ഞു: 'ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല. അതു നിങ്ങളുടെ കാര്യമാണ്.' അപ്പോൾ ജനം മുഴുവൻ മറുപടിപറഞ്ഞു: 'അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിക്കൊള്ളട്ടെ!' അപ്പോൾ അവൻ ബറാബാസിനെ അവർക്കു വിട്ടുകൊടുക്കുകയും ഈശോയെ ചമ്മട്ടികൊണ്ടടിപ്പിച്ച് ക്രൂശിക്കാൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

അവർ ആവശ്യപ്പെട്ടത് അനുവദിച്ചുകൊടുക്കാൻ പീലാത്തോസ് തീരുമാനിച്ചു. അവർ ആവശ്യപ്പെട്ട മനുഷ്യനെ, കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്ന വനെ, പീലാത്തോസ് വിട്ടയക്കുകയും ഈശോയെ അവരുടെ ഇംഗിതത്തിന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

അവർ ഈശോയെ കൊണ്ടുപോകുമ്പോൾ, നാട്ടിൻപുറത്തു നിന്ന് ആവഴി വന്ന ശിമയോൻ എന്ന ഒരു കിറേനേക്കാരനെ പിടിച്ചു നിർത്തി, കുരിശ് ചുമലിൽവച്ച്, ഈശോയുടെ പുറകേ ചുമന്നുകൊണ്ടുവരാൻ നിർബന്ധിച്ചു. ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറവിളികൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും ഈശോയുടെ പിന്നാലേ പോയിരുന്നു. അവരുടെ നേരേ തിരിഞ്ഞ് ഈശോ പറഞ്ഞു: 'ജെറുസലെം പുത്രിമാരേ, എന്നെപ്രതി നിങ്ങൾ കരയേണ്ടാ. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ. എന്തെന്നാൽ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നു പറയപ്പെടുന്ന ദിവസങ്ങൾ വരും. അന്ന് അവർ പർവതങ്ങളോടു ഞങ്ങളുടെമേൽ വീഴുക എന്നും കുന്നു കളോടു ഞങ്ങളെ മൂടിക്കളയുക എന്നും പറയാൻ തുടങ്ങും. പച്ചത്തടിയോട് അവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും?'

കുറ്റവാളികളായ മറ്റു രണ്ടുപേരെക്കൂടി ഈശോയോടൊപ്പം വധിക്കാൻ അവർ കൂട്ടിക്കൊണ്ടുപോയി. 'തലയോട്' എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവർ വന്നു. അവിടെ അവർ ഈശോയെ കുരിശിൽ തറച്ചു; ആ കുറ്റവാളികളിൽ, ഒരുവനെ അവന്റെ വലത്തുവശത്തും ഇതരനെ ഇടത്തുവശത്തും ക്രൂശിച്ചു.

ഈശോ പറഞ്ഞു: 'പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.'

ഈശോയുടെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കാൻ അവർ കുറിയിട്ടു. ജനം നോക്കിനിന്നു. പ്രമാണികളാകട്ടെ അവനെ പരിഹസിച്ചു പറഞ്ഞു: 'ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവൻ ദൈവത്തിന്റെ മിശിഹാ ആണെങ്കിൽ, അവിടത്തെ തിരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ, തന്നെത്തന്നെ രക്ഷിക്കട്ടെ.' പടയാളികൾ അടുത്തുവന്ന് വിനാഗിരി കൊടുത്ത് ഈശോയെ പരിഹസിച്ചു പറഞ്ഞു:

'നീ യഹൂദരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക.' 'ഇവൻ യഹൂദരുടെ രാജാവ് 'എന്ന ഒരു ലിഖിതം ഈശോയുടെ തലയ്ക്കുമീതേ ഉണ്ടായിരുന്നു. കുരിശിൽ തൂക്കപ്പെട്ടിരുന്ന കുറ്റവാളികളിൽ ഒരുവൻ ഈശോയെ ദുഷിച്ചു പറഞ്ഞു; 'നീ മിശിഹായല്ലേ? നിന്നെയും ഞങ്ങളെയും രക്ഷിക്കുക!' അപരൻ അവനെ ശകാരിച്ചു പറഞ്ഞു: 'നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നീയും അതേ ശിക്ഷാവിധിയിൽ തന്നെയാണല്ലോ. നമ്മുടെ ശിക്ഷാവിധി ന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതി ഫലം നമുക്കു ലഭിച്ചിരിക്കുന്നു. ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല.' അവൻ തുടർന്നു: 'ഈശോയേ, നീ നിന്റെ രാജ്യത്തു പ്രവേശി ക്കുമ്പോൾ എന്നെയും ഓർക്കണമേ!' ഈശോ അവനോട് അരുൾചെയ്തു: 'സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.'

അപ്പോൾ ഏകദേശം ആറാംമണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു. അപ്പോൾ ദൈവാലയത്തിലെ തിരശ്ശീല മുകൾ മുതൽ താഴെവരെ രണ്ടായി കീറി; ഭൂമി കുലുങ്ങി; പാറകൾ പിളർന്നു; ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്രപ്രാപിച്ചിരുന്ന പല വിശുദ്ധന്മാരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു. അവന്റെ പുനരുത്ഥാനത്തിനുശേഷം, അവർ ശവകുടീര ങ്ങളിൽനിന്നു പുറത്തുവന്ന് വിശുദ്ധനഗരത്തിൽ പ്രവേശിച്ച് പലർക്കും പ്രത്യക്ഷപ്പെട്ടു. ഈശോയ്ക്കു കാവൽനിന്നിരുന്ന ശതാധിപനും അവന്റെകൂടെ ഉണ്ടായിരുന്നവരും ഭൂകമ്പവും മറ്റു സംഭവങ്ങളും കണ്ട് അത്യധികം ഭയപ്പെട്ടു, 'സത്യമായും ഇവൻ ദൈവപുത്രനായിരുന്നു' എന്നു പറഞ്ഞു.

പടയാളികൾ ഈശോയെ ക്രൂശിച്ചതിനുശേഷം അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു; ഓരോ പടയാളിക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലി ല്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു. ആകയാൽ, അവർ പരസ്പരം പറഞ്ഞു: 'നമുക്ക് അതു കീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാ നിക്കാം.' 'എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു; എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു' എന്ന തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് പടയാളികൾ ഇപ്രകാരം

ചെയ്തത്. ഈശോയുടെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നില്ക്കുന്നുണ്ടായിരുന്നു. ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: 'സ്ത്രീയേ, ഇതാ, നിന്റെ മകൻ.' അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: 'ഇതാ, നിന്റെ അമ്മ.' അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.

അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി ഈശോ പറഞ്ഞു: 'എനിക്കു ദാഹിക്കുന്നു.' ഒരു പാത്രം നിറയെ വിനാഗിരി അവിടെയുണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. ഈശോ വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: 'എല്ലാം പൂർത്തിയായിരിക്കുന്നു.' ഈശോ തലചായിച്ച് ആത്മാവിനെ സമർപ്പിച്ചു.

രണ്ടാം ഭാഗം: യോഹ 19:23-42 (അനുബന്ധം പേജ് 335 കാണുക)

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(സുവിശേഷവായനയ്ക്കുപകരം താഴെക്കൊടുത്തിരിക്കുന്ന പീഡാനുഭവചരിത്രം വായിക്കാവുന്നതാണ്.)

## പീഡാനുഭവചരിത്രം

ഗീതം കഴിയുമ്പോൾ പ്രസംഗകൻ (ഒന്നാം ശുശ്രൂഷി) പീഡാനുഭവചരിത്രം വായിക്കുന്നു. ഈശോയുടെ ഭാഗം കാർമികനും മറ്റുള്ളവരുടെ ഭാഗങ്ങൾ (മറുപടി) രണ്ടാം ശുശ്രൂഷിയുമാണ് വായിക്കേണ്ടത്. പലർ ഒന്നിച്ചു പറയുന്ന വാക്കുകൾ സമൂഹം വായിക്കുന്നു.

സൂചന : ഒരാൾ തന്നെ (കാർമികൻ) വായിക്കുന്നതാണു യുക്തമെന്നു തോന്നിയാൽ അങ്ങനെ ചെയ്യാം.

**പ്രസം.** നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവചരിത്രം.

ഇവ അരുൾചെയ്തശേഷം ശിഷ്യന്മാരെയും കൂട്ടിക്കൊണ്ട് ഈശോ കെദ്രോൻ തോടു കടന്ന്, പതിവുപോലെ ഒലിവുമലയിലേക്കു പോയി. അവിടെ ഗെദ്സേമൻ എന്ന പേരിൽ ഒരു തോട്ടമുണ്ടായിരുന്നു. ഈശോയും ശിഷ്യന്മാരും അതിൽ പ്രവേശിച്ചു. അപ്പോൾ അവിടന്ന് അവരോട് ഇങ്ങനെ അരുൾചെയ്തു:

**ഈശോ:** ഞാൻ പോയി പ്രാർഥിക്കട്ടെ; നിങ്ങൾ ഇവിടെയിരിക്കുവിൻ; പരീക്ഷയിലുൾപ്പെടാതിരിക്കാൻ പ്രാർഥിക്കയും ചെയ്യുവിൻ.

**പ്രസം.** അനന്തരം ഈശോ പത്രോസിനെയും, സബ്‌ദൈയുടെ പുത്രന്മാരായ യാക്കോബ്, യോഹന്നാൻ എന്നിവരെയും കൂട്ടിക്കൊണ്ട് അല്പദൂരം മുമ്പോട്ടുനീങ്ങി. അവിടെവച്ച് ഈശോ അപാരമായ ദുഃഖത്താൽ വിവശനായിത്തീർന്നു. അവിടന്ന് അവരോട് ഇപ്രകാരം അരുൾച്ചെയ്തു:

**ഈശോ:** എന്റെ ആത്മാവു മരണവേദനയനുഭവിക്കുന്നു; നിങ്ങൾ എന്നോടുകൂടെ ഉണർന്നിരിക്കുവിൻ.

**പ്രസം.** അനന്തരം അവിടന്ന് ഒരു കല്ലേറു ദൂരെമാറി മുട്ടുകുത്തി സാഷ്ടാംഗം വീണ് ഇങ്ങനെ പ്രാർഥിച്ചു:

**ഈശോ:** പിതാവേ, കഴിയുമെങ്കിൽ ആ മണിക്കൂർ എന്നിൽനിന്ന് അകന്നുപോകട്ടെ. അങ്ങു സർവശക്തനാണല്ലോ. ഈ കാസ എന്നിൽനിന്നു മാറ്റിത്തരണമേ. എങ്കിലും എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.

**പ്രസം.** ഈശോ ശിഷ്യന്മാരുടെ പക്കലേക്കു മടങ്ങിച്ചെന്നപ്പോൾ അവർ ഉറങ്ങുന്നതാണു കണ്ടത്. അപ്പോൾ അവിടന്നു പത്രോസിനോടു ചോദിച്ചു:

**ഈശോ:** ശിമയോനേ, നീ ഉറങ്ങുകയാണോ? ഒരു മണിക്കൂർനേരം എന്നോടുകൂടെ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലല്ലോ? പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർഥിക്കുവിൻ. ആത്മാവു സന്നദ്ധമാണെങ്കിലും ശരീരം ബലഹീനമായിരിക്കുന്നു.

**പ്രസം.** അവിടന്നു വീണ്ടും പോയി അതേ വാക്കുകൾതന്നെ പറഞ്ഞു പ്രാർഥിച്ചു:

**ഈശോ:** എന്റെ പിതാവേ, ഈ കാസ ഞാൻ കുടിക്കാതെ നിവൃത്തിയില്ലെങ്കിൽ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.

**പ്രസം.** ഈശോ വീണ്ടും തിരിച്ചുചെന്നപ്പോഴും അവർ ഉറങ്ങുന്നതായിട്ടാണു കണ്ടത്. അവരുടെ കണ്ണുകൾ അത്രയ്ക്കു നിദ്രാഭാരമുള്ളവയായിരുന്നു. അവിടത്തോട് എന്തു മറുപടി പറയണമെന്നറിയാതെ അവർ വിഷമിച്ചു.

ഈശോ അവരെവിട്ട് മൂന്നാം പ്രാവശ്യവും പ്രാർഥിക്കാൻ പോയി. അവിടന്ന് അതേ വാക്കുകൾതന്നെ ഉരുവിട്ടു കൊണ്ടിരുന്നു. അപ്പോൾ ഈശോയെ ധൈര്യപ്പെടുത്താൻ സ്വർഗത്തിൽ നിന്ന് ഒരു മാലാഖ പ്രത്യക്ഷനായി. വേദന കഠോരമായപ്പോൾ അവിടന്നു കൂടുതൽ തീക്ഷ്ണതയോടെ പ്രാർഥിച്ചു. അപ്പോൾ അവിടത്തെ വിയർപ്പ് രക്തത്തുള്ളികളായി നിലത്തു വീണു. അവിടന്നു പ്രാർഥന കഴിഞ്ഞ് എഴുന്നേറ്റ്, മൂന്നാം പ്രാവശ്യം ശിഷ്യന്മാരുടെ അടുക്കലേക്കു ചെന്നു. അവർ അപ്പോഴും ദു:ഖാർത്തരായി തളർന്നുറങ്ങുകയായിരുന്നു. അവിടന്ന് അവരോട് അരുൾച്ചെയ്തു:

**ഈശോ:** ഇപ്പോഴും നിങ്ങൾ ഉറങ്ങി വിശ്രമിക്കുകയാണോ? ഇതാ, മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടാനുള്ള സമയമായി. എഴുന്നേല്ക്കുവിൻ, നമുക്കു പോകാം. എന്നെ ഒറ്റിക്കൊടുക്കുന്നവൻ എത്തിക്കഴിഞ്ഞു.

**പ്രസം.** അവിടത്തെ ഒറ്റിക്കൊടുത്ത യൂദാസിന് ആ സ്ഥലം അറിയാമായിരുന്നു. എന്തുകൊണ്ടെന്നാൽ ശിഷ്യന്മാരുമൊന്നിച്ച് ഈശോ പലപ്പോഴും അവിടെ പോകാറുണ്ടായിരുന്നു. യൂദാസ് പട്ടാളത്തെയും, പ്രധാനാചാര്യന്മാരുടെയും ഫ്രീശന്മാരുടെയും സേവകന്മാരെയും കൂട്ടിക്കൊണ്ട് അവിടെച്ചെന്നു. അവർ വിളക്കുകളും പന്തങ്ങളും, വാളുകളും വടികളും എടുത്തിരുന്നു. ഈശോ ശിഷ്യന്മാരോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാസ് അവിടെയെത്തിയത്. ഒറ്റിക്കൊടുക്കാനിരുന്നവൻ അവരോട് ഇങ്ങനെ പറഞ്ഞിട്ടുണ്ടായിരുന്നു:

**മറു.** ഞാൻ ഒരാളെ ചുംബിക്കും. അവനാണു മിശിഹാ. അവനെ നിങ്ങൾ ശ്രദ്ധാപൂർവം പിടിച്ചുകൊള്ളണം.

**പ്രസം.** അടുത്തെത്തിയ ഉടനെ യൂദാസ് ഇപ്രകാരം പറഞ്ഞുകൊണ്ട് ഈശോയെ ചുംബിച്ചു.

**മറു.** ഗുരോ, സ്വസ്തി.

**പ്രസം.** അപ്പോൾ ഈശോ അയാളോടു ചോദിച്ചു:

**ഈശോ:** സ്നേഹിതാ, നീ ഇതിനാണോ വന്നത്? യൂദാസേ, ചുംബിച്ചുകൊണ്ടു നീ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുകയാണോ?

SYRO MALABAR COMMISSION FOR LITURGY

| | |
|---|---|
| പ്രസം. | സംഭവിക്കാൻ പോകുന്നതെല്ലാം അറിഞ്ഞിരുന്ന ഈശോ അവരുടെയടുക്കലേക്കു ചെന്ന് ഇപ്രകാരം ചോദിച്ചു: |
| ഈശോ: | നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്? |
| പ്രസം. | അവർ അവിടത്തോടു പറഞ്ഞു: |
| സമൂ. | നസ്രായനായ ഈശോയെയാണ് ഞങ്ങൾ അന്വേഷിക്കുന്നത്. |
| പ്രസം. | ഈശോ അവരോട് അരുൾചെയ്തു: |
| ഈശോ: | അതു ഞാൻതന്നെയാകുന്നു. |
| പ്രസം. | അവിടത്തെ ഒറ്റിക്കൊടുത്ത യൂദാസും അക്കൂട്ടത്തിലുണ്ടായിരുന്നു. 'അതു ഞാൻതന്നെയാകുന്നു' എന്ന് അവിടന്ന് അരുൾചെയ്ത ക്ഷണത്തിൽ അവരെല്ലാവരും പുറകോട്ടു മറിഞ്ഞു വീണു. ഈശോ വീണ്ടും അവരോടു ചോദിച്ചു: |
| ഈശോ: | നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്? |
| പ്രസം. | അവർ വീണ്ടും പറഞ്ഞു: |
| സമൂ. | നസ്രായനായ ഈശോയെയാണ് ഞങ്ങൾ അന്വേഷിക്കുന്നത്. |
| പ്രസം. | അവിടന്ന് അവരോട് അരുൾചെയ്തു: |
| ഈശോ: | അതു ഞാൻതന്നെയാണെന്ന് നിങ്ങളോടു പറഞ്ഞുകഴിഞ്ഞല്ലോ. എന്നെയാണു നിങ്ങൾ അന്വേഷിക്കുന്നതെങ്കിൽ ഇവരെല്ലാം പൊയ്ക്കൊള്ളട്ടെ. |
| പ്രസം. | 'അങ്ങ് എന്നെ ഏല്പിച്ചിരുന്നവരിൽ ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല' എന്നുള്ള തന്റെ വചനം പൂർത്തിയാക്കാനാണ് അവിടന്ന് ഇപ്രകാരം പറഞ്ഞത്.<br><br>എന്താണു സംഭവിക്കാൻ പോകുന്നതെന്നു മനസ്സിലാക്കിയ ശിഷ്യന്മാർ അവിടത്തോടു ചോദിച്ചു: |
| മറു. | കർത്താവേ, ഞങ്ങളും വാളെടുക്കട്ടെയോ? |
| പ്രസം. | ശിമയോൻ പത്രോസിന്റെ കൈവശം ഒരു വാളുണ്ടായിരുന്നു. അയാൾ പെട്ടെന്ന് അത് ഊരി പ്രധാനാചാര്യന്റെ സേവകനെ വെട്ടി, അവന്റെ വലത്തുചെവി മുറിച്ചുകളഞ്ഞു. ആ സേവകന്റെ പേര് മാൽക്കൂസ് എന്നായിരുന്നു. അവന്റെ ചെവി തൊട്ടു സുഖപ്പെടുത്തിയശേഷം ഈശോ പത്രോസിനോട് അരുൾചെയ്തു: |

ഈശോ: വാൾ അതിന്റെ ഉറയിലിടുക. വാളെടുക്കുന്നവൻ വാളാൽ ത്തന്നെ മരിക്കും. ഞാൻ എന്റെ പിതാവിനോട് അപേക്ഷിച്ചാൽ ക്ഷണനേരംകൊണ്ട് പന്ത്രണ്ടിലേറെ വ്യൂഹം മാലാഖമാരെ അയച്ച് ശത്രുകരങ്ങളിൽനിന്ന് എന്നെ രക്ഷിക്കയില്ലെന്നാണോ നീ കരുതുന്നത്? അങ്ങനെ ചെയ്താൽ, ഇതെല്ലാം സംഭവി ക്കണമെന്ന തിരുവെഴുത്ത് എങ്ങനെ പൂർത്തിയാകും? എന്റെ പിതാവ് എനിക്കു തന്ന കാസ ഞാൻ കുടിക്കേണ്ടതല്ലയോ?

പ്രസം. അനന്തരം ഈശോ ആ ജനക്കൂട്ടത്തോട് അരുൾചെയ്തു:

ഈശോ: ഒരു കവർച്ചക്കാരനെ പിടിക്കാൻ എന്നവണ്ണം വാളുകളും വടികളുമായി നിങ്ങൾ ഇപ്പോൾ എന്റെയടുക്കൽ വന്നിരിക്കുന്നു. ഞാൻ എല്ലാ ദിവസവും ദൈവാലയത്തിൽ പഠിപ്പിച്ചിരുന്നവനല്ലേ? അന്നൊന്നും നിങ്ങൾ എന്നെ പിടികൂടിയില്ലല്ലോ? ഇതു നിങ്ങളുടെ സമയമാണ്. ഇത് അന്ധകാരത്തിന്റെ ഭരണമാണ്. പ്രവചന ങ്ങൾ പൂർത്തിയാകാൻ ഇങ്ങനെയെല്ലാം സംഭവിച്ചേ മതിയാവൂ.

പ്രസം. അപ്പോൾ സഹസ്രാധിപനും പട്ടാളക്കാരും യൂദന്മാരുടെ പരിചാരകരും ചേർന്ന് ഈശോയെ പിടിച്ചു ബന്ധിച്ചു. അതുകണ്ടു ശിഷ്യന്മാരെല്ലാവരും അവിടത്തെ ഉപേക്ഷിച്ച് ഓടിപ്പോയി. എന്നാൽ, ഒരു യുവാവ് ഈശോയെ അനുഗമിച്ചിരുന്നു. അവർ അയാളെ പിടികൂടി. ധരിച്ചിരുന്ന വസ്ത്രമുപേക്ഷിച്ച് അയാളും ഓടി രക്ഷപെട്ടു.

ഈശോയെ ആദ്യം അവർ അന്നാസിന്റെ പക്കലേക്കാണു കൊണ്ടുപോയത്. എന്തുകൊണ്ടെന്നാൽ, അയാൾ അക്കൊല്ലത്തെ മഹാപുരോഹിതനായിരുന്ന കയ്യാപ്പായുടെ ശ്വശുരനായിരുന്നു. 'ജനങ്ങൾ ഒന്നാകെ നശിക്കാതിരിക്കാൻ ഒരാൾ അവർക്കുപകരം മരിക്കുന്നതു നല്ലതാണെ'ന്ന് ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ള ഒരു മനുഷ്യനായിരുന്നു കയ്യാപ്പാ.

പ്രധാനാചാര്യൻ ഈശോയോട് അവിടത്തെ ശിഷ്യന്മാരെയും ഉപദേശത്തെയുംപറ്റി ചോദിച്ചു. ഈശോ ഇപ്രകാരം മറുപടി പറഞ്ഞു:

**ഈശോ:** **ഞാൻ ജനങ്ങളോടു പരസ്യമായിട്ടാണു സംസാരിച്ചിട്ടുള്ളത്. യൂദന്മാരുടെ സംഘത്തിലും ദൈവാലയത്തിലുമല്ലാതെ, രഹസ്യമായി ഞാൻ ഒന്നും പഠിപ്പിച്ചിട്ടില്ല. പിന്നെ എന്തിനാണ് എന്നോടു ചോദിക്കുന്നത്? ഞാൻ എന്തു പറഞ്ഞുവെന്ന് എന്റെ ശ്രോതാക്കളോടുതന്നെ ചോദിക്കുക. ഞാൻ പറഞ്ഞ തെല്ലാം അവർക്കറിയാമല്ലോ.**

**പ്രസം.** **അവിടന്ന് അങ്ങനെ അരുൾചെയ്തപ്പോൾ അടുത്തു നിന്നിരുന്ന ഒരു പരിചാരകൻ ഇപ്രകാരം ചോദിച്ചുകൊണ്ട് അവിടത്തെ കവിൾത്തടത്തിൽ അടിച്ചു.**

**മറു.** **ഇങ്ങനെയാണോ പ്രധാനാചാര്യനോടു മറുപടി പറയുന്നത്?**

**പ്രസം.** **ഈശോ അയാളോടു ചോദിച്ചു:**

**ഈശോ:** **ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതു കാണിച്ചുതരിക. തെറ്റൊന്നുമില്ലെങ്കിൽ പിന്നെ എന്തിനാണ് എന്നെയടിച്ചത്?**

**പ്രസം.** **അന്നാസ് ഈശോയെ ബന്ധിതനായിത്തന്നെ മഹാപുരോഹിത നായ കയ്യാപ്പായുടെ അടുക്കലേക്കയച്ചു. പ്രധാനാചാര്യന്മാരും നിയമജ്ഞന്മാരും ജനപ്രമാണികളുമെല്ലാം അവിടെ സമ്മേളി ച്ചിരുന്നു. പ്രധാനാചാര്യന്മാരും ന്യായാധിപ സംഘവും ഈ ശോയെ വധശിക്ഷയ്ക്കു വിധിക്കാനുള്ള തെളിവുണ്ടാക്കാൻ പരിശ്രമിക്കുകയായിരുന്നു. എന്നാൽ അതിൽ അവർ പരാജയ മടഞ്ഞു. പലരും അവനെതിരായി കള്ളസാക്ഷ്യം പറയാൻ തയ്യാറായിച്ചെന്നെങ്കിലും അവരുടെ സാക്ഷ്യങ്ങൾ തമ്മിൽ പൊരുത്തപ്പെടാതെ പോയി. അവസാനം രണ്ടു കള്ളസാക്ഷി കൾ ചെന്ന് ഇങ്ങനെ മൊഴി കൊടുത്തു:**

**സമൂ.** **'മനുഷ്യനിർമിതമായ ഈ ദൈവാലയം നശിപ്പിച്ച്, മൂന്നു ദിവസങ്ങൾക്കകം മനുഷ്യനിർമിതമല്ലാത്ത മറ്റൊന്നു ഞാൻ പണിയും' എന്ന് ഈ മനുഷ്യൻ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്.**

**പ്രസം.** **എന്നാൽ, അവിടെയും അവരുടെ സാക്ഷ്യങ്ങൾക്കു തമ്മിൽ പൊരുത്തമില്ലായിരുന്നു. മഹാപുരോഹിതൻ അവരുടെ മധ്യേ എഴുന്നേറ്റു നിന്നുകൊണ്ട് ഈശോയോടു ചോദിച്ചു:**

**മറു.** **ഈ മനുഷ്യരെല്ലാം നിനക്കെതിരായി നല്കുന്ന സാക്ഷ്യങ്ങളെ ക്കുറിച്ചു നിനക്കൊന്നും പറയാനില്ലേ?**

SYRO MALABAR COMMISSION FOR LITURGY

പ്രസം. ഈശോ യാതൊരു മറുപടിയും നല്കിയില്ല. മഹാപുരോഹിതൻ വീണ്ടും ചോദിച്ചു:

മറു. നീ ദൈവപുത്രനായ മിശിഹാതന്നെയോ എന്നു ഞങ്ങളോടു പറയണമെന്നു സജീവദൈവത്തിന്റെ നാമത്തിൽ ശപഥം ചെയ്തു ഞാൻ ആവശ്യപ്പെടുന്നു.

പ്രസം. ഈശോ അരുൾചെയ്തു:

ഈശോ: അങ്ങുതന്നെ അതു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. മനുഷ്യപുത്രൻ സർവശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും, വാനമേഘങ്ങളിൽ എഴുന്നള്ളിവരുന്നതും നിങ്ങൾ കാണുമെന്നു ഞാൻ നിങ്ങളോടു പറയുന്നു.

പ്രസം. അതു കേട്ടപ്പോൾ മഹാപുരോഹിതൻ തന്റെ വസ്ത്രങ്ങൾ വലിച്ചു കീറിക്കൊണ്ടു പറഞ്ഞു:

മറു. ഇവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. ഇനി, സാക്ഷികളെക്കൊണ്ട് നമുക്ക് എന്താവശ്യം? ഇവൻ ദൈവദൂഷണം പറയുന്നത് നിങ്ങൾതന്നെ കേട്ടല്ലോ. നിങ്ങളുടെ അഭിപ്രായം എന്താണ്?

പ്രസം. അവർ മറുപടി പറഞ്ഞു:

സമൂ. ഇവൻ മരണശിക്ഷയ്ക്ക് അർഹനാകുന്നു.

പ്രസം. പിന്നീട് അവർ അവിടത്തെ മുഖത്തു തുപ്പുകയും ഇടിക്കുകയും കരണത്ത് അടിക്കുകയും ചെയ്തു. കണ്ണുകൾ മൂടിക്കെട്ടിയ ശേഷം ഇപ്രകാരം ചോദിച്ചുകൊണ്ട് അവിടത്തെ അടിച്ചു.

സമൂ. നിന്നെ അടിച്ചത് ആരാണെന്നു പ്രവചിക്കുക.

പ്രസം. അവർ അവിടത്തേക്കെതിരായി പല ദൂഷണങ്ങളും പറഞ്ഞുകൊണ്ടിരുന്നു.

ശിമയോൻ പത്രോസും മറ്റൊരു ശിഷ്യനും മഹാപുരോഹിതന്റെ അങ്കണംവരെ ദൂരത്തുകൂടി ഈശോയെ അനുഗമിക്കുന്നുണ്ടായിരുന്നു. ആ ശിഷ്യനു മഹാപുരോഹിതനെ പരിചയമുണ്ടായിരുന്നതിനാൽ ഈശോയുടെകൂടെ മഹാപുരോഹിതന്റെ നടുമുറ്റത്തു പ്രവേശിക്കാൻ സാധിച്ചു. എന്നാൽ, പത്രോസ് പുറത്ത് വാതില്ക്കൽ നില്ക്കുകയായിരുന്നു. അതിനാൽ, മഹാപുരോഹിതനെ പരിചയമുണ്ടായിരുന്ന മറ്റേ ശിഷ്യൻ ചെന്നു വാതിൽ കാവല്ക്കാരിയോടു ശുപാർശ ചെയ്തു ശിമയോൻ പത്രോസിനെയും അകത്തു പ്രവേശിപ്പിച്ചു. ആ വാതിൽ കാവല്ക്കാരി ശിമയോനോടു ചോദിച്ചു:

മറു. താനും ആ മനുഷ്യന്റെ ഒരു ശിഷ്യനല്ലേ?

പ്രസം. പെട്ടെന്ന് അയാൾ മറുപടി പറഞ്ഞു:

മറു. ഞാൻ ആ മനുഷ്യന്റെ ശിഷ്യനല്ല.

പ്രസം. കാര്യങ്ങൾ എങ്ങനെ അവസാനിക്കുമെന്നു കാണാനായി ശിമയോൻ ഭൃത്യൻമാരോടുകൂടെ അകത്തു കാത്തിരുന്നു. കുളിരായിരുന്നതിനാൽ ഭൃത്യന്മാരും സേവകന്മാരും തീ കൂട്ടി കാഞ്ഞുകൊണ്ടിരുന്നു. ശിമയോനും അവരുടെകൂടെ തീ കായുകയായിരുന്നു. അപ്പോൾ മഹാപുരോഹിതന്റെ ഒരു പരിചാരിക ആ വഴി വന്നു. അവൾ ശിമയോനെ സൂക്ഷിച്ചു നോക്കിയശേഷം ഇങ്ങനെ ചോദിച്ചു:

മറു. താനും നസ്രായനായ ഈശോയുടെ കൂടെയുണ്ടായിരുന്ന വനല്ലേ?

പ്രസം. എല്ലാവരുടെയും മുമ്പിൽവച്ചു പത്രോസ് നിഷേധിച്ചു പറഞ്ഞു:

മറു. നീ പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല; ഞാൻ ആ മനുഷ്യനെ അറിയുകയില്ല.

പ്രസം. അനന്തരം, അയാൾ പടിവാതില്ക്കലേക്കു പോയി. അപ്പോൾ കോഴി കൂവി. അല്പം കഴിഞ്ഞ്, അവിടെ നിന്നിരുന്നവർ അടുത്തുചെന്നു പത്രോസിനോടും പറഞ്ഞു:

സമൂ. താനും അവരുടെ കൂടെയുള്ളവൻതന്നെ; സംശയമില്ല. തന്റെ സംസാര രീതിതന്നെ അതു തെളിയിക്കുന്നു.

പ്രസം. അപ്പോൾ ശിമയോൻ പത്രോസ് സത്യം ചെയ്ത് ആണയിട്ട് ഇങ്ങനെ പറഞ്ഞു:

മറു. ഞാൻ ആ മനുഷ്യനെ അറിയുകയില്ല.

പ്രസം. പ്രധാനാചാര്യന്റെ ഭൃത്യനും, പത്രോസ് ചെവി മുറിച്ചവന്റെ ചാർച്ചക്കാരനുമായ ഒരു മനുഷ്യൻ പത്രോസിനോടു പറഞ്ഞു:

മറു. തോട്ടത്തിൽവച്ച്, അയാളുടെകൂടെ, തന്നെയും ഞാൻ കണ്ടല്ലോ.

പ്രസം. പത്രോസ് അതും നിഷേധിച്ചു. അയാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ രണ്ടാം പ്രാവശ്യം കോഴി കൂവി. കർത്താവു തിരിഞ്ഞു പത്രോസിനെ നോക്കി. 'കോഴി കൂവുന്നതിനു മുമ്പു

SYRO MALABAR COMMISSION FOR LITURGY

മൂന്നുപ്രാവശ്യം നീ എന്നെ നിഷേധിച്ചു പറയും' എന്ന് അവിടന്ന് അരുൾച്ചെയ്തിരുന്നതു പത്രോസ് അപ്പോൾ ഓർത്തു. അയാൾ പുറത്തേക്കുപോയി ഹൃദയംനൊന്തു കരഞ്ഞു.

നേരം വെളുത്തപ്പോൾ പ്രധാനാചാര്യന്മാരും ജനപ്രമാണികളും നിയമജ്ഞരും ചേർന്ന് ഈശോയെ വധിക്കുന്നതിനെപ്പറ്റി ആലോചന നടത്തി. ന്യായാധിപസംഘത്തിൻമുമ്പാകെ അവനെ ഹാജരാക്കിയശേഷം അവർ അവനോട് ഇപ്രകാരം പറഞ്ഞു:

**സമൂ.** നീ മിശിഹായാണെങ്കിൽ അക്കാര്യം ഞങ്ങളോടു തുറന്നു പറയുക.

**പ്രസം.** അവൻ ഇങ്ങനെ മറുപടി പറഞ്ഞു:

**ഈശോ:** എന്റെ വാക്കു നിങ്ങൾ വിശ്വസിക്കയില്ല; എന്റെ ചോദ്യങ്ങൾക്കു നിങ്ങൾ മറുപടി പറയുകയുമില്ല. ഇന്നുമുതൽ മനുഷ്യപുത്രൻ സർവശക്തനായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കും.

**പ്രസം.** അവർ വീണ്ടും അവനോടു ചോദിച്ചു:

**സമൂ.** ആകയാൽ നീ ദൈവപുത്രനാണെന്നു പറയുകയാണോ?

**പ്രസം.** അവൻ ഉത്തരമരുളി:

**ഈശോ:** ഞാൻ ദൈവപുത്രനാണെന്ന് നിങ്ങൾതന്നെ പറഞ്ഞു കഴിഞ്ഞല്ലോ.

**പ്രസം.** അപ്പോൾ അവർ പറഞ്ഞു:

**സമൂ.** നമുക്കിനി സാക്ഷികളെക്കൊണ്ട് എന്താണാവശ്യം? നാം തന്നെ നേരിട്ട് കേട്ടുകഴിഞ്ഞല്ലോ.

**പ്രസം.** അവർ അവനെ ബന്ധിച്ചു ഗവർണറായിരുന്ന പന്തിയോസ് പീലാത്തോസിന്റെ മുമ്പാകെ ഹാജരാക്കി.

ഈശോ വിധിക്കപ്പെട്ട വിവരമറിഞ്ഞപ്പോൾ അവനെ ഒറ്റിക്കൊടുത്ത യൂദാസ് മനഃക്ലേശത്തോടെ ആ മുപ്പതു വെള്ളി നാണയങ്ങളുമായി പ്രധാനാചാര്യന്മാരുടെയും ജനപ്രമാണികളുടെയും അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു:

**മറു.** ഞാൻ പാപം ചെയ്തുപോയി; കുറ്റമില്ലാത്ത രക്തം ഞാൻ ഒറ്റിക്കൊടുത്തു.

പ്രസം. അവർ മറുപടി പറഞ്ഞു:

സമൂ. അതിനു ഞങ്ങളെന്തുവേണം? നീ പോയി നിന്റെ കാര്യം നോക്കിക്കൊള്ളുക.

പ്രസം. അവൻ ആ നാണയത്തുട്ടുകൾ ദൈവാലയത്തിലേക്കു വലിച്ചെറിഞ്ഞിട്ടു പോയി തൂങ്ങിച്ചത്തു.

പ്രധാനാചാര്യന്മാർ ആ നാണയത്തുട്ടുകൾ പെറുക്കിയെടുത്തിട്ട് ഇപ്രകാരം പറഞ്ഞു:

സമൂ. ഇതു രക്തത്തിന്റെ വിലയാകയാൽ നേർച്ചപ്പെട്ടിയിലിടുന്നതു ശരിയല്ല.

പ്രസം. അവർ കൂടിയാലോചിച്ചശേഷം ആ പണംകൊടുത്ത്, വിദേശികളെ സംസ്കരിക്കാൻ ഒരു കുശവന്റെ പറമ്പു വാങ്ങി. ആ സ്ഥലം ഇന്നും 'രക്തപ്പറമ്പ്' എന്ന പേരിലാണ് അറിയപ്പെടുന്നത്. 'വിലപ്പെട്ടവന്റെ വിലയായി ഇസ്രായേൽക്കാർ കണക്കാക്കിയ മുപ്പതു വെള്ളിനാണയമെടുത്ത്, കർത്താവ് എന്നോടു കല്പിച്ചതു പോലെ അവർ കുശവന്റെ പറമ്പിനു കൊടുത്തു' എന്നുള്ള ജെറമിയായുടെ പ്രവചനം അങ്ങനെ പൂർത്തിയായി.

നേരം പുലർച്ചെയായപ്പോൾ അവർ ഈശോയെ കയ്യാപ്പായുടെ ഭവനത്തിൽനിന്നു ഗവർണറുടെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി. അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടിയിരുന്നതിനാൽ അവരാരും കൊട്ടാരത്തിലേക്കു പ്രവേശിച്ചില്ല. അതിനാൽ പീലാത്തോസ് പുറത്തേക്കിറങ്ങിച്ചെന്ന് അവരോടു ചോദിച്ചു:

മറു. എന്തു കുറ്റമാണു നിങ്ങൾ ഈ മനുഷ്യന്റെമേൽ ആരോപിക്കുന്നത്?

പ്രസം. അതിന് അവർ ഇങ്ങനെ മറുപടി പറഞ്ഞു:

സമൂ. കുറ്റക്കാരനല്ലായിരുന്നുവെങ്കിൽ ഞങ്ങൾ അയാളെ അങ്ങയുടെ സമക്ഷം ഹാജരാക്കുകയില്ലായിരുന്നു.

പ്രസം. പീലാത്തോസ് അവരോടു പറഞ്ഞു:

മറു. അങ്ങനെയെങ്കിൽ നിങ്ങൾതന്നെ അയാളെ കൊണ്ടുപോയി നിങ്ങളുടെ നിയമമനുസരിച്ചു വിസ്തരിച്ചുകൊള്ളുവിൻ.

SYRO MALABAR COMMISSION FOR LITURGY

പ്രസം. ഉടനെ യൂദന്മാർ പീലാത്തോസിനോടു പറഞ്ഞു:

സമൂ. ആർക്കും മരണശിക്ഷ നല്കാൻ ഞങ്ങൾക്ക് അധികാരമില്ല.

പ്രസം. എങ്ങനെയാണു താൻ മരിക്കാൻ പോകുന്നതെന്നു സൂചിപ്പിച്ചു കൊണ്ട് ഒരിക്കൽ ഈശോ പറഞ്ഞ വാക്കുകൾ അങ്ങനെ നിറവേറുകയായിരുന്നു.

അനന്തരം, അവർ ഈശോയുടെമേൽ ഓരോ കുറ്റങ്ങൾ ആരോപിച്ചുതുടങ്ങി.

സമൂ. ഇയാൾ ജനങ്ങളെ വഴിതെറ്റിക്കുകയും സീസറിനു കപ്പംകൊടു ക്കുന്നതു തടയുകയും താൻ രാജാവായ മിശിഹായാണെന്നു പറയുകയും ചെയ്തതായി ഞങ്ങൾക്കറിയാം.

പ്രസം. അപ്പോൾ പീലാത്തോസ് അകത്തേക്കു പോയി ഈശോയെ വിളിച്ച് ഇപ്രകാരം ചോദിച്ചു:

മറു. നിങ്ങൾ യൂദന്മാരുടെ രാജാവാണോ?

പ്രസം. ഈശോ അരുൾചെയ്തു:

ഈശോ: ഇത് അങ്ങു സ്വയം ചോദിക്കുന്നുവോ, മറ്റുള്ളവർ എന്നെപ്പറ്റി പറഞ്ഞതുകൊണ്ടു ചോദിക്കുന്നുവോ?

പ്രസം. മറുപടിയായി പീലാത്തോസ് പറഞ്ഞു:

മറു. ഞാൻ ഒരു യൂദനല്ലല്ലോ. നിങ്ങളുടെ ആളുകളും പ്രധാനാ ചാര്യന്മാരുമല്ലേ നിങ്ങളെ എന്റെ മുമ്പിൽ ഹാജരാക്കിയത്? നിങ്ങൾ എന്തു കുറ്റമാണ് ചെയ്തത്?

പ്രസം. അപ്പോൾ ഈശോ അരുൾചെയ്തു:

ഈശോ: എന്റെ രാജ്യം ഐഹികമല്ല; ആയിരുന്നെങ്കിൽ ഞാൻ യൂദ ന്മാരുടെ കൈകളിൽ വീഴാതിരിക്കാൻ എന്റെ സേവകന്മാർ യുദ്ധം ചെയ്യുമായിരുന്നു. എന്റെ രാജ്യം ഇവിടെയല്ല.

പ്രസം. പീലാത്തോസ് വീണ്ടും ചോദിച്ചു:

മറു. അപ്പോൾ നിങ്ങൾ ഒരു രാജാവുതന്നെയാണെന്നോ?

പ്രസം. ഈശോ ഉത്തരമരുളി:

SYRO MALABAR COMMISSION FOR LITURGY

ഈശോ: ഞാൻ രാജാവാണെന്ന് അങ്ങുതന്നെ പറഞ്ഞു. സത്യത്തിനു സാക്ഷ്യം വഹിക്കാനാണ് ഞാൻ ജനിച്ചിരിക്കുന്നത്. അതിനു വേണ്ടിത്തന്നെയാണു ഞാൻ ലോകത്തിലേക്കു വന്നിരിക്കുന്നതും. സത്യത്തോടു ചേർന്നുനില്ക്കുന്നവരെല്ലാം എന്റെ ശബ്ദം കേൾക്കുന്നു.

പ്രസം. അപ്പോൾ പീലാത്തോസ് ചോദിച്ചു:

മറു. സത്യം എന്താകുന്നു?

പ്രസം. ചോദ്യം കഴിഞ്ഞ് ഉടൻതന്നെ പീലാത്തോസ് യൂദന്മാരുടെ നേരേ തിരിഞ്ഞ് പ്രധാനാചാര്യന്മാരോടും ജനസമൂഹത്തോടും ഇങ്ങനെ പറഞ്ഞു:

മറു. ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.

പ്രസം. അവർ വീണ്ടും ഈശോയിൽ കുറ്റം ആരോപിച്ചുതുടങ്ങി.

സമൂ. ഇയാൾ ഗ്ലീലാ മുതൽ ഇവിടെവരെ യൂദയാ രാജ്യത്തിലെങ്ങും പ്രസംഗിച്ച് ജനങ്ങളെ പ്രക്ഷോഭത്തിനു പ്രേരിപ്പിക്കുന്നു.

പ്രസം. 'ഗ്ലീലാ' എന്നു കേട്ട ഉടനെ പീലാത്തോസ് ചോദിച്ചു:

മറു. ഈ മനുഷ്യൻ ഗ്ലീലാക്കാരനാണോ?

പ്രസം. ഈശോ ഹേറോദേസിന്റെ അധികാരസീമയിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ പീലാത്തോസ് അവിടത്തെ ഹേറോദേസിന്റെ പക്കലേക്കയച്ചു. ഹേറോദേസ് അന്നു ജെറുസലെമിലുണ്ടായിരുന്നു.

ഈശോയെക്കണ്ടപ്പോൾ ഹേറോദേസ് വളരെ സന്തോഷിച്ചു. അദ്ദേഹം ഈശോയെക്കുറിച്ചു പലതും കേട്ടിട്ടുണ്ടായിരുന്നു. അവനെ ഒന്നു കാണാൻ ആഗ്രഹിച്ചിരിക്കുകയുമായിരുന്നു. അവൻ എന്തെങ്കിലും ഒരത്ഭുതം പ്രവർത്തിക്കുന്നതു കാണാമെന്ന് ഹേറോദേസ് പ്രതീക്ഷിച്ചു. ഹേറോദേസ് ഈശോയോടു പലതും ചോദിച്ചു. എന്നാൽ അവൻ ഒരു മറുപടിയും പറഞ്ഞില്ല. അവിടെയും, പ്രധാനാചാര്യന്മാരും നിയമജ്ഞരും ഈശോക്കെതിരായി ഓരോ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. അവസാനം, ഹേറോദേസും പടയാളികളുംകൂടി ഈശോയെ നിന്ദിച്ചു പരിഹസിക്കുകയും, വിലയേറിയ ഒരു വസ്ത്രം ധരിപ്പിച്ചു പീലാത്തോസിന്റെ പക്കലേക്കു തിരിച്ചയക്കുകയും ചെയ്തു. ശത്രുതയിൽക്കഴിഞ്ഞിരുന്ന ഹേറോദേസും പീലാത്തോസും അന്നുമുതൽ മിത്രങ്ങളായിത്തീർന്നു.

SYRO MALABAR LITURGY COMMISSION FOR

**പീലാത്തോസ് പ്രധാനാചാര്യന്മാരെയും ജനപ്രമാണികളെയും വിളിച്ചുകൂട്ടി ഇങ്ങനെ പറഞ്ഞു:**

മറു. **ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്ന കുറ്റമാരോപിച്ചാണല്ലോ നിങ്ങൾ ഈ മനുഷ്യനെ എന്റെ മുമ്പിൽ ഹാജരാക്കിയിരിക്കുന്നത്. നിങ്ങളുടെ മുമ്പിൽവച്ചുതന്നെ ഞാൻ ഇയാളെ വിസ്തരിച്ചു. എന്നാൽ നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളൊന്നും ഞാൻ ഇയാളിൽ കണ്ടില്ല. ഹേറോദേസിനും ഇയാളിൽ കുറ്റമൊന്നും കാണാൻ കഴിഞ്ഞില്ല. അദ്ദേഹം ഇയാളെ ഇങ്ങോട്ടുതന്നെ തിരിച്ചയക്കുകയാണല്ലോ ചെയ്തത്. മരണശിക്ഷയ്ക്ക് അർഹമായ കുറ്റമൊന്നും ഈ മനുഷ്യൻ ചെയ്തിട്ടില്ല. അതിനാൽ ചമ്മട്ടി കൊണ്ട് അടിപ്പിച്ച് ഇയാളെ ഞാൻ വിട്ടയക്കും.**

പ്രസം. **എല്ലാ പെസഹാത്തിരുനാളിലും ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു തടവുകാരനെ ഗവർണർ മോചിപ്പിക്കുക പതിവായിരുന്നു. അതനുസരിച്ച്, ആളെ മോചിപ്പിക്കാൻ ജനങ്ങൾ ആവശ്യപ്പെട്ടു തുടങ്ങി.**

**ഒരു കലാപത്തിനിടയിൽ കൊലപാതകം നടത്തിയ കുറ്റത്തിനു പ്രക്ഷോഭകാരികളുടെകൂടെ കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്ന ബറാബാസ് എന്ന കുപ്രസിദ്ധ തടവുകാരനുണ്ടായിരുന്നു. ജനങ്ങൾ കൂട്ടംകൂടിയപ്പോൾ പീലാത്തോസ് അവരോടു ചോദിച്ചു:**

മറു. **പെസഹാത്തിരുനാളിൽ ഒരു തടവുകാരനെ മോചിപ്പിക്കുക പതിവുണ്ടല്ലോ. ഞാൻ ആരെയാണു മോചിപ്പിക്കേണ്ടത്? ബറാബാസിനേയൊ, മിശിഹാ എന്നു വിളിക്കപ്പെടുന്ന ഈശോയേയോ?**

പ്രസം. **അവർ ഈശോയെ പിടിച്ചേല്പിച്ചത് അവരുടെ അസൂയ കൊണ്ടാണെന്ന് പീലാത്തോസിന് അറിയാമായിരുന്നു.**

**പീലാത്തോസ് ന്യായാസനത്തിലിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ആളയച്ച് ഇപ്രകാരം അറിയിച്ചു:**

മറു. **ആ നീതിമാനെ ഒന്നും ചെയ്യരുത്. അദ്ദേഹത്തെപ്രതി സ്വപ്നത്തിൽ ഞാൻ വളരെ വേദനയനുഭവിച്ചു.**

പ്രസം. **എന്നാൽ, പ്രധാനാചാര്യന്മാരും ജനപ്രമാണികളും ബറാബാസിനെ മോചിപ്പിക്കുന്നതിനും, ഈശോയെ വധിക്കുന്നതിനും മുറവിളികൂട്ടാൻ ജനങ്ങളെ പ്രേരിപ്പിച്ചിരുന്നു. പീലാത്തോസ് ജനങ്ങളോട് ഇങ്ങനെ ചോദിച്ചു:**

മറു. **ഈ രണ്ടുപേരിൽ ആരെ മോചിപ്പിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?**

പ്രസം. **അവർ ഒന്നടങ്കം വിളിച്ചുപറഞ്ഞു:**

സമൂ. **ഈശോയെ വധിക്കുക; ബറാബാസിനെ മോചിപ്പിക്കുക.**

പ്രസം. **ഈശോയെ മോചിപ്പിക്കണമെന്നുള്ള ആഗ്രഹത്തോടെ പീലാത്തോസ് വീണ്ടും അവരോടു ചോദിച്ചു:**

മറു. **യൂദന്മാരുടെ രാജാവെന്നു വിളിക്കുന്ന ഈശോയെ ഞാൻ എന്തു ചെയ്യണം?**

പ്രസം. **അപ്പോൾ എല്ലാവരുംകൂടി വിളിച്ചുപറഞ്ഞു:**

സമൂ. **അവനെ കുരിശിൽ തറയ്ക്കുക; അവനെ കുരിശിൽ തറയ്ക്കുക.**

പ്രസം. **മൂന്നാം പ്രാവശ്യം പീലാത്തോസ് അവരോടു ചോദിച്ചു:**

മറു. **ഈ മനുഷ്യൻ എന്തു കുറ്റമാണു ചെയ്തത്? വധശിക്ഷ അർഹിക്കുന്ന യാതൊരു കുറ്റവും ഞാൻ ഇയാളിൽ കാണുന്നില്ല.**

പ്രസം. **അവരാകട്ടെ, അവനെ കുരിശിൽ തറയ്ക്കണമെന്നു ശാഠ്യഭാവത്തോടെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. അവരുടെ മുറവിളിക്കു ശക്തി കൂടിവരികയും ചെയ്തു.**

**അവസാനം പീലാത്തോസ് ജനങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി അവരുടെ ആഗ്രഹത്തിനു വഴങ്ങിക്കൊടുത്തു. കവർച്ചയും കൊലപാതകവുംമൂലം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നവനെ, അവരുടെ ആവശ്യപ്രകാരം, അദ്ദേഹം സ്വതന്ത്രനാക്കി. ഈശോയെ അവരുടെ ഹിതത്തിനു വിട്ടുകൊടുക്കുകയും ചെയ്തു. അനന്തരം പീലാത്തോസ് ഈശോയെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു.**

**പടയാളികൾ ഈശോയെ കൊട്ടാരത്തിന്റെ അങ്കണത്തിലേക്കു കൊണ്ടുപോയി. സൈന്യങ്ങളെയെല്ലാം അവിടെ വിളിച്ചു കൂട്ടി. അനന്തരം അവന്റെ വസ്ത്രങ്ങൾ മാറ്റി ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു മുടിയുണ്ടാക്കി ശിരസ്സിന്മേൽ വച്ചു; വലത്തുകൈയിൽ ഒരു ഞാങ്കണയും കൊടുത്തു. പിന്നീട്**

SYRO MALABAR COMMISSION FOR LITURGY

അവർ അവന്റെ മുമ്പിൽ മുട്ടുകുത്തി 'യൂദന്മാരുടെ രാജാവേ, വന്ദനം' എന്നുപറഞ്ഞ് പരിഹസിച്ചു. അവന്റെ കരണത്ത് അടിച്ചു. അനന്തരം ഞാങ്കണയെടുത്തു ശിരസ്സിലടിക്കുകയും തുപ്പുകയും ചെയ്തു.

പീലാത്തോസ് വീണ്ടും പുറത്തേക്കുചെന്ന് അവരോടു പറഞ്ഞു:

**മറു.** ഞാൻ അയാളിൽ കുറ്റമൊന്നും കാണുന്നില്ലെന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്താൻ വേണ്ടി, അയാളെ ഇപ്പോൾ നിങ്ങളുടെ അടുക്കലേക്കു ഞാൻ കൊണ്ടുവരികയാണ്.

**പ്രസം.** മുൾക്കിരീടവും ചുവന്ന മേലങ്കിയും ധരിച്ചിരുന്ന ഈശോയെ ഉടനെ പുറത്തേക്കു കൊണ്ടുചെന്നു. അപ്പോൾ പീലാത്തോസ് അവരോടു പറഞ്ഞു:

**മറു.** ഇതാണ് ആ മനുഷ്യൻ.

**പ്രസം.** പ്രധാനാചാര്യന്മാരും പരിചാരകരും അവിടത്തെ കണ്ടപ്പോൾ അട്ടഹസിച്ചു പറഞ്ഞു:

**സമൂ.** അവനെ കുരിശിൽ തറയ്ക്കുക; അവനെ കുരിശിൽ തറയ്ക്കുക.

**പ്രസം.** പീലാത്തോസ് പ്രതിവചിച്ചു:

**മറു.** നിങ്ങൾതന്നെ അയാളെ കൊണ്ടുപോയി കുരിശിൽ തറച്ചു കൊള്ളുവിൻ. ഞാൻ അയാളിൽ കുറ്റമൊന്നും കാണുന്നില്ല.

**പ്രസം.** അപ്പോൾ യൂദന്മാർ പീലാത്തോസിനോടു പറഞ്ഞു:

**സമൂ.** ഞങ്ങൾക്ക് ഒരു നിയമമുണ്ട്. ആ നിയമമനുസരിച്ച് അവൻ വധശിക്ഷയ്ക്ക് അർഹനാകുന്നു. എന്തുകൊണ്ടെന്നാൽ, താൻ ദൈവപുത്രനാണെന്ന് അവൻ അവകാശപ്പെടുന്നു.

**പ്രസം.** അതു കേട്ടപ്പോൾ പീലാത്തോസ് അത്യധികം ഭയപ്പെട്ടു. അതിനാൽ വീണ്ടും അകത്തുചെന്ന് അദ്ദേഹം ഈശോയോടു ചോദിച്ചു:

**മറു.** നിങ്ങൾ ആരാകുന്നു?

**പ്രസം.** ഈശോ അതിനു മറുപടി നല്കിയില്ല. പീലാത്തോസ് വീണ്ടും അവിടത്തോടു ചോദിച്ചു:

SYRO MALABAR LITURGY COMMISSION FOR

മറു. എന്നോടു നിങ്ങൾ മറുപടി പറയുകയില്ലേ? നിങ്ങളെ കുരിശിൽ തറയ്ക്കാനും വിട്ടയക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടേ?

പ്രസം. ഈശോ ഇപ്രകാരം മറുപടി പറഞ്ഞു:

ഈശോ: ഉന്നതത്തിൽനിന്നു നല്കപ്പെടാതിരുന്നെങ്കിൽ അങ്ങേക്ക് എന്റെമേൽ അധികാരമൊന്നും ഉണ്ടാകുമായിരുന്നില്ല. ആകയാൽ എന്നെ അങ്ങയുടെ പക്കൽ ഏല്പിച്ചവനാണ് അങ്ങയെക്കാൾ വലിയ കുറ്റക്കാരൻ.

പ്രസം. തന്മൂലം പീലാത്തോസ് അവനെ മോചിപ്പിക്കാൻ ആഗ്രഹിച്ചു. എന്നാൽ യൂദന്മാർ ഇങ്ങനെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു:

സമൂ. അവനെ വിട്ടയക്കുന്നപക്ഷം അങ്ങു സീസറിന്റെ സ്നേഹിതനല്ല. സ്വയം രാജാവാകാൻ ശ്രമിക്കുന്നവരെല്ലാം സീസറിന്റെ ശത്രുക്കളാകുന്നു.

പ്രസം. അതുകേട്ടപ്പോൾ പീലാത്തോസ് വീണ്ടും ഈശോയെ പുറത്തേക്കു കൊണ്ടുചെന്നു. ഹീബ്രുഭാഷയിൽ 'ഗബാത്ത' എന്നുപറയുന്ന കൽത്തളത്തിൽ അദ്ദേഹം ഉപവിഷ്ടനായി. അന്നു പെസഹാവെള്ളിയാഴ്ചയായിരുന്നു. സമയം ഏകദേശം പന്ത്രണ്ടു മണിയായി. പീലാത്തോസ് യൂദന്മാരോടു പറഞ്ഞു:

മറു. ഇതാ നിങ്ങളുടെ രാജാവ്.

പ്രസം. അതു കേട്ടപ്പോൾ അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:

സമൂ. അവനെ കൊണ്ടുപോവുക; അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കുക.

പ്രസം. പീലാത്തോസ് അവരോടു ചോദിച്ചു:

മറു. എന്ത്? നിങ്ങളുടെ രാജാവിനെ ഞാൻ കുരിശിൽ തറയ്ക്കണമെന്നോ?

പ്രസം. അതിനു പ്രധാനാചാര്യന്മാരാണു മറുപടി പറഞ്ഞത്.

സമൂ. സീസറല്ലാതെ ഞങ്ങൾക്കു മറ്റൊരു രാജാവില്ല.

പ്രസം. തന്റെ പരിശ്രമമെല്ലാം നിഷ്ഫലമാവുകയാണെന്നും, കലഹം വർധിക്കാനാണു സാധ്യതയെന്നും പീലാത്തോസിനു മനസ്സിലായി. അതിനാൽ അദ്ദേഹം വെള്ളമെടുത്തു ജനങ്ങളുടെ മുമ്പിൽവച്ചു കൈകൾ കഴുകിക്കൊണ്ടു പറഞ്ഞു:

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

മറു. ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല.

പ്രസം. അതുകേട്ടു ജനങ്ങൾ വിളിച്ചുപറഞ്ഞു:

സമൂ. അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും വീണുകൊള്ളട്ടെ.

പ്രസം. പീലാത്തോസ് ഉടനെ ഈശോയെ ക്രൂശിക്കാനായി അവർക്ക് ഏല്പിച്ചുകൊടുത്തു. അവർ അവനെ പിടിച്ചു, ചുവന്ന മേലങ്കി മാറ്റി, സ്വന്തം വസ്ത്രങ്ങൾ ധരിപ്പിച്ച്, കുരിശിൽ തറയ്ക്കാൻ കൊണ്ടുപോയി. അവൻ കുരിശും ചുമന്നുകൊണ്ട് 'കപാലം' എന്ന സ്ഥലത്തേക്കു നടന്നു. ഹീബ്രു ഭാഷയിൽ അതു 'ഗാഗുൽത്താ' എന്ന പേരിലാണ് അറിയപ്പെടുന്നത്.

വഴിക്കുവെച്ച് അവർ കിറേനേക്കാരനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. അയാളുടെ പേര് ശിമയോൻ എന്നായിരുന്നു. അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവായ ആ മനുഷ്യൻ വയലിൽനിന്നു വരികയായിരുന്നു. ഈശോയുടെ കുരിശു ചുമക്കാൻ അവർ അയാളെ നിർബന്ധിക്കുകയും, അതു വഹിച്ചുകൊണ്ടു പുറകേ ചെല്ലാൻ അത് അയാളുടെ മേൽ വച്ചുകൊടുക്കുകയും ചെയ്തു.

വലിയൊരു ജനക്കൂട്ടം ഈശോയെ അനുഗമിച്ചു. അവനെക്കുറിച്ചു കരയുകയും പ്രലപിക്കുകയും ചെയ്തിരുന്ന അനേകം സ്ത്രീകളും അക്കൂട്ടത്തിലുണ്ടായിരുന്നു. അവൻ അവരുടെനേരേ തിരിഞ്ഞ് ഇങ്ങനെ അരുൾചെയ്തു:

ഈശോ: ജെറുസലെം പുത്രിമാരേ, നിങ്ങൾ എന്നെപ്രതി കരയേണ്ടാ; നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഓർത്തു കരയുവിൻ. 'വന്ധ്യകൾക്കും, ഗർഭം ധരിക്കാത്ത ഉദരങ്ങൾക്കും, പാലൂട്ടാത്ത പയോധരങ്ങൾക്കും ഭാഗ്യം' എന്നു മനുഷ്യർ പറയുന്ന കാലം വരുന്നു. അന്ന് അവർ പർവതങ്ങളോടു 'ഞങ്ങളുടെമേൽ വീഴുവിൻ ' എന്നും മലകളോടു 'ഞങ്ങളെ മൂടുവിൻ' എന്നും പറഞ്ഞുതുടങ്ങും. പച്ചമരത്തോട് ഇതാണു ചെയ്യുന്നതെങ്കിൽ ഉണക്കമരത്തിന് എന്താണു സംഭവിക്കുക?

പ്രസം. വധിക്കപ്പെടാനുള്ള രണ്ടു കുറ്റവാളികളെയും ഈശോയുടെ കൂടെ അവർ കൊണ്ടുപോയിരുന്നു. ഗാഗുൽത്തായിൽ എത്തിയപ്പോൾ മീറ കലർത്തിയ വീഞ്ഞ് അവിടത്തേക്കു കുടിക്കാൻ കൊടുത്തു. അവിടന്ന് അതു രുചിച്ചുനോക്കി; എങ്കിലും കുടിച്ചില്ല.

**അനന്തരം, അവർ ഈശോയെ കുരിശിൽ തറച്ചു. വലത്തും ഇടത്തുമായി രണ്ടു കള്ളന്മാരെയും കുരിശിൽ തറച്ചു. 'ദുഷ്ടന്മാരുടെകൂടെ അവിടന്ന് എണ്ണപ്പെട്ടു' എന്ന തിരുവെഴുത്ത് അങ്ങനെ നിറവേറുകയും ചെയ്തു.**

ക്രൂശിതരൂപം / സ്ലീവാ മൂടിയിരിക്കുന്ന വിരി മാറ്റുന്നു; മരമണി അടിക്കുന്നു.

താഴെവരുന്ന സങ്കീർത്തനം (22) സമൂഹം രണ്ടുഗണമായി ചൊല്ലുന്നു. (നിന്ദനങ്ങളുടെമധ്യേ മിശിഹാ പറയുന്നതായി ദാവീദ് രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകളാണ് ഇവ).

## സങ്കീർത്തനം 22

**ഞാൻ മനുഷ്യനല്ലാ, കൃമിയാകുന്നു;
മനുഷ്യരുടെ നിന്ദാവിഷയവും
ജനങ്ങളുടെ പരിഹാസപാത്രവുമാകുന്നു.**

**എന്നെ കണ്ടവരെല്ലാം എന്നെ അവഹേളിച്ചു;
വികൃതമായ ആംഗ്യങ്ങളോടെ അവർ തലയാട്ടി.**

**കർത്താവു രക്ഷിക്കുമെന്ന് അവൻ പ്രത്യാശിച്ചു;
അവനിൽ സംപ്രീതനെങ്കിൽ
കർത്താവ് അവനെ രക്ഷിക്കട്ടെ.**

**ഗർഭപാത്രംമുതൽ അങ്ങാണ് എന്റെ ആശ്രയം;
മുലകുടിക്കുന്ന കാലംമുതൽ എന്റെ പ്രത്യാശയും.**

**ജനനത്തിൽത്തന്നെ ഞാൻ അങ്ങേയ്ക്കേല്പിക്കപ്പെട്ടു;
അമ്മയുടെ ഉദരംമുതൽ അങ്ങ് എന്റെ ദൈവമാകുന്നു.**

**അങ്ങ് എന്നിൽനിന്ന് അകന്നിരിക്കരുതേ;
എന്തുകൊണ്ടെന്നാൽ, ദുരിതം അടുത്തെത്തിയിരിക്കുന്നു;
എന്നെ സഹായിക്കാൻ ആരുമില്ല.**

**വെള്ളംപോലെ ഞാൻ ഒഴുക്കപ്പെട്ടു;
എന്റെ അസ്ഥികളെല്ലാം ചിതറിക്കപ്പെട്ടു.**

**എന്റെ ഹൃദയം മെഴുകിനു തുല്യമായി;
കുടലുകൾ ജീർണിച്ചുതുടങ്ങി.**

**എന്റെ ശക്തി കുശവന്റെ മൺപാത്രംപോലെ ഉണങ്ങിവരണ്ടു;
നാവ് തൊണ്ടയോട് ഒട്ടിച്ചേർന്നു;
മരണത്തിന്റെ പൂഴിയിൽ അങ്ങ് എന്നെ വലിച്ചെറിഞ്ഞു.**

SYRO MALABAR COMMISSION FOR LITURGY

എന്റെ കൈകളും കാലുകളും അവർ തുളച്ചു;
അസ്ഥികളെല്ലാം എണ്ണാറായി;
അവർ എന്നെ തുറിച്ചുനോക്കി.

എന്റെ വസ്ത്രം അവർ ഭാഗിച്ചെടുത്തു;
അങ്കിക്കുവേണ്ടി അവർ നറുക്കിട്ടു.

വായന തുടരുന്നു

പ്രസം. മൂന്നു മണിക്കാണ് അവർ ഈശോയെ കുരിശിൽ തറച്ചത്. കുരിശിൽ കിടന്നുകൊണ്ട് അവൻ ഇപ്രകാരം അരുൾചെയ്തു:

ഈശോ: പിതാവേ, ഇവരോടു ക്ഷമിക്കണമേ; എന്തുകൊണ്ടെന്നാൽ, തങ്ങൾ എന്താണു ചെയ്യുന്നതെന്ന് ഇവർ അറിയുന്നില്ല.

പ്രസം. ഈശോയുടെ പേരിലുണ്ടായ ആരോപണം പീലാത്തോസ് ഒരു പലകമേൽ എഴുതിക്കൊടുത്തത് അവിടത്തെ കുരിശിന്മേൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ആ എഴുത്ത് ഇങ്ങനെയായിരുന്നു: 'യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ.'

അവിടത്തെ കുരിശിൽ തറച്ച സ്ഥലം പട്ടണത്തിനു സമീപമായിരുന്നതിനാൽ യൂദന്മാരിൽ പലരും അതു വായിച്ചു. ഹീബ്രു, ലത്തീൻ, ഗ്രീക്ക് എന്നീ മൂന്നു ഭാഷകളിലും അത് എഴുതപ്പെട്ടിരുന്നു. അതിനാൽ പ്രധാനാചാര്യന്മാർ ചെന്നു പീലാത്തോസിനോടു പറഞ്ഞു:

സമൂ. 'യൂദന്മാരുടെ രാജാവ്' എന്നല്ല 'താൻ യൂദന്മാരുടെ രാജാവാണെന്ന് അവൻ പറഞ്ഞു' എന്നാണ് എഴുതേണ്ടത്.

പ്രസം. പീലാത്തോസ് മറുപടി പറഞ്ഞു:

മറു. ഞാൻ എഴുതിയത് എഴുതിയതുതന്നെ.

പ്രസം. ഈശോയെ കുരിശിൽ തറച്ചശേഷം പടയാളികൾ അവന്റെ വസ്ത്രങ്ങൾ നാലായി പങ്കിട്ടെടുത്തു. അവന്റെ മേലങ്കി മുകൾമുതൽ അടിവരെ നെയ്യപ്പെട്ടതായിരുന്നതിനാൽ അവർ പറഞ്ഞു:

സമൂ. അതു കീറേണ്ടാ; അത് ആർക്കുള്ളതായിരിക്കണമെന്നു നമുക്ക് നറുക്കിട്ടു നിശ്ചയിക്കാം.

SYRO MALABAR LITURGY COMMISSION FOR

പ്രസം. 'എന്റെ വസ്ത്രങ്ങൾ അവർ പങ്കിട്ടെടുത്തു; എന്റെ മേലങ്കിക്കായി അവർ നറുക്കിട്ടു' എന്ന തിരുവെഴുത്തു നിറവേറണമല്ലോ. അതുകൊണ്ടാണു പടയാളികൾ ഇങ്ങനെയെല്ലാം ചെയ്യാനിടയായത്.

പടയാളികൾ ഈശോയുടെപക്കൽ കാവലിരുന്നു. സംഭവിച്ചതെല്ലാം നോക്കിക്കൊണ്ടു ജനങ്ങൾ അവിടെത്തന്നെ നിന്നു. വഴിയേ കടന്നുപോയിരുന്നവർ പുച്ഛഭാവത്തിൽ തല കുലുക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:

സമൂ. നീ ദൈവാലയം നശിപ്പിച്ചിട്ടു മൂന്നു ദിവസംകൊണ്ട് വീണ്ടും അതു പണിയുന്നവനല്ലേ? നീ നിന്നെത്തന്നെ രക്ഷിക്കുക.

പ്രസം. അപ്രകാരംതന്നെ, പ്രധാനാചാര്യന്മാരും നിയമജ്ഞരും ജനപ്രമാണികളും പരിഹാസഭാവത്തിൽ പരസ്പരം ഇങ്ങനെ പറഞ്ഞു:

സമൂ. ഇവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്തന്നെ രക്ഷിക്കാൻ ഇവനു കഴിയുന്നില്ലല്ലോ. ഇസ്രായേലിന്റെ രാജാവായ മിശിഹാ കുരിശിൽനിന്ന് ഇറങ്ങിവരട്ടെ. അതുകണ്ട് നമുക്കും അവനിൽ വിശ്വസിക്കാം. ഇവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മിശിഹായാണെങ്കിൽ തന്നെത്തന്നെ രക്ഷിക്കട്ടെ. ഇവൻ ദൈവത്തെ ആശ്രയിച്ചിരുന്നല്ലോ. അവിടന്ന് ഇവനിൽ സംപ്രീതനാണെങ്കിൽ ഇപ്പോൾ ഇവനെ രക്ഷിക്കട്ടെ. താൻ ദൈവപുത്രനാണെന്നല്ലേ ഇവൻ പറഞ്ഞിരുന്നത്?

പ്രസം. പടയാളികളും ഈശോയെ പരിഹസിച്ചിരുന്നു. ചുറുക്കാ കൊടുക്കാൻ അടുത്തുചെന്നപ്പോൾ അവർ ഇപ്രകാരം പറഞ്ഞു:

സമൂ. നീ യൂദന്മാരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെരക്ഷിക്കുക.

പ്രസം. ഈശോയോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന കള്ളന്മാർപോലും അവനെ നിന്ദിക്കുകയാണു ചെയ്തത്. അവരിൽ ഒരുവൻ പുച്ഛഭാവത്തിൽ അവനോട് ഇങ്ങനെ പറഞ്ഞു:

മറു. നീ മിശിഹായാണെങ്കിൽ നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്കുക.

പ്രസം. അതുകേട്ട മറ്റവൻ അവനെ ശകാരിച്ചു:

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

മറു. നിനക്കു ദൈവത്തെപ്പോലും ഭയമില്ലേ? നിനക്കും ആ മനുഷ്യനും ഒരേ ശിക്ഷയല്ലേ ലഭിച്ചിരിക്കുന്നത്? നമ്മുടെ കാര്യം പറഞ്ഞാൽ നാം അതിന് അർഹരാണ്. എന്നാൽ, അദ്ദേഹം ഒരു കുറ്റവും ചെയ്തിട്ടില്ല.

പ്രസം. അനന്തരം അവൻ ഈശോയോട് ഇങ്ങനെ അപേക്ഷിച്ചു:

മറു. ഈശോയേ, അങ്ങയുടെ രാജ്യത്തിൽ വരുമ്പോൾ എന്നെക്കൂടെ ഓർക്കണമേ.

പ്രസം. ഈശോ അവനോട് അരുൾച്ചെയ്തു:

ഈശോ: നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കുമെന്നു നിന്നോടു ഞാൻ വാഗ്ദാനം ചെയ്യുന്നു.

പ്രസം. ഈശോയുടെ കുരിശിനടുത്ത് അവിടത്തെ അമ്മയും, അമ്മയുടെ സഹോദരിയും, ക്ലെയോപ്പാസിന്റെ ഭാര്യയായ മറിയവും, മഗ്ദലേനമറിയവും നിന്നിരുന്നു. അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും സമീപത്തു നില്ക്കുന്നതു കണ്ടപ്പോൾ ഈശോ അമ്മയോട് അരുൾചെയ്തു:

ഈശോ: സ്ത്രീയേ, ഇതാ നിന്റെ മകൻ.

പ്രസം. അനന്തരം അവിടന്ന് ആ ശിഷ്യനോട് അരുൾചെയ്തു:

ഈശോ: ഇതാ, നിന്റെ അമ്മ.

പ്രസം. ഉടൻതന്നെ ആ ശിഷ്യൻ അവളെ സ്വീകരിച്ചു.

സമയം ആറുമണിയായി. പെട്ടെന്നു സൂര്യൻ ഇരുണ്ടുപോയി. ഒൻപതുമണിവരെ നാടുമുഴുവൻ അന്ധകാരമായിരുന്നു. ഏകദേശം ഒൻപതുമണിയായപ്പോൾ ഈശോ ഉച്ചത്തിൽ നിലവിളിച്ചു:

ഈശോ: 'ഏൽ, ഏൽ, ല്മാ ശബ്ക്ത്താനി'; എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടാണ് അങ്ങ് എന്നെ ഉപേക്ഷിച്ചത്?

പ്രസം. അടുത്തുനിന്നിരുന്നവർ അതുകേട്ട് ഇങ്ങനെ പറഞ്ഞു:

മറു. ഇതാ, അവൻ ഏലിയായെ വിളിക്കുന്നു.

പ്രസം. അനന്തരം, സമസ്തവും നിറവേറിക്കഴിഞ്ഞുവെന്നു ഗ്രഹിച്ച് വിശുദ്ധ ലിഖിതത്തിന്റെ പൂർത്തീകരണത്തിനായി ഈശോ ഇപ്രകാരം അരുൾചെയ്തു:

**ഈശോ:** **എനിക്കു ദാഹിക്കുന്നു.**

**പ്രസം.** **ചുറുക്കാ നിറച്ച ഒരു പാത്രം അവിടെയുണ്ടായിരുന്നു. ഉടനെ ഒരാൾ ഓടിച്ചെന്നു നീർപ്പഞ്ഞിയെടുത്തു ചുറുക്കായിൽ മുക്കി ഒരു ഞാങ്കണമേൽ വച്ചുകെട്ടി അവന്റെ അധരത്തോട് അടുപ്പിച്ചു. അതുകണ്ട് മറ്റുള്ളവർ പറഞ്ഞു:**

**സമൂ.** **നില്ക്കൂ; ഏലിയാ അവനെ രക്ഷിക്കാൻ വരുമോ എന്നു കാണട്ടെ.**

**പ്രസം.** **ഈശോ ചുറുക്കാ രുചിച്ചശേഷം ഇങ്ങനെ അരുൾച്ചെയ്തു:**

**ഈശോ:** **എല്ലാം പൂർത്തിയായിരിക്കുന്നു.**

**പ്രസം.** **അവൻ വീണ്ടും ഉറക്കെ നിലവിളിച്ചു പറഞ്ഞു:**

**ഈശോ:** **പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.**

**സ്വരമുയർത്തി വായിക്കുന്നു.**

**പ്രസം.** **അനന്തരം, അവൻ തലചായിച്ച് ആത്മാവിനെ സമർപ്പിക്കുകയും ചെയ്തു.**

സുവിശേഷവായന / പീഡാനുഭവചരിത്രവായനയ്ക്കുശേഷം മരമണി അടിക്കുന്നു. എല്ലാവരും മുട്ടുകുത്തിയാരാധിച്ചു താഴെക്കാണുന്ന ഗീതം മൂന്നു പ്രാവശ്യം പാടുന്നു. കാർമ്മികൻ അതിനുശേഷം സ്ലീവായെ / ക്രൂശിതരൂപത്തെ ധൂപിക്കുന്നു.

## ഗാനം

**കുരിശിനാലേ ലോകമൊന്നായ്**
**വീണ്ടെടുത്തവനേ,**
**താണു ഞങ്ങൾ വണങ്ങുന്നു**
**ദിവ്യപാദങ്ങൾ. (3)**

## വചനസന്ദേശം

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

### ഒന്നാം കാറോസൂസ

(എല്ലാവരും മുട്ടുകുത്തുന്നു)

**ശുശ്രൂ.** നമുക്കെല്ലാവർക്കും മുട്ടുകുത്തി അനുതാപത്തോടും ശ്രദ്ധയോടും കൂടെ 'മിശിഹായേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

**സമൂ.** മിശിഹായേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** അനുതാപത്തിന്റെ വഴിയിലേക്കു പാപികളെ വിളിക്കാൻ വന്ന മിശിഹായേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** തന്റെ മുറിവുകളാൽ ഞങ്ങളുടെ മുറിവുകൾ സുഖമാക്കുകയും തന്റെ മരണത്താൽ മരണത്തിന്മേൽ വിജയം വരിക്കുകയും ചെയ്ത, ജീവിക്കുന്നവനായ മിശിഹായേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** പീഡാനുഭവത്തിന്റെയും മരണത്തിന്റെയും വേളയിൽ സൂര്യചന്ദ്രന്മാർ മുഖം മറയ്ക്കുന്നതിനും സൃഷ്ടജാലങ്ങൾ വിലപിക്കുന്നതിനും ഇടയാക്കിയ മിശിഹായേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** കുരിശുമരണത്താൽ സ്വർഗവാസികളെ സമാശ്വസിപ്പിക്കുകയും തന്നെ ക്രൂശിച്ചവരെപ്പോലും നാശത്തിൽനിന്നു രക്ഷിക്കുകയും ചെയ്ത മിശിഹായേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** മരണശേഷം പാതാളത്തിലിറങ്ങി, അവിടെയുണ്ടായിരുന്നവർക്കു പ്രത്യാശയുടെ സുവിശേഷം നല്കിയ മിശിഹായേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** മരണത്താൽ വിശുദ്ധരുടെ കല്ലറകൾ തുറക്കുകയും അവർക്കു പുനർജീവൻ നല്കുകയും, അതുവഴി, തന്നെ ക്രൂശിച്ചവരെ ലജ്ജിതരാക്കുകയും ചെയ്ത മിശിഹായേ,

**സമൂ.** ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. ഗാഗുൽത്താമലയിലെ തന്റെ സമർപ്പണംവഴി ഞങ്ങളുടെ കടങ്ങൾക്കു പരിഹാരം ചെയ്ത മിശിഹായേ,

സമൂ. ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കുരിശിലെ സഹനവേളയിൽ മനുഷ്യവംശത്തിന്റെ രക്ഷയ്ക്കും നവീകരണത്തിനുമായി കയ്പുനീരു രുചിച്ച മിശിഹായേ,

സമൂ. ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. തന്റെ ആടുകൾക്കായി സ്വയം ബലിയർപ്പിക്കുകയും രക്തത്താൽ അവരെ വീണ്ടെടുത്ത് ദുഷ്ടരിൽനിന്നു രക്ഷിക്കുകയും ചെയ്ത, നല്ല ഇടയനും കർത്താവുമായ മിശിഹായേ,

സമൂ. ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഞങ്ങളുടെ രക്ഷകനായ മിശിഹായേ, നിന്റെ സഭയെ വഞ്ചനയിൽ നിന്നു രക്ഷിക്കുകയും നിന്റെ ആരാധകരിൽനിന്ന് പാപങ്ങളുടെയും കടങ്ങളുടെയും ഭാരം നീക്കിക്കളയുകയും വിവിധ സഭാസമൂഹങ്ങളിൽ, നിന്റെ ദാസർക്കു സമാധാനവും സന്തോഷവും നല്കുകയും മനുഷ്യവംശത്തോടു കരുണ കാണിക്കുകയും ചെയ്യണമേ.

സമൂ. ആമ്മേൻ.

## രണ്ടാം കാറോസൂസ

ശുശ്രൂ. നമ്മുടെ പ്രാർഥനകളും യാചനകളും കേട്ട്, കരുണാപൂർവം അവയ്ക്ക് ഉത്തരമരുളുന്നതിനായി സകലത്തിന്റെയും നാഥനായ ദൈവത്തോടു വിനയപൂർവം നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

ശുശ്രൂ. തന്റെ കൃപാകടാക്ഷത്താൽ പരിശുദ്ധ കത്തോലിക്കാസഭയെ പൂർണയും സന്തുഷ്ടയുമായി പരിപാലിക്കുന്നതിനുവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

ശുശ്രൂ. മേഘസ്തംഭത്തിന്റെ തണലിൽ തിരുസ്സഭയെ സംരക്ഷിക്കുന്നതിനും വചനത്തിന്റെ പ്രകാശത്താൽ അവളെ തേജോപൂർണയാക്കുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. മോശയെപ്പോലെ നയിക്കുന്നതിനും അഹറോനെപ്പോലെ പുരോഹിതശുശ്രൂഷ ചെയ്യുന്നതിനും പത്രോസിനെപ്പോലെ അജപാലനം നിർവഹിക്കുന്നതിനുമായി സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായ്ക്കും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായ്ക്കും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനും മറ്റെല്ലാ മെത്രാന്മാർക്കും അവരുടെ സഹപ്രവർത്തകർക്കുംവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

ശുശ്രൂ. നമ്മുടെ പിതാക്കന്മാരും ഇടയന്മാരുമായ മെത്രാന്മാർ തങ്ങളുടെ വചനത്താലും പ്രവൃത്തിയാലും അജഗണങ്ങളെ നയിക്കുന്നതിനും അവരെ ശത്രുക്കളിൽനിന്ന് സംരക്ഷിക്കുന്നതിനുംവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

ശുശ്രൂ. സഭാശുശ്രൂഷയിലൂടെ ലോകത്തിന്റെ വിശുദ്ധീകരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികർ, ദൈവജനത്തെ സത്യത്തിന്റെ മാർഗത്തിലൂടെ നയിച്ച്, അവരെ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാക്കിത്തീർക്കാൻ സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

ശുശ്രൂ. സഭയിൽ ശുശ്രൂഷകരായി മുദ്രിതരാക്കപ്പെട്ടിരിക്കുന്ന മ്ശംശാനമാർ, മാലാഖമാരെപ്പോലെ പരിപൂർണതയോടെ മദ്ബഹയിൽ ശുശ്രൂഷിക്കുന്നതിനും, സുവിശേഷ ചൈതന്യത്താൽ നിറഞ്ഞ് നല്ലവനായ ദൈവത്തിന്റെ തിരുവിഷ്ടമനുസരിച്ച് തങ്ങളുടെ കടമകൾ നിർവഹിക്കുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.** **സഭാശരീരത്തിന്റെ വളർച്ചയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഹെവ്പദ്യാക്ക്നമാരും കാറോയമാരും, അറിവിലും സ്നേഹത്തിലും വളർന്ന് തങ്ങളുടെ ശുശ്രൂഷ ഫലപ്രദമായി നിർവഹിക്കാനുള്ള അനുഗ്രഹത്തിനായി സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

**സമൂ.** **ആമ്മേൻ.**

**ശുശ്രൂ.** **വിശുദ്ധിയുടെ അടയാളവും ദൈവജനത്തിന്റെ സ്വർഗോന്മുഖമായ തീർഥാടനത്തിനു മാർഗദീപങ്ങളുമായി ഈ ലോകത്തിൽ ജീവിക്കാൻ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്ന സമർപ്പിതർ, തങ്ങളുടെ ജീവിതംവഴി ദൈവസ്നേഹത്തിന്റെ സാക്ഷികളായി വ്യാപരിക്കാൻ അനുഗ്രഹിക്കണമെന്നു സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

**സമൂ.** **ആമ്മേൻ.**

**ശുശ്രൂ.** **തിരുക്കുടുംബത്തിന്റെ മാതൃകയിൽ അല്മായർ വിശുദ്ധജീവിതം നയിച്ച്, സഭാമാതാവിന്റെ നല്ല മക്കളായി വളരാനും, കുടുംബം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടമായിത്തീരാനും, കുടുംബങ്ങളിൽനിന്ന് തീക്ഷ്ണതയുള്ള ധാരാളം പ്രേഷിതരുണ്ടാകാനും സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

**സമൂ.** **ആമ്മേൻ.**

**ശുശ്രൂ.** **ദൈവപുത്രനായ മിശിഹായുടെ മാതാവും ഭാഗ്യവതിയും നിത്യകന്യകയുമായ പരിശുദ്ധ മറിയത്തിൽ ആവസിച്ച അത്യുന്നതന്റെ ശക്തി നമ്മെയും പവിത്രീകരിക്കുന്നതിനും, വിശുദ്ധർക്കുള്ള സമ്മാനത്തിന് നാമും അർഹരായിത്തീരുന്നതിനുമായി സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

**സമൂ.** **ആമ്മേൻ.**

**ശുശ്രൂ.** **വിശുദ്ധരും പ്രവാചകരും ശ്ലീഹന്മാരും രക്തസാക്ഷികളും വന്ദകരുമായ എല്ലാവരുടെയും മാധ്യസ്ഥ്യം നമുക്കുണ്ടാകുന്നതിനും അവരോടൊത്തു സ്വർഗരാജ്യത്തിൽ നാമും മഹത്ത്വപ്പെടുന്നതിനുമായി സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

**സമൂ.** **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. **നമ്മുടെ പരിശുദ്ധ സഭാപിതാക്കന്മാരെയും സത്യപ്രബോധകരായ മല്പാന്മാരെയും പുരോഹിതന്മാരെയും നമ്മുടെ സമൂഹത്തിലുള്ള വിശുദ്ധരായ എല്ലാവരെയും ദൈവസന്നിധിയിൽ അനുസ്മരിച്ച്, അവർ സാക്ഷ്യം വഹിക്കുന്ന സത്യവിശ്വാസം ലോകത്തിൽ നിലനില്ക്കുന്നതിന്, സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

സമൂ. **ആമ്മേൻ.**

ശുശ്രൂ. **ഈ ലോകത്തിലെ വിധിയാളന്മാർ സത്യം തിരിച്ചറിയുന്നതിനും പ്രലോഭനങ്ങൾക്കു വഴിപ്പെടാതെയും മുഖം നോക്കാതെയും നീതി നടത്തുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

സമൂ. **ആമ്മേൻ.**

ശുശ്രൂ. **ധനികർ സമ്പത്തിലാശ്രയിക്കാതെ ദൈവത്തിലാശ്രയിച്ചുകൊണ്ട്, തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന സമ്പത്ത് ദരിദ്രരുമായി പങ്കുവച്ചു ജീവിക്കുന്നതിനുള്ള സന്മനസ്സ് അവർക്കു നല്കണമെന്ന് സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

സമൂ. **ആമ്മേൻ.**

ശുശ്രൂ. **വിശക്കുന്നവർക്ക് ഭക്ഷണവും പീഡിതർക്ക് ആശ്വാസവും രോഗികൾക്ക് സൗഖ്യവും നിരാലംബർക്ക് ആശ്രയവും ലഭിക്കുന്നതിന് സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

സമൂ. **ആമ്മേൻ.**

ശുശ്രൂ. **ബന്ധിതർ മോചനം പ്രാപിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ വ്യാപരിക്കുന്നതിനുവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

സമൂ. **ആമ്മേൻ.**

ശുശ്രൂ. **പരിശുദ്ധസഭയുടെ സന്താനങ്ങൾ, പ്രത്യേകിച്ച് നമ്മുടെ ഈ സമൂഹം, ദുഷ്ടാരൂപിയിൽനിന്നു സംരക്ഷിക്കപ്പെടുന്നതിന് സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.**

സമൂ. **ആമ്മേൻ.**

ശുശ്രൂ. നല്ല കാലാവസ്ഥ നിലനില്ക്കുന്നതിനും ഉറവകൾ സമൃദ്ധമായി ജലം പുറപ്പെടുവിക്കുന്നതിനും വൃക്ഷങ്ങളും സസ്യങ്ങളും ഫലമൂലാദികൾ ധാരാളമായി നല്കുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

ശുശ്രൂ. സകലത്തിന്റെയും നാഥനായ പിതാവും, അവിടത്തെ ഏകജാതനായ കർത്താവീശോമിശിഹായും, ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവത്തെ നാം ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്യുക യുക്തമാകുന്നു. നമ്മുടെ രക്ഷ പൂർത്തിയാക്കിയ അവിടന്നു നമ്മെ അനുഗ്രഹിക്കുന്നതിനും അവിടത്തെ രാജ്യത്തിൽ നാം പങ്കുകാരാകുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്കു പ്രാർഥിക്കാം.

സമൂ. ആമ്മേൻ.

ശുശ്രൂ. നമുക്കെല്ലാവർക്കും ദൈവശക്തിയിൽ എഴുന്നേറ്റുനിന്ന് പ്രാർഥിക്കാം.

## മൂന്നാം കാറോസൂസ

(എല്ലാവരും എഴുന്നേറ്റു നില്ക്കുന്നു)

ശുശ്രൂ. സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്ന് വിനയപൂർവം ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. ഞങ്ങളുടെ ആയുസ്സിലെ എല്ലാ ദിവസവും, രാവും പകലും, ഞങ്ങൾക്കു പാപരഹിതമായ ജീവിതവും അങ്ങയുടെ സഭയ്ക്ക് ശാശ്വതമായ സമാധാനവും ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന പരിപൂർണ സ്നേഹത്തിന്റെ ഐക്യം ഞങ്ങൾ യാചിക്കുന്നു.

സമൂ. കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂ. പാപമോചനവും, ഞങ്ങളുടെ ജീവിതത്തിന് ആവശ്യമായ ദൈവികദാനങ്ങളും ഞങ്ങൾ യാചിക്കുന്നു.

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **നേതാക്കന്മാർക്ക് വിവേകവും ന്യായാധിപന്മാർക്ക് നീതിബോധവും ഭരണാധിപന്മാർക്ക് ആത്മാർഥതയും ലോകത്തിനു സമാധാനവും ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **അങ്ങയുടെ അനുഗ്രഹവും കൃപയും, എന്നും അങ്ങയുടെ സഭയ്ക്കു നല്കണമെന്നു ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.**

സമൂ. **ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.**

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമി. **കർത്താവേ, ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവം പ്രാർഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹായുടെ സഹനജീവിതത്തോടു യോജിച്ചുകൊണ്ട് ക്ലേശങ്ങളും പീഡകളും സന്തോഷത്തോടെ സഹിക്കുന്നതിനും അങ്ങയുടെ ബലിജീവിതം തുടരുന്നതിനും ഞങ്ങളെ ശക്തരാക്കണമേ. യഥാർഥമായ പ്രാർഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തിക്കൊണ്ട് ഞങ്ങളുടെ ജീവിതം മുഴുവൻ ഫലദായകമാക്കാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

**മ്ശം:** **കർത്താവേ, ആശീർവദിക്കണമേ. സഹോദരരേ, നമുക്കു തലകുനിച്ച് ആശീർവാദം സ്വീകരിക്കാം.**

**കാർമി.** **സകലത്തെയും ആശീർവദിക്കുന്നവന്റെ അനുഗ്രഹവും സർവ്വത്തെയും സാന്ത്വനപ്പെടുത്തുന്നവന്റെ സമാശ്വാസവും എല്ലാറ്റിലും കൃപചൊരിയുന്നവന്റെ കാരുണ്യവും സംരക്ഷണവും നമ്മിലും നമ്മുടെ സമൂഹത്തിലും മനുഷ്യവർഗം മുഴുവനിലും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

## സായാഹ്നഗീതം (ഓനീസാ ദ്റംശാ)

(ഹാവു ദിസാവു / ദൃശ്യാദൃശ്യങ്ങൾ സകലം)

**ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകിത്തകർന്നു.** (സങ്കീ 82:5)

**മിശിഹാ നാഥാ, നീ ക്രൂശിൽ നിന്ദിതനായ്**
**മൃത്യുവരിച്ചപ്പോൾ**
**വാനും ഭൂവുമതിൽ പാർക്കും സൃഷ്ടികളും**
**ഞെട്ടിവിറച്ചല്ലോ.**

**ഭൂമിയിലെങ്ങും ഇരുള് പരന്നു.** (മർക്കോ 15:33)

**ഗഗനം കൂരിരുളിൻ അലയിൽ മുങ്ങുന്നു**
**കതിരോൻ മങ്ങുന്നു**
**ദൈവാലയമതിലെ വിരിയോ കീറിയതിൻ**
**വേദനയറിയിച്ചു.** (ലൂക്കാ 23:45)

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**നിന്നെ നിർദയമായ് ദുഷ്ടർ ദ്രോഹിക്കേ**
**ധരയിതു വിറകൊണ്ടു;**
**മൃതരാം മാനവരോ ഉയിരാർന്നുച്ചത്തിൽ**
**നിൻ സ്തുതി പാടുകയായ്.** (മത്താ 27:51-53)

(തുടർന്നു സമൂഹം രണ്ടു ഗണമായി താഴെ വരുന്ന ഗീതം ധ്യാനാത്മകമായി ആലപിക്കുന്നു)

## പ്രവചനഗീതം

(പൂശ് ബൾ്ലാമാ ... / വിടവാങ്ങുന്നേൻ നശ്വരമുലകിൽ ...)

**ഈശോനാഥൻ ഗാഗുൽത്തായിൽ
കുരിശുമരത്തിൽ മൃത്യു വരിച്ചു
സൃഷ്ടികളഖിലം ശോകമിയന്നു
ഭൂതലമഖിലം ഞെട്ടിവിറച്ചു.**

**അഖിലജനത്തിൻ രക്ഷകനായി
അവനിയിലെത്തി ദൈവികസൂനു;
അതിനിഷ്ക്കരുണം ആണികളാൽ തൻ
പാണികളവരാ ക്രൂശിൽ ചേർത്തു.**

**തിരുവസ്ത്രങ്ങൾ ഭാഗംവച്ചു
മേലങ്കിക്കായ് ചിട്ടിയുമിട്ടു
നായ്ക്കൾപോലെ ചുറ്റിവളഞ്ഞു
സിംഹമതെന്നാൽ ശാന്തതയാർന്നു.**

**വാനവഗണവും മാനവകുലവും
ദുഃഖിതരായി വേദനപൂണ്ടു;
മാമലനിരകൾ വിറകൊള്ളുന്നു
പാറകൾ പൊട്ടിപ്പിളരുകയായി.**

**കല്ലറവിട്ടാ മൃതരെഴുന്നേറ്റു
ക്രൂശിതനനിശം സ്തുതികൾ പാടി
വാനും ധരയും തിരുമൊഴിയാലേ
തീർത്തവനെന്നും കീർത്തനമോതി.**

**ഉണരുകവേഗം ആദാമേ, നീ
സുതനുടെ സഹനം ദർശിച്ചാലും.
ശത്രുഗണങ്ങൾ പാപികളൊക്കെ
പീഡിപ്പിക്കും സുതനെ കാണൂ.**

**സോദരനാലേ മൃത്യു വരിച്ചോൻ
ആബേലേ, നീ ഉണരുക വേഗം.
ദൈവികമേഷം മിശിഹായിവിടെ
സ്വന്തജനത്താൽ മൃതനായ്ത്തീർന്നു.**

നീതിയെഴുന്നോൻ നോഹേ, ഉണരൂ
ദൈവപിതാവിൻ സുതനെ കാണൂ.
വേദനയാലെ കുരിശുമരത്തിൽ
മൃത്യുവരിക്കും സുതനെ കാണൂ.

താതനെ മഹിയിൽ മാനിച്ചവരാം
ശേമേ, യാഫേത്ത് ഉണരുക കാണൂ.
സൂര്യനിരുണ്ടൂ തിരുനാഥൻതൻ
മരണം കാണാനാവാതുടനെ.

വൈദികശ്രേഷ്ഠൻ മെൽക്കിസദേക്കേ,
ഉണരുക, കാണൂ തിരുസുതനെ നീ
അപ്പം മെയ്യായ് വീഞ്ഞോ നിണമായ്
നല്കും സുതനെ ദർശിക്കുക നീ.

ഉണരുക വേഗം അബ്രാഹാമേ,
ദർശിച്ചാലും ദൈവാത്മജനെ
ദർശനമതിൽ നീ കണ്ടൂ മുന്നം
ക്രൂശിതനായീ തിരുസുതനീ നാൾ.

അജരക്തത്താൽ മോചിതനിസഹാക്ക്
ഉണരുക വേഗം കാണുക കുരിശിൽ
ദൈവികകുഞ്ഞാടീശോമിശിഹാ
മോചനമേകീ തിരുരക്തത്താൽ.

അമ്മനുവേലിൻ ശുശ്രൂഷകരായ്
ഗോവണി കയറും ദൂതന്മാരെ,
മരുഭൂവിൽ നീ ദർശിച്ചല്ലോ
യാക്കോബേ, യിന്നുണരുകവേഗം

സോദരരാലേ അവഹേളിതനാം
യൗസേപ്പേ, നീ ഉണരുക വേഗം
സ്വന്തജനത്താൽ അവഹേളിതനാം
രക്ഷകനെ നീ ദർശിച്ചാലും.

'അങ്ങതിദൂരെ രക്ഷകനെ ഞാൻ
കണ്ടെ'ന്നൊരുനാൾ ചൊല്ലിയ യോബേ,
വേഗമെണീറ്റാ കാൽവരിമലയിൽ
രക്ഷകനെ നീ ദർശിച്ചാലും.

ഉന്നത നിവ്യാ മൂശേ, നീയും
ഉണരുക നേരിൽ ദർശിച്ചാലും
നിവ്യാമാർതൻ കർത്താവാകും
കുരിശിൽ മൃതനാം മിശിഹായെ നീ.

ശ്രേഷ്ഠാചാര്യൻ അഹറോനേ, നീ
എഴുന്നേറ്റുടനെ ദർശിച്ചാലും
നിന്നുടെ വയലിൽ കളയായ്ത്തീർന്നു
പിൻഗാമികളിന്നതിദയനീയം.

സുരദീപങ്ങൾ നിശ്ചലമാക്കും
ജോഷ്വായേ, നീ ഉണരൂ കാണ്മാൻ
സുതനുടെ മരണം കാണുകിലവയോ
ഇരുളല ചാർത്തി, ശോഭ മറച്ചു.

ഓമനമകളെ ബലിയർപ്പിച്ച
ജഫ്തായേ, നീ ഉണരൂ കാണ്മാൻ
ഗാഗുൽത്തായിൽ സ്വയമൊരു ബലിയായ്
അർപ്പിതനാകും ദൈവാത്മജനെ.

ശ്രേഷ്ഠാചാര്യൻ ശമുവേലേ, നീ
ദർശിച്ചാലും ദൈവാത്മജനെ
നിത്യാചാര്യൻ പാപിസമാനം
ക്രൂശിതനായീ ശ്രേഷ്ഠന്മാരാൽ.

കല്ലറവിട്ടിന്നുണരുക ദാവീദ്
നല്ലിടയനെ നീ കീർത്തിച്ചീടിൻ
കിന്നരരാഗം മീട്ടി നിതാന്തം
നാഥനു ഗാനം പാടുക മോദാൽ.

വിജ്ഞാനത്തിൻ സാഗരമാകും
ശ്ലേമോൻ രാജാ, എഴുന്നേല്ക്കുക നീ
വിജ്ഞാനത്തിൻ ഉറവിടമാകും
നാഥനെ മൂഢർ നിന്ദിക്കുന്നു.

മൃതരാമിരുവർക്കുയിരേകിയൊരാ
ഏലീഷായേ, ഉണരുക നീയും
മൃതരുടെയിടയിൽ മിശിഹാ വന്നു,
മൃതരെല്ലാരും വേഗമുണർന്നു.

ഉന്നതനാകും ഏശയ്യായേ,
എഴുന്നേറ്റുടനെ ദർശിച്ചാലും
മിശിഹാരാജൻ ബലിയായ് കുരിശിൽ
പാപംപോക്കും കുഞ്ഞാടായി.

ജീവിതസഖിയായ് അഭിസാരികയെ
കൈക്കൊണ്ടവനാം ഹോസിയ നിവ്യാ,
നാഥൻ ദൈവം പരിവർജ്ജിതനായ്
വഞ്ചനയേറും സ്വന്തജനത്താൽ.

ഉണരുക ജോയേൽ, ദർശിച്ചാലും
ഭൂതലമാകെ ഇരുളു നിറഞ്ഞു
കാല്‌വരിമലയിൽ കുരിശിൽ മിശിഹാ
ചോര ചൊരിഞ്ഞു മൃത്യുവരിച്ചു.

ആമോസേ, നീ ഉണരുക സ്വയമേ
ദൈവാത്മജനെ ദർശിച്ചീടാൻ
പീലാത്തോസിൻ കല്പന വാങ്ങി
ദുഷ്ടജനങ്ങൾ ക്രൂശിച്ചവനെ.

ഒബദിയാ നിവ്യാ, ഉണരുക നീയും;
ഗാഗുൽത്തായിൽ കുരിശിൽ കാണൂ
നരവംശത്തിൻ രക്ഷയ്ക്കായി
ഈശോനാഥൻ മൃത്യുവരിച്ചു.

യോനാനിവ്യാ എഴുന്നേല്ക്കൂ നീ
ഉത്ഥാനത്തിൻ സൂചനയേകൂ
മൃതനെപ്പോൽ നീ മൂന്നുദിനങ്ങൾ
മരുവീ മത്സ്യം തന്നുദരത്തിൽ.

മിക്കാ നിവ്യാ, കണ്ടാലും നീ
വേദന പുല്കും മാനവസുതനെ
നേർവഴി കാട്ടാൻ വന്നോരിടയൻ
ശത്രുജനത്താൽ ക്രൂശിതനായി.

നാഹും നിവ്യാ, ഉണരുക വേഗം
ശാന്തിയൊഴുക്കും സുതനെ കാണൂ
വിനയാന്വിതനെ ജനതതിയൊന്നായ്
നിന്ദിതനാക്കീ ക്രൂശതിലേറ്റി.

കണ്ടാലും നീ ഹബക്കുക്ക് നിവ്യാ,
രക്ഷകനീശോ തൻ മരണത്തിൽ
തിരുഭവനത്തിൻ വിരി കീറിപ്പോയ്
പാവനറൂഹാ പോയി മറഞ്ഞു.

നാഥനൊടൊപ്പം വിധി ചെയ്തീടും
പാവനനിവ്യാ, കണ്ടാലും നീ
വിധികർത്താവാം ദൈവാത്മജനെ
വിധിചെയ്തീടും ഭീകരദൃശ്യം.

സെഫനിയനിവ്യാ കാണുക, കുരിശാൽ
രക്ഷിതമാകും തിരുസ്സഭയെ നീ
ജനതതിയൊന്നായ് ചേരുന്നുലകിൽ
നാഥനെയൊന്നായ് വാഴ്ത്തീടുന്നു.

ദൈവികഗേഹം നിർമിപ്പതിനായ്
യത്നിച്ചവനാം ഹഗ്ഗായ് നിവ്യാ
ദിവ്യകവാടം മൂടും വിരി നീ
കാണുക, രണ്ടായ് കീറിയ കാഴ്ച!

സഖറിയായേ, ദർശിച്ചാലും
നാഥനു വിലയായ് നല്കിയ തുക നീ.
മുപ്പതു വെള്ളിക്കാശു കൊടുത്താ
കുശവനിലം താൻ വാങ്ങുകയായീ.

മാലാക്കിയാ, എഴുന്നേറ്റുടനേ
ലജ്ജിതരാക്കൂ ദുഷ്ടജനത്തെ;
ദൈവാത്മജനെ കൊലചെയ്തിട്ടും
നിർമലരവരെന്നുദ്ഘോഷിപ്പൂ.

പൊട്ടക്കിണറിൽ ബന്ധിതനായ
ജറെമിയനിവ്യാ, എഴുന്നേറ്റാലും
കല്ലറയതിനെ മണവറയാക്കും
മണവാളനെ നീ ദർശിച്ചാലും.

ബോസേസുതനായ് ബാബേലിൽ നി-
ന്നാഗതനാകും ഏസക്യേലേ,
മേഘത്തേരിൽ കണ്ടൊരു നാഥൻ
മൃത്യുവരിപ്പൂ കുരിശുമരത്തിൽ.

ദൂതൻവഴിയായ് അമ്മനുവേലിൻ
അറിവിലുയർന്ന ദാനിയേൽ നിവ്യാ,
കണ്ടാലും നീ ശത്രുഗണത്താൽ
പീഡിതനവനെ ഗാഗുൽത്തായിൽ.

സഖറിയായേ, യോഹന്നാനേ,
കാണുക നിങ്ങൾ കാല്വരിമലയിൽ
യാഗവുമതുപോൽ കാഴ്ചയുമായി
ജീവൻ വെടിയും ദൈവാത്മജനെ.

ഉത്ഥാനത്തിൻ പ്രത്യാശയുമായ്
പൂഴിയിൽ മേവും ധന്യന്മാരേ,
കാണുക നിങ്ങൾ ഗാഗുൽത്തായിൽ
മൃത്യുവരിക്കും സർവാധിപനെ.

കല്ലറവിട്ടിങ്ങെത്തുക നിങ്ങൾ
പൂർവന്മാരേ, ദർശിച്ചാലും
ദുഷ്ടന്മാരെ പാവനരാക്കും
മാനവസുതനെ പാപികൾ മധ്യേ.

ഓറെശ്ലേമിൽ കുഴിമാടത്തിൽ
കഴിയും മൃതരേ, ഉണരുക നിങ്ങൾ
മൃതരുടെയിടയിൽ കബറിടമൊന്നിൽ
ഉയിരിൻ നാഥൻ മരുവീടുന്നു.

എഴുന്നേറ്റാലും മൃതരേ, നിങ്ങൾ
സ്വന്തജനത്തിൻ ദുഷ്ടതയിന്മേൽ
വിധിചെയ്തീടൂ, കൊല ചെയ്തല്ലോ
നാഥനെയവരാ കുരിശുമരത്തിൽ.

ആദിമുതല്ക്കേ മരണംമൂലം
വേർപെട്ടവരേ, ഉണരുക നിങ്ങൾ
പ്രവചനമെല്ലാം നിറവേറുന്നു
ദൈവസുതൻ തൻ തിരുമരണത്തിൽ.

പാപംമൂലം മൃതരായോരേ,
കാണുക നിങ്ങൾ ദൈവാത്മജനെ
തൻമരണത്താൽ മരണത്തെയും
പാപത്തെയും വിജയിച്ചവനെ.

കാണുക മൃതരേ, സുതനുടെ ബലിയിൽ
ഭൂമിപിളർന്നു വിസ്മയമാർന്നു
സുതനാമീശോ തൻമരണത്താൽ
മരണത്തിന്മേൽ വിജയംനേടി.

സൂര്യനിരുണ്ടു, ചന്ദ്രൻ മങ്ങീ
പാരിടമാകെ കൂരിരുൾ തിങ്ങി
ഹൃദയാന്ധതയിൽ കഴിയുന്നവരിൽ
ഫലമേകില്ലീ അടയാളങ്ങൾ.

സ്നേഹാർദ്രതയാൽ കർത്താവേ, നീ
മാനവനായീ ധരയിൽ വന്നൂ
മർത്ത്യഗണത്തിൻ വിധിയേല്ക്കുകിലും
വിജയിച്ചൊടുവിൽ വിധികർത്താവായ്.

മിശിഹാനാഥാ, നിൻ തിരുമരണം
പാരിനു ഭാഗ്യം പകരുന്നനിശം
മഹിമയെഴും നിൻ തിരുവുത്ഥാനം
എത്രവിശിഷ്ടം വരസമ്പുഷ്ടം.

കർത്താവേ, നിൻ ദൈവത്വത്തെ
വാഴ്ത്തുന്നവരിൽ കനിയണമെന്നും
നിൻസ്തുതിപാടും ഞങ്ങളിലെന്നും
നിൻ കൃപ സദയം തൂകീടണമേ.

രക്ഷകനീശോ, മിശിഹാനാഥാ,
നിന്നെ നമിക്കും തിരുസ്സഭതന്നിൽ
ചൊരിയണമേ നിൻ കരുണാവർഷം
കനിവോടവളെ കാത്തീടണമേ.

ഉത്ഥിതനീശോ, മിശിഹാനാഥാ,
നിൻ തിരുനാമം വാഴ്ത്തീടുന്നേൻ
താതനുമതുപോൽ റൂഹായ്ക്കും നൽ
സ്തുതിയുയരട്ടെ എന്നെന്നേക്കും.

**മ്ശം.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

SYRO MALABAR COMMISSION FOR LITURGY

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ ജനത്തെ ദുഷ്ട നിൽനിന്നു വീണ്ടെടുക്കണമേ. നിന്റെ അജഗണത്തെ വഞ്ചക നിൽനിന്നു രക്ഷിക്കണമേ. നിന്റെ നാമത്തെ വെറുക്കുന്ന വിരോധികളിൽനിന്നും ശത്രുക്കളിൽനിന്നും നിന്റെ സഭയെ മോചിക്കണമേ. എന്തുകൊണ്ടെന്നാൽ, ഞങ്ങളുടെ ശക്തിയുടെ മഹത്ത്വവും അഭിമാനത്തിന്റെ കിരീടവും നീയാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സ്തുതിപ്പ് (ശൂബാഹാ)

### (സങ്കീർത്തനം 70)

**മ്ശം.** ദൈവമേ, എന്നെ രക്ഷിക്കണമേ;
എന്നെ സഹായിക്കാൻ വേഗം വരണമേ;
എന്റെ ജീവൻ തേടുന്നവർ ലജ്ജിച്ചു തലതാഴ്ത്തട്ടെ.
ഹല്ലേലുയ്യാ. (3)

ദൈവമേ, എന്നെ രക്ഷിക്കണമേ;
എന്നെ സഹായിക്കാൻ വേഗം വരണമേ;
എന്റെ ജീവൻ തേടുന്നവർ ലജ്ജിച്ചു തലതാഴ്ത്തട്ടെ.

എന്റെ അനർഥം ആഗ്രഹിക്കുന്നവർ പിന്തിരിയട്ടെ;
എന്നെ പരിഹസിക്കുന്നവർ ലജ്ജിച്ചു പിന്മാറട്ടെ.

അങ്ങയെ അന്വേഷിക്കുന്നവരൊക്കെയും
നിങ്ങളിൽ ആനന്ദിക്കട്ടെ.

അങ്ങയുടെ രക്ഷ കാംക്ഷിക്കുന്നവർ
ദൈവം വലിയവനാണെന്ന് എന്നെന്നും ഉദ്ഘോഷിക്കട്ടെ.

ഞാൻ ദരിദ്രനും നിഹായനുമാകുന്നു;
ദൈവമേ, അങ്ങു വേഗംവരണമേ.

അങ്ങാണ് എന്റെ രക്ഷകനും സഹായകനും;
കർത്താവേ, അങ്ങു വൈകരുതേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**മ്ശം.** ഹല്ലേലുയ്യാ. (3)
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(ദിവ്യകാരുണ്യസ്വീകരണ ശുശ്രൂഷയില്ലായെങ്കിൽ പേജ് 199 ലെ സ്ലീവ / ക്രൂശിതരൂപ ചുംബനശുശ്രൂഷയുടെ സുവിശേഷപ്രഘോഷണം മുതൽ തുടരുന്നു)

## ദിവ്യകാരുണ്യസ്വീകരണ ശുശ്രൂഷ

(ഈ ശുശ്രൂഷ ഐച്ഛികമാണ്)

തുടർന്ന്, പരിശുദ്ധകുർബാന സ്ഥാപിച്ചിരിക്കുന്ന അൾത്താരയിൽ നിന്നും പ്രധാനഅൾത്താരയിലേക്കു പരിശുദ്ധകുർബാന കാർമികൻ ശുശ്രൂഷികളോടും സഹായികളോടുമൊപ്പം ആഘോഷമായി കൊണ്ടുവരുന്നു.

കാർമികൻ താഴെവരുന്ന പ്രാർഥന ഉയർന്നസ്വരത്തിൽ ചൊല്ലിക്കൊണ്ടു തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു.

**കാർമി.** **നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**ശുശ്രൂ.** **നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം.**

നിർമലഹൃദയത്തോടും സത്യവിശ്വാസത്തോടുംകൂടെ അവിടത്തെ പീഡാനുഭവം സ്മരിക്കുകയും ഉത്ഥാനത്തെപ്പറ്റി ധ്യാനിക്കുകയും ചെയ്യാം. നമുക്കുവേണ്ടി ദൈവത്തിന്റെ പ്രിയപുത്രൻ മർത്ത്യമായ ശരീരവും അമർത്ത്യവും ധൈഷണികവുമായ ആത്മാവും സ്വീകരിച്ച് മനുഷ്യനായി. അവിടന്നു തന്റെ ജീവദായമായ നിയമങ്ങളും വിശുദ്ധമായ കല്പനകളുംവഴി നമ്മെ തെറ്റിൽ നിന്ന് അകറ്റി സത്യത്തിന്റെ അറിവിലേക്കു നയിച്ചു. മനുഷ്യവംശത്തിന്റെ ആദ്യഫലമായ അവിടന്ന് നമുക്കുവേണ്ടിയുള്ള തന്റെ പരിത്രാണപ്രവർത്തനങ്ങളുടെ അന്ത്യത്തിൽ പീഡകൾ സഹിച്ചു കുരിശിൽ മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും സ്വർഗത്തിലേക്ക് എഴുന്നള്ളുകയും ചെയ്തു. ഈ കൃപ നാം അനുസ്മരിക്കാൻവേണ്ടി അവിടന്നു വിശുദ്ധരഹസ്യങ്ങൾ നമുക്കു നല്കി. പൂർണഹൃദയത്തോടും വിനീതമനസ്സോടുംകൂടെ നമുക്കു നിത്യജീവന്റെ ദാനം സ്വീകരിക്കാം. നിഷ്കളങ്കമായ പ്രാർഥനയോടും അഗാധമായ മനസ്താപത്തോടുംകൂടെ സഭയുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

**അനുതാപത്തിൽനിന്നുളവാകുന്ന ശരണത്തോടെ അപരാധങ്ങളിൽനിന്നു പിന്തിരിഞ്ഞും പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചും സഹോദരരുടെ തെറ്റുകൾ ക്ഷമിച്ചുംകൊണ്ട് നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോടു കൃപയും പാപമോചനവും യാചിക്കുകയും ചെയ്യാം.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്ന് ചൊല്ലുന്നു.

**സമൂ.** **കർത്താവേ, അങ്ങയുടെ ദാസരുടെ**
**പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.**

**ശുശ്രൂ.** **ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ്**
**നമ്മുടെ മനസ്സാക്ഷി ശുദ്ധീകരിക്കാം.**

**സമൂ.** **കർത്താവേ, അങ്ങയുടെ ദാസരുടെ**
**പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.**

**ശുശ്രൂ.** **ശത്രുതയിലും വിദ്വേഷത്തിലുംനിന്ന്**
**നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.**

**സമൂ.** **കർത്താവേ, അങ്ങയുടെ ദാസരുടെ**
**പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.**

**ശുശ്രൂ.** **വിശുദ്ധ കുർബാന സ്വീകരിക്കുകയും**
**പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.**

**സമൂ.** **കർത്താവേ, അങ്ങയുടെ ദാസരുടെ**
**പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.**

**ശുശ്രൂ.** **യോജിപ്പോടും ഐക്യത്തോടുംകൂടെ**
**ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.**

**സമൂ.** **കർത്താവേ, അങ്ങയുടെ ദാസരുടെ**
**പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.**

**ശുശ്രൂ.** **കർത്താവേ, ഇവ ഞങ്ങളുടെ ശരീരങ്ങളുടെ ഉയിർപ്പിനും ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.**

**സമൂ.** **നിത്യജീവനും കാരണമാകട്ടെ. എന്നേക്കും, ആമ്മേൻ.**

ശുശ്രൂഷി കാറോസൂസ ചൊല്ലുമ്പോൾ, കാർമികൻ കൈകൾ ഉയർത്തിപ്പിടിച്ചു താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ, അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു. അങ്ങയുടെ നാമം എന്നും സ്തുത്യർഹമാകുന്നു. ഞങ്ങളുടെ പാപങ്ങൾക്കനുസരിച്ച് അങ്ങു ഞങ്ങളോടു പ്രവർത്തിച്ചില്ല; പ്രത്യുത, അങ്ങയുടെ ദയാധിക്യത്താൽ അന്ധകാരശക്തികളിൽനിന്ന് അങ്ങു ഞങ്ങളെ രക്ഷിച്ചു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ രാജ്യത്തിലേക്കു ഞങ്ങളെ ക്ഷണിച്ചു. മിശിഹാവഴി അങ്ങു മരണത്തിന്റെ ശക്തി നശിപ്പിക്കുകയും അക്ഷയമായ ജീവൻ ഞങ്ങൾക്കു നല്കുകയും ചെയ്തു.**

SYRO MALABAR COMMISSION FOR LITURGY

കർത്താവായ ദൈവമേ, അങ്ങയുടെ നിർമലവും പരിശുദ്ധവുമായ ബലിപീഠത്തിങ്കൽ നിന്നുകൊണ്ട് ജീവദായകവും പരിശുദ്ധവുമായ കുർബാന അങ്ങേക്കർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കിയല്ലോ. പരിപൂർണവിശുദ്ധിയോടെ ഈ ദാനം സ്വീകരിക്കാൻ അങ്ങയുടെ കൃപയാൽ ഞങ്ങളെ അർഹരാക്കണമേ. ഇതു ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ അങ്ങയുടെ കാരുണ്യത്തിനും ഞങ്ങളുടെ പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിനും നിത്യജീവിതത്തിനും നിദാനമാകട്ടെ.

ഞങ്ങളെല്ലാവരും അങ്ങയുടെ മഹത്ത്വത്തിനു പൂർണസാക്ഷികളും അങ്ങയുടെ വാസത്തിനു യോജിച്ച ആലയങ്ങളുമാകട്ടെ. മിശിഹായുടെ ശരീരരക്തങ്ങളോട് ഐക്യപ്പെടുന്ന ഞങ്ങൾ അവിടത്തെ മഹത്ത്വപൂർണമായ പ്രത്യാഗമനത്തിൽ സകല വിശുദ്ധരോടുംകൂടെ പ്രശോഭിക്കട്ടെ.

**അങ്ങേക്കും അങ്ങയുടെ ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.**

ആവശ്യമെങ്കിൽ, വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്കുവേണ്ടി കാർമികൻ തിരുവോസ്തികൾ വിഭജിച്ചു തയ്യാറാക്കുന്നു.

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമികൻ കുനിഞ്ഞുനിന്ന് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു

**കാർമി.** **കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവം ക്ഷമിക്കണമേ. മഹോന്നത ദൈവമായ അങ്ങയെ സ്വർഗരാജ്യത്തിൽ സകല വിശുദ്ധരോടു മൊന്നിച്ചു സ്തുതിക്കാൻ, ഞങ്ങളുടെ അധരങ്ങളെ പവിത്രീ കരിക്കുകയും ചെയ്യണമേ.**

കാർമികൻ നിവർന്നുനിന്ന് കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് താഴെ വരുന്ന പ്രാർഥന ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കർത്താവേ, ഞങ്ങളുടെ ഇടയിൽ നിന്റെ സമാധാനവും ഹൃദയങ്ങളിൽ ശാന്തിയും പുലർത്തണമേ. ഞങ്ങളുടെ നാവുകൾ നിന്റെ സത്യം പ്രഘോഷിക്കട്ടെ. ഞങ്ങളുടെ വദനങ്ങളെ പുതിയ വീണകളാക്കുകയും ജ്വലിക്കുന്ന അധരങ്ങൾകൊണ്ട് ഞങ്ങൾ സ്തോത്രം ആലപിക്കുകയും ചെയ്യുമ്പോൾ നിന്റെ കുരിശു ഞങ്ങൾക്കു സംരക്ഷണമായി ഭവിക്കട്ടെ. ''നിങ്ങൾ പ്രാർഥിക്കുമ്പോൾ ഇപ്രകാരം പ്രാർഥിക്കുവിൻ'' എന്ന് ഉപദേശിച്ചുകൊണ്ട് നീ ശിഷ്യന്മാരെ പഠിപ്പിച്ച വിശിഷ്ടമായ പ്രാർഥന നിന്നിൽനിന്നു ലഭിച്ച മനോവിശ്വാസത്തോടെ ആവർത്തിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ.**

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സ്
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

തുടർന്നു ചൊല്ലുന്നു

**കാർമി.** കർത്താവേ, ശക്തനായ സർവേശ്വരാ, നല്ലവനായ ദൈവമേ, കൃപാപൂർണനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽ നിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, സ്വർഗത്തിലും ഭൂമിയിലും രാജ്യവും ശക്തിയും പ്രാബല്യവും അധികാരവും അങ്ങയുടേതാകുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

'ഇപ്പോഴും' എന്നു പറയുമ്പോൾ കാർമികൻ തന്റെമേൽത്തന്നെ കുരിശടയാളം വരയ്ക്കുന്നു. അനന്തരം ജനങ്ങൾക്കുനേരേ തിരിഞ്ഞുനിന്നുകൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** സമാധാനം ✠ നിങ്ങളോടുകൂടെ.

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമികൻ ബലിപീഠത്തിനുനേരേ തിരിയുമ്പോൾ വലത്തുകരം ദിവ്യരഹസ്യങ്ങൾക്കുനേരേ നീട്ടിക്കൊണ്ടു പറയുന്നു.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.

**സമൂ.** ഏകപിതാവു പരിശുദ്ധനാകുന്നു.
ഏകപുത്രൻ പരിശുദ്ധനാകുന്നു.
ഏകറൂഹാ പരിശുദ്ധനാകുന്നു.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
എന്നേക്കും സ്തുതി. ആമ്മേൻ.

ശുശ്രൂഷി മദ്ബഹായിൽ വലത്തുവശത്തു നിന്നുകൊണ്ട് പറയുന്നു.

**ശുശ്രൂ.** ജീവിക്കുന്ന ദൈവത്തെ നിങ്ങൾ പ്രകീർത്തിക്കുവിൻ.

താഴെവരുന്ന ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ) സമൂഹം ചൊല്ലുന്നു.

**സമൂ.** സഭയിൽ അവിടത്തേക്കു സ്തുതിയുണ്ടായിരിക്കട്ടെ.
എല്ലാ നിമിഷവും എല്ലാ സമയവും അവിടത്തെ കൃപയും കാരുണ്യവും നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

കാർമികൻ കുനിഞ്ഞ് ആചാരംചെയ്തു തിരുശരീരം കരങ്ങളിൽ എടുത്തു താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.
(താഴെവരുന്ന മൂന്നു പ്രാർഥനകളിൽ ഒന്നു ചൊല്ലിയാലും മതി).

**കാർമി.** കർത്താവേ, നിന്റെ തിരുശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

**കാർമി.** മനുഷ്യവംശത്തിന്റെ പ്രത്യാശയും സകലത്തിന്റെയും നാഥനുമായ മിശിഹായേ, നിന്റെ ദിവ്യശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ പവിത്രീകരിക്കണമേ. നിന്റെ അമൂല്യരക്തത്താൽ ഞങ്ങളുടെ കടങ്ങൾ മോചിക്കണമേ. നിന്റെ കൃപാതിരേകത്താൽ ഞങ്ങളുടെ മനസ്സാക്ഷിയെ നിർമലമാക്കുകയും ചെയ്യണമേ.

**കാർമി.** കർത്താവായ മിശിഹായേ, ഞാൻ അയോഗ്യനെങ്കിലും നിന്റെ അനുഗ്രഹങ്ങളുടെ നിക്ഷേപം ഇതാ, എന്റെ കരങ്ങളിൽ. നിന്റെ കാരുണ്യത്താൽ ദാനമായി ഞാൻ സ്വീകരിക്കുന്ന ഭയഭക്തി ജനകമായ ഈ രഹസ്യത്തിന്റെ ശക്തിവിശേഷം എന്നിൽ പ്രകടമാക്കണമേ.

കാർമികൻ തിരുശരീരം ഉൾക്കൊള്ളുന്നു. അനന്തരം കുനിഞ്ഞ് ആചാരംചെയ്തശേഷം കാസ കരങ്ങളിൽ എടുത്തുകൊണ്ടു ചൊല്ലുന്നു.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** **സ്വർഗീയമണവാളാ, നിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്ക് നിന്റെ അമൂല്യരക്തത്തിന്റെ കാസ നീ സജ്ജമാക്കി.**

തിരുരക്തം ഉൾക്കൊള്ളുന്നു. തുടർന്നു ചൊല്ലുന്നു.

**അതിൽനിന്നു പാനംചെയ്യാൻ പാപിയായ എന്നെയും അനുവദിച്ചു. നിന്റെ അവർണനീയമായ സ്നേഹത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ ജനങ്ങളെ ആശീർവദിച്ചുകൊണ്ടു ചൊല്ലുന്നു.

**കാർമി.** **നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം അവിടത്തെ കാരുണ്യത്താൽ നാമെല്ലാവരിലും ✠ സമ്പൂർണമാകട്ടെ.**

**സമൂ.** **എപ്പോഴും എന്നേക്കും, ആമ്മേൻ.**

താഴെവരുന്ന അനുഗീതം (ഓനീസാ ദ്‌വാത്തേ) ശുശ്രൂഷി ചൊല്ലുന്നു.

**ശുശ്രൂ.** **സഹോദരരേ, സ്വർഗരാജ്യത്തിലുള്ള വിശ്വാസത്തോടെ ദൈവപുത്രന്റെ ശരീരം സ്വീകരിക്കാനും അവിടത്തെ രക്തം പാനം ചെയ്യാനും തിരുസഭ നിങ്ങളെ ക്ഷണിക്കുന്നു.**

കാസ എടുത്തിരിക്കുന്ന ശുശ്രൂഷിയോടുകൂടെ കാർമികൻ മദ്ബഹായുടെ കവാടത്തിങ്കലോ വചനവേദിയുടെ മുമ്പിലോ ചെന്നു വിശുദ്ധ കുർബാന നല്കുമ്പോൾ ചൊല്ലുന്നു.

**കാർമി.** **മിശിഹായുടെ ശരീരവും രക്തവും**
**കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ.**

ജനങ്ങൾ വിശുദ്ധ കുർബാന സ്വീകരിച്ചുകഴിയുമ്പോൾ കാസയും പീലാസയും യഥാസ്ഥാനം വയ്ക്കുന്നു. താഴെവരുന്ന മൂന്നു പ്രാർഥനകളിൽ ഒന്നു ചൊല്ലിയാലും മതി.

**കാർമി.** **മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, ഞങ്ങൾ ഭക്ഷിച്ച തിരുശരീരവും പാനംചെയ്ത തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും നിന്റെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

കാർമികൻ വലത്തുവശത്തെ ബേസ്ഗസ്സയിലേക്കു പോകുന്നു. ശുശ്രൂഷി കാസയിൽ വീഞ്ഞും വെള്ളവും ഒഴിച്ചുകൊടുക്കുന്നു. അതുൾക്കൊണ്ടതിനുശേഷം കാർമികൻ ചൊല്ലുന്നു.

SYRO MALABAR COMMISSION FOR LITURGY

**കാർമ്മി.** **മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, നിന്റെ ശരീരം ദൃശ്യമായി സ്വീകരിച്ച ഞങ്ങളിൽ നിന്റെ ശക്തി ആന്തരികമായി വസിക്കട്ടെ. ഞങ്ങൾ ആനന്ദത്തോടെ നിന്നെ എതിരേല്ക്കുകയും നിന്റെ അഭീഷ്ടം നിറവേറ്റുന്ന നീതിമാന്മാരോടൊന്നിച്ച് നിനക്കു സ്തോത്രം ആലപിക്കുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

കാസയും പീലാസയും തുടയ്ക്കുമ്പോൾ

**കാർമ്മി.** **മനുഷ്യവർഗത്തിന്റെ പ്രത്യാശയായ മിശിഹായേ, നിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനംചെയ്യുകയും ചെയ്ത ഞങ്ങളെ നല്ല കള്ളനോടും നിന്റെ അഭീഷ്ടം നിറവേറ്റുന്ന നീതിമാന്മാരോടുമൊരുമിച്ച് പറുദീസയിൽ നിന്നെ സ്തുതിക്കാൻ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

ഈ സമയത്തു സമൂഹം സ്തുതിഗീതം (തെശ്ബൊഹ്ത്ത) ആലപിക്കുന്നു / ചൊല്ലുന്നു.

## സ്തുതിഗീതം (തെശ്ബൊഹ്ത്ത)

(മാറൻ ഈശോ മൽക്കാ സ്ഗീദാ ...)

**സമൂ.** **സഹനംവഴിയായ് മരണത്തിന്മേൽ**
**വിജയംനേടിയ മിശിഹാനാഥാ,**
**പരമാരാധ്യൻ രാജമഹേശാ,**
**രക്ഷകനായ് നീ രാജിക്കുന്നു.**

**ഉന്നതമാകും സ്വർലോകത്തിൽ**
**നവജീവൻതൻ വാഗ്ദാനങ്ങൾ**
**കനിവൊടു ഞങ്ങൾക്കേകിയ നാഥാ,**
**ദൈവപിതാവിൻ സുതനാമീശോ,**

**കനിവിൻ നാഥാ, ഞങ്ങളിൽനിന്നും**
**പീഡകളഖിലം നീക്കി നിതാന്തം**
**ഞങ്ങൾ മേവും ദേശത്തെങ്ങും**
**കൃപയും ശാന്തിയുമേകീടണമേ.**

**വിധിദിവസത്തിൽ നിൻ വെളിപാടിൽ**
**ജീവൻ നിന്നിൽ കണ്ടെത്തട്ടെ**
**താവകചിത്തം പോലഖിലേശാ**
**ഞങ്ങൾ നിന്നെ എതിരേല്ക്കട്ടെ.**

നാഥാ, മാനവവംശത്തിന്നായ്
നല്കിയ നിൻ കൃപയോർത്തിവരെന്നും
ഓശാനകളാൽ നിൻ തിരുനാമം
നിതരാം വാഴ്ത്തിപ്പാടീടട്ടെ.

കർത്താവേ, നീ ഞങ്ങൾക്കരുളിയ
കാരുണ്യത്തിൻ ആഴമഗാധം
എന്തെന്നാൽ നിൻ കരുണയുമൻപും
മർത്ത്യർ ഞങ്ങളിൽ ഉദയംചെയ്തു.

ഉന്നതമാം നിൻ കാരുണ്യത്താൽ
മർത്ത്യകടങ്ങൾ നീയൊഴിവാക്കി
തിരുനാമസ്തുതി പാടി നിതാന്തം
നിൻ ദാനത്തിനു നന്ദിയണയ്ക്കാം.

നിന്നുടെ കൃപയാൽ സകലേശാ, നിൻ
ദൈവത്വത്തിൻ സ്തുതി പാടീടാൻ
മർത്ത്യർ ഞങ്ങൾക്കഖിലർക്കും നീ
യോഗ്യതയേകാൻ കനിവാകണമേ.

കർത്താവാം നിൻ മഹിതമഹത്ത്വം
നിതരാമെന്നും വാഴ്ത്തീടാനും
അർഹതയേകൂ കരുണാമയനേ,
പാടാമെന്നും ആമ്മേനാമ്മേൻ.

(അല്ലെങ്കിൽ)

സമൂ. ഞങ്ങളുടെ കർത്താവായ ഈശോയേ, പീഡാസഹനംവഴി മരണത്തെ കീഴടക്കിയ ആരാധ്യനായ രാജാവേ, സ്വർഗരാജ്യത്തിൽ ഞങ്ങൾക്കു നവജീവൻ വാഗ്ദാനം ചെയ്ത ദൈവപുത്രാ, എല്ലാ ഉപദ്രവങ്ങളും ഞങ്ങളിൽനിന്ന് അകറ്റണമേ. ഞങ്ങളുടെ ദേശത്ത് സമാധാനവും കൃപയും വർദ്ധിപ്പിക്കണമേ.

നീ മഹത്ത്വത്തോടെ പ്രത്യക്ഷപ്പെടുന്ന ദിവസം നിന്റെ സന്നിധിയിൽ ഞങ്ങൾ ജീവൻ കണ്ടെത്തട്ടെ. നിന്റെ അഭീഷ്ടമനുസരിച്ച് ഞങ്ങൾ നിന്നെ എതിരേല്ക്കുകയും ചെയ്യട്ടെ. ഞങ്ങളുടെ വംശത്തിനു നല്കിയ കൃപയെക്കുറിച്ച് ഓശാനപാടിയ ഞങ്ങൾ നിന്റെ നാമത്തെ സ്തുതിക്കട്ടെ. എന്തുകൊണ്ടെന്നാൽ, നീ ഞങ്ങളോടു കാണിച്ച കാരുണ്യം വലുതാകുന്നു. മർത്ത്യരായ ഞങ്ങളിൽ നിന്റെ സ്നേഹം ഉദയം ചെയ്തു. നീ ഞങ്ങളുടെ പാപങ്ങൾ കനിവോടെ ഉന്മൂലനം ചെയ്തു.

SYRO MALABAR COMMISSION FOR LITURGY

**നിന്റെ ദാനത്തെക്കുറിച്ചു നിനക്കു സ്തുതി. കനിവോടെ കടങ്ങൾ പൊറുക്കുന്നവനേ, ഉന്നതങ്ങളിൽനിന്നുള്ള ഈ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ. ദൈവമായ നിനക്കു കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ നിന്റെ കരുണയാൽ ഞങ്ങളെല്ലാവരും യോഗ്യരാകട്ടെ. നാഥനായ നിന്നെ എല്ലാ സമയവും ഞങ്ങൾ പ്രകീർത്തിക്കുകയും ചെയ്യട്ടെ. ആമ്മേൻ.**

## സ്ലീവ / ക്രൂശിതരൂപ ചുംബനശുശ്രൂഷ

## സുവിശേഷം

**കാർമി.** **വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.** (19:31-42)

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

**കാർമി.** **അത് സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു. സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻവേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കംചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു.**

**അവർ ഈശോയെ സമീപിച്ചപ്പോൾ അവൻ മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ, പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി. ഉടനെ അതിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടു. അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിനു താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു. 'അവന്റെ അസ്ഥികളിൽ ഒന്നുപോലും തകർക്കപ്പെടുകയില്ല' എന്ന തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടിയാണ് ഇതു സംഭവിച്ചത്. മറ്റൊരു തിരുവെഴുത്തു പറയുന്നു: 'തങ്ങൾ കുത്തി മുറിവേല്പിച്ചവനെ അവർ നോക്കിനില്ക്കും.'**

SYRO MALABAR COMMISSION FOR LITURGY

**യഹൂദരോടുള്ള ഭയം നിമിത്തം ഈശോയുടെ രഹസ്യ ശിഷ്യനായി കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ യൗസേപ്പ് ഈശോയുടെ ശരീരം എടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസ് അനുവാദം നല്കി. അവൻ വന്ന് ശരീരം എടുത്തു മാറ്റി. ഈശോയെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കോദേമോസും അവിടെയെത്തി. മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറു റാത്തൽ സുഗന്ധ ദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവർ ഈശോയുടെ ശരീരമെടുത്തു യഹൂദരുടെ മൃതസംസ്കാര രീതിയനുസരിച്ചു സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു. അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ ഈശോയെ അവിടെ സംസ്കരിച്ചു.**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

## പ്രദക്ഷിണവും സ്ലീവാ / ക്രൂശിതരൂപ ചുംബനവും

സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു. സ്ലീവാ / ക്രൂശിത രൂപം പ്രദക്ഷിണത്തിനായി ഒരുക്കുന്നു. സ്ലീവായാണെങ്കിൽ ഊറാറ എടുത്തുമാറ്റുന്നു. സ്ലീവ/ക്രൂശിതരൂപം വെള്ളക്കച്ചകൊണ്ടു പൊതിയുന്നെങ്കിൽ ഇപ്പോൾ ചെയ്യുന്നു. തുടർന്ന്, പ്രദക്ഷിണം.

പ്രദക്ഷിണസമയത്ത് സ്ലീവാ / ക്രൂശിതരൂപം വെള്ളക്കച്ചകൊണ്ട് ആവരണം ചെയ്തോ അല്ലാതെയോ സംവഹിക്കാവുന്നതാണ്. പ്രദക്ഷിണത്തിനുശേഷം സ്ലീവാ / ക്രൂശിതരൂപം വചനവേദിയിൽ / ബലിപീഠത്തിൽ വയ്ക്കുന്നു. സമാപനപ്രാർഥനകളും സമാപനാശീർവാദവും നടത്തുന്നു. തുടർന്ന് സ്ലീവാ / ക്രൂശിതരൂപം പ്രത്യേകം തയ്യാറാക്കിയ പീഠത്തിങ്കലേക്ക് ചുംബനത്തിനായി കൊണ്ടു പോകുന്നു.

പ്രദക്ഷിണം ദൈവാലയം ചുറ്റിയോ, പള്ളിമുറ്റത്തുള്ള കുരിശടി ചുറ്റിയോ നടത്താവുന്നതാണ്. പ്രദക്ഷിണത്തിൽ ശുശ്രൂഷകരിലൊരാൾ സുവിശേഷ ഗ്രന്ഥവും വഹിച്ച് കത്തിച്ച തിരികളുടെ അകമ്പടിയോടെ മുമ്പിൽ നീങ്ങുന്നു.

സ്ലീവാ / ക്രൂശിതരൂപം വഹിക്കുന്ന കാർമികൻ ധൂപം, കത്തിച്ച തിരികൾ ഇവയുടെ അകമ്പടിയോടെ പ്രദക്ഷിണത്തിന്റെ പിന്നിൽ നടക്കുന്നു.

SYRO MALABAR LITURGY COMMISSION FOR

## പ്രദക്ഷിണഗീതം

'ഞാനെൻ പിതാവിന്റെ പക്കൽ
പോകുന്നിതാ, യാത്ര ചൊല്വൂ'
സ്വർലോകനാഥൻ മൊഴിഞ്ഞു
സന്താപമെങ്ങും നിറഞ്ഞു. ഞാനെൻ ...

'അസ്വസ്ഥരാകേണ്ട നിങ്ങൾ
വിശ്വാസദീപം തെളിപ്പിൻ
ഒട്ടേറെയുണ്ടെൻ പിതാവിൻ
ഗേഹത്തു പൂമന്ദിരങ്ങൾ.' ഞാനെൻ ...

'നിങ്ങൾക്കിടം ചെന്നൊരുക്കാൻ
പോകുന്നു ഞാനങ്ങു വിണ്ണിൽ
വീണ്ടും വരും ഞാനൊരിക്കൽ
നിങ്ങളെപ്പൂവിണ്ണിലേറ്റാൻ.' ഞാനെൻ ...

'ഞാനാണു നിങ്ങൾക്കു മാർഗം
നേരായ കൈവല്യമാർഗം
ഞാനാണു നിങ്ങൾക്കു ജീവൻ
ഞാനാണു നിങ്ങൾക്കു സത്യം.' ഞാനെൻ ...

'മറ്റുള്ള മാർഗങ്ങളൊന്നും
സ്വർഗത്തു ചെന്നെത്തുകില്ല.
ഞാനാണു നിങ്ങൾക്കു മാർഗം
നേരായ കൈവല്യമാർഗം.' ഞാനെൻ ...

'കാണില്ലൊരല്പം കഴിഞ്ഞാൽ
കാണില്ല വീണ്ടെന്നെ ലോകം
നിങ്ങളോ കണ്ടിടും; നമ്മൾ
ജീവിച്ചിരിക്കുന്നുവല്ലോ.' ഞാനെൻ ...

'പെട്ടെന്നനാഥരായ് ഭൂവിൽ
നിങ്ങളെ ഞാൻ കൈവിടില്ല.
വീണ്ടും വരുന്നിതാ, വീണ്ടും
നിങ്ങളെക്കാണാൻ വരുന്നു.' ഞാനെൻ ...

'നിത്യമെൻ നിർദേശമെല്ലാം
കൃത്യമായ് കാക്കുന്ന മർത്ത്യൻ
സമ്മോദമെന്നിൽ വിതയ്ക്കും
സംപ്രീതിയെന്നിൽ വളർത്തും.' ഞാനെൻ ...

'നല്കുന്നു ഞാൻ നവ്യശാന്തി
പാരിൽക്കുരുക്കാത്ത ശാന്തി
നിങ്ങൾക്കു ഞാനേകിടുന്നു
സമ്പൂതമെൻ ദിവ്യശാന്തി.' ഞാനെൻ ...

'ഞാനെൻ പിതാവിന്റെ പക്കൽ
പോകുന്നതോർത്തോർത്തു നിങ്ങൾ
കേഴേണ്ട, ചെന്നെൻ പിതാവിൽ
ചേരുന്നതാണെന്റെ മോദം.' ഞാനെൻ ...

'എന്നെപ്പിതാവെന്നപോലെ
സ്നേഹിച്ചു നിങ്ങളെ ഞാനും
നിങ്ങളെൻ സൗഭാഗ്യമേറും
സ്നേഹത്തിലെന്നും വസിപ്പിൻ.' ഞാനെൻ ...

'നിങ്ങളെ ലോകം വെറുത്താൽ
നിന്ദനം കൊണ്ടേനിറച്ചാൽ
എന്നെയാണാലോകമാദ്യം
നന്നേ വെറുത്തതെന്നോർക്കിൻ'. ഞാനെൻ ...

'അഴലേറിയുൾത്തടം നീറും
പ്രലപിച്ചു കണ്ണുകൾ താഴും
ഒരു നാളിലെല്ലാം നിലയ്ക്കും
പരിശോഭ നിങ്ങൾക്കുദിക്കും' ഞാനെൻ ...

'താതനെ വിട്ടു ഞാൻ വന്നു.
ലോകത്തിലേക്കു ഞാൻ വന്നു.
പോകുന്നു ഞാനിതാ വീണ്ടും
താതനിൽ ചെന്നങ്ങുചേരാൻ.' ഞാനെൻ ...

## ഗീതം 2: പ്രവചനഗീതം പേജ് 183 കാണുക

പ്രദക്ഷിണത്തിനുശേഷം സ്ലീവ / ക്രൂശിതരൂപം പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ വയ്ക്കുന്നു. തുടർന്ന് കാർമികൻ സമാപന പ്രാർഥനകളും സമാപനാശീർവാദവും ബേമ്മ (വചനവേദി) യിൽ ജനാഭിമുഖമായി നിന്നുകൊണ്ട് നടത്തുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ സമാധാനം ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കണമേ. നിന്റെ കുരിശുവഴി തിരുസ്സഭയെ ശക്തിപ്പെടുത്തുകയും അവളുടെ സന്താനങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. ഞങ്ങൾ സഭയിൽ നിനക്കു സ്തുതിയും ബഹുമാനവും ആരാധനയും എപ്പോഴും സമർപ്പിക്കാൻ ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

## പ്രകീർത്തനം

(സങ്കീർത്തനം 22, 16-18)

(സമൂഹം രണ്ടുഗണമായി ചൊല്ലുന്നു.)

എന്റെ കൈകളും കാലുകളും അവർ തുളച്ചു;
അസ്ഥികളെല്ലാം എണ്ണാറായി; അവർ എന്നെ തുറിച്ചുനോക്കി.

എന്റെ വസ്ത്രം അവർ ഭാഗിച്ചെടുത്തു;
അങ്കിക്കുവേണ്ടി അവർ നറുക്കിട്ടു.

കർത്താവേ, അങ്ങ് എന്നിൽനിന്ന് അകന്നുപോകരുതേ;
എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്റെ സഹായത്തിനു വേഗം വരണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സമാപന പ്രാർഥനകൾ

സായാഹ്ന (റംശാ) പ്രാർഥനയുടെ സമാപന പ്രാർഥനകൾ

**കാർമി.** അങ്ങയുടെ കൃപയുടെ വാതില്ക്കൽ മുട്ടിവിളിക്കുന്നവർക്കു വാതിൽ തുറന്നുകൊടുക്കുന്ന കർത്താവേ, പ്രശാന്തമായ സായംകാലവും ആശ്വാസപ്രദമായ രാത്രിയും പ്രതീക്ഷാനിർഭരമായ പ്രഭാതവും സത്പ്രവൃത്തികൾ നിറഞ്ഞ ദിവസവും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവൻ അങ്ങയെ പ്രീതിപ്പെടുത്താൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**മ്ശം:** കർത്താവേ, അനുഗ്രഹിക്കണമേ.

ഒന്നിൽ കൂടുതൽ പുരോഹിതരുള്ളപ്പോൾ താഴെവരുന്ന പ്രാർഥനകൾ മാറിമാറി ചൊല്ലാവുന്നതാണ്.

SYRO MALABAR LITURGY COMMISSION FOR

പുരോ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ അനുഗ്രഹാശിസ്സുകൾ നിന്റെ ജനത്തിന്മേലുണ്ടാകുമാറാകട്ടെ. ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ നിന്റെ കരുണ എപ്പോഴും ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുന്നവനും ഞങ്ങളുടെ നല്ല ശരണവും കരുണനിറഞ്ഞ അഭയവുമായ സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ സമാധാനം ഞങ്ങളിൽ വസിക്കട്ടെ. നിന്റെ ശാന്തി ഞങ്ങളെ ഭരിക്കട്ടെ. നിന്റെ സ്നേഹം ഞങ്ങളുടെ ജീവിതകാലംമുഴുവൻ ഞങ്ങളിൽ വർധിച്ചുവരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ വലത്തുകരത്താൽ ഞങ്ങളെ രക്ഷിക്കണമേ. നിന്റെ സഹായം ജീവിതത്തിലുടനീളം ഞങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ നിലനില്ക്കുന്ന സ്നേഹവും സമാധാനവും ജീവനും സന്തോഷവും ഞങ്ങൾക്കു തരണമേ. ഞങ്ങൾക്കാവശ്യമായിരിക്കുന്നവ ഒരിക്കലും കുറയാനനുവദിക്കരുതേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ അജഗണത്തിന്റെ രക്തത്തിനായി ദാഹിക്കുന്ന ചെന്നായ്ക്കളുടെ ഉപദ്രവത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കാൻ, തൊഴുത്തിൻ മുറ്റത്തു വസിക്കുന്ന ഉറങ്ങാത്ത കാവൽക്കാരനായിരിക്കണമേ. എന്തുകൊണ്ടെന്നാൽ, നീ കുറയാത്ത സ്നേഹത്തിന്റെ സമുദ്രമാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

**മ്ശം:** കർത്താവേ, അനുഗ്രഹിക്കണമേ.

**പുരോ:** പിതാവിന്റെ സമാധാനം നമ്മോടുകൂടെയും പുത്രന്റെ സ്നേഹം നമ്മുടെ ഇടയിലും ഉണ്ടായിരിക്കട്ടെ. തന്റെ തിരുവിഷ്ടംപോലെ റൂഹാദ്ക്കുദ്ശാ നമ്മെ നയിക്കട്ടെ. അവന്റെ കരുണയും ദയയും നമ്മുടെമേൽ എപ്പോഴും ഉണ്ടായിരിക്കട്ടെ. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**മ്ശം:** കർത്താവേ, അനുഗ്രഹിക്കണമേ.

## സഹായാഭ്യർഥന (ദ്ഉദ്റാനാ)

**കാർമി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹത്ത്വമേറിയ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ അപേക്ഷയും മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും സുവിശേഷകന്മാരുടെയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും മാർ അപ്രേമിന്റെയും വിശ്രുതരക്തസാക്ഷിയായ മാർ ഗീവർഗീസിന്റെയും മറ്റു രക്തസാക്ഷികളുടെയും മല്പാന്മാരുടെയും ഞങ്ങളുടെ ഇടവകയുടെ / ഭവനത്തിന്റെ മധ്യസ്ഥനായ (മധ്യസ്ഥയായ) (പേര്)ന്റെയും (യുടെയും) മറ്റു സകല വിശുദ്ധരുടെയും, പ്രത്യേകമായി ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും ഞങ്ങളെ സഹായിക്കുമാറാകട്ടെ.അവ ഞങ്ങൾക്ക് അഭയവും സഹായവും ദുഷ്ടപിശാചിലും അവന്റെ സൈന്യങ്ങളിലുംനിന്ന് സംരക്ഷണവും നല്കി നിത്യ ഭാഗ്യത്തിലേക്കു ഞങ്ങളെ നയിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**മ്ശം:** കർത്താവേ, ആശീർവദിക്കണമേ.

SYRO MALABAR COMMISSION FOR LITURGY

## സമാപനാശീർവാദം

**കാർമി.** **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അനാദിയിൽ ജനിച്ചവനും സൃഷ്ടികൾക്കും സമയത്തിനും അതീതനും സമയത്തിന്റെ പൂർണതയിൽ മനുഷ്യനായി അവ തരിച്ചവനുമായ മിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ. യോഹന്നാൻ മാംദാനയിൽ നിന്ന് മാമോദീസാ സ്വീകരിച്ചുകൊണ്ട് തന്റെ പരസ്യജീവിതം ആരംഭിച്ചവനും, അദ്ഭുതങ്ങളും അടയാളങ്ങളുംവഴി തന്റെ ദൈവത്വം തെളിയിച്ചവനും, വിജയശ്രീലാളിതനായി ജറുസലെം പട്ടണത്തിൽ പ്രവേശിച്ചവനും, പീഡകൾ സഹിച്ച് ഇതേ ദിവസം കുരിശിൽ സ്വയം അർപ്പിച്ചവനും, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ഉയിർപ്പിലുള്ള പ്രത്യാശ പ്രദാനം ചെയ്തവനുമായ ഈശോമിശിഹാ, നിങ്ങളെ അനുഗ്രഹിക്കട്ടെ. സകലത്തിന്റെയും നാഥനും എല്ലാറ്റിന്റെയും പരിപാലകനുമായ കർത്താവിൽ നിങ്ങൾ പ്രത്യാശിക്കുകയും ശരണപ്പെടുകയും ചെയ്യുവിൻ. അനുതാപത്തോടെ തിരുമുമ്പിൽ നില്ക്കുന്ന നിങ്ങളുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിച്ച് നല്ല കള്ളനോടൊപ്പം സ്വർഗരാജ്യത്തിനു നിങ്ങളെയും മിശിഹാ അർഹരാക്കട്ടെ.കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

## സ്ലീവ / ക്രൂശിതരൂപ ചുംബനം

തുടർന്ന് പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ലീവ / ക്രൂശിതരൂപം കാർമികനും ശുശ്രൂഷികളും സമൂഹവും ചുംബിക്കുന്നു.

ചുംബനസമയത്ത് താഴെവരുന്ന ഗീതം ആലപിക്കുന്നു. കയ്പുനീർ നല്കുന്ന പതിവുണ്ടെങ്കിൽ ഇപ്പോൾ ചെയ്യുന്നു.

### സ്ലീവ / ക്രൂശിതരൂപ ചുംബനസമയത്ത് പാടാവുന്ന ഗീതം

#### ഗീതം 1

ഗായക.I **നാഥനിലെന്നും നമ്മുടെ ഹൃദയം ആനന്ദിച്ചീടും.**

സമൂ. **സ്ലീവാ നമ്മൾക്കെന്നും നന്മകൾതൻ ഉറവിടമാം**
**രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,**
**കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം**
**ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.**

ഗായക.II **ശരണം ഞങ്ങൾ തേടീടുന്നു തിരുനാമത്തിൽ.**

സമൂ. **സ്ലീവാ നമ്മൾക്കെന്നും നന്മകൾതൻ ഉറവിടമാം**
**രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,**
**കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം**
**ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.**

ഗായക.I **സർവരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ.**

സമൂ. **സ്ലീവാ നമ്മൾക്കെന്നും നന്മകൾതൻ ഉറവിടമാം**
**രക്ഷിതമായതുവഴിയായ് മർത്ത്യഗണം കർത്താവേ,**
**കുരിശിതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം**
**ദുഷ്ടാത്മാവിനെ ഞങ്ങൾ അതുവഴിയായ് തോല്പിച്ചീടട്ടെ.**

SYRO MALABAR COMMISSION FOR LITURGY

### ഗീതം 2

ഗാഗുൽത്താമലയിൽനിന്നും
വിലാപത്തിൻ മാറ്റൊലി കേൾപ്പൂ
'ഏവമെന്നെ ക്രൂശിലേറ്റുവാൻ
അപരാധമെന്തു ഞാൻ ചെയ്തു?' ഗാഗുൽത്താ ...

'മുന്തിരി ഞാൻ നട്ടു നിങ്ങൾക്കായ്
മുന്തിരിച്ചാറൊരുക്കി വച്ചു
എങ്കിലുമീ കയ്പ്പുനീരല്ലേ
ദാഹശാന്തിക്കെനിക്കു നല്കി?' ഗാഗുൽത്താ ...

'രാജചെങ്കോലേകിവാഴിച്ചു
നിങ്ങളെ ഞാനെത്ര മാനിച്ചു
എൻ ശിരസ്സിൽ മുൾമുടി ചാർത്തി
നിങ്ങളിന്നെൻ ചെന്നിണം തൂകി.' ഗാഗുൽത്താ ...

'നിങ്ങളെ ഞാനുയർത്താൻ വന്നു
ക്രൂശിലെന്നെ തറച്ചു നിങ്ങൾ
മോക്ഷവാതിൽ തുറക്കാൻ വന്നു
ശിക്ഷയായെൻ കൈകൾ ബന്ധിച്ചു.' ഗാഗുൽത്താ ...

കുരിശേ, മനോജ്ഞ വൃക്ഷമേ,
നിൻ സുമങ്ങളെത്ര മോഹനം!
നിൻ ദളങ്ങളാശ വീശുന്നു
നിൻ ഫലങ്ങൾ ജീവനേകുന്നു! ഗാഗുൽത്താ ...

കുരിശിന്മേലാണി കണ്ടു ഞാൻ
ഭീകരമാം മുള്ളുകൾ കണ്ടു.
വികാരങ്ങൾ കുന്നുകൂടുന്നു,
കണ്ണുനീരിൻ ചാലുവീഴുന്നു. ഗാഗുൽത്താ ...

മരത്താലെ വന്ന പാപങ്ങൾ
മരത്താലെ മായ്ക്കുവാനായി
മരത്തിന്മേലാർത്തനായ് തൂങ്ങി
മരിക്കുന്നു രക്ഷകൻ ദൈവം. ഗാഗുൽത്താ ...

വിജയപ്പൊൻകൊടി പാറുന്നു
വിശുദ്ധിതൻ വെണ്മ വീശുന്നു
കുരിശേ, നിൻ ദിവ്യപാദങ്ങൾ
നമിക്കുന്നു സാദരം ഞങ്ങൾ. ഗാഗുൽത്താ ...

ചുംബനത്തിനുശേഷം സ്ലീവ / ക്രൂശിതരൂപം ബലിപീഠത്തിൽ കിടത്തി, ധൂപിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

# വലിയശനി

## പൊതുനിർദേശങ്ങൾ

1. വലിയശനിയാഴ്ചയിലെ കുർബാന മാമോദീസാകുർബാന എന്നറിയപ്പെടുന്നു. ഇത് രാവിലെയോ വൈകുന്നേരമോ പരികർമ്മം ചെയ്യാവുന്നതാണ്.

   സാധാരണയായി, സായാഹ്നപ്രാർഥന (റംശാ) യോടുകൂടിയായിരിക്കും വലിയശനിയാഴ്ചയിലെ തിരുക്കർമങ്ങൾ നടത്തുക. അപ്പോൾ ഈ ക്രമത്തിൽ ചേർത്തിട്ടുള്ള സായാഹ്നപ്രാർഥന (റംശാ) യുടെ പ്രത്യേക ഭാഗങ്ങൾ ഉപയോഗിക്കുന്നു. സായാഹ്നപ്രാർഥന (റംശാ) യുടെ ഭാഗങ്ങൾ ഈ ⟦ അടയാളം കൊണ്ട് വേർതിരിച്ചിരിക്കുന്നു.

2. മാമോദീസാകുർബാനയോടനുബന്ധിച്ച് മാമോദീസാ നടത്തുക അഭിലഷണീയമാണ്. മാമോദീസാ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴും വെള്ളം വെഞ്ചരിപ്പും മാമോദീസാ വ്രതനവീകരണവും നടത്തേണ്ടതാണ്.

3. മാമോദീസായുണ്ടെങ്കിൽ അതിനുള്ള സജ്ജീകരണങ്ങൾ ചെയ്തിരിക്കണം.

4. പുതുതായി വെഞ്ചരിച്ച ജലം ജനങ്ങളുടെമേൽ തളിക്കുന്നതിന് കാറാപ്പ് ഒരുക്കിവച്ചിരിക്കണം.

5. മാമോദീസാവ്രതങ്ങൾ നവീകരിക്കുന്ന സമയത്ത് എല്ലാവരും കത്തിച്ച തിരികൾ കൈകളിൽ വഹിക്കുന്നത് അഭികാമ്യമാണ്.

6. ഏറ്റവും ആഘോഷപൂർവകമായി ഈ കർമം നടത്തുമ്പോൾ ഉപയോഗിക്കാവുന്ന ഭാഗങ്ങൾ ഈ ⟦ അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു. ഐച്ഛികമായ ഭാഗങ്ങൾ ഈ ⌐ ⌋ അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# വലിയശനി

## കർമ്മക്രമം

കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളിഞ്ഞ്, കുർബാനക്രമത്തിൽ നിർദേശിച്ചിരിക്കുന്നതു പോലെ, പ്രദക്ഷിണമായി വചനവേദിയിൽ (ബേമ്മയിൽ) വന്നു ജനാഭിമുഖമായി നില്ക്കുന്നു.

മാമോദീസായുണ്ടെങ്കിൽ പ്രധാനകവാടത്തിങ്കൽവച്ച് ആരംഭിക്കുന്നു. മദ്ബഹഗീതംവരെയുള്ള ഭാഗം മാമോദീസാക്രമത്തിലേതുപോലെ നടത്തുന്നു.

**കാർമി.** **അന്നാപ്പെസഹാത്തിരുനാളിൽ**
**കർത്താവരുളിയ കല്പനപോൽ**
**തിരുനാമത്തിൽച്ചേർന്നീടാം**
**ഒരുമയൊടീബലിയർപ്പിക്കാം.**

**സമൂ.** **അനുരഞ്ജിതരായ്ത്തീർന്നീടാം**
**നവമൊരു പീഠമൊരുക്കീടാം**
**ഗുരുവിൻ സ്നേഹമൊടീയാഗം**
**തിരുമുമ്പാകെയണച്ചീടാം.**

(അല്ലെങ്കിൽ)

**കാർമി.** **നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച്**
**ഈ കുർബാന ആരംഭിക്കാം.**

**സമൂ.** **മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ**
**നാം ഇത് അർപ്പിക്കുന്നത്.**

**കാർമി.** **അത്യുന്നതമാം സ്വർല്ലോകത്തിൽ**
**സർവേശനു സ്തുതിഗീതം.** (3)

**സമൂ.** **ഭൂമിയിലെന്നും മർത്ത്യനു ശാന്തി**
**പ്രത്യാശയുമെന്നേക്കും.** (3)

(അല്ലെങ്കിൽ)

**കാർമി.** **അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.** (3)

**സമൂ.** **ആമ്മേൻ.** (3)

**കാർമി.** **ഭൂമിയിൽ മനുഷ്യർക്കു സമാധാനവും**
**പ്രത്യാശയും എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

**കാർമ്മി.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാദ്ധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ
ആമ്മേനാമ്മേനെന്നേക്കും.

SYRO MALABAR LITURGY COMMISSION FOR

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** അദ്ഭുതകരമായ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിച്ച കർത്താവായ മിശിഹായേ, നിന്നെ ഞങ്ങൾ ആരാധിക്കുന്നു. മാമോദീസായിലൂടെ പുതുജന്മം നല്കുകയും പാപമോചനത്തിലൂടെ ഞങ്ങളെ അനുരഞ്ജിപ്പിക്കുകയും ചെയ്ത നിന്റെ അനന്തമായ സ്നേഹത്തിനു ഞങ്ങൾ നന്ദി പറയുന്നു. വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമയാചരിക്കുന്ന ഞങ്ങളെ നിന്റെ ഉയിർപ്പിന്റെ മഹത്ത്വത്താൽ ധന്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനങ്ങൾ
## (22; 23; 24; 25; 26; 27)

**കാർമ്മി.** എന്റെ പിതാക്കന്മാർ അങ്ങിൽ ആശ്രയിച്ചു;
അവർ അങ്ങിൽ ശരണംവച്ചു;
അപ്പോൾ അങ്ങ് അവരെ രക്ഷിച്ചു.

**സമൂ.** (കാനോന) തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ
സംരക്ഷകനായ കർത്താവിൽ നമുക്ക് പ്രത്യാശയർപ്പിക്കാം.

**കാർമ്മി.** അങ്ങയുടെ പക്കൽ നിലവിളിച്ചതിനാൽ
അവർ രക്ഷിക്കപ്പെട്ടു.

**സമൂ.** അങ്ങിൽ ആശ്രയിച്ചതിനാൽ
അവർ ലജ്ജിതരായില്ല.

**കാർമ്മി.** കർത്താവ് എന്റെ ഇടയനാകുന്നു;
എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

**സമൂ.** സമൃദ്ധമായ പുൽത്തകിടികളിൽ
അവിടന്ന് എനിക്കു വിശ്രമമേകുന്നു;
പ്രശാന്തമായ ജലാശയത്തിലേക്ക് എന്നെ ആനയിക്കുന്നു.

**കാർമ്മി.** തിരുനാമത്തെപ്രതി എന്റെ ആത്മാവിനെ
നീതിയുടെ മാർഗത്തിലൂടെ അവിടന്നു നയിക്കുന്നു.

**സമൂ.** മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെ നടന്നാലും
അങ്ങ് എന്നോടുകൂടെയുള്ളതിനാൽ
അനർഥമൊന്നും ഞാൻ ഭയപ്പെടില്ല.

**കാർമ്മി.** ഭൂമിയും അതിലെ സമസ്തവും
ലോകവും അതിലെ നിവാസികളും കർത്താവിന്റേതാകുന്നു.

**സമൂ.** കർത്താവേ, എന്റെ ആത്മാവിനെ
അങ്ങയുടെ സന്നിധിയിലേക്കു ഞാൻ ഉയർത്തുന്നു.

**കാർമ്മി.** കർത്താവേ, അങ്ങയുടെ മാർഗങ്ങൾ എന്നെ അറിയിക്കണമേ;
അങ്ങയുടെ ഊടുവഴികൾ എന്നെ കാണിക്കണമേ.

**സമൂ.** അങ്ങാണല്ലോ എന്റെ ദൈവവും രക്ഷകനും;
എല്ലാദിവസവും അങ്ങേക്കായി ഞാൻ കാത്തിരിക്കും.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** ദൈവത്തെ ഭയപ്പെടുന്നവനാരാണ്?
താൻ തിരഞ്ഞെടുത്ത മാർഗം
കർത്താവ് അവനെ പഠിപ്പിക്കും.

**സമൂ.** കർത്താവിന്റെ ആലയത്തിൽ
ഞാൻ സ്തുതിയുടെ ബലികൾ അർപ്പിക്കും;
അവിടത്തെ ഞാൻ പാടിപ്പുകഴ്ത്തും.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും. ആമ്മേൻ.

**കാർമി.** (കാനോന) തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ സംരക്ഷകനായ കർത്താവിൽ നമുക്ക് പ്രത്യാശയർപ്പിക്കാം.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ ന്യായാസനത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേമാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേമാർ പരിശുദ്ധൻ എന്നു നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്നു ഞങ്ങളും അങ്ങേക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## മദ്ബഹാഗീതം (ഓനീസാ ദ്കങ്കേ)

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

**ഗായക. I** ജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ.

കർത്താവാകും മിശിഹായിൽ
മാമോദീസാ കൈക്കൊണ്ടോർ
ജീവജലത്താൽ റൂഹായാൽ,
നിങ്ങൾ ധരിപ്പൂ മിശിഹായെ.

പാപകളങ്കം മുഴുവനുമീ
മാമോദീസാ മായ്ക്കുന്നു.
ദൈവികശുദ്ധിയണിഞ്ഞവരാം
നിങ്ങളിൽ ദൈവം നിവസിപ്പൂ.

നാഥനൊടൊപ്പം സ്വർഗത്തിൽ
നിങ്ങളുമൊരുനാൾ ശാശ്വതമാം
സൗഭാഗ്യത്തിൽ നിവസിക്കും
ത്രിത്വസ്തുതികൾ പാടീടും.

ഗായക.II ദൈവത്തിന്റെ ദാസരേ, നിങ്ങൾ ശ്രവിക്കുവിൻ.

കർത്താവാകും മിശിഹായിൽ ...

ഗായക.I പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഏകാത്മാവിൽ പാവനമാം
മാമോദീസാ കൈക്കൊള്ളും
നിങ്ങൾ ധരിപ്പൂ റൂഹായെ
അതുപോൽ മിശിഹാനാഥനെയും

കർത്താവിൻ തിരുനാമത്തിൽ
നിങ്ങളെയന്നു വിളിച്ചതിനാൽ
അവനോടൊപ്പം സൗഭാഗ്യം
നുകരും നിങ്ങൾ സ്വർഗത്തിൽ.

കർത്താവീശോമിശിഹായേ,
സ്ലീവായാൽ നീ മാനവരെ
രക്ഷിച്ചതിനാൽ നിന്നെയിവർ
നന്ദി പറഞ്ഞു നമിക്കുന്നു.

ഗായക.II ആദിമുതൽ എന്നേക്കും, ആമ്മേൻ.

ഏകാത്മാവിൽ പാവനമാം ...

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

ശുശ്രൂ. ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

**കാർമി** **നിത്യനായ ദൈവമേ, ഉന്നതനായ രാജാവേ, അങ്ങു നല്ലവനും മാധുര്യവാനും ദയാലുവും കരുണാവാരിധിയുമാകുന്നു. ഞങ്ങൾ അങ്ങയെ നിരന്തരം ആരാധിക്കുകയും സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ** **ആമ്മേൻ.**

## ധൂപാർപ്പണഗീതം

(ബാഹർ ലെമ്പാ ... / മിശിഹാകർത്താവിൻ ദാസീ വിധിനാളിൽ ...)

**ശക്തനായ കർത്താവേ, അങ്ങയുടെ**
**കൂടാരങ്ങൾ എത്ര പ്രിയങ്കരമാകുന്നു.** (സങ്കീ 84:1)

**മിശിഹാകർത്താവേ, നരകുലരക്ഷകനേ,**
**ഞങ്ങളണച്ചിടുമീ പ്രാർഥന തിരുമുമ്പിൽ**
**പരിമളമിയലും ധൂപംപോൽ**
**കൈക്കൊരുളേണം.**

**അങ്ങയുടെ അങ്കണങ്ങൾക്കായി**
**എന്റെ ആത്മാവു തീവ്രമായി അഭിലഷിക്കുന്നു.** (സങ്കീ 84:2)

**മിശിഹാകർത്താവേ,** ...

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**മിശിഹാകർത്താവേ,** ...

**ശുശ്രൂ.** **സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടംവരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

**ഗായക. സമൂ.** സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**വചന വേദിയിലുള്ളവർ** സ്വതന്ത്രനായവൻ മരിച്ചവരുടെ ഇടയിൽ.
സർവാധിപനാം ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

**ഗായക. സമൂ.** സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ,
നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.
എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**വചന വേദിയിലുള്ളവർ** സ്വതന്ത്രനായവൻ മരിച്ചവരുടെ ഇടയിൽ.
സകലത്തിന്റെയും നാഥാ, ...

**ഗായക. സമൂ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## പ്രാരംഭഗീതം (ഓനീസാ ദക്ക്ദം)

(ലൈക്കാ ഏസൽ ... / എവിടെയൊളിക്കും കർത്താവേ, ...)

**പ്രഭാതത്തിൽ സങ്കടം സന്തോഷമായി മാറും.** (സങ്കീ 30:5)

**ഇന്നലെയങ്ങേ കരചരണങ്ങൾ**
**ചെന്നിണധാരയിൽ മുങ്ങിയിരുന്നു**
**ഇന്നവ നൂതനവെൺകതിരോടെ**
**മിന്നിവിളങ്ങി വിരാജിക്കുന്നു.**
**വേദന തിങ്ങിയ രാവുകളല്ലോ**
**വെണ്മയെഴും നൽപുലരി തരുന്നു.**

**കർത്താവു തന്റെ ദാസരുടെ പ്രാണനെ രക്ഷിക്കുന്നു.** (സങ്കീ 34:22)

**ഇന്നലെയങ്ങേ ദിവ്യശരീരം**
**മൃതമായ് കബറിന്നുള്ളിലടങ്ങി**
**ഇന്നതു മോഹനമഹിമാവോടെ**
**പൊൽകതിർ വീശിയുദിച്ചുയരുന്നു.** (മത്താ 5:8)
**മൃതിയുടെ കെണിയിൽ വീഴാതിവരെ**
**പരിചൊടു കാത്തു നയിക്കണമേ നീ.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**എളിയവരുന്നത പദവിയിലേറും**
**ഗർവിതരെല്ലാം താഴെയിറങ്ങും**
**നിർമലമാനസരന്തിമനാളിൽ**
**നിൻ തിരുവദനം തെളിവായ്ക്കാണും.**
**കർത്താവേ, നിൻ ദിവ്യവരങ്ങൾ**
**ഞങ്ങളിലൻപൊടു ചൊരിയണമേ നീ.**

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അനന്തമായ കരുണയും നിരന്തരമായ പരിപാലനവുമോർത്ത് അങ്ങയെ ഏറ്റുപറയാനും ആരാധിക്കാനും മഹത്വപ്പെടുത്താനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സായാഹ്നസങ്കീർത്തനങ്ങൾ (മറിയാ ക്രേസാക്)

**ശുശ്രൂ.** (സങ്കീ 140) കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു; എനിക്കുത്തരമരുളണമേ.
(കാനോന) കർത്താവേ, എന്റെ വാക്കുകേട്ട്
എന്റെ പ്രാർഥന സ്വീകരിക്കണമേ.

(സമൂഹം രണ്ടു ഗണമായി തുടരുന്നു)

കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;
എനിക്കുത്തരമരുളണമേ.

എന്റെ പ്രാർഥന സ്വീകരിക്കണമേ;
പരിമളധൂപംപോലെ അത് അങ്ങയുടെ പക്കലേക്കുയരട്ടെ.

കർത്താവേ, എന്റെ ഈ പ്രാർഥന
എന്റെ സായാഹ്നബലിയായി സ്വീകരിക്കണമേ.

എന്റെ നാവിനും അധരത്തിനും
അങ്ങു കാവൽ നിറുത്തണമേ.

എന്റെ ഹൃദയം തിന്മയിലേക്കു ചായാതിരിക്കട്ടെ;
ദുഷ്പ്രവൃത്തികൾ ഞാൻ ചെയ്യാതിരിക്കട്ടെ;
ദുഷ്ടരോടു ഞാൻ സഹവസിക്കാതിരിക്കട്ടെ.

നീതിമാനായ മനുഷ്യൻ
എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ.

ദുഷ്ടരുടെ തൈലംകൊണ്ട്
എന്റെ ശിരസ്സു പൂശാൻ അനുവദിക്കരുതേ.

എന്തുകൊണ്ടെന്നാൽ, എന്റെ പ്രാർഥന
അവരുടെ പ്രവൃത്തികൾക്കെതിരാകുന്നു.

**അവരുടെ വിധികർത്താക്കൾ**
**കനത്ത കൈകളാൽ തടയപ്പെട്ടു.**

**എന്റെ വാക്കുകൾ സ്നേഹമസൃണമായിരുന്നെന്ന്**
**അപ്പോൾ അവർക്കു മനസ്സിലായി.**

(സങ്കീ 141) **ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിക്കുന്നു;**
**ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു.**

**എന്റെ ഹൃദയം നീറുമ്പോൾ എന്റെ സങ്കടങ്ങളും പീഡകളും**
**ഞാൻ അവിടത്തെ അറിയിക്കും.**

**ക്ലേശങ്ങളാൽ ഞാൻ വലയുമ്പോൾ**
**എന്റെ വഴികളെല്ലാം അങ്ങ് അറിയുന്നല്ലോ.**

**ഞാൻ സഞ്ചരിക്കുന്ന വഴികളിൽ**
**അവർ എനിക്കു കെണികൾ വച്ചു.**

**ഞാൻ വലത്തേക്കു തിരിഞ്ഞുനോക്കി;**
**എന്നെ അറിയുന്നവർ ആരുമില്ല.**

**ഓടിയൊളിക്കാൻ എനിക്കിടമില്ല;**
**എന്നെ രക്ഷിക്കാൻ ആരുമില്ല.**

**കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;**
**അങ്ങ് എന്റെ അഭയമാണല്ലോ.**

(സങ്കീ 118/14) **അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും**
**വഴികളിൽ പ്രകാശവുമാകുന്നു.**

**നീതിയുടെ നിയമങ്ങളനുസരിക്കാൻ**
**ശപഥപൂർവം ഞാൻ നിശ്ചയിച്ചു.**

**കർത്താവേ, ഞാൻ ഏറെ താഴ്ത്തപ്പെട്ടു;**
**അങ്ങയുടെ വചനമനുസരിച്ച് എനിക്കു ജീവൻ നല്കണമേ.**

**എന്റെ വചനങ്ങളിൽ അങ്ങു സംപ്രീതനാകണമേ;**
**അങ്ങയുടെ വിധികൾ എന്നെ പഠിപ്പിക്കണമേ.**

**എന്നെന്നും ഞാൻ അങ്ങയുടെ കരങ്ങളിലാകുന്നു;**
**അങ്ങയുടെ നിയമം ഞാൻ മറക്കുകയില്ല.**

**പാപികൾ എനിക്കു കെണികൾ വച്ചു;**
**എങ്കിലും പ്രമാണങ്ങളിൽനിന്നു ഞാൻ പിന്മാറിയില്ല.**

SYRO MALABAR COMMISSION FOR LITURGY

**അങ്ങയുടെ പ്രമാണങ്ങളാണ് എന്നേക്കും എന്റെ ഓഹരി;**
**അതിനാൽ അവയിൽ എന്റെ ഹൃദയം ആനന്ദിക്കുന്നു.**

**അങ്ങയുടെ കല്പനകൾ എന്നും സത്യമായി പാലിക്കാൻ**
**എന്റെ ഹൃദയം ഞാൻ സജ്ജമാക്കുന്നു.**

(സങ്കീ 116) **ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ,**
**ജനതകളേ, അവിടത്തെ പുകഴ്ത്തുവിൻ.**
**എന്തുകൊണ്ടെന്നാൽ, അവിടത്തെ കൃപ**
**നമ്മുടെമേൽ പ്രബലപ്പെട്ടിരിക്കുന്നു;**
**സത്യമായും കർത്താവ് എന്നേക്കും നിലനില്ക്കുന്നു.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:**
**ആദിമുതൽ എന്നേക്കും, ആമ്മേൻ.**

**ശുശ്രൂ.** **കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;**
**എനിക്കുത്തരമരുളണമേ.**
(കാനോന) **കർത്താവേ, എന്റെ വാക്കുകേട്ട്**
**എന്റെ പ്രാർഥന സ്വീകരിക്കണമേ.**

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പ്രാർഥന ദയാപൂർവം കേൾക്കുകയും ദിവ്യമായ കാരുണ്യത്താൽ അങ്ങയുടെ ആരാധകരുടെ അപേക്ഷ സ്വീകരിക്കുകയും ചെയ്യണമേ. ശരീരങ്ങളുടെ സൗഖ്യദായകനും ആത്മാക്കളുടെ നല്ല ശരണവുമായവനേ, പാപികളായ ഞങ്ങളിൽ കനിയണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

SYRO MALABAR LITURGY COMMISSION FOR

## അനുഗീതം (ഓനീസാ ദ്‌വാസർ)

(ഹാലേൻ കൊലഹേൻ ... / ഹാവാവഴിയായ് നരവംശം ...)

**കർത്താവു മഹത്ത്വത്തോടെ ഭരിക്കുന്നു.** (സങ്കീ 93:1)
**പരമോന്നതമാം പരിവേഷം**
**പരിചിലണിഞ്ഞു വിരാജിതനായ്**
**അതുലമനോഹര മഹിമയൊടെ**
**മിശിഹാനാഥനുയിർത്തല്ലോ.**
**മർത്ത്യനു ശാന്തിയുമതുപോലെ**
**രക്ഷയുമുന്നതജീവിതവും**
**നല്കിയ നിത്യവെളിച്ചത്താൽ**
**തിങ്ങിനിറഞ്ഞു ഹൃദയങ്ങൾ.**

**കർത്താവിന് പുതിയ കീർത്തനം പാടുവിൻ.** (സങ്കീ 96:1)
**മങ്ങിയ മാനവനയനങ്ങൾ**
**മിന്നിവിരിഞ്ഞു വിളങ്ങുന്നു.**
**മന്നിലുമംബരവീഥിയിലും**
**മംഗളഗീതികളുയരുന്നു.**
**കരിനിഴലേറ്റിയ പാപങ്ങൾ**
**നിരയായ് വീണു തകർന്നല്ലോ**
**സ്വാതന്ത്ര്യത്തിൻ പാവനമാം**
**വെന്നിക്കൊടികളുയർന്നല്ലോ.**

**പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**
**കബറിന്നരികിൽ ദൂതന്മാർ**
**ഉലകിൻ നാഥനെ വാഴ്ത്തുമ്പോൾ**
**മധുരമനോഹരഗാനങ്ങൾ**
**പാടിച്ചുഴ്ന്നു പറക്കുമ്പോൾ;**
**സുന്ദരമാം സ്വർലോകത്തിൻ**
**സുരഭിലകാന്തി പരന്നല്ലോ**
**കബറിടമുന്നതമോദത്തിൻ**
**പറുദീസായായ്ത്തീർന്നല്ലോ.**

**ശുശ്രൂ.** **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

**കാർമി.** **ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു പ്രകൃത്യാ പരിശുദ്ധനും മഹത്ത്വപൂർണനുമാകുന്നു. അങ്ങ് എല്ലാറ്റിലും ഉന്നതനും അനാദിമുതൽ ആരാധിക്കപ്പെടുന്നവനുമാകുന്നു. അങ്ങയെ ഞങ്ങൾ എല്ലായ്പോഴും ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.**

**സമു.** **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക.
സമൂ. പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

വചന വേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിപാവനനാം സർവേശാ, ...

ഗായക. ആദിമുതൽ എന്നേക്കും, ആമ്മേൻ.
സമൂ. പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

ശുശ്രൂ. സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

ഗായക.
സമൂ. പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്ത്യനേ,
ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

വചന വേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധനായ ദൈവമേ, ...

ഗായക ആദിമുതൽ എന്നേക്കും, ആമ്മേൻ.
സമൂ. പരിശുദ്ധനായ ദൈവമേ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്കഭിമുഖമായിനിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.**

സമൂഹം ഇരിക്കുന്നു.

**പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന. (17:3-7)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ദാഹിച്ചുവലഞ്ഞ ജനം മോശയ്ക്കെതിരെ ആവലാതിപ്പെട്ടു ചോദിച്ചു: 'നീ എന്തിനാണു ഞങ്ങളെ ഈജിപ്തിൽ നിന്നു പുറത്തേക്കു കൊണ്ടുവന്നത്? ഞങ്ങളും കുട്ടികളും കന്നുകാലികളും ദാഹിച്ചു ചാകട്ടെ എന്നു കരുതിയാണോ?' മോശ കർത്താവിനോടു നിലവിളിച്ചു പറഞ്ഞു: 'ഈ ജനത്തോടു ഞാൻ എന്താണു ചെയ്യുക? ഏറെത്താമസിയാതെ അവർ എന്നെ കല്ലെറിയും.' കർത്താവു മോശയോട് അരുൾചെയ്തു: 'ഏതാനും ഇസ്രായേൽ ശ്രേഷ്ഠന്മാരുമൊത്ത് നീ ജനത്തിന്റെ മുൻപേ പോകുക. നദിയുടെമേൽ അടിക്കാൻ ഉപയോഗിച്ച വടിയും കൈയിലെടുത്തുകൊള്ളുക. ഇതാ, നിനക്കു മുൻപിൽ ഹോറെബിലെ പാറമേൽ ഞാൻ നില്ക്കും. നീ ആ പാറയിൽ അടിക്കണം. അപ്പോൾ അതിൽനിന്നു ജനത്തിനു കുടിക്കാൻ വെള്ളം പുറപ്പെടും.' ഇസ്രായേൽ ശ്രേഷ്ഠന്മാരുടെ സാന്നിധ്യത്തിൽ മോശ അങ്ങനെ ചെയ്തു. ഇസ്രായേൽക്കാർ അവിടെ വച്ചു കലഹിച്ചതിനാലും 'കർത്താവു ഞങ്ങളുടെ ഇടയിൽ**

SYRO MALABAR COMMISSION FOR LITURGY

**ഉണ്ടോ ഇല്ലയോ' എന്നു ചോദിച്ചുകൊണ്ടു കർത്താവിനെ പരീക്ഷിച്ചതിനാലും മോശ ആ സ്ഥലത്തിനു 'മാസാ' എന്നും 'മെറീബാ' എന്നും പേരിട്ടു.**

(അല്ലെങ്കിൽ)

**ഉല്പത്തി 22:1-19 (അനുബന്ധം പേജ് 337 കാണുക)**

(അല്ലെങ്കിൽ)

**നിയമാവർത്തനം 34:1-9 (അനുബന്ധം പേജ് 338 കാണുക)**

## രണ്ടാം വായന

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. യോനായുടെ പുസ്തകത്തിൽനിന്നുള്ള വായന. (2:1-10)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ശുശ്രൂഷി ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെ വരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **മത്സ്യത്തിന്റെ ഉദരത്തിൽവച്ചു യോനാ തന്റെ ദൈവമായ കർത്താവിനോടു പ്രാർഥിച്ചു: 'എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടന്ന് എനിക്ക് ഉത്തരമരുളി. പാതാളത്തിന്റെ ഉദരത്തിൽനിന്നു ഞാൻ നിലവിളിച്ചു; അവിടന്ന് എന്റെ നിലവിളി കേട്ടു. അവിടന്ന് എന്നെ ആഴത്തിലേക്ക്, സമുദ്രമധ്യത്തിലേക്കു വലിച്ചെറിഞ്ഞു. പ്രവാഹം എന്നെ വളഞ്ഞു. അങ്ങയുടെ തിരമാലകൾ എന്റെ മുകളിലൂടെ കടന്നുപോയി. അപ്പോൾ, ഞാൻ പറഞ്ഞു: അങ്ങയുടെ സന്നിധിയിൽനിന്നു ഞാൻ നിഷ്കാസിതനായിരിക്കുന്നു. അങ്ങയുടെ വിശുദ്ധ മന്ദിരത്തിലേക്ക്, ഇനി ഞാൻ എങ്ങനെ നോക്കും? സമുദ്രം എന്നെ വലയം ചെയ്തിരിക്കുന്നു.**

SYRO MALABAR COMMISSION FOR LITURGY

ആഴി എന്നെ ചുറ്റിയിരിക്കുന്നു. പായൽ എന്റെ തല വരിഞ്ഞു മുറുക്കിയിരിക്കുന്നു. പർവ്വതങ്ങൾ വേരുപാകിയിരിക്കുന്ന സമുദ്രത്തിന്റെ അടിത്തട്ടിലേക്കു ഞാൻ ഇറങ്ങിച്ചെന്നു. അതിന്റെ ഓടാമ്പലുകൾ എന്നെ എന്നേക്കുമായി അടച്ചുപൂട്ടി. എങ്കിലും എന്റെ ദൈവമായ കർത്താവേ, അങ്ങ് എന്റെ ജീവനെ പാതാളത്തിൽനിന്നു പൊക്കിയെടുത്തു. എന്റെ ജീവൻ മരവിച്ചപ്പോൾ, ഞാൻ കർത്താവിനെ ഓർത്തു. എന്റെ പ്രാർഥന അങ്ങയുടെ അടുക്കൽ, അങ്ങയുടെ വിശുദ്ധ മന്ദിരത്തിൽ, എത്തി. വ്യർഥവിഗ്രഹങ്ങളെ പൂജിക്കുന്നവർ തങ്ങളുടെ വിശ്വസ്തത വെടിയുന്നു. എന്നാൽ, ഞാൻ കൃതജ്ഞതാ സ്തോത്രങ്ങളാലപിച്ച് അങ്ങേക്കു ബലി അർപ്പിക്കും. ഞാൻ എന്റെ നേർച്ചകൾ നിറവേറ്റും. കർത്താവിൽനിന്നാണു രക്ഷ.' കർത്താവു മത്സ്യത്തോടു കല്പിച്ചു. അതു യോനായെ കരയിലേക്കു ഛർദിച്ചിട്ടു.

(അല്ലെങ്കിൽ)

യോന 1:1-17 (അനുബന്ധം പേജ് 339 കാണുക)

സമൂ. ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂ. പ്രകീർത്തനം (ശൂറായ) ആലപിക്കാനായി
നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം (ശൂറായ)

കാർമി. സർവചരാചരവും
ദൈവമഹത്ത്വത്തെ
വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
മാമോദീസാ രഹസ്യത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

ശുശ്രൂ.II തൻ മഹിമാവല്ലോ.
വാനിലുമൂഴിയിലും
തിങ്ങിവിളങ്ങുന്നു.

സമൂ. ദിവ്യാത്മാവിൻ ഗീതികളാൽ ...

SYRO MALABAR COMMISSION FOR LITURGY

**കാർമി.** നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.I** ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്ക് അഭിമുഖമായി നിന്നു പറയുന്നു.

**ശുശ്രൂ.** സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം. (6:3–11)

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

SYRO MALABAR COMMISSION FOR LITURGY

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമ്മി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ഈശോമിശിഹായോട് ഐക്യപ്പെടാൻ മാമോദീസാ സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണു മാമോദീസാ സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ മാമോദീസായാൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്.**

**അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ, അവന്റെ തിരുവുത്ഥാനത്തിനു സദൃശമായ ഒരു ഉത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും. നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപപൂർണമായ ശരീരത്തെ നശിപ്പിക്കാൻവേണ്ടി നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ. എന്തെന്നാൽ, മരിച്ചവൻ പാപത്തിൽനിന്നു മോചിതനായിരിക്കുന്നു. നാം മിശിഹായോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു നാം വിശ്വസിക്കുന്നു. മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത മിശിഹാ ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല. അവൻ മരിച്ചു; പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലെ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും ഈശോമിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ.**

(അല്ലെങ്കിൽ)

**ഹെബ്രാ 6:1-8 (അനുബന്ധം പേജ് 341 കാണുക)**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധ തൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**ശുശ്രൂ.** ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

## ഹല്ലേലുയ്യാഗീതം (സൂമാറ)

(സങ്കീർത്തനം 88:5-6)

**ഗായക. സമൂ.** ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
കർത്താവെന്നോടരുളിച്ചെയ്തു:
നീയല്ലോ മമ വത്സലപുത്രൻ.
ഞാനിന്നേകി നിനക്കായ് ജന്മം
ചോദിക്കുക നീ എന്നോടെന്തും.
ധരയുടെയതിരുകൾ നിൻ കീഴാകും
ജനതകളഖിലം നിന്നവകാശം.
താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.
ആദിമുതൽക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.
ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** **ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** **നമുക്കു ശ്രദ്ധാപൂർവംനിന്നു**
**പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ.** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

## സുവിശേഷം

**കാർമി.** **വിശുദ്ധ മത്തായി അറിയിച്ച**
**നമ്മുടെ കർത്താവീശോമിശിഹായുടെ**
**പരിശുദ്ധ സുവിശേഷം. (28:1–20)**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

**കാർമി.** **സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങി വന്ന്, കല്ലുരുട്ടിമാറ്റി, അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു, വസ്ത്രം മഞ്ഞുപോലെ വെളുത്തതും.**

അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: 'ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട ഈശോയെയാണു നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുൾച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു. അവൻ കിടന്ന സ്ഥലം വന്നുകാണുവിൻ. വേഗം പോയി അവന്റെ ശിഷ്യൻമാരോട്, അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടെന്നും നിങ്ങൾക്കുമുൻപേ ഗലീലി യിലേക്കു പോകുന്നെന്നും അവിടെ വച്ച് നിങ്ങൾ അവനെ കാണുമെന്നും പറയുവിൻ. ഇതാ, ഇക്കാര്യം ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു.'

അവർ കല്ലറവിട്ട് ഭയത്തോടും വലിയ സന്തോഷത്തോടും കൂടെ ശിഷ്യന്മാരെ വിവരം അറിയിക്കാൻ ഓടി. അപ്പോൾ ഈശോ എതിരേ വന്ന് അവരെ അഭിവാദനം ചെയ്തു. അവർ അവനെ സമീപിച്ച് പാദങ്ങളിൽ കെട്ടിപ്പിടിച്ച് ആരാധിച്ചു. ഈശോ അവരോടു പറഞ്ഞു: 'ഭയപ്പെടേണ്ടാ; നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോടു ഗലീലിയിലേക്കു പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക.'

അവർ പോയപ്പോൾ കാവൽക്കാരിൽ ചിലർ പട്ടണത്തിൽ ചെന്ന് സംഭവിച്ചതെല്ലാം പ്രധാനപുരോഹിതന്മാരെ അറിയിച്ചു. അവരും പ്രമാണികളും കൂടിയാലോചിച്ചതിനുശേഷം പടയാളികൾക്കു വേണ്ടത്ര പണം കൊടുത്തിട്ടു പറഞ്ഞു: 'ഞങ്ങൾ ഉറങ്ങിയപ്പോൾ രാത്രിയിൽ അവന്റെ ശിഷ്യന്മാർ വന്ന് അവനെ മോഷ്ടിച്ചു കൊണ്ടുപോയി എന്നു പറയുവിൻ. ദേശാധിപതി ഇതറിഞ്ഞാൽ, ഞങ്ങൾ അവനെ സ്വാധീനിച്ച് നിങ്ങൾക്ക് ഉപദ്രവമുണ്ടാക്കാതെ നോക്കിക്കൊള്ളാം.' അവർ പണം വാങ്ങി, നിർദേശമനുസരിച്ചു പ്രവർത്തിച്ചു. ഇത് ഇന്നും യഹൂദരുടെയിടയിൽ പ്രചാരത്തി ലിരിക്കുന്നു.

ഈശോ നിർദേശിച്ചതുപോലെ പതിനൊന്നു ശിഷ്യന്മാരും ഗലീലിയിലെ മലയിലേക്കു പോയി. അവനെ കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ, ചിലർ സംശയിച്ചു. ഈശോ അവരെ സമീപിച്ച്, അരുൾച്ചെയ്തു: 'സ്വർഗത്തിലും ഭൂമിയി ലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.

**ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.'**

(അല്ലെങ്കിൽ)

**മത്താ 27:62-66 (അനുബന്ധം പേജ് 342 കാണുക)**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

## വചനസന്ദേശം
## മാമോദീസാ വ്രതനവീകരണ ശുശ്രൂഷ

മാമോദീസാ പരികർമംചെയ്യുന്നുണ്ടെങ്കിൽ, മാമോദീസായുടെ കർമങ്ങൾക്കുശേഷം വിജ്ഞാപനം വായിക്കുന്നു.

**വിജ്ഞാപനം:** പ്രിയ സഹോദരരേ, ആദിമസഭയിൽ വലിയശനിയാഴ്ച മാമോദീസാ നല്കുന്ന പതിവുണ്ടായിരുന്നു. ഈ പതിവ് ചില സ്ഥലങ്ങളിൽ പുനഃരാരംഭിച്ചിട്ടുണ്ട്. മാമോദീസായിലൂടെ നാം മിശിഹായോടൊപ്പം മരിച്ച്, സംസ്കരിക്കപ്പെട്ട്, ഉയിർത്തെഴുന്നേല്ക്കുന്നുവെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഓർമിക്കുക. അതുപോലെ, പാപത്തോടു മരിച്ച്, മിശിഹായോടൊപ്പം ഉയിർത്തെഴുന്നേല്ക്കുന്ന അനുഭവമാണ് മാമോദീസായിലൂടെ നമുക്കു ലഭിക്കുന്നത്. ഈ യാഥാർത്ഥ്യം അനുസ്മരിപ്പിക്കാൻ ഏറ്റവും ഉചിതമായ ദിനം ഇന്നാണല്ലോ. തുടർന്നു വരുന്ന തിരുക്കർമങ്ങൾ മാമോദീസായിലൂടെ നമുക്കു ലഭിച്ചിരിക്കുന്ന വലിയ അനുഗ്രഹങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. വെള്ളം വെഞ്ചരിച്ച് നമ്മുടെമേൽ തളിച്ചുകൊണ്ട് മാമോദീസാജലത്തിലൂടെ നമുക്ക് പുതുജന്മം ലഭിച്ചതിനെ നാം ഓർക്കുന്നു. ദീപം കൊളുത്തി ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിക്കുന്ന നാം, ഈ ലോകത്തിന്റെ പ്രകാശമായി ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു. മാമോദീസായുടെ അവസരത്തിൽ നാമെടുത്ത വ്രതങ്ങൾ നമുക്കു നവീകരിക്കാം. സഭയുടെ വിശ്വാസ സത്യങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് മിശിഹായിൽ നവീകരിക്കപ്പെട്ട ജീവിതം നയിക്കാൻ നമുക്ക് ഉത്സാഹിക്കാം. ഈ തിരുക്കർമങ്ങളിൽ ഭക്തിപൂർവം പങ്കെടുത്ത് ദൈവത്തിന്റെ കൃപക്കായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

## വെള്ളം വെഞ്ചരിപ്പ്

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ മാമോദീസായുടെ ആദിരൂപമായി യോർദാനിൽവച്ച് ഈശോ മാമോദീസാ സ്വീകരിച്ചപ്പോൾ അവന്റെമേൽ ഇറങ്ങിവസിച്ചവനും ഞങ്ങളുടെ പഴയ പ്രകൃതിയെ നവീകരിക്കുന്നവനുമായ പരിശുദ്ധാത്മാവ് ഈ ജലത്തിൽ ആവസിച്ച് ഇതിനെ വിശുദ്ധീകരിക്കട്ടെ. ആത്മാവിനെയും ശരീരത്തെയും പവിത്രീകരിക്കാനും ജീവിതം നവീകരിക്കാനുമുള്ള ശക്തി അവിടന്ന് ഈ ജലത്തിന് പ്രദാനം ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും ✠ (കാർമികൻ വെള്ളത്തിനുമീതെ കുരിശടയാളം വരയ്ക്കുന്നു) എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** വിശുദ്ധ മാമോദീസയാൽ ഞങ്ങൾക്കു പാപമോചനം നല്കുകയും മക്കളുടെ സ്ഥാനത്തേക്കു ഞങ്ങളെ ഉയർത്തുകയും ചെയ്ത ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഞങ്ങൾക്കു ലഭിച്ച വിശ്വാസം അഭംഗുരം പാലിക്കാനും നിത്യസൗഭാഗ്യത്തിന് അർഹരാകാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

വെഞ്ചരിച്ച വെള്ളംകൊണ്ട് കാർമികൻ വിശ്വാസികളെ തളിക്കുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കാവുന്നതാണ്.

## ഗീതം

സർവോന്നതനാം കർത്താവേ,
താവകസുതനാമീശോയെ
തന്നതിനാദരപൂർവമിതാ
നന്ദിയൊടങ്ങയെ വാഴ്ത്തുന്നു.

കാരുണ്യത്താൽ ഞങ്ങളെ നീ
പാരിൽ ദൈവികസുതരാക്കി
മാമോദീസാ സലിലത്താൽ
ഞങ്ങൾക്കേകീ പുതുജീവൻ.

**പരിപാവനമീ സലിലത്താൽ**
**മാനവപാപക്കറ കഴുകും**
**നാഥാ, താവക നൈർമല്യം**
**മർത്ത്യാത്മാവിൽ നിറയുന്നു.**

**ഇന്നു വിശുദ്ധജലത്താൽ നീ**
**നല്കിയ ദാനം നിസ്തുലമാം**
**കർത്താവേ, നിൻ കരുണയ്ക്കായ്**
**സ്തുതിയും സ്തോത്രവുമെന്നേക്കും.**

വചനവേദിയിൽ തിരിച്ചുവന്നതിനുശേഷം ഒരുക്കിവച്ചിരിക്കുന്ന തീ / തിരി / നിലവിളക്ക് കൊളുത്തുന്നു. തത്സമയം ചൊല്ലുന്നു:

**കാർമി.** **'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല' എന്നരുൾച്ചെയ്ത മിശിഹാ അന്ധകാരം നീക്കി നമ്മെ പ്രകാശിപ്പിക്കട്ടെ.**

**സമൂ.** **ആമ്മേൻ.**

തീ / തിരി / നിലവിളക്കിൽനിന്ന് ജനങ്ങളും തിരി കത്തിച്ചെടുക്കുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കാവുന്നതാണ്.

## ഗീതം

(അവനീപതിയാം ...)

**'വിശ്വവെളിച്ചം ഞാനെ'ന്നരുളിയ**
**മിശിഹാനാഥനെ വാഴ്ത്തിപ്പാടാം.**

**നിന്നിൽനിന്നു കൊളുത്താം ഞങ്ങൾ**
**ജീവിതനാളം ദീപ്തി പരത്താൻ.**

**കൂരിരുൾതിങ്ങും ഭൂമിയിലെങ്ങും**
**നിത്യമുയർത്താം കൈത്തിരിനാളം.**

**നിശയുടെയിരുളും നിഴലും നീക്കാൻ**
**ഞങ്ങൾ കൈത്തിരിമലരുകളാകാം.**

(അല്ലെങ്കിൽ)

**ദീപമേ, സ്വർല്ലോകദീപമേ,**
**ജീവൻ പകർന്നിടുന്ന ദീപമേ,**
**വാനം തുറന്നുവന്ന ദീപമേ,**
**വാനോർ വണങ്ങിടുന്ന ദീപമേ,** **ദീപമേ ...**

**വിജയത്തിൻ പൊൻകൊടി പാറിപ്പറന്നുവന്നു;**
**മരണത്തിൻ കോട്ടകളെല്ലാം തകർന്നുവീണു;**
**കല്ലറയിൽ പുതിയൊരു ജീവൻ കുരുത്തുവന്നു:**
**ദൈവത്തിൻ നിത്യകുമാരകനുയിർത്തുവന്നു.** **ദീപമേ ...**

SYRO MALABAR COMMISSION FOR LITURGY

## മാമോദീസാ വ്രതനവീകരണം

**വിജ്ഞാപനം:** നമ്മിൽ മിക്കവരും കുഞ്ഞുങ്ങളായിരുന്നപ്പോൾ മാമോദീസാ സ്വീകരിച്ചവരാണ്. അന്ന് നമ്മുടെ മാതാപിതാക്കളും മാമോദീസാമാതാപിതാക്കളുമാണ് നമുക്കുവേണ്ടി സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞത്. ആ വിശ്വാസസത്യങ്ങൾ നമുക്കിപ്പോൾ ബോധപൂർവം ഏറ്റുപറയാം.

## വിശ്വാസപ്രമാണം

**കാർമി.** **പ്രിയ സഹോദരരേ, നമുക്കൊരുമിച്ച് സഭയുടെ വിശ്വാസ രഹസ്യങ്ങൾ ഏറ്റുപറയാം.**

മാമോദീസാ പരികർമം നടത്തിയെങ്കിൽ വിശ്വാസപ്രമാണം ആവർത്തിക്കേണ്ടതില്ല.

വിശ്വാസപ്രമാണം പ്രത്യുത്തരത്തോടുകൂടിയോ അല്ലാതെയോ ഏറ്റുപറയാവുന്നതാണ്.

**കാർമി.** **സർവശക്തനും പിതാവും, ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവുമായ ഏകദൈവത്തിൽ വിശ്വസിക്കുന്നുവോ?**

**സമൂ.** **ഞാൻ വിശ്വസിക്കുന്നു.**

**കാർമി.** **ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏക കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്നുവോ?**

**സമൂ.** **ഞാൻ വിശ്വസിക്കുന്നു.**

**കാർമി.** **അവിടന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നുവെന്നും, അവൻവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തുവെന്നും വിശ്വസിക്കുന്നുവോ?**

**സമൂ.** **ഞാൻ വിശ്വസിക്കുന്നു.**

**കാർമി.** **മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവൻ സ്വർഗത്തിൽനിന്നിറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച് മനുഷ്യനായിപ്പിറന്നുവെന്നു വിശ്വസിക്കുന്നുവോ?**

**സമൂ.** **ഞാൻ വിശ്വസിക്കുന്നു.**

SYRO MALABAR COMMISSION FOR LITURGY

**കാർമി.** അവിടന്നു പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തുവെന്നു വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** അവിടന്നു സ്വർഗത്തിലേക്കെഴുന്നള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നുവെന്നും, മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ വീണ്ടും വരുമെന്നും വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു

**കാർമി.** പിതാവിൽനിന്നും – പുത്രനിൽനിന്നും – പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിൽ വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലും വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

**കാർമി.** പാപമോചനത്തിനുള്ള ഏക മാമോദീസയിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യായുസ്സിലും വിശ്വസിക്കുന്നുവോ?

**സമൂ.** ഞാൻ വിശ്വസിക്കുന്നു.

(അല്ലെങ്കിൽ)

**കാർമി.** സർവശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവുംചേർന്നു തുടരുന്നു)

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാംമുമ്പു പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടന്നുവഴി പ്രപഞ്ചം സംവിധാനം

ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടന്നു സ്വർഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ, കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ചു മനുഷ്യനായി പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. അവിടന്നു സ്വർഗത്തിലേക്ക് എഴുന്നള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കാൻ അവിടന്നു വീണ്ടും വരാനിരിക്കുന്നു. പിതാവിൽ നിന്നും - പുത്രനിൽനിന്നും - പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏകപരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏകമാമോദീസായും ശരീരത്തിന്റെ ഉയിർപ്പും നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

**കാർമി.** നാം ഏറ്റുപറഞ്ഞ ഈ വിശ്വാസമനുസരിച്ച് തുടർന്നും ജീവിക്കാൻ സർവശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

കാർമികൻ ചൊല്ലിക്കൊടുക്കുന്ന മാമോദീസാ നവീകരണ പ്രാർഥന സമൂഹം ഏറ്റുചൊല്ലുന്നു.

**കാർമി.** കാരുണ്യവാനായ ദൈവമേ, / അങ്ങയുടെ പുത്രനായ മിശിഹാവഴി / ഞങ്ങളെ രക്ഷിച്ചതിന് / ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. / മാമോദീസായും തൈലാഭിഷേകവുംവഴി / ഞങ്ങളുടെ പാപങ്ങൾ മോചിച്ച് / ദൈവത്തിന്റെ മക്കളും / പരിശുദ്ധാത്മാവിന്റെ ആലയങ്ങളും / സഭയിലെ അംഗങ്ങളുമായി / ഞങ്ങളെ ഉയർത്തിയതിന് / അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. / പാപവും പാപമാർഗങ്ങളും ഉപേക്ഷിച്ച് / പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്ക് അനുസൃതമായി / ജീവിതം നവീകരിക്കാനും / ലോകത്തിന്റെ പ്രകാശവും / ഭൂമിയുടെ ഉപ്പുമായി / ജീവിക്കാനും / ഞങ്ങളെ സഹായിക്കണമേ. / ആമ്മേൻ.

**കാർമി.** **പാപികളെ വിളിക്കാൻ പാപികളുടെ മധ്യത്തിലേക്കു വന്ന കാരുണ്യവാനായ കർത്താവേ, പാപികളായ ഞങ്ങളെ അനുഗ്രഹിക്കണമേ. രോഗികൾക്കാണു വൈദ്യനെ ആവശ്യം, സുഖമുള്ളവർക്കല്ല, എന്ന് അവിടന്ന് അരുൾചെയ്തിട്ടുണ്ടല്ലോ. രോഗികളും പാപികളുമായ ഞങ്ങളോടു കരുണ തോന്നണമേ.**

**മാമോദീസാവഴി ദൈവപുത്രസ്ഥാനത്തേക്ക് അങ്ങ് ഞങ്ങളെ ഉയർത്തി. എങ്കിലും ധൂർത്തപുത്രനെപ്പോലെ ഞങ്ങൾ അങ്ങിൽ നിന്ന് അകന്നുപോയി. അങ്ങയുടെ മക്കളെന്നു വിളിക്കപ്പെടാൻ ഞങ്ങൾ അർഹരല്ല. ദൈവമേ, ഞങ്ങളോടു കരുണ തോന്നണമേ.**

**മനുഷ്യവർഗത്തിന്റെ പ്രതീക്ഷയും ലോകത്തിന്റെ സമാധാനവുമായ മിശിഹായേ, അവിടത്തെ ശാന്തിയും സമാധാനവും ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. ശത്രുതയും വിരോധവും കോപവും പ്രതികാരചിന്തയും വെടിഞ്ഞു പരസ്പരസ്നേഹത്തിലും ധാരണയിലും ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**വിജ്ഞാപനം :** 'മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല' എന്നു നമ്മുടെ കർത്താവീശോമിശിഹാ അരുൾച്ചെയ്തിരിക്കുന്നു. 'സ്വന്തം സഹോദരനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നവൻ കള്ളം പറയുന്നു' എന്നു യോഹന്നാൻ ശ്ലീഹാ എഴുതിയിട്ടുണ്ട്. 'ക്രിസ്തീയസ്നേഹം ഒട്ടേറെ പാപങ്ങൾ മായിച്ചു കളയുന്നു' എന്നു പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ഈ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ആദിമക്രിസ്ത്യാനികൾ പാലിച്ചുപോന്ന പരസ്നേഹം മറ്റുള്ളവരെ വിസ്മയിപ്പിച്ചിട്ടുണ്ട്. മാമോദീസായും തൈലാഭിഷേകവും പരിശുദ്ധ കുർബാനയും സ്വീകരിക്കുന്നവർ മറ്റുള്ളവരോടു ക്ഷമായാചനം ചെയ്ത്, ക്രിസ്തീയസ്നേഹം സുദൃഢമാക്കാൻ ശ്രമിച്ചിരുന്നു. അവരെ അനുകരിച്ചു നമുക്കും, ഈ അവസരത്തിൽ പരസ്പരം ക്ഷമിച്ച്, യഥാർഥ ക്രിസ്ത്യാനികളാകാൻ പരിശ്രമിക്കാം.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

**കാർമികൻ ചൊല്ലിത്തരുന്ന പ്രാർഥന നമുക്കെല്ലാവർക്കും ഏറ്റുചൊല്ലാം.**

(കാർമികൻ ചൊല്ലിക്കൊടുക്കുന്നു)

കാർമി. **സ്നേഹത്തിന്റെ പ്രമാണവുമായി / ലോകത്തിലേക്കുവന്ന കർത്താവേ, / പരസ്പരം സ്നേഹിച്ചുകൊണ്ട്, / അവിടത്തെ ശിഷ്യരായി ജീവിക്കാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. / അവിടന്ന് ഞങ്ങളെ സ്നേഹിച്ചതു പോലെ, / ഞങ്ങളും പരസ്പരം സ്നേഹിക്കാൻ / ഞങ്ങളെ പഠിപ്പിക്കണമേ. / ഞങ്ങളെ ദ്രോഹിച്ചിട്ടുള്ളവരോട്, / ഹൃദയപൂർവം ഞങ്ങൾ ക്ഷമിക്കുന്നു. / ഞങ്ങൾ ആരെയെങ്കിലും ദ്രോഹിച്ചിട്ടുണ്ടെങ്കിൽ, / അവരോടു ഞങ്ങൾ / മാപ്പു ചോദിക്കുന്നു. / കടങ്ങളെല്ലാം വീട്ടിക്കൊള്ളാമെന്നും,/ കഴിയുന്നവിധത്തിലെല്ലാം / മറ്റുള്ളവരെ സഹായിച്ചുകൊള്ളാമെന്നും / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. / ആമ്മേൻ.**

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

**(മാമോദീസാ നല്കുന്നുണ്ടെങ്കിൽ കാറോസൂസായും തുടർന്നുള്ള സ്ലോസായും കൈവയ്പുപ്രാർഥനയും ഒഴിവാക്കി ഓനീസാ ദ്റംശാ മുതൽ ചൊല്ലുന്നു)**

ശുശ്രൂ. **നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെ നിന്ന് 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നു പ്രാർഥിക്കാം.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാനും പ്രാർഥനാരൂപിയിൽ വളരാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **'ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും സ്വർഗരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല' എന്നരുൾച്ചെയ്ത മിശിഹായേ, മാമോദീസായിലൂടെ പുതുജന്മം പ്രാപിച്ച ഞങ്ങളെ വിശുദ്ധിയിലും ജ്ഞാനത്തിലും വളർത്തണമെന്നു പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **ഞങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും മഹത്ത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത മിശിഹായേ, പാപത്തിനു മരിച്ച് നവജീവൻ പ്രാപിച്ച ഞങ്ങളെ, ഉത്ഥാനപ്രതീക്ഷയിൽ വളർത്തണമെന്നു പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **മാമോദീസായിലൂടെ ദൈവികജീവൻ ഞങ്ങൾക്കു പ്രദാനം ചെയ്ത മിശിഹായേ, ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിച്ച് നിന്റെ സാക്ഷികളായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **മാമോദീസായിലൂടെ തിരുസഭയുടെ അംഗങ്ങളായി ഞങ്ങളെ ഉയർത്തിയ മിശിഹായേ, സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ നല്കണമെന്നു കല്പിച്ച മിശിഹായേ, മാമോദീസായിലൂടെ പ്രകാശത്തിന്റെ പാതയിൽ ഞങ്ങളെ നയിക്കണമെന്നു പ്രാർഥിക്കുന്നു.**

**സമൂ.** **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

**ശുശ്രൂ.** **പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിൽ ഞങ്ങളെ നയിക്കാൻ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും**

SYRO MALABAR LITURGY COMMISSION FOR

**തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

ശുശ്രൂ. **കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കുകയും നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.**

സമൂ. **കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

## II

ശുശ്രൂ. **സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്നു വിനയപൂർവം ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **ഞങ്ങളുടെ ആയുസ്സിലെ എല്ലാ ദിവസവും രാവും പകലും ഞങ്ങൾക്കു പാപരഹിതമായ ജീവിതവും അങ്ങയുടെ സഭയ്ക്കു ശാശ്വതമായ സമാധാനവും ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന പരിപൂർണതയുടെ ബന്ധമായ സ്നേഹത്തിന്റെ ഐക്യം ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

ശുശ്രൂ. **പാപമോചനവും ഞങ്ങളുടെ ജീവിതത്തിന് ഉപകരിക്കുകയും ദൈവമായ അങ്ങയെ പ്രസാദിപ്പിക്കുകയും ചെയ്യുന്ന ദാനങ്ങളും ഞങ്ങൾ യാചിക്കുന്നു.**

സമൂ. **കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.**

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.** അങ്ങയുടെ അനുഗ്രഹവും കൃപയും എന്നും ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ യാചിക്കുന്നു.

**സമൂ.** കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** കുരിശുമരണംവഴി ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ച മിശിഹായേ, മാമോദീസായിലൂടെ ദൈവിക ജീവൻ പ്രദാനം ചെയ്ത നിന്റെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദി പറയുന്നു. വിശുദ്ധജീവിതംവഴി മാമോദീസായുടെ ഫലങ്ങൾ പുറപ്പെടുവിക്കാനും നിന്റെ സാക്ഷികളായി വർത്തിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, സാർവത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ അങ്ങയുടെ കരുണ നിറഞ്ഞ വലംകൈ നീട്ടണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിലും നിന്ന് അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യാൻ ഞങ്ങളെല്ലാവരെയും ദയാപൂർവം യോഗ്യരാക്കണമേ.

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സായാഹ്നഗീതം (ഓനീസാ ദ്റംശാ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

**ദൈവമേ, എന്നോടു കരുണയുണ്ടാകണമേ.** (സങ്കീ 51:1)

പുലരിവെളിച്ചത്തിൽ
നിന്നുടെ കല്ലറയിൽ
വിരവിലണഞ്ഞവളാം (യോഹ 20:1-2)
മറിയം തന്നുടെ മനതാരിൽ
കർത്താവേ, നിൻ കാരുണ്യം
ദർശിച്ചതിനാലവളെ നീ
നിന്നുടെ സ്നേഹം നിവസിക്കും
ആലയമായ് സദയം തീർത്തല്ലോ.

**അങ്ങയുടെ കൃപ ഞങ്ങൾ പ്രഘോഷിക്കുന്നു.** (സങ്കീ 48:9)

മൃതരാമഖിലർക്കും
ആശ്രയമാകും നിൻ
തിരുമെയ് പൂശീടാൻ
വിലയേറീടും തൈലമവൻ
വാങ്ങി വലുതാം സ്നേഹത്താൽ
ഉത്ഥാനത്താൽ മാനവരിൽ
പരിമളധോരണി തൂകിയ നിൻ
കൃപയെന്നും ഞങ്ങൾ വാഴ്ത്തുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

കല്പന ലംഘിച്ചാ-
കനി തിന്നതിനാലെ
മൃതനാമാദത്തെ
ജീവനിലേക്കു നയിച്ചവനേ,
ഉയിരേകും തരു നീയല്ലോ
യാചിക്കുന്നു ഞങ്ങളിതാ
കരുണാവർഷം തൂകണമേ
രക്ഷകനേ, ശരണം നീമാത്രം.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിൽ നിന്നുള്ള ആദ്യഫലമായ മിശിഹാവഴി ഞങ്ങളുടെ ബല ഹീനമായ സ്വഭാവത്തിന്റെ നവീകരണത്തിനുവേണ്ടി അങ്ങു കരുണയാലും കൃപയാലും പൂർത്തിയാക്കിയ രക്ഷാ കർമം അദ്ഭുതാവഹവും അവർണനീയവുമാകുന്നു. ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## പ്രാരംഭം (ശൂറായാ)

(സങ്കീർത്തനം 45:6-8)

**ശുശ്രൂ.** ദൈവത്തിന്റെ സിംഹാസനം ശാശ്വതമാണ്;
അവിടത്തെ രാജകീയചെങ്കോൽ നേരുള്ളതാണ്
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

ദൈവത്തിന്റെ സിംഹാസനം ശാശ്വതമാണ്;
അവിടത്തെ രാജകീയചെങ്കോൽ നേരുള്ളതാണ്

നീ നീതിയെ സ്നേഹിച്ചു;
ദുഷ്ടതയെ ദ്വേഷിക്കുകയുംചെയ്തു.

തന്മൂലം സ്നേഹിതരെക്കാൾ ഉപരിയായി
ആനന്ദത്തിന്റെ തൈലത്താൽ
ദൈവം നിന്നെ അഭിഷേകംചെയ്തു.

SYRO MALABAR COMMISSION FOR LITURGY

ചന്ദനവും മീറയും കുന്തുരുക്കവുംകൊണ്ട്
നിന്റെ വസ്ത്രമെല്ലാം സുരഭിലമായിരിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)

വിശുദ്ധ കുർബാനയില്ലെങ്കിൽ പേജ് 253 മുതലുള്ള സായാഹ്ന പ്രാർഥന (റംശാ) യുടെ സമാപനപ്രാർഥനകൾ ചൊല്ലുന്നു. വിശുദ്ധ കുർബാനയുണ്ടെങ്കിൽ, ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായി നിന്നു ചൊല്ലുന്നു.

**ശുശ്രൂ.** മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമി.** സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

താഴെവരുന്ന ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ആലപിക്കുന്നു / ചൊല്ലുന്നു.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

**ഗായക.** ഭൂമി മുഴുവൻ സന്തോഷിക്കട്ടെ.

**സമൂ.** കർത്താവാം മിശിഹാ
കല്ലറയിൽനിന്നും
ഉത്ഥാനം ചെയ്തു.
രക്ഷാകരമീ സന്ദേശം
ഉലകിനു നല്കീ പ്രത്യാശ
മാർഗം തെറ്റിയ ജനതതിയെ
നേർവഴിചേർത്തു നയിക്കുന്നു
ഉത്ഥിതനാം നാഥൻ നല്ലിടയൻ.

**ഗായക.** അവിടത്തെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ.

**സമൂ.** കർത്താവാം മിശിഹാ ...

(അല്ലെങ്കിൽ)

**ഗായക.** ഭൂമി മുഴുവൻ സന്തോഷിക്കട്ടെ.

**സമൂ.** കർത്താവു കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റ് പ്രപഞ്ചത്തെ മുഴുവനും പ്രകാശിപ്പിച്ചിരിക്കുന്നു. പരാജിതനായ ശത്രു അപ്പോൾ വിളിച്ചു പറയും: 'ഇതാ എന്റെ ശക്തിയെല്ലാം തകർക്കപ്പെട്ടിരിക്കുന്നു'. ലോകം മുഴുവൻ രക്ഷയുടെ സന്ദേശവും സന്തോഷവും പ്രത്യാശയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. പാപത്താൽ ഞെരുക്കപ്പെട്ട പ്രപഞ്ചം ഇതാ, രക്ഷകനെ കണ്ടെത്തിയിരിക്കുന്നു. വഴിതെറ്റിപ്പോയ ആടുകളെ നേരായ പാതയിലേക്ക് ഈ സ്വർഗീയ ഇടയൻ നയിക്കുന്നു.

**ഗായക.** അവിടത്തെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ.

**സമൂ.** കർത്താവു കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റ്

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക.)

## പ്രത്യേകഗീതം (ദ്ഹീലത്ത്)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**കാർമി.** മഹിമാപൂർണൻ സർവേശ്വരനേ,
മഹനീയം നീ വാഴും ഭവനം.

**സമൂ.** വാനിലുമതുപോൽ ഭൂവിലുമെന്നും
കീർത്തിതമല്ലോ ദിവ്യമഹത്ത്വം.

**കാർമി.** മാമകഹൃദയം സന്തോഷിപ്പൂ
മാനസമതുപോൽ ആനന്ദിപ്പൂ.

**സമൂ.** മാമകഗാത്രം ജീർണതയെന്യേ
വിശ്രമമോലും, ജീവൻ പുല്കും.

**കാർമി.** പാതാളത്തിൽ തള്ളിയതില്ലാ
പാവനനെന്നെ മറന്നതുമില്ല.

**സമൂ.** **വാനും ഭൂവും മാനവരൊപ്പം**
**നാഥനെ നിതരാം വാഴ്ത്തീടുന്നു.**

**കാർമി.** **ആരാധിക്കാം വാനവരൊപ്പം**
**ത്രിത്വസ്തുതികൾ പാടി നമിക്കാം.**

(അല്ലെങ്കിൽ)

**സമൂ.** **ഉന്നതനായ ദൈവമേ, എന്നുമെന്നേക്കും നിന്റെ വിശുദ്ധ സ്ഥലത്തു നീ മഹത്ത്വപൂർണ്ണനാകുന്നു. കർത്താവിന്റെ മഹത്ത്വം അവന്റെ സ്ഥലത്തു പ്രകീർത്തിക്കപ്പെടുന്നു. ഇന്ന് എന്റെ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദം കൊള്ളുകയും ചെയ്യുന്നു. എന്റെ ശരീരം സുരക്ഷിതമായി വിശ്രമിക്കും. അവിടന്ന് എന്നെ പാതാളത്തിൽ തള്ളിയില്ല; അങ്ങയുടെ പരിശുദ്ധൻ ജീർണിക്കാൻ അനുവദിച്ചുമില്ല. ആകാശവും ഭൂമിയും അതിലെ സകല വസ്തുക്കളും ഇന്നേ ദിവസം നമ്മോടുകൂടെ കർത്താവിനെ സ്തുതിക്കുന്നു. മാലാഖ മാരോടൊത്ത് പരിശുദ്ധ ത്രിത്വത്തെ ഞങ്ങൾ ആരാധിക്കു കയും സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ആകാശവും ഭൂമിയും അവിടത്തെ മഹത്ത്വത്താൽ നിറഞ്ഞി രിക്കുന്നു. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**സമൂ.** **കൈക്കൊള്ളുന്നീ ദിവ്യരഹസ്യം**
**കർത്താവേ, നിൻ കാരുണ്യത്താൽ.**

**പാപികളാകും ഞങ്ങൾക്കേകിയ**
**യോഗ്യതയോർത്തു വണങ്ങീടുന്നു.**

(അല്ലെങ്കിൽ)

**സമൂ.** **ഞങ്ങളുടെ കർത്താവേ, അങ്ങയുടെ അനന്തകാരുണ്യത്താൽ സ്തുത്യർഹവും ആരാധ്യവുമായ ഈ രഹസ്യങ്ങളിൽ പങ്കുചേരാൻ അയോഗ്യരും പാപികളുമായ ഞങ്ങളെ അങ്ങു യോഗ്യരാക്കി. മാലാഖമാരോടൊത്ത് പരിശുദ്ധ ത്രിത്വത്തെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ആകാശവും ഭൂമിയും അവിടത്തെ മഹത്ത്വത്താൽ നിറഞ്ഞിരിക്കുന്നു. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.**

SYRO MALABAR COMMISSION FOR LITURGY

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** **കുരിശിൽ ജീവൻ ഹോമിച്ചവനാം**
**മിശിഹാനാഥനെ വാഴ്ത്തി നമിക്കാം.**
**പാവനമാകും നിണഗാത്രങ്ങൾ**
**കൈക്കൊണ്ടീടാം, ജീവൻ നേടാം.**

(അല്ലെങ്കിൽ)

**ശുശ്രൂ.** **ദൈവപുത്രൻ തന്റെ കുരിശുമരണംവഴി നമ്മെ രക്ഷിച്ചതിനെയോർത്ത് സഭയിൽ നമുക്കു നന്ദി പറയാം. സഹോദരരേ, വരുവിൻ, മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച് നമുക്കു നവജീവൻ പ്രാപിക്കാം.**

## കൃതജ്ഞതാപ്രാർഥനകൾ

**കാർമ്മി.** **കർത്താവായ ദൈവമേ, സർവസൃഷ്ടിജാലങ്ങളുമൊത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങു ഞങ്ങളുടെമേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നന്മകൾക്കു ഞങ്ങൾ നന്ദി പറയുന്നു. മാലാഖമാരോടൊത്ത് എന്നും അങ്ങയെ മഹത്വപ്പെടുത്താൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.**

**കാർമ്മി.** **ഞങ്ങളുടെ ജീവനും ഉയിർപ്പുമായ മിശിഹായേ, മാമോദീസാവഴി നിന്റെ മരണത്തിലും സംസ്കാരത്തിലും ഐക്യപ്പെട്ട ഞങ്ങളെ നിന്റെ മഹത്വത്തിൽ പങ്കുകാരാക്കണമേ. പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ ഉരിഞ്ഞു മാറ്റുന്നതിനും, നിന്നോടൊത്തു ജീവിച്ചുകൊണ്ട് നിത്യസൗഭാഗ്യത്തിന് അർഹരായിത്തീരുന്നതിനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

SYRO MALABAR COMMISSION FOR LITURGY

## സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയൈ ... / കർത്താവാം, മിശിഹാവഴിയായ് ...)

**കാർമ്മി.** കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നീടാൻ
ദൈവം നമ്മെ നയിച്ചല്ലോ.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

വഴിയും ജീവനുമതുപോലെ
സത്യവുമാകും മിശിഹായേ,
തിരുവുത്ഥാനത്തിൽ ഞങ്ങൾ
പങ്കാളികളായ്ത്തീരുന്നു.

മാമോദീസാവഴി ഞങ്ങൾ
കൈക്കൊണ്ടല്ലോ നവജീവൻ
നിത്യവുമതു സംരക്ഷിക്കാൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

സാക്ഷികളാകണമെന്നെന്നും
സുവിശേഷത്തിനു മർത്ത്യരിവർ
ജനപദമെല്ലാമറിയട്ടെ
രക്ഷാമാർഗം നീ തന്നെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

**സമൂ.** ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമി.** **പിതാവായ ദൈവം, നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാ ആധ്യാത്മികദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്തു. അവിടന്നു തന്റെ ജീവദായകമായ സുവിശേഷംവഴി ശിഷ്യഗണത്തോട് ഇപ്രകാരം അരുൾചെയ്തു: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല. പ്രത്യുത, അവൻ മരണത്തിൽനിന്ന് നിത്യായുസ്സിലേക്കു പ്രവേശിക്കും.'**

**വഴിയും സത്യവും ജീവനുമായ മിശിഹായേ, നിന്റെ തിരുവുത്ഥാനത്തിൽ ഞങ്ങളെ പങ്കുകാരാക്കുന്നതിന് ഞങ്ങൾ നിനക്കു നന്ദി പറയുന്നു. മാമോദീസായിലൂടെ ലഭിച്ച പരിശുദ്ധി അഭംഗം കാത്തുസൂക്ഷിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി ജീവിച്ച് ഞങ്ങൾ നിന്റെ സുവിശേഷത്തിനു സാക്ഷികളാകട്ടെ. എല്ലാ ജനപദങ്ങളും നിന്നെ അറിയാനും, വിശ്വസിച്ച് മാമോദീസാ സ്വീകരിക്കാനും, സഭയിൽ നിന്നെ മഹത്ത്വപ്പെടുത്താനും ഇടവരട്ടെ. നിന്റെ ശരീരത്തിലെ അവയവങ്ങളായിത്തീർന്നിരിക്കുന്ന ഞങ്ങൾ പരസ്പരസ്നേഹത്തിലും ഐക്യത്തിലും അനുദിനം വളരുകയും ചെയ്യട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

കാർമികൻ മദ്ബഹയുടെ മധ്യത്തിൽവന്ന് താഴെവരുന്ന വിടവാങ്ങൽ പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലി ബലിപീഠം ചുംബിച്ചതിനുശേഷം ശുശ്രൂഷികളോടും സഹായികളോടുംകൂടെ സങ്കീർത്തിയിലേക്കു മടങ്ങുന്നു.

SYRO MALABAR COMMISSION FOR LITURGY

## വിടവാങ്ങൽ പ്രാർഥന

**കാർമി.** വിശുദ്ധീകരണത്തിന്റെ ബലിപീഠമേ, സ്വസ്തി!
ഞങ്ങളുടെ കർത്താവിന്റെ കബറിടമേ, സ്വസ്തി!
നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കുർബാന
കടങ്ങളുടെ പൊറുതിക്കും
പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.
ഇനി ഒരു ബലി അർപ്പിക്കാൻ
ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

വിശുദ്ധ കുർബാനയില്ലെങ്കിൽ സായാഹ്ന പ്രാർഥന (റംശാ) യുടെ സമാപനപ്രാർഥനകൾ ചൊല്ലുന്നു.

## റംശായുടെ സമാപനപ്രാർഥനകൾ

**ശുശ്രൂ.** ഹല്ലേലുയ്യാ. (3)
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** അങ്ങയുടെ കൃപയുടെ വാതില്ക്കൽ മുട്ടിവിളിക്കുന്നവർക്കു വാതിൽ തുറന്നുകൊടുക്കുന്ന കർത്താവേ, പ്രശാന്തമായ സായം കാലവും ആശ്വാസപ്രദമായ രാത്രിയും പ്രതീക്ഷാനിർഭരമായ പ്രഭാതവും സത്പ്രവൃത്തികൾ നിറഞ്ഞ ദിവസവും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവൻ അങ്ങയെ പ്രീതിപ്പെടുത്താൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**മ്ശം:** കർത്താവേ, അനുഗ്രഹിക്കണമേ.

ഒന്നിൽ കൂടുതൽ പുരോഹിതരുള്ളപ്പോൾ താഴെവരുന്ന പ്രാർഥനകൾ മാറിമാറി ചൊല്ലാവുന്നതാണ്.

**പുരോ:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ അനുഗ്രഹാശിസ്സുകൾ നിന്റെ ജനത്തിന്മേലുണ്ടാകുമാറാകട്ടെ. ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ നിന്റെ കരുണ എപ്പോഴും ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുന്നവനും ഞങ്ങളുടെ നല്ല ശരണവും കരുണനിറഞ്ഞ അഭയവുമായ സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**മ്ശം:** കർത്താവേ, അനുഗ്രഹിക്കണമേ.

SYRO MALABAR COMMISSION FOR LITURGY

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ സമാധാനം ഞങ്ങളിൽ വസിക്കട്ടെ. നിന്റെ ശാന്തി ഞങ്ങളെ ഭരിക്കട്ടെ. നിന്റെ സ്നേഹം ഞങ്ങളുടെ ജീവിതകാലംമുഴുവൻ ഞങ്ങളിൽ വർധിച്ചു വരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ വലത്തുകരത്താൽ ഞങ്ങളെ രക്ഷിക്കണമേ. നിന്റെ സഹായം ജീവിതത്തിലുട നീളം ഞങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ നിലനില്ക്കുന്ന സ്നേഹവും സമാധാനവും ജീവനും സന്തോഷവും ഞങ്ങൾക്കു തരണമേ. ഞങ്ങൾക്കാവശ്യമായിരിക്കുന്നവ ഒരിക്കലും കുറ യാനനുവദിക്കരുതേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ അജഗണത്തിന്റെ രക്തത്തിനായി ദാഹിക്കുന്ന ചെന്നായ്ക്കളുടെ ഉപദ്രവത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കാൻ, തൊഴുത്തിൻ മുറ്റത്തു വസിക്കുന്ന ഉറങ്ങാത്ത കാവൽക്കാരനായിരിക്കണമേ. എന്തുകൊണ്ടെ ന്നാൽ, നീ കുറയാത്ത സ്നേഹത്തിന്റെ സമുദ്രമാകുന്നു. സകല ത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

പുരോ: പിതാവിന്റെ സമാധാനം നമ്മോടുകൂടെയും പുത്രന്റെ സ്നേഹം നമ്മുടെ ഇടയിലും ഉണ്ടായിരിക്കട്ടെ. തന്റെ തിരുവിഷ്ടംപോലെ റൂഹാദ്ക്കുദ്ശാ നമ്മെ നയിക്കട്ടെ. അവന്റെ കരുണയും ദയയും നമ്മുടെമേൽ എപ്പോഴും ഉണ്ടായിരിക്കട്ടെ. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേ ശ്വരാ, എന്നേക്കും.

സമൂ: ആമ്മേൻ.

മ്ശം: കർത്താവേ, അനുഗ്രഹിക്കണമേ.

SYRO MALABAR COMMISSION FOR LITURGY

## സഹായാഭ്യർഥന (ദ്ഉദ്റാനാ)

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ മഹത്ത്വമേറിയ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ അപേക്ഷയും മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും സുവിശേഷകന്മാരുടെയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും മാർ അപ്രേമിന്റെയും വിശ്രുതരക്തസാക്ഷിയായ മാർ ഗീവർഗീസിന്റെയും മറ്റു രക്തസാക്ഷികളുടെയും മല്പാന്മാരുടെയും ഞങ്ങളുടെ ഇടവകയുടെ / ഭവനത്തിന്റെ മധ്യസ്ഥനായ (മധ്യസ്ഥയായ) (പേര്)ന്റെയും (യുടെയും) മറ്റു സകല വിശുദ്ധരുടെയും, പ്രത്യേകമായി ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും ഞങ്ങളെ സഹായിക്കുമാറാകട്ടെ. അവ ഞങ്ങൾക്ക് അഭയവും സഹായവും ദുഷ്ടപിശാചിലും അവന്റെ സൈന്യങ്ങളിലുംനിന്ന് സംരക്ഷണവും നല്കി നിത്യഭാഗ്യത്തിലേക്കു ഞങ്ങളെ നയിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**മ്ശം:** കർത്താവേ, ആശീർവദിക്കണമേ.

## സമാപനപ്രാർഥന (ഹൂത്താമ്മ)

**കാർമ്മി:** നിത്യപിതാവിന്റെ പ്രകാശവും നമ്മുടെ ഏകശരണവുമായ മിശിഹാ എല്ലാ നീതിമാന്മാരുടെയും വിശുദ്ധരുടെയും പ്രാർഥനയാൽ നമ്മെ ആശ്വസിപ്പിക്കുകയും നമ്മുടെ അപേക്ഷകൾക്ക് ഉത്തരം നല്കുകയും ചെയ്യട്ടെ. അവൻ തന്റെ മനോജ്ഞമായ പ്രകാശത്തിലേക്കു നമ്മെ നയിക്കുകയും ജീവിതത്തിലുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിലുംനിന്ന് വിശുദ്ധസ്ലീവായുടെ ശക്തിയാൽ നമ്മെ രക്ഷിക്കുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# ഉയിർപ്പുതിരുനാൾ

## പൊതുനിർദേശങ്ങൾ

1. ഉയിർപ്പുതിരുനാൾ ആഘോഷങ്ങൾക്ക് ദൈവാലയവും ദൈവാലയാങ്കണവും ഉചിതമായി അലങ്കരിച്ചിരിക്കണം.
2. ഉയിർപ്പുകർമത്തിന് സ്ലീവായോ ഉയിർപ്പുരൂപമോ ഉപയോഗിക്കുന്നു.
3. പ്രദക്ഷിണസമയത്ത് ഉപയോഗിക്കാനുള്ള തിരികൾ ഒരുക്കിവച്ചിരിക്കണം.
4. വിശുദ്ധ കുർബാനയോടുകൂടെയാണ് ഉയിർപ്പുകർമങ്ങൾ നടത്തുന്നത്.
5. ഉയിർപ്പിന്റെ പ്രത്യേക സമാധാനാശംസ, അതിനായി പ്രത്യേകം ഒരുക്കിയിരിക്കുന്ന സ്ഥലത്തുവച്ചോ വചനവേദിയിൽവച്ചോ നടത്താവുന്നതാണ്. എവിടെവച്ചാണെങ്കിലും പ്രദക്ഷിണം ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്.
6. ഏറ്റവും ആഘോഷപൂർവകമായി ഈ ശുശ്രൂഷ നടത്തുമ്പോൾ (റാസയിൽ) ഉപയോഗിക്കുന്ന ഭാഗങ്ങൾ ഈ ⟦ അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു.
7. സാധാരണയായി ഉയിർപ്പിന്റെ തിരുക്കർമം പുലർച്ചെ 3 മണിക്കാണ് നടത്തുന്നത്. എന്നാൽ, വളരെ അസൗകര്യമുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ സമയക്രമീകരണം നടത്താവുന്നതാണ്.
8. ദൈവാലയത്തിനു പുറത്തുവച്ച് പ്രാരംഭകർമങ്ങൾ നടത്തുമ്പോൾ, കുരിശുകൊണ്ട് വാതിൽക്കൽ മുട്ടി അകത്തുപ്രവേശിക്കുന്ന കർമം ഐച്ഛികമാണ്. ഐച്ഛികകർമങ്ങൾ ഈ [ ] അടയാളംകൊണ്ട് വേർതിരിച്ചിരിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

# ഉയിർപ്പുതിരുനാൾ

## കർമ്മക്രമം

കാർമികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങളിഞ്ഞ്, കുർബാനക്രമത്തിൽ നിർദേശിച്ചിരിക്കുന്നതു പോലെ, പ്രദക്ഷിണമായി വചനവേദിയിൽ (ബേമ്മ) / പ്രത്യേകം ഒരുക്കിയിരിക്കുന്ന സ്ഥലത്ത് വന്നു ജനാഭിമുഖമായി നില്ക്കുന്നു.

**കാർമി.** അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീബലിയർപ്പിക്കാം.

**സമൂ.** അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

(അല്ലെങ്കിൽ)

**കാർമി.** നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച്
ഈ കുർബാന ആരംഭിക്കാം.

**സമൂ.** മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ
നാം ഇത് അർപ്പിക്കുന്നത്

**കാർമി.** അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവേശനു സ്തുതിഗീതം. (3)

**സമൂ.** ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും. (3)

(അല്ലെങ്കിൽ)

**കാർമി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ.** ആമ്മേൻ. (3)

**കാർമി.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

**സമൂ.** സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
നിൻ ഹിതമിവിടെ ഭവിക്കണമേ.

സ്വർഗത്തെന്നതുപോലുലകിൽ
നിൻ ചിത്തം നിറവേറണമേ
ആവശ്യകമാമാഹാരം
ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ
ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കടബാധ്യതയും
അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും
ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽനിന്നെന്നും
ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും
രാജ്യം ശക്തി മഹത്ത്വങ്ങൾ
താവകമല്ലോ കർത്താവേ,
ആമ്മേനാമ്മേനെന്നേക്കും.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**സമൂ.** സ്വർഗസ്ഥിതനാം താതാ, നിൻ
നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ
പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗസ്ഥിതനാം താതാ, നിൻ
സ്തുതിതൻ നിസ്തുല മഹിമാവാൽ
ഭൂസ്വർഗങ്ങൾ നിറഞ്ഞു സദാ
പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ
ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും
പരിശുദ്ധൻ നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
(സമൂഹവും ചേർന്ന്)
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങയുടെ തിരുമനസ്സു
സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം
ഇന്നു ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ
ഞങ്ങളുടെ കടങ്ങളും പാപങ്ങളും
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ.
ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും
എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ മഹത്ത്വത്താൽ
സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ മിശിഹായേ, മരണത്തെ പരാജയപ്പെടുത്തി ഞങ്ങൾക്കു ജീവൻ പ്രദാനംചെയ്ത നിന്റെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. നിന്റെ ഉത്ഥാനരഹസ്യം ആഘോഷിക്കുന്നതിനും, അതിന്റെ ദിവ്യഫലങ്ങൾ അനുഭവിക്കുന്നതിനും ഞങ്ങളെ ഒരുമിച്ചുകൂട്ടിയതിന് ഞങ്ങൾ നന്ദി പറയുന്നു. അജ്ഞതയുടെ അന്ധകാരത്തിൽനിന്നു മോചിതരും പാപത്തിന്റെ ബന്ധനങ്ങളിൽനിന്നു സ്വതന്ത്രരുമായി

ഉത്ഥാനത്തിന്റെ സൗഭാഗ്യത്തിൽ പ്രവേശിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതാപൂർവം പരികർമം ചെയ്യാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സങ്കീർത്തനങ്ങൾ 46, 47, 48

(തൂയൈ ... / കർത്താവേ, മമരാജാവേ ...)

**കാർമി.** ബലവാനാകും സകലേശൻ
നമ്മോടൊത്തു വസിക്കുന്നു
യാക്കോബിൻ പരിപാലകനാം
ദൈവം നമ്മുടെയവലംബം.

**സമൂ.** കർത്താവീശോ മിശിഹായേ,
മഹനീയം നിന്നുത്ഥാനം
ആനന്ദിക്കുന്നിവരെല്ലാം
നിൻ തിരുനാമം വാഴ്ത്തുന്നു.

കരഘോഷങ്ങൾ മുഴക്കിടുവിൻ
തിരുസന്നിധിയിൽ ജനതകളേ,
ദൈവത്തിൻ തിരുഭവനത്തിൽ
കീർത്തനമെന്നുമുയർത്തിടുവിൻ.

കർത്താവുന്നതനാകുന്നു
സ്തുത്യർഹൻ തൻ നഗരത്തിൽ
ജനതയ്ക്കെല്ലാമധിനാഥൻ
നിത്യം വാഴ്വൂ ത്രോണോസിൽ.

നമ്മുടെ ദൈവമവൻ മാത്രം
തലമുറതോറുമിതറിയിപ്പിൻ
മൃതിതൻ സീമയ്ക്കപ്പുറവും
നമ്മെ നയിക്കും നാഥനവൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

(അല്ലെങ്കിൽ)

**കാർമി.** ശക്തനായ കർത്താവു നമ്മോടുകൂടെ;
യാക്കോബിന്റെ ദൈവം നമ്മുടെ സഹായകനും.

**സമൂ.** (കാനോന) ഉയിർത്തെഴുന്നേറ്റ കർത്താവേ,
അവിടത്തെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

**കാർമി.** ജനതകളേ, കരഘോഷം മുഴക്കുവിൻ.
കീർത്തനംപാടി ദൈവത്തെ സ്തുതിക്കുവിൻ.

**സമൂ.** ദൈവം ജനതകളുടെമേൽ വാഴുന്നു;
വിശുദ്ധ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു.

**കാർമി.** ദൈവമാണു ഭൂമിയുടെ അധിനാഥൻ;
അവിടന്നാണു മഹോന്നതൻ.

**സമൂ.** നമ്മുടെ കർത്താവ് ഉന്നതനാകുന്നു;
ദൈവത്തിന്റെ നഗരത്തിൽ
അത്യന്തം സ്തുത്യർഹനാകുന്നു.

**കാർമി.** വരുംതലമുറയോട് ഉണർത്തിക്കാൻവേണ്ടി
അതിന്റെ കോട്ടകൾ നിരീക്ഷിക്കുവിൻ.

**സമൂ.** അവിടന്നാണു ദൈവം, എന്നേക്കുമുള്ള നമ്മുടെ ദൈവം;
മരണത്തിനതീതമായി
അവിടന്നു നമ്മെ നയിച്ചുകൊണ്ടിരിക്കും.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** (കാനോന) ഉയിർത്തെഴുന്നേറ്റ കർത്താവേ,
അവിടത്തെ ഉത്ഥാനത്തിൽ ഞങ്ങൾ ആനന്ദിക്കുന്നു.

**ശുശ്രൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ലോകരക്ഷകനായ മിശിഹായേ, ലോകം മുഴുവൻ നിന്റെ സമാധാനത്താൽ നിറയട്ടെ. നിന്റെ പരിശുദ്ധമായ സ്ലീവായാൽ നിന്റെ സഭയെ ശക്തിപ്പെടുത്തുകയും അവളുടെ സന്താനങ്ങളെ നിന്റെ കൃപയാൽ സംരക്ഷിക്കുകയും ചെയ്യണമേ. ഞങ്ങൾ എല്ലാ സമയവും സഭയിൽ നിനക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

ദൈവാലയത്തിനു പുറത്തുവച്ചാണ് തിരുക്കർമ്മങ്ങൾ ആരംഭിച്ചതെങ്കിൽ ഇപ്പോൾ ദൈവാലയത്തിൽ പ്രവേശിക്കുന്നു.

പ്രധാന കവാടത്തിങ്കലെത്തുമ്പോൾ, കാർമികൻ വാതിലിൽ മുട്ടാനുള്ള കുരിശ് കൈയിൽ പിടിച്ചുകൊണ്ട് താഴെവരുന്ന ഭാഗം ചൊല്ലുന്നു.

**കാർമി.** **വാതിലുകളേ, ശിരസ്സുയർത്തുവിൻ;**
**നിത്യകവാടങ്ങളേ, തുറക്കുവിൻ;**
**മഹത്ത്വത്തിൻ രാജാവെഴുന്നള്ളുന്നു;**
**നിത്യവെളിച്ചത്തിൻ രാജാവെഴുന്നള്ളുന്നു.**

കുരിശുകൊണ്ട് വാതിൽക്കൽ മുട്ടുന്നു.

**അകത്തുള്ളവർ:** **മഹത്ത്വത്തിൻ രാജാവാരാകുന്നു?**
**ഈ വെളിച്ചത്തിൻ രാജാവാരാകുന്നു?**

രണ്ടാം പ്രാവശ്യവും മുട്ടുന്നു.

**കാർമി.** **സൈന്യത്തിൻ കർത്താവെഴുന്നള്ളുന്നു;**
**ലോകനായകനാം നാഥനെഴുന്നള്ളുന്നു.**

മൂന്നാം പ്രാവശ്യവും മുട്ടുന്നു. വാതിൽ തുറക്കുന്നു. എല്ലാവരും ദൈവാലയത്തിൽ പ്രവേശിക്കുന്നു.

തുടർന്ന് ഗായകസംഘവും സമൂഹവുംചേർന്ന് താഴെവരുന്ന ഗീതം ആലപിക്കുന്നു.

## ഗീതം

**ഉന്നതവാനിടമേ**
**വാതിൽ തുറക്കുക നീ**
**മംഗളദീപവുമായ്**
**മന്നവനണയുന്നു.** **ഉന്നത ...**

**നിത്യമനോഹരനാം**
**നിർമല ദൈവസുതൻ**
**വെള്ളിവെളിച്ചത്തിൽ**
**മുങ്ങിവിളങ്ങുന്നു.** **ഉന്നത ...**

**പൊട്ടിയ ബന്ധത്തിൻ**
**കണ്ണികൾ കൂടുന്നു:**
**വിണ്ടലമവനിയുമായ്**
**വീണ്ടുമിണങ്ങുന്നു.** **ഉന്നത ...**

വചനവേദി (ബേമ്മ)യിൽ എത്തിക്കഴിയുമ്പോൾ [മദ്ബഹഗീതത്തെത്തുടർന്ന്] ഉയിർപ്പിന്റെ ഗീതം ആലപിക്കുന്നു.

## മദ്ബഹഗീതം (ഓനീസാ ദ്കങ്കേ)

(നാഥനിലെന്നും നമ്മുടെ ഹൃദയം ...)

**ഗായക.I** **കർത്താവു ഭരണം നടത്തുന്നു; ഭൂമിയെല്ലാം ആനന്ദിക്കട്ടെ.**

**ജനമേ, നിങ്ങൾ ആശ്വാസമൊടെ ആനന്ദിച്ചീടിൻ.**
**മൃത്യുവിനപജയമേറ്റീ മിശിഹാ തൻ സഹനത്താൽ**
**ഉത്ഥാനത്താൽ നാഥൻ നല്കുകയായ് നിങ്ങൾക്കായ്**
**ശാശ്വതമാകും ജീവൻ ഉന്നതമാം വാഗ്ദാനം**
**നാശോന്മുഖനാം മർത്ത്യനുയിരേകും നാഥനെ വാഴ്ത്തീടാം.**

**ഗായക.II** **ആഹ്ലാദിക്കുവിൻ, ആലപിക്കുവിൻ, പുകഴ്ത്തുവിൻ.**

**ജനമേ, നിങ്ങൾ ആശ്വാസമൊടെ ആനന്ദിച്ചീടിൻ.**
**മൃത്യുവിനപജയമേറ്റീ മിശിഹാ തൻ സഹനത്താൽ**
**ഭൂസ്വർഗങ്ങളിലൊരുപോൽ ആനന്ദം നിറയുകയായ്**
**വാനവരെല്ലാമൊന്നായ് ഒരുഗണമായ് മോദമൊടെ**
**ഉദ്ഘോഷിക്കുന്നീശോ ഉത്ഥിതനായ് ഹല്ലേലുയ്യാ.**

**ഗായക.I** **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**രക്ഷകനേ, നിൻ ആശീർവാദം ചൊരിയണമെന്നാളും**
**നിൻ കൃപയിവരിൽ നിത്യം നിവസിക്കാൻ കനിയേണം.**
**നിൻ പ്രീതിക്കായ്മാത്രം നിലകൊള്ളും ദൂതർപോൽ**
**സ്നേഹത്തികവിൽ പുലരാൻ ദൈവികമാം ശക്തി സദാ**
**അലിവോടിവരിൽ നാഥാ, അനുദിനവും വർഷിച്ചീടേണം.**

## ഉയിർപ്പിന്റെ ഗീതം

(ഉന്നത വാനിടമേ ...)

**ഗായക.** **നിനക്കു ഞാൻ സമാധാനം ആശംസിക്കും.**

**സമൂ.** **ദൈവത്തിൻ ജനമേ, ശാന്തിയിൽ മുങ്ങിടുവിൻ**
**ഉത്ഥിതനായല്ലോ മിശിഹാ ശാന്തിയുമായ്.**

**ഗായക.** **നീതിമാന്മാർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.**

**സമൂ.** **നിത്യവെളിച്ചമിതാ പാരിലുദിച്ചല്ലോ**
**ദൈവത്തിൻ തനയൻ സത്യവെളിച്ചംതാൻ.**

SYRO MALABAR COMMISSION FOR LITURGY

ഗായക. ഭൂമിയിൽ എങ്ങും ആഹ്ലാദം.

സമൂ. തിരുവുത്ഥാനത്തിൽ സൃഷ്ടികൾ മോദിപ്പൂ,
കാരണമതുവഴിനാം അനുരഞ്ജിതരായി.

ഗായക. ഇപ്പോൾ മുതൽ എന്നേക്കും.

സമൂ. ഉത്ഥാനംവഴിയായ് പാപവിമോചനവും
മൃതിയിൽ ജീവനുമാ നാഥൻ നല്കുകയായ്.

ഗായക. എന്നും എന്നേക്കും.

സമൂ. സാത്താൻ കദനത്താൽ തേങ്ങുന്നനുനിമിഷം,
ഉത്ഥാനംവഴിയായ് സഭയോ മോദിപ്പൂ.

ഗായക. തന്റെ ശക്തി പ്രാപിക്കുന്നതിനുവേണ്ടി.

സമൂ. മൃത്യുകുടീരത്തിൽനിന്നവനുത്ഥിതനായ്
സൃഷ്ടിഗണത്തിൽത്തൻ ശാന്തി വിതയ്ക്കുകയായ്.

ഗായക. നമ്മുടെ രാജാവായ ദൈവത്തിനു സ്തുതികളാലപിക്കുവിൻ.

സമൂ. രാജാവാം മിശിഹായ്ക്കെന്നും സ്തുതിപാടാം,
തൻ ജനനിരകൾക്കായ് രക്ഷപകർന്നീശൻ.

ഗായക. വരുവിൻ, നമുക്ക് അവനിൽ സന്തോഷിച്ചുല്ലസിക്കാം.

സമൂ. സഭയുടെയുന്നതമാം തിരുനാൾദിനമല്ലോ
നാഥൻ നല്കിടുമീ ഒരുമ നിനച്ചീടാം.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ മൂന്നു പ്രാവശ്യം കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

കാർമി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

ശുശ്രൂ. ആമ്മേൻ.

ശുശ്രൂ. സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ, സ്വർഗത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കാനും മഹത്ത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

മദ്ബഹയുടെ വിരി നീക്കുന്നു. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് വലത്തുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹ ധൂപിക്കുന്നു. തുടർന്ന് ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമാണ്.

**ഗായക. സമൂ.**
സർവാധിപനാം കർത്താവേ,
നിൻ സ്തുതി ഞങ്ങൾ പാടുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം
ഉത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**വചന വേദിയിലുള്ളവർ**
കർത്താവു ഭരണം നടത്തുന്നു;
ഭൂമിമുഴുവൻ ആനന്ദിക്കട്ടെ. (സങ്കീ. 97:1)

സർവാധിപനാം ...

**ഗായക. സമൂ.**
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സർവാധിപനാം ...

(അല്ലെങ്കിൽ)

**ഗായക. സമൂ.**
സകലത്തിന്റെയും നാഥാ,
നിന്നെ ഞങ്ങൾ സ്തുതിക്കുന്നു;
ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു.

എന്തുകൊണ്ടെന്നാൽ,
നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും
ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

വചന വേദിയിലുള്ളവർ കർത്താവു ഭരണം നടത്തുന്നു;
ഭൂമിമുഴുവൻ ആനന്ദിക്കട്ടെ. (സങ്കീ. 97:1)

സകലത്തിന്റെയും നാഥാ, ...

ഗായക. സമൂ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

സകലത്തിന്റെയും നാഥാ, ...

ശുശ്രൂ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി. എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. ആമ്മേൻ.

ശുശ്രൂ. ശബ്ദമുയർത്തിപ്പാടിടുവിൻ
സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവേശ്വരനെ വാഴ്ത്തിടുവിൻ.

ഗായക. സമൂ. പരിപാവനനാം സർവേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്ത്യനേ,
കാരുണ്യം നീ ചൊരിയണമേ.

വചന വേദിയിലുള്ളവർ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിപാവനനാം സർവേശാ, ...

ഗായക. സമൂ. ആദിമുതൽ എന്നേക്കും, ആമ്മേൻ.

പരിപാവനനാം സർവേശാ, ...

(അല്ലെങ്കിൽ)

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. **സഹോദരരേ, നിങ്ങൾ സ്വരമുയർത്തി ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.**

ഗായക. **പരിശുദ്ധനായ ദൈവമേ,**

സമൂ. **പരിശുദ്ധനായ ബലവാനേ,**
**പരിശുദ്ധനായ അമർത്ത്യനേ,**
**ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.**

വചനവേദിയിലുള്ളവർ **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**
**പരിശുദ്ധനായ ദൈവമേ, ...**

ഗായക **ആദിമുതൽ എന്നേക്കും, ആമ്മേൻ.**

സമൂ. **പരിശുദ്ധനായ ദൈവമേ, ...**

ശുശ്രൂ. **നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.**

കാർമി. **വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

സമൂ. **ആമ്മേൻ.**

## ഒന്നാം വായന

ഒന്നാം വായനക്കാരൻ വലത്തുവശത്തുള്ള പ്രഘോഷണ പീഠത്തിങ്കൽചെന്ന് പഴയനിയമപ്രഘോഷണഗ്രന്ഥം എടുക്കുന്നു. ജനങ്ങൾക്ക് അഭിമുഖമായിനിന്നു പറയുന്നു.

ശുശ്രൂ. **സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.**

സമൂഹം ഇരിക്കുന്നു.

**ഏശയ്യായുടെ പുസ്തകത്തിൽനിന്നുള്ള വായന. (60:1–7)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

കാർമികനും വചനവേദിയിലുള്ളവരും ഇരിക്കുന്നു. വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്ത്വം നിന്റെമേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജനതകളെയും മൂടും. എന്നാൽ, കർത്താവ് നിന്റെമേൽ ഉദിക്കുകയും അവിടത്തെ മഹത്ത്വം നിന്നിൽ ദൃശ്യമാവുകയും ചെയ്യും. ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും. കണ്ണുകളു യർത്തി ചുറ്റും നോക്കിക്കാണുക; അവർ ഒരുമിച്ചുകൂടി നിന്റെ അടുത്തേക്കു വരുന്നു. നിന്റെ പുത്രന്മാർ ദൂരെനിന്നു വരും; പുത്രിമാർ കരങ്ങളിൽ സംവഹിക്കപ്പെടും. ഇതെല്ലാം ദർശിച്ച് നീ തേജസ്വിനിയാകും. സമുദ്രത്തിലെ സമ്പത്ത് നിന്റെ അടുക്കൽ കൊണ്ടുവരുകയും ജനതകളുടെ ധനം നിനക്കു ലഭിക്കുകയും ചെയ്യുമ്പോൾ നിന്റെ ഹൃദയം ആനന്ദപുളകിതമാകും. ഒട്ടക ങ്ങളുടെ ഒരു പറ്റം, മിദിയാനിലെയും ഏഫായിലെയും ഒട്ടക ക്കുറ്റന്മാരുടെകൂട്ടം, നിന്നെ മറയ്ക്കും. ഷേബായിൽനിന്നുള്ളവരും വരും. അവർ സ്വർണവും സുഗന്ധദ്രവ്യങ്ങളും കൊണ്ടുവരുകയും കർത്താവിന്റെ കീർത്തനം ആലപിക്കുകയും ചെയ്യും. കേദാറിലെ ആട്ടിൻപറ്റങ്ങളെ നിന്റെ അടുക്കൽ കൊണ്ടുവരും. നെബായോത്തിലെ മുട്ടാടുകളെ നിനക്കു ലഭിക്കും. സ്വീകാര്യമാംവിധം അവ എന്റെ ബലിപീഠത്തിൽ വരും. എന്റെ ശ്രേഷ്ഠമായ ആലയത്തെ ഞാൻ മഹത്ത്വപ്പെടുത്തും.**

(അല്ലെങ്കിൽ)

**എസെക്കിയേൽ 37:1-10 (അനുബന്ധം പേജ് 343 കാണുക)**

## രണ്ടാം വായന

**ശുശ്രൂ.** **സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. സാമുവേലിന്റെ ഒന്നാം പുസ്തകത്തിൽനിന്നുള്ള വായന.**

**(2:1–10)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ശുശ്രൂഷി ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **തന്റെ പ്രബോധനത്താൽ നമ്മെ ജ്ഞാനികളാക്കുന്ന സകലത്തിന്റെയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടത്തെ കൃപ നിന്നിലും ✠ നിന്നെ കേൾക്കുന്നവരിലും നിരന്തരം വർഷിക്കപ്പെടട്ടെ.**

(അല്ലെങ്കിൽ)

**ദൈവം ✠ അനുഗ്രഹിക്കട്ടെ.**

വായനക്കാരൻ ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **ഹന്നാ ഇങ്ങനെ പ്രാർഥിച്ചു: എന്റെ ഹൃദയം കർത്താവിൽ ആനന്ദിക്കുന്നു. എന്റെ ശിരസ്സ് കർത്താവിൽ ഉയർന്നിരിക്കുന്നു. എന്റെ അധരം ശത്രുക്കളെ പരിഹസിക്കുന്നു. എന്തെന്നാൽ, അവിടത്തെ രക്ഷയിൽ ഞാൻ ആനന്ദിക്കുന്നു. കർത്താവിനെപ്പോലെ പരിശുദ്ധനായി മറ്റാരുമില്ല. കർത്താവല്ലാതെ മറ്റാരുമില്ല. നമ്മുടെ ദൈവത്തെപ്പോലെ സുസ്ഥിരമായ ഒരു ആശ്രയമില്ല. അഹന്തയോടെ മേലിൽ സംസാരിക്കരുത്. നിന്റെ നാവിൽനിന്നു ഗർവ് പുറപ്പെടാതിരിക്കട്ടെ. കാരണം, കർത്താവ് സർവജ്ഞനായ ദൈവമാണ്. പ്രവൃത്തികളെ വിലയിരുത്തുന്നത് അവിടന്നാണല്ലോ. വീരന്മാരുടെ വില്ലുകൾ തകരുന്നു. ബലഹീനരാകട്ടെ, ശക്തിപ്രാപിക്കുന്നു. സുഭിക്ഷം അനുഭവിച്ചിരുന്നവർ ആഹാരത്തിനായി കൂലിപ്പണി ചെയ്യുന്നു. വിശപ്പ് അനുഭവിച്ചിരുന്നവർ സംതൃപ്തി അടയുന്നു. വന്ധ്യ ഏഴു പ്രസവിക്കുന്നു. സന്താനസമ്പത്തുള്ളവൾ നിരാലംബയാകുന്നു. കർത്താവ് ജീവൻ എടുക്കുകയും കൊടുക്കുകയും ചെയ്യുന്നു. അവിടന്നു പാതാളത്തിലേക്കിറക്കുകയും അവിടെനിന്നു കയറ്റുകയും ചെയ്യുന്നു. ദരിദ്രനും ധനികനും ആക്കുന്നതു കർത്താവാണ്. താഴ്ത്തുന്നതും ഉയർത്തുന്നതും**

SYRO MALABAR COMMISSION FOR LITURGY

അവിടന്നുതന്നെ. ദരിദ്രനെ അവിടന്നു ധൂളിയിൽനിന്ന് ഉയർത്തുന്നു. അഗതിയെ കുപ്പയിൽനിന്നു സമുദ്ധരിക്കുന്നു. അങ്ങനെ അവരെ പ്രഭുക്കന്മാരോടൊപ്പം ഇരുത്തി, ഉന്നതസ്ഥാനങ്ങൾക്ക് അവകാശികളാക്കുന്നു. ഭൂമിയുടെ അടിത്തൂണുകൾ കർത്താവിന്റേതാണ്. അതിന്മേൽ അവിടന്ന് ലോകത്തെ ഉറപ്പിച്ചിരിക്കുന്നു. തന്റെ വിശ്വസ്തരുടെ പാദങ്ങളെ അവിടന്നു കാക്കുന്നു. ദുഷ്ടന്മാർ അന്ധകാരത്തിൽ ഉപേക്ഷിക്കപ്പെടുന്നു. ശക്തിയാൽ ആരും പ്രബലനാകുന്നില്ല. കർത്താവ് പ്രതിയോഗികളെ ഛിന്നഭിന്നമാക്കുന്നു. അവർക്കെതിരേ ആകാശത്തിൽ ഇടിമുഴക്കുന്നു. അവിടന്ന് ഭൂമിയെ മുഴുവൻ വിധിക്കും. തന്റെ രാജാവിനു ശക്തി കൊടുക്കും. തന്റെ അഭിഷിക്തന്റെ ശിരസ്സ് ഉയർത്തും.

(അല്ലെങ്കിൽ)

യോനാ 2:1-10 (അനുബന്ധം പേജ് 344 കാണുക)

**സമൂ.** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ.** പ്രകീർത്തനം (ശൂറായ) ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

## പ്രകീർത്തനം (ശൂറായ)

(ബ്രീകീത്തോൻ ... / അംബരമനവരതം ...)

**കാർമി.** നാഥാ, സകലേശാ,
പാതാളത്തിൽ നീ
കൈവിട്ടില്ലെന്നെ.

ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിന്നുത്ഥാനത്തിൻ
നിർമലമാകുമനുസ്മരണം
കൊണ്ടാടാം ഇന്നീ വേദികയിൽ.

**ശുശ്രൂ.II** നിന്നുടെ പരിശുദ്ധൻ
മണ്ണിൽ വീണഴിയാൻ
ഇടയാവുകയില്ല.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമി.** നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.II** ആദിയിലെപ്പോലെ
ഇപ്പൊഴുമെപ്പോഴും
എന്നേക്കും, ആമ്മേൻ.

**സമൂ.** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ.** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമി.** സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടെയും സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ ദൈവമേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## വ്യാഖ്യാനഗീതം (തുർഗാമ)

(തൂയൈ)

**ദൈവികമാം പരിപാലനയിൽ
ദിവ്യവിരുന്നിനണഞ്ഞീടാൻ
കാത്തുവസിക്കും മാനവരേ,
ഭീതികളൊക്കെയകറ്റിടുവിൻ.**

**ദൈവികവചനവെളിച്ചത്തിൽ
ഹൃദയം നിർമ്മലമാക്കിടുവിൻ
സ്വർഗം നേടാൻ ചിരകാലം
പൈതങ്ങൾപോലായിടുവിൻ.**

**ആത്മാവിൻ സ്വരവീചികളാൽ**
**സ്വർഗമഹത്ത്വമറിഞ്ഞിടുവിൻ,**
**നിത്യാനന്ദം നേടീടാൻ**
**വീഥി തുറന്നുതരും ദൈവം.**

**പൗലോസിൻ പരിപൂജിതമാം**
**സത്യവചസ്സുകൾ കേൾക്കാം നാം**
**റോമാക്കാർക്കന്നെഴുതിയൊരാ**
**ലേഖനമിന്നു ശ്രവിച്ചീടാം.**

## ലേഖനം

ഒന്നാം ശുശ്രൂഷി ഇടത്തുവശത്തുള്ള പ്രഘോഷണപീഠത്തിങ്കൽ ചെന്ന് ലേഖനഗ്രന്ഥം എടുത്തു ജനങ്ങൾക്കഭിമുഖമായി നിന്നു പറയുന്നു.

**ശുശ്രൂ.** **സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം. (5:20–6:23)**

കാർമികനുനേരേ തിരിഞ്ഞ്, തലകുനിച്ച്, ആശീർവാദം യാചിക്കുന്നു.

**കർത്താവേ, ആശീർവദിക്കണമേ.**

താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്നു.

**കാർമി.** **മിശിഹാ തന്റെ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ. നിന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന പ്രബോധകവചനം ശ്രവിക്കുന്ന ഏവർക്കും അവിടന്നു തന്റെ കൃപാതിരേകത്താൽ നിന്നെ നിർമലദർപ്പണമാക്കുകയും ✠ ചെയ്യട്ടെ.**

(അല്ലെങ്കിൽ)

**മിശിഹാ ✠ അനുഗ്രഹിക്കട്ടെ.**

ശുശ്രൂഷി ജനങ്ങൾക്കഭിമുഖമായിനിന്നു വായിക്കുന്നു.

**ശുശ്രൂ.** **പാപം വർധിപ്പിക്കാൻ നിയമം രംഗപ്രവേശം ചെയ്തു; എന്നാൽ, പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു. അങ്ങനെ, പാപം മരണത്തിലൂടെ ആധിപത്യം പുലർത്തിയതുപോലെ, കൃപ നീതിവഴി നമ്മുടെ കർത്താവായ ഈശോയിലൂടെ നിത്യജീവനിലേക്കു നയിക്കാൻ ആധിപത്യം പുലർത്തും.**

**അപ്പോൾ നാം എന്താണു പറയേണ്ടത്? കൃപ സമൃദ്ധമാകാൻ വേണ്ടി പാപത്തിൽ തുടരണമോ? ഒരിക്കലും പാടില്ല. പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ? ഈശോമിശിഹായോട് ഐക്യപ്പെടാൻ മാമോദീസാ, സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണു മാമോദീസാ സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ മാമോദീസായാൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ, അവന്റെ പുനരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും.**

**നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപപൂർണമായ ശരീരത്തെ നശിപ്പിക്കാൻവേണ്ടി നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ. എന്തെന്നാൽ, മരിച്ചവൻ പാപത്തിൽനിന്നു മോചിതനായിരിക്കുന്നു. നാം മിശിഹായോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു നാം വിശ്വസിക്കുന്നു. മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത മിശിഹാ ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല. അവൻ മരിച്ചു; പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലെ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും ഈശോമിശിഹായിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞുകൊള്ളുവിൻ.**

**അതുകൊണ്ട്, ജഡമോഹങ്ങൾ നിങ്ങളെ കീഴ്പ്പെടുത്താൻ തക്കവിധം പാപം നിങ്ങളുടെ മർത്ത്യശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ഉപകരണങ്ങളായി പാപത്തിനു സമർപ്പിക്കരുത്; പ്രത്യുത, മരിച്ചവരിൽനിന്നു ജീവൻ പ്രാപിച്ചവരായി നിങ്ങളെത്തന്നെയും, നീതിയുടെ ആയുധങ്ങളായി നിങ്ങളുടെ അവയവങ്ങളെയും**

SYRO MALABAR COMMISSION FOR LITURGY

ദൈവത്തിനു സമർപ്പിക്കുവിൻ. പാപം നിങ്ങളുടെമേൽ ഭരണം നടത്തുകയില്ല. കാരണം, നിങ്ങൾ നിയമത്തിനു കീഴിലല്ല കൃപയ്ക്കു കീഴിലാണ്.

അതുകൊണ്ടെന്ത്? നാം നിയമത്തിനു കീഴ്പ്പെട്ടവരല്ല, കൃപയ്ക്കു കീഴ്പ്പെട്ടവരാണ് എന്നതുകൊണ്ട് നമുക്കു പാപം ചെയ്യാമോ? ഒരിക്കലും പാടില്ല. നിങ്ങൾ അനുസരണമുള്ള ദാസരെപ്പോലെ നിങ്ങളെത്തന്നെ ആർക്കെങ്കിലും സമർപ്പിക്കുമ്പോൾ, നിങ്ങൾ അവന്റെ അടിമകളാണെന്ന് അറിയുന്നില്ലേ? ഒന്നുകിൽ, മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ; അല്ലെങ്കിൽ, നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ. ഒരിക്കൽ നിങ്ങൾ പാപത്തിന് അടിമകളായിരുന്നെങ്കിലും നിങ്ങൾക്കു ലഭിച്ച പ്രബോധനം ഹൃദയപൂർവം അനുസരിച്ച്, പാപത്തിൽനിന്നു മോചിതരായി നിങ്ങൾ നീതിക്ക് അടിമകളായതിനാൽ ദൈവത്തിനു നന്ദി.

നിങ്ങളുടെ പരിമിതി നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുകയാണ്. ഒരിക്കൽ നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അശുദ്ധിക്കും അനീതിക്കും അടിമകളായി സമർപ്പിച്ചതുപോലെ, ഇപ്പോൾ അവയെ വിശുദ്ധീകരണത്തിനുവേണ്ടി നീതിക്ക് അടിമകളായി സമർപ്പിക്കുവിൻ. നിങ്ങൾ പാപത്തിന് അടിമകളായിരുന്നപ്പോൾ നീതിയുടെ നിയന്ത്രണത്തിലല്ലായിരുന്നു. ഇന്നു നിങ്ങൾക്കു ലജ്ജാവഹമായിത്തോന്നുന്ന അക്കാര്യങ്ങളിൽനിന്ന് അന്നു നിങ്ങൾക്ക് എന്തു ഫലം കിട്ടി? അവയുടെ അവസാനം മരണമാണ്. എന്നാൽ, ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്. പാപത്തിന്റെ വേതനം മരണമാണ്. ദൈവത്തിന്റെ ദാനമാകട്ടെ, നമ്മുടെ കർത്താവായ ഈശോമിശിഹാ വഴിയുള്ള നിത്യജീവനും.

(അല്ലെങ്കിൽ)

ശ്ലീഹാ 2:22-28 (അനുബന്ധം പേജ് 345 കാണുക)

സമൂ. നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ശുശ്രൂഷികൾ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർഥന ചൊല്ലി ധൂപം ആശീർവദിക്കുന്നു.

**കാർമി.** **എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✠ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**ശുശ്രൂ.** **ആമ്മേൻ.**

**ശുശ്രൂ.** **ഹല്ലേലുയ്യാ.** (3)

## സുവിശേഷഗീതം (ഓനീസാ ദ്ഏവൻഗലിയോൻ)

**ശുശ്രൂ.** **പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെപ്പറ്റി എഴുതിയിരിക്കുന്നു.**

**എഴുതീ നരകുലരക്ഷകനാം**
**മിശിഹാരാജൻ തൻമൊഴികൾ**
**സുവിശേഷത്തിൻ തിരുഗ്രന്ഥം**

**പരിശുദ്ധാത്മനിവേശത്താൽ**
**യൂദയാ സഭയിൽ മത്തായി**
**മർക്കോസ് റോമിലെ ജനതയ്ക്കായ്**
**ലൂക്കാ ഈജിപ്തിലെ സഭയിൽ**

**യോഹന്നാൻ എഫേസൂസിൽ**
**നാഥാ, ജനതതിയീഗ്രന്ഥം**
**ധ്യാനിപ്പൂ; നിൻ മഹിമകളെ**
**മന്നിതിൽ വാഴ്ത്തി നമിക്കുന്നു.**

**സമൂ.** **ദൈവമേ, അങ്ങയുടെ തിരുവിഷ്ടം നിറവേറ്റാൻ ഞാൻ ആഗ്രഹിച്ചു.**

**എഴുതീ നരകുലരക്ഷകനാം ...**

**ശുശ്രൂ.** **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.**

**എഴുതീ നരകുലരക്ഷകനാം ...**

## വ്യാഖ്യാനഗീതം (തുർഗാമ)

(ദവ്റേശ് ക്സാവേ ... / എഴുതീ നരകുലരക്ഷകനാം ...)

ശുശ്രൂ. **ഭൂമി വിറകൊള്ളുകയും ഇളകുകയും ചെയ്തു.**

ഗായക.
സമൂ.
**മിശിഹാനാഥൻ കുരിശിന്മേൽ
മരണം പുല്കും നിമിഷത്തിൽ
സൃഷ്ടികളെല്ലാം വിറപൂണ്ടു.**

**വാനിൽ സൂര്യനിരുണ്ടല്ലോ
ദീപം മങ്ങിയണഞ്ഞല്ലോ
ദൈവാലയവിരി കീറുകയിൽ
ദുഃഖം കരിനിഴൽ വീഴ്ത്തുകയായ്.**

**പടയാളികളുടെ ധാർഷ്ട്യത്താൽ
ഭൂമി വിറച്ചൂ, കർത്താവേ,
മരണമടഞ്ഞൊരു ജനമപ്പോൾ
ഉത്ഥിതരായീ സ്തുതിപാടീ.**

ശുശ്രൂ. **അവിടന്നു തന്റെ ജനത്തിനു രക്ഷ നല്കി.**

ഗായക.
സമൂ.
**എല്ലാ ജനതകളും കണ്ടൂ
രക്ഷാകരമാം ദൈവത്വം,
മൃതരിൽനിന്നങ്ങുത്ഥിതനായ്!**

**ജനതകളൊന്നായ് പാടട്ടെ
ദൈവികമാം നവഗീതങ്ങൾ
സങ്കീർത്തന മധുധാരകളാൽ
നിറയുന്നുലകവും വാനിടവും.**

**തലമുറതോറും ദൈവത്തിൻ
കീർത്തന ധാരകളുയരുന്നു
പരിപാവനമാം വിശ്വാസം
സകലജനങ്ങളുമറിയുന്നു.**

ശുശ്രൂ. **പരിശുദ്ധാത്മാവിന്റെ കൃപയ്ക്ക് അർഹരായവരേ, വരുവിൻ.**

ഗായക.
സമൂ.
**സ്തുതികൾ പാടാം നിതരാം നാം
ദൈവം നമ്മെ സ്നേഹിച്ചു
കാരുണ്യത്തിൻ നിറവാലേ.**

SYRO MALABAR COMMISSION FOR LITURGY

തന്നുടെ പാവനരാജ്യത്തി-
ന്നവകാശികളായ് തീർത്തല്ലോ
വിശ്വാസത്തോടുമുപവിയൊടും
സതതം നിർമലഹൃദയവുമായ്.

ജീവിതദാനം നല്കീ നീ
ദിവ്യരഹസ്യവുമറിയിച്ചൂ
യോഗ്യത നല്കിയ കാരുണ്യം
വാഴ്ത്തി നമിക്കാമെന്നെന്നും.

**ശുശ്രൂ.** അങ്ങിൽ ശരണപ്പെടുന്നവരാരും ലജ്ജിക്കുകയില്ല.

**ഗായക. സമൂ.** 'നാഥാ, ദുഷ്ടതമൂലം ഞാൻ
പാപം ചെയ്തൂ നിരവധിയായ്
കരുണാസാഗരമല്ലോ നീ.

ലജ്ജിതനല്ലിനി നിൻ കുരിശിൽ
ഞാനെന്നാളും, പാപത്താൽ
നിന്നെ മറന്നതിനാലെന്നിൽ
കനിവിൻ കിരണം തൂകണമേ.'

'നിന്നോടൊപ്പം സ്ലീവായിൽ
പീഡിതനീ ഞാൻ സ്വർഗത്തിൽ
അങ്ങണയുമ്പോളോർക്കണമേ'
ചിതമായ് കള്ളൻ മൊഴിയുകയായ്.

**ശുശ്രൂ.** എന്റെ രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും.

**ഗായക. സമൂ.** ഈശോ, താവക മരണത്താൽ
ഞങ്ങൾ നേടീ പുതുജീവൻ,
മാമോദീസാ വഴിയിപ്പോൾ.

നിത്യമഹോന്നത ജീവനിതാ
ഞങ്ങൾക്കെല്ലാം കൈവന്നൂ
മൃതിയിൽനിന്നതു മാനവരാം
ഞങ്ങൾക്കേകണമുത്ഥാനം.

മോദമൊടിന്നീ തിരുനാളിൽ
വാഴ്ത്തുകയായിവർ തിരുമുമ്പിൽ.
ഉത്ഥിതനായൊരു മിശിഹായേ,
ഉലകിനു ശാന്തി നിതാന്തം നീ.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

ശുശ്രൂ. വരുവിൻ, നമുക്കവിടത്തെ കുമ്പിട്ടാരാധിക്കാം.

ഗായക. സമൂ. മന്നിൽ മാനവരക്ഷക്കായ്
ആഗതനായ് നീ തിരുനാഥാ!
ആരാധിപ്പൂ കുരിശിനെ ഞാൻ.

ജീവൻ നല്കുമൊരടയാളം
അതുവഴി വിനയം പുല്കി നീ
മരണം സ്വയമേ കൈക്കൊണ്ടൂ
മൃതരിൽ ജീവനണച്ചീടാൻ.

രക്ഷപകർന്നൂ, മാനവരോ
നിന്നെ സ്തുതിച്ചു പുകഴ്ത്തുന്നു
ഉത്ഥിതനായൊരു മിശിഹായേ,
ഉലകിനു ശാന്തി നിതാന്തം നീ.

## ഹല്ലേലൂയ്യാഗീതം (സൂമാറ)

(ബ്രീക് ഹന്നാന ... / ഹല്ലേലുയ്യാ പാടീടുന്നേൻ ...)

ഗായക. സമൂ. ഹല്ലേലൂയ്യാ പാടീടുന്നേൻ
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

കർത്താവെന്നും വാണീടുന്നു
ഭൂതലമഖിലം മോദിക്കട്ടെ.

കൂരിരുളൊപ്പം വെൺമേഘവുമാ
നാഥനു ചുറ്റിലുമണിചേരുന്നു.

നീതിയിലും പരിശുദ്ധിയിലും തൻ
ത്രോണോസവനോ സുസ്ഥിരമാക്കി.

താതനുമതുപോൽസുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതല്ക്കേയിന്നും നിത്യവു-
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലൂയ്യാ പാടീടുന്നേൻ
ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.

കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്കു ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും, ആമ്മേൻ.**

തിരിക്കാലുകൾ, ധൂപകലശം, സ്ലീവ എന്നിവ വഹിക്കുന്നവരോടുകൂടെ കാർമികൻ ബലിപീഠത്തെ സമീപിച്ച് താഴെവരുന്ന പ്രാർഥന ചൊല്ലിക്കൊണ്ട്, സുവിശേഷഗ്രന്ഥമെടുക്കുന്നു.

**കാർമി.** **ലോകത്തിന്റെ പ്രകാശവും സകലത്തിന്റെയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്ത കാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.**

കാർമികൻ സുവിശേഷഗ്രന്ഥമെടുത്ത്, നെറ്റിവരെ ഉയർത്തിപ്പിടിക്കുന്നു. ധൂപകലശം, സ്ലീവ, കത്തിച്ച തിരികൾ ഇവ വഹിക്കുന്നവർ മുമ്പെയും കാർമികൻ പിമ്പെയും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ, ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.**

പ്രദക്ഷിണം വചനവേദിയിലെത്തുമ്പോൾ

**ശുശ്രൂ.** **നമുക്കു ശ്രദ്ധാപൂർവംനിന്നു**
**പരിശുദ്ധ സുവിശേഷം ശ്രവിക്കാം.**

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമി.** **സമാധാനം ✠ നിങ്ങളോടുകൂടെ.**

**സമൂ.** **അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.**

SYRO MALABAR COMMISSION FOR LITURGY

**കാർമി.** **വിശുദ്ധ മത്തായി അറിയിച്ച**
**നമ്മുടെ കർത്താവീശോമിശിഹായുടെ**
**പരിശുദ്ധ സുവിശേഷം.** **(28:1-6)**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

**കാർമി.** **സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേന മറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു. അപ്പോൾ വലിയ ഒരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗത്തിൽ നിന്നിറങ്ങിവന്ന്, കല്ലുരുട്ടിമാറ്റി, അതിന്മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപ്പിണർപോലെ ആയിരുന്നു. വസ്ത്രം മഞ്ഞുപോലെ വെളുത്തതും. അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോടു പറഞ്ഞു: ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട ഈശോയെയാണു നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. അവൻ ഇവിടെയില്ല; താൻ അരുൾച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു.**

(അല്ലെങ്കിൽ)

**യോഹ 20:1-10 (അനുബന്ധം പേജ് 346 കാണുക)**

**സമൂ.** **നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.**

സുവിശേഷവായനയ്ക്കുശേഷം സ്ലീവാ / ഉയിർപ്പുരൂപം പ്രതിഷ്ഠിച്ചിരിക്കുന്ന ബലിപീഠത്തിലേക്കോ പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന സ്ഥലത്തേക്കോ കാർമികൻ നീങ്ങുന്നു. അവിടെവച്ച് മൂന്നു പ്രാവശ്യം താഴെ കൊടുത്തിരിക്കുന്ന ഉത്ഥാന അറിയിപ്പു നടത്തുന്നു.

(ഓനീസാ ദ്കങ്കെയ്ക്കുശേഷം ഉയിർപ്പുഗീതം ആലപിച്ച് ഉത്ഥാന അറിയിപ്പ് നടത്തിയും ഈ തിരുക്കർമങ്ങൾ നടത്താവുന്നതാണ്.)

## ഉത്ഥാന അറിയിപ്പ്

**കാർമി.** **മിശിഹാ മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തു. (3)**

**സമൂ.** **ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ. (3)**

(അല്ലെങ്കിൽ)

### ഗീതം

**കാർമി.** **മിശിഹാനാഥൻ മൃതരിൽനിന്നും ഉത്ഥിതനായി. (3)**

**സമൂ.** **ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ. (3)**

SYRO MALABAR COMMISSION FOR LITURGY

തുടർന്ന്, മറച്ചുവച്ചിരിക്കുന്ന സ്ലീവായുടെ / ഉയിർപ്പുരൂപത്തിന്റെ വിരി കാർമികൻ നീക്കുന്നു. തത്സമയം മണിയടിക്കുന്നു. സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു. ഈ സമയത്ത് എല്ലാവരും കാർമികനോടൊപ്പം സ്ലീവായെ / ഉയിർപ്പുരൂപത്തെ കുമ്പിട്ടു നമിക്കുന്നു.

കാർമികൻ സ്ലീവായെ / ഉയിർപ്പുരൂപത്തെ ധൂപിക്കുന്നു.

## ഗീതം

| | | |
|---|---|---|
| **അവിഭാജ്യം നിൻ** | ***സാഗ്ദീനൻ മാർ*** | **ܣܳܓܕܺܝܢܰܢ ܡܳܪܝ** |
| **ദൈവത്വത്തെയും** | ***ലാലാഹൂസാക്*** | **ܠܰܐܠܳܗܽܘܬܳܟ݂** |
| **മനുഷ്യത്വത്തെയും** | ***വൽനാശൂസാക്*** | **ܘܰܠܢܳܫܽܘܬܳܟ݂** |
| **ആരാധിക്കുന്നു (3)** | ***ദ്‌ലാ പൂലാഗാ*** **(3)** | **ܕܠܳܐ ܦܽܘܠܳܓܳܐ** (3) |

(അല്ലെങ്കിൽ)

**കർത്താവേ, അവിഭാജ്യമായ**
**നിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും**
**ഞങ്ങൾ ആരാധിക്കുന്നു. (3)**

തുടരുന്നു

## ഗീതം

**ഉയിർത്തെഴുന്നേറ്റു നാഥ-**
**നുയിർത്തെഴുന്നേറ്റു**
**വിജയലാളിതനായ് നാഥ-**
**നുയിർത്തെഴുന്നേറ്റു.** **ഉയിർത്തെഴുന്നേറ്റു ...**

**കുരിശിലേറിയവൻ, മൃതനായ്**
**കബറടങ്ങിയവൻ**
**കതിരിനുടയവനായ് വീണ്ടു-**
**മുയിർത്തെഴുന്നേറ്റു.** **ഉയിർത്തെഴുന്നേറ്റു ...**

**ഈ ദിനം ദൈവം ഏകിയ**
**ദിവ്യദിനമല്ലോ**
**മോദമായ് മഹിതകീർത്തന-**
**മേറ്റുപാടാം.** **ഉയിർത്തെഴുന്നേറ്റു ...**

SYRO MALABAR COMMISSION FOR LITURGY

തുടർന്ന്, പ്രദക്ഷിണം. മദ്ബഹയിൽ പ്രത്യേകമായി ഒരുക്കിയിരിക്കുന്ന തിരികൾ ശുശ്രൂഷികൾ കത്തിക്കുന്നു. അതിനുശേഷം, ശുശ്രൂഷികൾ ദീപം സമൂഹത്തിലേക്കു പകരുന്നു. തുടർന്ന്, ദൈവാലയാങ്കണത്തിൽ (കുരിശടിയിൽ) ''സമാധാനംനല്കൽ ശുശ്രൂഷ'' നടത്താൻ ഒരുക്കിയിരിക്കുന്ന സ്ഥലത്തേക്ക് എല്ലാവരും പ്രദക്ഷിണമായി പോകുന്നു. പ്രദക്ഷിണത്തിൽ ഏറ്റവും മുമ്പിൽ കത്തിച്ച രണ്ടു തിരികളുടെ അകമ്പടിയോടെ സുവിശേഷഗ്രന്ഥം വഹിക്കുന്ന ശുശ്രൂഷിയും, ഏറ്റവും പുറകിൽ കത്തിച്ച തിരികളുടെ അകമ്പടിയോടെ സ്ലീവ / ഉയിർപ്പുരൂപം വഹിക്കുന്ന കാർമികനും നീങ്ങുന്നു.

എന്നാൽ, സൗകര്യമില്ലാത്തിടത്ത് പ്രദക്ഷിണമായി കാർമികൻ വചനവേദിയിലേക്കു പ്രവേശിക്കുന്നു.

പ്രദക്ഷിണസമയത്ത് താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.

## പ്രദക്ഷിണഗീതം

**ദീപം കൊളുത്തി നാഥാ, തേടിവരുന്നു ഞങ്ങൾ**
**നിൻ ദിവ്യസന്നിധാനം തേടിവരുന്നു ഞങ്ങൾ. ദീപം ...**

**ഭൂവിൻ പ്രഭുക്കളെല്ലാം നിന്നെ നമിച്ചിടുന്നു**
**പാരിൻ പ്രതാപമെല്ലാം നിൻ മുമ്പിൽ മങ്ങിടുന്നു. ദീപം ...**

**മരണം തളർന്നു താണു; നരകം തകർന്നു വീണു**
**വിജയം പതഞ്ഞുയർന്നു; വിയദാലയം തെളിഞ്ഞു. ദീപം ...**

**ഇരുളിൽക്കഴിഞ്ഞിരുന്ന ജനതക്കു ലോകനാഥാ,**
**പരമപ്രധാനമായ് നീ ധരമേലിറങ്ങിവന്നു. ദീപം ...**

(അല്ലെങ്കിൽ)

**മിശിഹാനാഥാ, നിൻ വദനം**
**ഞങ്ങളിൽനിന്നു തിരിക്കരുതേ**
**ആരാധകർ നിൻ പുതുജീവൻ**
**പുല്കി നിതാന്തം നീങ്ങീടാൻ.**

**പ്രാർഥന കേൾക്കുക മിശിഹായേ,**
**ആശ്രയമങ്ങാണനവരതം**
**കൃപയാൽ ഹൃത്തിൻ മുറിവുകളിൽ**
**കനിവിന്നൗഷധമരുളണമേ.**

**അങ്ങയെ ഞങ്ങൾ വിളിക്കുന്നു**
**അലിവൊടു പ്രാർഥന കേൾക്കണമേ**
**രക്ഷണമേകി ദാസരിൽ നീ**
**പാപപ്പൊറുതിയണയ്ക്കണമേ.**

**അനുതാപികളെ കൈക്കൊള്ളും**
**കരുണാനിധിയാം മിശിഹായേ,**
**തിരുവിഷ്ടം നിറവേറ്റീടാൻ**
**ഓരോ ദിനവും കാക്കണമേ.**

**സഭകൾക്കരുളുക മഹിമ സദാ**
**ആരാധകരെ കാക്കണമേ**
**പരിപാലിക്കണമജനിരയെ**
**നിൻ കൃപ ഞങ്ങൾക്കരുളണമേ.**

**തിരുമുഖമങ്ങു തിരിക്കരുതേ**
**തിരുസന്നിധിയിൽ കാക്കണമേ**
**സ്തുതിയും നന്ദിയുമർപ്പിപ്പൂ**
**തിരുനാമത്തിനു സാമോദം.**

**മിശിഹാ തൻ പ്രിയ മാതാവേ,**
**രാവും പകലും ഞങ്ങൾക്കായ്**
**നാഥൻ ശാന്തി പകർന്നീടാൻ**
**പ്രാർഥന നിത്യമണയ്ക്കണമേ.**

**സകല വിശുദ്ധരുമങ്ങേ വിൺ-**
**മഹിമയണിഞ്ഞു വിരാജിപ്പൂ**
**അവരുടെ പ്രാർഥന ഞങ്ങൾക്കായ്**
**രക്ഷണമേകണമനവരതം.**

**കരുണയുണർത്താനീയുലകിൽ**
**കുരിശെ പുല്കിയ മിശിഹായേ,**
**ദുഷ്ടപിശാചിൻ ശക്തികൾ നീ**
**കുരിശിൻ ചിറകാൽ നീക്കണമേ.**

**തിബേരിയോസിൻ തീരത്തായ്**
**പാഥേയങ്ങൾ തീർത്തവനേ,**
**തലമുറതോറും നിന്നെയിവർ**
**പ്രത്യാശയൊടെ നോക്കുന്നു.**

SYRO MALABAR COMMISSION FOR LITURGY

## സമാധാനംനല്കൽ ശുശ്രൂഷ

പ്രദക്ഷിണം ദൈവാലയാങ്കണത്തിൽ പ്രത്യേകം ഒരുക്കിയിരിക്കുന്ന സ്ഥലത്തോ അല്ലെങ്കിൽ വചനവേദിയിലോ എത്തിയതിനുശേഷം

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ ബലഹീനമായ പ്രകൃതിയുടെ നവീകരണത്തിനുവേണ്ടി അങ്ങയുടെ തിരുസുതനിലൂടെ പൂർത്തിയാക്കപ്പെട്ട രക്ഷാപദ്ധതിയെ ഓർത്ത്, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. അവർണനീയമായ ഈ ദാനത്തിന് ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

### സങ്കീർത്തനം 97

**കാർമി.** കർത്താവു ഭരണം നടത്തുന്നു;
ഭൂമി ആനന്ദിക്കട്ടെ;
ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

**സമൂ.** (കാനോന) ആദത്തിന്റെ മഹത്ത്വീകൃതമായ വംശമേ,
ഉത്ഥാനം ചെയ്യുകയും തന്റെ ഉത്ഥാനത്താൽ
എല്ലാവരെയും സന്തോഷിപ്പിക്കുകയുംചെയ്ത
മിശിഹായിൽ ആനന്ദിക്കുവിൻ.

**കാർമി.** മേഘപടലങ്ങൾ അവിടത്തെ ചുറ്റുമുണ്ട്;
നീതിയിലും ന്യായത്തിലും
അവിടന്നു തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നു.

**സമൂ.** തിരുമുമ്പിൽ അഗ്നി ജ്വലിക്കുന്നു;
വൈരികളെ അതു ദഹിപ്പിക്കുന്നു.

**കാർമി.** മിന്നൽപ്പിണറുകൾ ലോകത്തെ പ്രകാശിപ്പിക്കുന്നു;
ഭൂമി അതുകണ്ടു വിറകൊള്ളുന്നു.

**സമൂ.** ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുമ്പിൽ
മലകൾ മെഴുകുപോലെ ഉരുകുന്നു.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** ആകാശം ദൈവനീതി പ്രഘോഷിക്കുന്നു;
ജനതകളെല്ലാം ദിവ്യമഹത്ത്വം ദർശിക്കുന്നു.

**സമൂ.** ബിംബാരാധകരും വിഗ്രഹസേവകരും ലജ്ജിക്കട്ടെ;
മാലാഖമാരെല്ലാം അവിടത്തെ ആരാധിക്കട്ടെ.

**കാർമി.** കർത്താവേ, അങ്ങയുടെ ന്യായവിധികൾകേട്ട്
സെഹിയോൻ സന്തോഷിക്കട്ടെ;
യൂദായുടെ പുത്രിമാർ ആനന്ദിക്കട്ടെ.

**സമൂ.** എന്തുകൊണ്ടെന്നാൽ, അങ്ങു ഭൂമിയേക്കാൾ ഉന്നതനാകുന്നു;
സർവദേവന്മാരേക്കാൾ ഉത്കൃഷ്ടനാകുന്നു.

**കാർമി.** കർത്താവിന്റെ സ്നേഹിതർ തിന്മയെ ദ്വേഷിക്കുന്നു;
തന്റെ നീതിനിഷ്ഠരുടെ ആത്മാക്കളെ അവിടന്ന് പരിപാലിക്കുന്നു;
ദുഷ്ടരുടെ കരങ്ങളിൽനിന്ന് അവരെ കാത്തുരക്ഷിക്കുന്നു.

**സമൂ.** നീതിനിഷ്ഠർക്കു പ്രകാശമുദിച്ചു;
പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.

**കാർമി.** നീതിനിഷ്ഠരേ, നിങ്ങൾ കർത്താവിൽ ആനന്ദിക്കുവിൻ;
അവിടത്തെ പരിശുദ്ധി പ്രകീർത്തിക്കുവിൻ.

**സമൂ.** കർത്താവു ഭരണം നടത്തുന്നു;
ഭൂമി ആനന്ദിക്കട്ടെ;
ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

**കാർമി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമി.** (കാനോന) ആദത്തിന്റെ മഹത്ത്വീകൃതമായ വംശമേ,
ഉത്ഥാനം ചെയ്യുകയും തന്റെ ഉത്ഥാനത്താൽ
എല്ലാവരെയും സന്തോഷിപ്പിക്കുകയുംചെയ്ത
മിശിഹായിൽ ആനന്ദിക്കുവിൻ.

തുടർന്ന് താഴെവരുന്ന സ്തുതിഗീതം ആലപിക്കുന്നു.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

## സ്തുതിഗീതം (തെശ്ബൊഹ്ത്ത)

**സർവേശപുത്രനുയിർത്തു
സമ്മോദമെങ്ങും തളിർത്തു
സ്വർല്ലോകവാതിൽ തുറന്നു;
ദിവ്യപ്രകാശം പരന്നു.**

**മർത്ത്യനെത്തേടിയണഞ്ഞു
മർത്ത്യനു ശാന്തി പകർന്നു
വാഴ്ത്തുന്നു നിൻ ദിവ്യനാമം
നല്കേണമേ സ്വർഗദാനം.**

(അല്ലെങ്കിൽ)

(ലൈക്കാ ഏസൽ ... / എവിടെയൊളിക്കും കർത്താവേ ...)

ഗായക. **ഭൂമിയുടെ അതിർത്തികളിൽനിന്ന് അവനു സ്തുതി മുഴങ്ങട്ടെ.**

സമൂ. **പാതാളത്തിലിറങ്ങിയ നാഥാ,
മർത്ത്യരെ വിണ്ണിലുയർത്തീടാനായ്
ഉത്ഥാനത്താൽ നൂതനമാക്കി
ഭൂതലമെല്ലാം വാഗ്ദാനത്താൽ
സ്തുതി പാടുന്നു സൃഷ്ടികളെല്ലാം
നിന്റെയുയിർപ്പിൽ സ്നേഹമഹേശാ.**

ഗായക. **മരുപ്രദേശവും അതിലെ പട്ടണങ്ങളും ആനന്ദിക്കട്ടെ.**

സമൂ. **യുഗമോരോന്നും കൈകളിലേന്തും
കാലത്തിന്നധിനാഥൻ ദൈവം
തിന്മകൾ തിങ്ങും കാലം നീക്കി
മോചനമേകാൻ വന്നു ഭൂവിൽ
കാലത്തികവിൽ ഞങ്ങൾക്കരുളു-
ന്നുത്ഥാനത്തിൻ മംഗളകാലം.**

ഗായക. **അവർ കർത്താവിനു മഹത്ത്വമർപ്പിച്ചു.**

സമൂ. **വീരോജ്ജ്വലനായ് മുന്നേറുന്നു
സൈന്യാധിപനാം ദൈവകുമാരൻ
രണധീരൻപോൽ ശത്രുഗണത്തെ
തോല്പിക്കുന്നവനെന്നും മന്നിൽ
വിണ്ണിൻ ഗിരിയിൽ മുകിലുകളെല്ലാം
നീതിപൊഴിക്കാൻ വന്നണയുന്നു.**

**ഗായക.** കർത്താവായ ഞാനാണ് അവ സൃഷ്ടിച്ചത്.

**സമൂ.** വാനവരെല്ലാമാഹ്ലാദിപ്പൂ
മാനവനിരയും ഭൂതലമെല്ലാം
ദൈവകുമാരനുയിർത്തതിനാലേ
അനുരഞ്ജനമായ് പാരിതിലെങ്ങും
ആകെ നവീകൃതമായൊരു ലോകം
ശാന്തിയണിഞ്ഞിന്നാനന്ദിപ്പൂ.

## സമാധാനം നല്കൽ

കാർമികന്റെ കൈയിലുള്ള സ്ലീവാ / ഉയിർപ്പുരൂപം ശുശ്രൂഷി ചുംബിക്കുന്നു. ശുശ്രൂഷി സംവഹിക്കുന്ന സുവിശേഷം കാർമികനും ചുംബിക്കുന്നു.

**ശുശ്രൂ.** സഹോദരരേ, ഉത്ഥിതനായ മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ സമാധാനം നല്കുവിൻ.

കാർമികനും ശുശ്രൂഷികളും പരസ്പരം സമാധാനം നല്കുന്നു. തുടർന്ന്, എല്ലാവരും സമാധാനം നല്കുന്നു.

**ഒരാൾ:** മിശിഹാ ഉയിർത്തെഴുന്നേറ്റു.

**മറ്റേയാൾ:** മിശിഹാ സത്യമായും ഉയിർത്തെഴുന്നേറ്റു.

(അല്ലെങ്കിൽ)

**ഒരാൾ:** മിശിഹായുടെ സമാധാനം അങ്ങയോടുകൂടെ.

**മറ്റേയാൾ:** അങ്ങയോടുംകൂടെ.

തുടർന്ന്, ആശീർവാദപ്രാർഥനകൾ ചൊല്ലുന്നു. ഓരോ പ്രാർഥനയ്ക്കും ശേഷം സമൂഹം 'ആമ്മേൻ' എന്ന് പ്രത്യുത്തരിക്കുന്നു.

## ആശീർവാദപ്രാർഥനകൾ

**ശുശ്രൂ.** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമി.** കർത്താവേ, നിന്റെ വിശുദ്ധജനത്തെ ആശീർവദിക്കുകയും നിന്റെ സമാധാനം അവരിൽ വർദ്ധിപ്പിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

**കാർമി.** കർത്താവേ, നിന്റെ പരിശുദ്ധ സഭയെ ആശീർവദിക്കുകയും അതിൽ സമാധാനം നിലനിർത്തുകയും ചെയ്യണമേ. സാർവത്രിക

SYRO MALABAR COMMISSION FOR LITURGY

സഭയുടെ പിതാവും തലവനുമായ മാർ (പേര്) പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ (പേര്) മെത്രാപ്പോലീത്തായെയും അതിരൂപതാധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ (പേര്) മെത്രാനെയും സംരക്ഷിക്കുകയും, അവർക്ക് ഏല്പിക്കപ്പെട്ട സഭകളെ സമാധാനത്തിൽ നയിക്കാൻ ശക്തരാക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

**കാർമി.** കർത്താവേ, അങ്ങയുടെ പുരോഹിതന്മാരെയും മ്ശംശാനമാരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ വിശുദ്ധീകരിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

**കാർമി.** കർത്താവേ, വയോധികർ, യുവജനങ്ങൾ, മാതാപിതാക്കൾ, കുട്ടികൾ, കുടുംബത്തിലെ മറ്റംഗങ്ങൾ എന്നിവരെയും ഞങ്ങളിൽ നിന്ന് അകന്നിരിക്കുന്നവരെയും ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ ഒന്നിപ്പിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

**കാർമി.** കർത്താവേ, ഞങ്ങളുടെ രാഷ്ട്രത്തിന്റെ ഭരണാധികാരികളെയും, സാമൂഹികപ്രവർത്തകർ, ആതുരശുശ്രൂഷകർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങി എല്ലാവരെയും ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ നയിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

**കാർമി.** കർത്താവേ, ദരിദ്രർ, സമ്പന്നർ, കർഷകർ, തൊഴിലാളികൾ, വ്യാപാരികൾ, വ്യവസായികൾ, കുടിയേറ്റക്കാർ എന്നിവരെ ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ സംരക്ഷിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

**കാർമി.** കർത്താവേ, ക്ലേശിതർ, ദുഃഖിതർ, പീഡിതർ, രോഗികൾ, ശാരീരികവും മാനസികവുമായി വേദനിക്കുന്നവർ, മർദിതർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരെ ആശീർവദിക്കുകയും, അവരെ സമാധാനത്തിൽ ആശ്വസിപ്പിക്കുകയും ചെയ്യണമേ.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY

**കാർമി.** **കർത്താവേ, ഈ പ്രപഞ്ചത്തെയും അതിലെ ജീവജാലങ്ങളെയും സസ്യലതാദികളെയും ആശീർവദിക്കുകയും, അവയെ സമാധാനത്തിൽ പരിപോഷിപ്പിക്കുകയും ചെയ്യണമേ.**

**സമൂ.** **ആമ്മേൻ.**

(അവസരോചിതമായി മറ്റു പ്രാർഥനകൾ കൂട്ടിച്ചേർക്കാവുന്നതാണ്)

**കാർമി.** **കർത്താവേ, നിന്റെ തിരുനാളുകൾ സമാധാനത്തിൽ ആഘോഷിക്കുന്നതിനായി എല്ലാ ക്രിസ്തീയസമൂഹങ്ങളെയും ആശീർവദിക്കണമേ.**

**സമൂ.** **ആമ്മേൻ.**

## (പൊതുആശീർവാദം)

**കാർമി.** **സമാധാനദാതാവായ മിശിഹായേ, രഹസ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉപമകളും പൂർണമായും വ്യക്തമാക്കപ്പെടുന്ന യുഗാന്തത്തിലെ പൊതുഉയിർപ്പുദിനത്തിൽ ആഹ്ലാദിക്കുന്നതിന് ഞങ്ങളെ യോഗ്യരാക്കണമേ. അവിടെ നിന്റെ അവകാശത്തിൽ പങ്കുചേരുന്നതിനും നീ വഴിയായി പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നതിനും ഞങ്ങൾക്ക് ഇടയാകട്ടെ. ഞങ്ങളുടെ ഈ സമൂഹത്തിലും ഇന്ന് നിന്റെ നാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന എല്ലാ സമൂഹങ്ങളിലും ലോകം മുഴുവനിലും നിന്റെ അനുഗ്രഹവും സമാധാനവും നിറയട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

തുടർന്ന് സ്ലീവ / ഉയിർപ്പുരൂപം പ്രത്യേകം സജ്ജീകരിച്ചിരിക്കുന്ന പീഠത്തിൽ കൊണ്ടുപോയി വയ്ക്കുന്നു.

(സൂചന: ഓനീസാ ദ്കങ്കെയ്ക്കും ഉയിർപ്പുഗീതത്തിനും ശേഷമാണ് ഉയിർപ്പിന്റെ തിരുക്കർമങ്ങൾ നടത്തിയതെങ്കിൽ 'സർവാധിപനാം ...' / 'സകലത്തിന്റെയും നാഥാ ...' എന്ന പ്രാർഥന മുതൽ വിശുദ്ധ കുർബാന തുടരുന്നു).

## വചനസന്ദേശം

SYRO MALABAR COMMISSION FOR LITURGY

## പ്രഘോഷണപ്രാർഥനകൾ (കാറോസൂസ)

ശുശ്രൂ. നമുക്കെല്ലാവർക്കും സന്തോഷത്തോടും ആഹ്ലാദത്തോടുംകൂടെ 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നപേക്ഷിക്കാം.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സ്വർഗവാസികളുടെയും ഭൂവാസികളുടെയും സമാധാനമായ മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ സമാധാനം ആഘോഷിക്കാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. 'സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നല്കുന്നത്' എന്നരുൾച്ചെയ്ത മിശിഹായേ, നിന്റെ ഉയിർപ്പിന്റെ സമാധാനത്തിൽ ഞങ്ങളേയും പങ്കുകാരാക്കണമെന്ന് അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. കല്ലറയിൽനിന്ന് ഉയിർക്കുകയും ലോകത്തെയും തന്റെ സഭയെയും ശാശ്വതമായ സമാധാനത്താൽ നിറയ്ക്കുകയും ചെയ്ത മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ സന്തോഷം പങ്കുവയ്ക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. സമാധാനത്തിൽ ഞങ്ങളെ സമ്പന്നരാക്കുന്ന മിശിഹായേ, ഞങ്ങളുടെ അനുദിനജീവിതത്തിലെ വേദനകളിലും പ്രതിസന്ധികളിലും നീ നല്കുന്ന സമാധാനം അനുഭവിച്ചറിഞ്ഞ് ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂ. ഞങ്ങളുടെ പരിശുദ്ധ പിതാവായ മാർപാപ്പ, മേജർ ആർച്ചുബിഷപ്പ്, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ എന്നിവരുടെയും അവരുടെ സഹശുശ്രൂഷികളുടെയും സമാധാനത്തിനും സുസ്ഥിതിക്കുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ. കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

SYRO MALABAR COMMISSION FOR LITURGY

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമി.** ഞങ്ങളുടെ കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കണമേ. ഞങ്ങളുടെയിടയിൽ നിന്റെ ശാന്തിയും സമാധാനവും വർദ്ധിപ്പിക്കണമേ. നിന്റെ ഉത്ഥാനരഹസ്യത്തിന്റെ പൂർണതയിലേക്കു ഞങ്ങളെ അടുപ്പിക്കുകയും ഞങ്ങളുടെമേൽ കരുണയായിരിക്കുകയും ചെയ്യണമേ. നിന്റെ ശാന്തിയിലും സമാധാനത്തിലും ഞങ്ങളുടെ ഹൃദയം ആനന്ദിക്കുന്നതിനും പരസ്പരം ഐക്യത്തിൽ ജീവിക്കുന്നതിനും നിന്റെ കൃപയാൽ നിറയുന്നതിനും ഞങ്ങളെ അർഹരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** കർത്താവേ, ആശീർവദിക്കണമേ.
സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

എല്ലാവരും തല കുനിക്കുന്നു. കാർമികൻ കുനിഞ്ഞുനിന്ന് താഴെവരുന്ന കൈവയ്പുപ്രാർഥന താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** കർത്താവേ, ശക്തനായ ദൈവമേ, അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷ അംഗങ്ങളാകാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

കാർമികൻ നിവർന്നുനിന്ന് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.

**കാർമി.** **കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് ഞങ്ങളെ അങ്ങുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.**

**സമൂ.** **ആമ്മേൻ.**

**ശുശ്രൂ.** **മാമോദീസ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.**

താഴെവരുന്ന പ്രാർഥനകൾ കാർമികൻ താഴ്ന്നസ്വരത്തിൽ ചൊല്ലി കൈകൾ കഴുകുമ്പോൾ ദിവ്യരഹസ്യഗീതം ആരംഭിക്കുന്നു.

**കാർമി.** **സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ.**

കൈകൾ തുടയ്ക്കുമ്പോൾ ചൊല്ലുന്നു.

**കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.**

താഴെവരുന്ന ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ) ആലപിക്കുന്നു / ചൊല്ലുന്നു.

## ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ)

(ബ്രീകീത്തോൻ ... / മിശിഹാകർത്താവിൻ തിരുമെയ് ...)

**ഗായക.** **എന്റെ രാജാവായ കർത്താവേ,**
**ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു.**

**സമൂ.** **കുരിശിൽ മൃതനായി**
**കല്ലറ പൂകിയവൻ**
**ഉത്ഥാനം ചെയ്തു.**

**ഉത്ഥിതനായ് സർവാധിപനായ്**
**മഹിമാപൂരിത രാജാവായ്**
**വിണ്ണിൽ വാഴും മിശിഹായാം**
**നാഥൻ വീണ്ടും വന്നീടും**
**അഖിലരെയും വിധിചെയ്തീടാനായ്.**

**ഗായക.** **അവിടത്തെ ശക്തി വെളിപ്പെടുത്തേണ്ടതിന്.**

**സമൂ.** **കുരിശിൽ മൃതനായി ...**

(അല്ലെങ്കിൽ)

**ഗായക.** **എന്റെ രാജാവായ കർത്താവേ,**
**ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു.**

**സമൂ.** **മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യജാതനായി ഉയിർത്തെഴുന്നേറ്റ കർത്താവേ, നിന്റെ ഉത്ഥാനം ഞങ്ങൾക്ക് ജീവനും മഹത്ത്വവും പ്രദാനം ചെയ്യുന്നു. നിന്റെ സ്നേഹഭാജനമായ സഭ, അണിഞ്ഞൊരുങ്ങിയ വധുവിനെപ്പോലെയും മക്കളോടൊരുമിച്ച് ഉല്ലസിക്കുന്ന അമ്മയെപ്പോലെയും നിന്റെ ഉയിർപ്പിൽ ആനന്ദിക്കുന്നു. നിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സ്മാരകമായ ഈ ദിവ്യരഹസ്യങ്ങളിൽ സജീവമായി പങ്കുകൊള്ളാൻ കർത്താവേ, ഞങ്ങളെ യോഗ്യരാക്കണമേ.**

**ഗായക.** **അവിടത്തെ ശക്തി വെളിപ്പെടുത്തേണ്ടതിന്.**

**സമൂ.** **മരിച്ചവരുടെ ഇടയിൽനിന്ന് ...**

(തുടർന്നുള്ള പ്രാർഥനകൾക്ക് കുർബാനക്രമം കാണുക)

## പ്രത്യേകഗീതം (ദ്ഹീലത്ത്)

(പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

**കാർമി.** **കർത്താവേ, തവ തിരുനാമം**
**കീർത്തിതമല്ലോ ചിരകാലം**
**പാവനമാം തവ ഗേഹത്തിൽ**
**പൂജിതനങ്ങു മഹോന്നതനും.**

SYRO MALABAR COMMISSION FOR LITURGY

**സമൂ.** നാശമടഞ്ഞൂ മരണത്തിൻ
ശക്തിയുമതുപോൽ പാടവവും
വാനവുമുലകവും നവമാം നിൻ
വരവിനു കാത്തുകഴിക്കുന്നൂ.

**കാർമി.** കതിരണിയുന്ന പ്രതീക്ഷകളാൽ
മോദമെഴുന്നൂ സ്വർല്ലോകം,
ഹല്ലേലുയ്യാ പാടീടാം
പരിശുദ്ധൻ, നീ പരിശുദ്ധൻ.

(അല്ലെങ്കിൽ)

**സമൂ.** ഉന്നതനായ ദൈവമേ, എന്നുമെന്നേക്കും അങ്ങയുടെ വിശുദ്ധ സ്ഥലത്ത് അങ്ങ് മഹത്ത്വപൂർണനാകുന്നു. കർത്താവിന്റെ മഹത്ത്വം അവിടത്തെ സ്ഥലത്തു പ്രകീർത്തിക്കപ്പെടുന്നു. മർത്ത്യരേ, നിങ്ങൾ ആനന്ദിക്കുകയും ആശ്വസിക്കുകയും ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ, മരണത്തിന്റെ ശക്തി നശിപ്പിക്കപ്പെട്ടു. മിശിഹാ വന്ന് എല്ലാം നവീകരിക്കാൻവേണ്ടി ആകാശവും ഭൂമിയും കാത്തിരിക്കുന്നു. സ്വർഗീയശക്തികൾ ഇന്ന് ആനന്ദിക്കുന്നു. എന്തുകൊണ്ടെന്നാൽ, തങ്ങളുടെ പ്രതീക്ഷ പൂർത്തീകരിക്കപ്പെട്ടതായി അവർ കണ്ടു. നമുക്ക് ഒരുമിച്ച് 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സകലത്തിന്റെയും നാഥാ, അങ്ങു പരിശുദ്ധൻ' എന്ന് അവിടത്തെ പ്രകീർത്തിക്കാം. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

## ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ)

(തൂയെ ... / കർത്താവേ, മമ രാജാവേ ...)

**സമൂ.** സ്വർഗത്തിൽനിന്നാഗതമാം
ഭക്ഷണപാനീയങ്ങളിതാ
പാവനമീ ബലി പാപികളെ
പരിചൊടു നിർമലരാക്കുന്നു.

ദൈവത്തിൻ സുതനീശോ തൻ
പാവനമാം നിണഗാത്രമിതാ
അൻപൊടു പങ്കിട്ടേകുന്നു
വിശ്വാസികളാം നമ്മൾക്കായ്.

(അല്ലെങ്കിൽ)

**സമൂ.** **ലോകരക്ഷകനായ മിശിഹാ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ഇതാ, സ്വർഗത്തിൽ, അദൃശ്യനായ പിതാവിന്റെ വലത്തുഭാഗത്ത് അവൻ ഉപവിഷ്ടനായിരിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശരീരരക്തങ്ങൾ നമുക്കു പ്രദാനം ചെയ്തു. അവിടത്തെ മരണത്തിന്റെയും ഉയിർപ്പിന്റെയും ദിവ്യരഹസ്യങ്ങളെ നമുക്കെല്ലാവർക്കും സ്വീകരിക്കാം. നമുക്കൊന്നുചേർന്ന് 'സകലത്തിന്റെയും നാഥനായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടി സ്തുതിക്കുകയും ചെയ്യാം. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ.**

## അനുഗീതം (ഓനീസാ ദ്‌വാത്തേ)

(ബ്രീക് ഹന്നാന ... / ഹല്ലേലൂയ്യാ പാടീടുന്നേൻ ...)

**ശുശ്രൂ.** **പാപവിമോചനമേകും ദാനം**
**ജീവൻ നല്കും തീക്കനലല്ലോ.**

**ചിന്തകളെല്ലാം പാവനമാക്കാം**
**നിർമലരായ് തിരുസന്നിധി ചേരാം.**

**കരുണാപൂർവം നാഥൻ നല്കും**
**ദിവ്യരഹസ്യം കൈക്കൊണ്ടീടാം.**

(അല്ലെങ്കിൽ)

**ശുശ്രൂ.** **ജനങ്ങളേ വരുവിൻ, നമുക്കു കർത്താവിനെ പാടിപ്പുകഴ്ത്താം. മിശിഹായുടെ ഉത്ഥാനദിവസം മരണം പരാജയപ്പെടുകയും സാത്താൻ കീഴടങ്ങുകയും ചെയ്തു. സകലത്തിന്റെയുംമേൽ ഉത്ഥാനം ഭരണം നടത്തി. നാഥനും രക്ഷകനുമായ അവിടത്തെ 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നു പാടിപ്പുകഴ്ത്താം. തന്റെ ശരീരരക്തങ്ങളാൽ അവിടന്നു നമ്മെ പരിപോഷിപ്പിക്കുന്നു. അവിടത്തെ തിരുനാമത്തിന് യഥായോഗ്യം നന്ദിപറയാൻ നമ്മുടെ അധരങ്ങൾ തീർത്തും അപര്യാപ്തങ്ങളാണ്. മിശിഹായുടെ മരണത്താൽ നമുക്കു നിത്യജീവൻ നല്കപ്പെട്ടു. മനുഷ്യകുലത്തിൽനിന്ന് മരണം തിരോധാനം ചെയ്യട്ടെ. ഇതാ, അക്ഷയജീവന്റെ രഹസ്യങ്ങൾ നമ്മുടെ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്നു. സഹോദരരേ, വരുവിൻ, ഭക്ത്യാദരങ്ങളോടെ നമുക്ക് അവയെ സമീപിക്കാം.**

SYRO MALABAR COMMISSION FOR LITURGY

## കൃതജ്ഞതാപ്രാർഥനകൾ

**കാർമി.** കർത്താവായ ദൈവമേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങളുടെ ഉത്ഥാനത്തിന് അച്ചാരമായി ഭവിക്കട്ടെ. മനുഷ്യവംശത്തെ മഹത്ത്വമണിയിച്ച അങ്ങയെ, സ്വർഗരാജ്യത്തിൽ സകല നീതിമാന്മാരോടുംകൂടെ സ്തുതിക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

**കാർമി.** മനുഷ്യവംശത്തിന്റെ പ്രത്യാശയായ മിശിഹായേ, ഈ കുർബാനവഴി ഉത്ഥാനത്തിന്റെ രഹസ്യത്തിൽ നീ ഞങ്ങളെ പങ്കുകാരാക്കി. തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ ഞങ്ങൾ നിന്റെ അനന്തകാരുണ്യത്തിന് എന്നും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

## സമാപനാശീർവാദം (ഹൂത്താമ്മ)

(തൂയൈ ... / കർത്താവാം മിശിഹാവഴിയായ് ...)

**കാർമി.** കർത്താവാം മിശിഹാവഴിയായ്
ദിവ്യാത്മാവിൻ ദാനങ്ങൾ
സ്നേഹപിതാവാം സകലേശൻ
വിരവൊടു നമ്മിൽ വർഷിച്ചു.

സ്വർല്ലോകത്തിൻ മഹിമയ്ക്കായ്
ദൈവം നമ്മെ വിളിച്ചല്ലോ
അക്ഷയസൗഭഗമാർന്നീടാൻ
ദൈവം നമ്മെ നയിച്ചല്ലോ.

എന്റെ ശരീരം ഭക്ഷിക്കും
എൻ രക്തം പാനം ചെയ്യും
മാനവനെന്നിൽ നിവസിക്കും
അവനിൽ ഞാനും, നിശ്ചയമായ്.

വിധിയിൽ വീഴാതവനെ ഞാൻ
അന്തിമദിവസമുയിർപ്പിക്കും
നിത്യായുസ്സവനേകും ഞാൻ
ഏവം നാഥനരുൾ ചെയ്തു.

ഉത്ഥാനത്താൽ മാനവരിൽ
മോദമുണർത്തിയ തിരുനാഥൻ
തൻ പ്രിയവധുവാം തിരുസഭയിൽ
വാഴ്ത്തപ്പെട്ടവനാകട്ടെ.

ഉത്ഥിതനീശോമിശിഹാതൻ
ശാശ്വതമായ സമാധാനം
സഭയിലുമവൾതൻ തനയരിലും
നിതരാം ശാന്തി വിതയ്ക്കട്ടെ.

വിശ്വാസത്തിൽ, സ്നേഹത്തിൽ
ഉത്ഥാനത്തിൻ സാക്ഷികളായ്
ധരയിതിലെങ്ങും പ്രഭ വീശാൻ
നാഥൻ തൻ കൃപ ചൊരിയട്ടെ.

ജീവനെഴും തിരുസ്ലീവായാൽ
നിങ്ങൾ മുദ്രിതരാകട്ടെ
സംരക്ഷിതരായ്ത്തീരട്ടെ ✠
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂ. ആമ്മേൻ.

(അല്ലെങ്കിൽ)

**കാർമി.** പിതാവായ ദൈവം, നമ്മുടെ കർത്താവീശോമിശിഹാവഴി എല്ലാ ആധ്യാത്മികദാനങ്ങളും നല്കി നമ്മെ അനുഗ്രഹിച്ചു. നമ്മുടെ കർത്താവു തന്റെ രാജ്യത്തിലേക്കു നമ്മെ ക്ഷണിക്കുകയും അക്ഷയവും അനശ്വരവുമായ സൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്തു. അവിടന്നു തന്റെ ജീവദായകമായ സുവിശേഷംവഴി ശിഷ്യഗണത്തോട് ഇപ്രകാരം അരുൾചെയ്തു: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. അവനു ശിക്ഷാവിധി ഉണ്ടാകുകയില്ല. പ്രത്യുത, അവൻ മരണത്തിൽനിന്ന് നിത്യായുസ്സിലേക്കു പ്രവേശിക്കും.'

ഉത്ഥാനത്തിലൂടെ മനുഷ്യവംശത്തെ മുഴുവൻ ആനന്ദിപ്പിച്ച മിശിഹാ സഭയിൽ എന്നും വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടന്നു സാത്താനെയും മരണത്തെയും പരാജയപ്പെടുത്തുകയും പാപകടങ്ങളിൽനിന്നു നമ്മെ മോചിക്കുകയും ചെയ്തു. ഉത്ഥിതനായ മിശിഹായുടെ സമാധാനം നമ്മിൽ എന്നും വസിക്കട്ടെ. വിശ്വാസത്തിലും സ്നേഹത്തിലും വളരാനും ഉത്ഥാനരഹസ്യം എല്ലാവരോടും പ്രഘോഷിക്കാനും അവിടന്നു നമ്മെ അനുഗ്രഹിക്കട്ടെ. ജീവദായകമായ ദിവ്യരഹസ്യങ്ങളാൽ സന്തുഷ്ടരാക്കപ്പെട്ട നിങ്ങളെ അവിടന്നു നിത്യമഹത്ത്വത്തിലേക്കു പ്രവേശിപ്പിക്കട്ടെ. കർത്താവിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിലുംനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

## അനുബന്ധം

# വായനകൾ

(വലിയ ആഴ്ചയിലെ തിരുക്കർമങ്ങൾ)


**1. വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി)** ..... 305

**A. പഴയനിയമ വായനകൾ** ..... 305

ഒന്നാം ഗണം: ഒന്നാം വായന ഉത്പ 3:1-19 or ഉത്പ 1:1-19
രണ്ടാം വായന യോന 3:1-10 or ജോഷ്വ 1:1-15
രണ്ടാം ഗണം: ഒന്നാം വായന ഉത്പ 3:1-13
രണ്ടാം വായന ജ്ഞാനം 12:16-20

**B. ലേഖനം** ..... 310

ഒന്നാം ഗണം: റോമാ 12:1-15 or 1 യോഹ 3:1-10 or റോമാ 1:16-25 (1:1-25)
രണ്ടാം ഗണം: റോമാ 12:1-8

**C. സുവിശേഷം** ..... 314

ഒന്നാം ഗണം: മത്താ 5:1-12 or മത്താ 5:17-37 or മത്താ 21:28-32
രണ്ടാം ഗണം: മത്താ 21:28-32

**2. ഓശാനഞായർ** ..... 317

**A. പഴയനിയമ വായനകൾ** ..... 317

ഒന്നാം ഗണം: ഒന്നാം വായന ഉത്പ 49:8-12; 22-26
രണ്ടാം വായന സഖ 9:9-12
രണ്ടാം ഗണം: ഒന്നാം വായന പുറ 15:1-3, 11-15, 20-21
രണ്ടാം വായന ഏശ 62:10-12 + 63:1-4

**B. ലേഖനം** ..... 319

ഒന്നാം ഗണം: റോമാ 11:13-24
രണ്ടാം ഗണം: ഗലാ 4:12-20

**C. സുവിശേഷം** ..... 320

ഒന്നാം ഗണം: മത്താ 21:1-17
രണ്ടാം ഗണം: ലൂക്കാ 19:28-40

**3. പെസഹാവ്യാഴം** ..... 321

**A. പഴയനിയമ വായനകൾ** ..... 321

ഒന്നാം ഗണം: ഒന്നാം വായന പുറ 12:1-20
രണ്ടാം വായന മലാ 1:10-14
രണ്ടാം ഗണം: ഒന്നാം വായന പുറ 12:1-14, 21-28
രണ്ടാം വായന എസെ 45:18-25

**B. ലേഖനം** ..... 324

ഒന്നാം ഗണം: 1 കോറി 11:23-29
രണ്ടാം ഗണം: 1 കോറി 5:6-8; 11:23-30

**C. സുവിശേഷം** ..... 325

ഒന്നാം ഗണം: യോഹ 13:1-14 + മത്താ 26:26-30
രണ്ടാം ഗണം: ലൂക്കാ 22:7-13 + യോഹ 13:1-15 + ലൂക്കാ 22:15-21


SYRO MALABAR COMMISSION FOR LITURGY

**4. പീഡാനുഭവവെള്ളി ........ 328**

**A. പഴയനിയമ വായനകൾ ........ 328**

ഒന്നാം ഗണം: ഒന്നാം വായന ഉത്പ 22:1-19
രണ്ടാം വായന ഏശ 52:13-53:9

രണ്ടാം ഗണം: ഒന്നാം വായന ഉത്പ 22:1-19
രണ്ടാം വായന ഏശ 52:13-53:9

**B. ലേഖനം ........ 328**

ഒന്നാം ഗണം: റോമാ 5:6-16
രണ്ടാം ഗണം: ശ്ലീഹ 8:26-39

**C. സുവിശേഷം ........ 330**

ഒന്നാം ഗണം: ലൂക്കാ 22:63-23:12 + മത്താ 27:19 + ലൂക്കാ 23:13-23 + മത്താ 27:24-25 + ലൂക്കാ 23:24-45 + മത്താ 27:51-54 + യോഹ 19:23-30

രണ്ടാം ഗണം: ലൂക്കാ 22:63-23:12 + മത്താ 27:19 + ലൂക്കാ 23:13-23 + മത്താ 27:24-25 + ലൂക്കാ 23:24-45 + മത്താ 27:51-54 + രണ്ടാം ഭാഗം: യോഹ 19:23-42

**5. വലിയശനി ........ 337**

**A. പഴയനിയമ വായനകൾ ........ 337**

ഒന്നാം ഗണം: ഒന്നാം വായന പുറ 17:3-7 or ഉത്പ 22:1-19 or നിയ 34:1-9
രണ്ടാം വായന യോന 2:1-10

രണ്ടാം ഗണം: ഒന്നാം വായന നിയ 34:1-9
രണ്ടാം വായന യോന 1:1-17

**B. ലേഖനം ........ 341**

ഒന്നാം ഗണം: റോമാ 6:3-11
രണ്ടാം ഗണം: ഹെബ്രാ 6:1-8

**C. സുവിശേഷം ........ 342**

ഒന്നാം ഗണം: മത്താ 28:1-20
രണ്ടാം ഗണം: മത്താ 27:62-66

**6. ഉയിർപ്പുതിരുനാൾ ........ 343**

**A. പഴയനിയമ വായനകൾ ........ 343**

ഒന്നാം ഗണം: ഒന്നാം വായന ഏശ 60:1-7 or എസെ 37:1-10
രണ്ടാം വായന 1 സമു 2:1-10 or യോനാ 2:1-10

രണ്ടാം ഗണം: ഒന്നാം വായന എസെ 37:1-10
രണ്ടാം വായന യോനാ 2:1-10

**B. ലേഖനം ........ 345**

ഒന്നാം ഗണം: റോമാ 5:20-6:23 or ശ്ലീഹ 2:22-28
രണ്ടാം ഗണം: ശ്ലീഹ 2:22-28

**C. സുവിശേഷം ........ 346**

ഒന്നാം ഗണം: മത്താ 28:1-6
രണ്ടാം ഗണം: യോഹ 20:1-10


SYRO MALABAR COMMISSION FOR LITURGY

# വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി)

## A. പഴയനിയമ വായനകൾ

**ഒന്നാം ഗണം**

**ഒന്നാം വായന**

**ഉത്പ 3:1-19 (പൊതുക്രമം പേജ് 10 കാണുക)**

അല്ലെങ്കിൽ

**ഉത്പ 1:1-19**

**I. സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. ഉത്പത്തി പുസ്തകത്തിൽ നിന്നുള്ള വായന (ഉത്പ 1:1-19)**

✠ ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു. ദൈവം അരുൾചെയ്തു: വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. വെളിച്ചവും ഇരുളും തമ്മിൽ ദൈവം വേർതിരിച്ചു. വെളിച്ചത്തെ പകലെന്നും ഇരുളിനെ രാത്രിയെന്നും ദൈവം വിളിച്ചു. പ്രദോഷമായി, പ്രഭാതമായി - ഒന്നാം ദിവസം.

ദൈവം അരുൾചെയ്തു: ജലമധ്യത്തിൽ ഒരു വിതാനം ഉണ്ടാകട്ടെ; അതു ജലത്തെ ജലത്തിൽനിന്നു വേർ തിരിക്കട്ടെ. ദൈവം വിതാനമുണ്ടാക്കുകയും വിതാനത്തിനുതാഴെയുള്ള ജലം വിതാനത്തിനുമുകളിലുള്ള ജലത്തിൽനിന്നു വേർതിരിക്കുകയും ചെയ്തു. അപ്രകാരം സംഭവിച്ചു. വിതാനത്തെ ദൈവം ആകാശമെന്നു വിളിച്ചു. പ്രദോഷമായി, പ്രഭാതമായി - രണ്ടാം ദിവസം.

ദൈവം അരുൾചെയ്തു: ആകാശത്തിനുകീഴുള്ള ജലമെല്ലാം ഒരിടത്തു കൂടട്ടെ; ഉണങ്ങിയ കര പ്രത്യക്ഷപ്പെടട്ടെ. അപ്രകാരം സംഭവിച്ചു. ഉണങ്ങിയ കരയെ ഭൂമിയെന്നും ഒന്നിച്ചുകൂടിയ ജലത്തെ കടലെന്നും ദൈവം വിളിച്ചു. അതു നല്ലതെന്ന് ദൈവം കണ്ടു. ദൈവം വീണ്ടും അരുൾചെയ്തു: പുല്ലും വിത്തുള്ള സസ്യങ്ങളും വിത്തോടുകൂടിയ അതതിനം ഫലം ഉത്പാദിപ്പിക്കുന്ന ഫലവൃക്ഷങ്ങളും ഭൂമി മുളപ്പിക്കട്ടെ. അപ്രകാരം സംഭവിച്ചു.

SYRO MALABAR COMMISSION FOR LITURGY

പുല്ലും അതതിനം വിത്തു മുളപ്പിക്കുന്ന സസ്യങ്ങളും അതതിനം വിത്തുൾക്കൊള്ളുന്ന ഫലം ഉത്പാദിപ്പിക്കുന്ന വൃക്ഷഗണവും ഭൂമി പുറപ്പെടുവിച്ചു. അവ നല്ലതെന്നു ദൈവം കണ്ടു. പ്രദോഷമായി, പ്രഭാതമായി - മൂന്നാം ദിവസം.

ദൈവം അരുൾചെയ്തു: പകലും രാത്രിയും തമ്മിൽ വേർതിരിക്കാൻ ആകാശവിതാനത്തിൽ ജ്യോതിസ്സുകൾ ഉണ്ടാകട്ടെ. അവ കാലങ്ങളും ദിനങ്ങളും വർഷങ്ങളും കുറിക്കുന്ന അടയാളങ്ങളായിരിക്കട്ടെ. ഭൂമിയുടെമേൽ പ്രകാശംചൊരിയാൻ അവ ആകാശവിതാനത്തിൽ ജ്യോതിസ്സുകളായിരിക്കട്ടെ. അപ്രകാരം സംഭവിച്ചു. ദൈവം രണ്ട് മഹാജ്യോതിസ്സുകൾ ഉണ്ടാക്കി: പകലിനെ ഭരിക്കാൻ വലിയ ജ്യോതിസ്സ്, രാത്രിയെ ഭരിക്കാൻ ചെറിയ ജ്യോതിസ്സ്; കൂടാതെ, നക്ഷത്രങ്ങളും. ദൈവം അവയെ ആകാശവിതാനത്തിൽ സ്ഥാപിച്ചു; അത് ഭൂമിയുടെമേൽ പ്രകാശം ചൊരിയാനും ദിനരാത്രങ്ങളെ ഭരിക്കാനും വെളിച്ചവും അന്ധകാരവും തമ്മിൽ വേർതിരിക്കാനുമായിരുന്നു. അതു നല്ലതെന്ന് ദൈവം കണ്ടു. പ്രദോഷമായി, പ്രഭാതമായി - നാലാം ദിവസം. ✠

**രണ്ടാം വായന**

**യോന 3:1-10 (പൊതുക്രമം പേജ് 54 കാണുക)**

അല്ലെങ്കിൽ

**ജോഷ്വ 1:1-15**

**I. സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. ജോഷ്വായുടെ പുസ്തകത്തിൽ നിന്നുള്ള വായന (ജോഷ്വ 1:1-15)**

✠ കർത്തൃദാസനായ മോശയുടെ മരണശേഷം നൂനിന്റെ മകനും മോശയുടെ സേവകനുമായ ജോഷ്വായോട് കർത്താവ് ഇപ്രകാരം അരുൾചെയ്തു: എന്റെ ദാസനായ മോശ മരിച്ചു. ഇപ്പോൾ നീയും ഈ ജനംമുഴുവനും എഴുന്നേറ്റ്, ഇസ്രായേല്യരായ നിങ്ങൾക്ക് ഞാൻ നല്കുന്ന ദേശത്തേക്ക് ഈ ജോർദാൻ കടന്നുചെല്ലുക. മോശയോടു ഞാൻ വാഗ്ദാനംചെയ്തിട്ടുള്ളതുപോലെ നിങ്ങളുടെ കാല്പാദമൂന്നുന്ന പ്രദേശമെല്ലാം ഞാൻ നിങ്ങൾക്കു തരും. മരുഭൂമിയും ഈ ലബനോനും മുതൽ മഹാനദിയായ യൂഫ്രട്ടീസ്നദിവരെ ഹേത്തുകാരുടെ ദേശം മുഴുവനും സൂര്യാസ്തമനത്തിന്റെ മഹാസമുദ്രംവരെയും നിങ്ങളുടെ അതിർത്തിയായിരിക്കും. നിന്റെ ആയുഷ്കാലമെല്ലാം ആരും നിന്റെ മുമ്പിൽ നിലയുറപ്പിക്കുകയില്ല. ഞാൻ മോശയോടുകൂടെ ഉണ്ടായിരുന്നതുപോലെ നിന്നോടുകൂടെയും ഉണ്ടായിരിക്കും. ഞാൻ

നിന്നെ നിരുന്മേഷനാക്കുകയില്ല; നിന്നെ കൈവിടുകയുമില്ല. ശക്തനും ധീരനുമായിരിക്കുക. എന്തെന്നാൽ, ഈ ജനത്തിനു നല്കുമെന്ന് ഇവരുടെ പിതാക്കന്മാരോടു ഞാൻ വാഗ്ദാനംചെയ്തിരുന്ന ദേശത്തിന് ഇവരെ അവകാശികളാക്കേണ്ടതു നീയാണ്. എന്റെ ദാസനായ മോശ നിന്നെ അനുശാസിച്ച നിയമം ഓരോന്നുമനുസരിച്ച് അതീവ ജാഗ്രതയോടെ പ്രവർത്തിക്കാൻ നീ ഏറെ ശക്തനും ധീരനുമായിരിക്കണമെന്നു മാത്രം! അവയിൽനിന്ന് നീ ഇടംവലം വ്യതിചലിക്കരുത്. ഏർപ്പെടുന്നതിലെല്ലാം നീ വിജയിയാകാൻവേണ്ടിയാണിത്. ഈ നിയമഗ്രന്ഥം നിന്റെ അധരത്തിൽനിന്ന് അകലരുത്. അതിൽ ലിഖിതമായതെല്ലാമനുസരിച്ച് പ്രവർത്തിക്കാൻ ശ്രദ്ധപുലർത്തേണ്ടതിന് നീ അതിനെക്കുറിച്ച് രാവും പകലും ധ്യാനിക്കണം. അങ്ങനെ നീ നിന്റെ വഴി മുന്നേറാനിടയാക്കും; നീ വിജയിക്കുകയും ചെയ്യും. ശക്തനും ധീരനുമായിരിക്കുക; ഭയപ്പെടുകയോ പരിഭ്രമിക്കുകയോ വേണ്ടാ. എന്തെന്നാൽ നീ ഏർപ്പെടുന്നതിലെല്ലാം നിന്റെ ദൈവമായ കർത്താവ് നിന്നോടുകൂടെ ഉണ്ടായിരിക്കും എന്നു ഞാൻ നിന്നെ അനുശാസിച്ചതല്ലേ?

ജോഷ്വ ജനപ്രമാണികളോട് ഇപ്രകാരം കല്പിച്ചു: പാളയത്തിനിടയിൽ കടന്നുചെന്ന് ജനങ്ങളോട് നിങ്ങൾ ഇപ്രകാരം ആജ്ഞാപിക്കുവിൻ: നിങ്ങൾക്കായി പാഥേയം സംഭരിക്കുവിൻ. എന്തെന്നാൽ, മൂന്നുദിവസം കൂടി കഴിഞ്ഞാൽ നിങ്ങൾ ഈ ജോർദാൻ കടക്കുകയാണ്. നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്കു സ്വന്തമാക്കാനായി നല്കുന്ന ദേശം കൈവശപ്പെടുത്താനാണ് നിങ്ങൾ പോകുന്നത്. റൂബൻകാരോടും ഗാദുകാരോടും മനാസ്സെയുടെ ഗോത്രപാതിയോടും ജോഷ്വ ഇപ്രകാരം പറഞ്ഞു: നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്ക് സ്വസ്ഥതയേകി, ഈ ദേശം നിങ്ങൾക്കു തന്നിരിക്കുന്നുവെന്ന് കർത്താവിന്റെ ദാസനായ മോശ നിങ്ങളെ അനുശാസിച്ച കാര്യം അനുസ്മരിക്കുവിൻ. നിങ്ങളുടെ ഭാര്യമാരും കുഞ്ഞുങ്ങളും കന്നുകാലികളും ജോർദാനിക്കരെ മോശ നിങ്ങൾക്കു നല്കിയ ദേശത്തു വസിക്കട്ടെ. എന്നാൽ, നിങ്ങൾ, ആയോധനവീരന്മാരെല്ലാം, ആയുധമണിഞ്ഞ് നിങ്ങളുടെ സഹോദരന്മാർക്കുമുമ്പേ കടന്ന് അവരെ സഹായിക്കണം. നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളുടെ സഹോദരന്മാർക്കും നിങ്ങളെപ്പോലെ സ്വസ്ഥതയേകുകയും നിങ്ങളുടെ ദൈവമായ കർത്താവ് അവർക്കു കൊടുക്കുന്ന ദേശം അവരും കൈവശമാക്കുകയും ചെയ്യുന്നതുവരെ അതു വേണം. അനന്തരം, സൂര്യോദയദിക്കിൽ ജോർദാനിക്കരെ കർത്താവിന്റെ ദാസനായ മോശ നിങ്ങൾക്കു കൈവശമായി തന്നിരിക്കുന്ന ദേശത്തു തിരിച്ചെത്തി അതു നിങ്ങൾക്ക് സ്വന്തമാക്കാം. ✠

രണ്ടാം ഗണം

ഒന്നാം വായന

**ഉത്പ 3:1–13**

**I. സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. ഉത്പത്തി പുസ്തകത്തിൽ നിന്നുള്ള വായന (ഉത്പ 3:1–13)**

✠ **ദൈവമായ കർത്താവ് ഉരുവാക്കിയ എല്ലാ വന്യ ജീവികളിലും വച്ച്, കൗശലമേറിയതായിരുന്നു സർപ്പം. അതു സ്ത്രീയോടു ചോദിച്ചു: തോട്ടത്തിലെ ഒരു വൃക്ഷത്തിൽനിന്നും ഭക്ഷിക്കരുതെന്ന് ദൈവം വാസ്തവത്തിൽ പറഞ്ഞിട്ടുണ്ടോ? സ്ത്രീ സർപ്പത്തോടു പറഞ്ഞു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ, നിങ്ങൾ മരിക്കാതിരിക്കാൻ തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലത്തിൽ നിന്നു ഭക്ഷിക്കരുത്; അതിൽ തൊടുകയുമരുത് എന്നു, ദൈവം പറഞ്ഞിട്ടുണ്ട്. സർപ്പം സ്ത്രീയോടു പറഞ്ഞു: നിങ്ങൾ തീർച്ചയായും മരിക്കുകയില്ല. കാരണം, അതിൽനിന്നു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിയുന്നവരായി നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിന് അറിയാം. ആ വൃക്ഷം ഭക്ഷിക്കാൻ ഉപയുക്തവും കണ്ണുകൾക്ക് ആകർഷകവുമാണെന്ന്, സ്ത്രീ കണ്ടു. ആ വൃക്ഷം അറി വേകാൻ പര്യാപ്തവുമായിരുന്നു. അവൾ അതിന്റെ ഫലത്തിൽനിന്ന് എടുത്തു ഭക്ഷിച്ചു; തന്നോടൊപ്പമുണ്ടായിരുന്ന ഭർത്താവിനും, അവൾ നല്കി; അവനും ഭക്ഷിച്ചു. അപ്പോൾ ഇരുവരുടെയും കണ്ണുകൾ തുറക്കപ്പെട്ടു. തങ്ങൾ നഗ്നരാണെന്ന് അവർ അറിഞ്ഞു. അവർ അത്തിയിലകൾ കൂട്ടിത്തുന്നി തങ്ങൾക്കായി അരക്കച്ചയു ണ്ടാക്കി. സായാഹ്നക്കാറ്റിൽ തോട്ടത്തിൽ ഉലാത്തുന്ന ദൈവമായ കർത്താവിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും അവന്റെ ഭാര്യയും ദൈവമായ കർത്താവിന്റെ സന്നിധിയിൽ നിന്ന് തോട്ടത്തിലെ മരങ്ങൾ ക്കിടയിൽ ഒളിച്ചു. ദൈവമായ കർത്താവ്, പുരുഷനെ വിളിച്ച് അവനോടു ചോദിച്ചു: നീ എവിടെയാണ്? അവൻ മറുപടി പറഞ്ഞു: തോട്ടത്തിൽ അവിടത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായി രുന്നതിനാൽ ഭയപ്പെട്ടുപോയി. അതു കൊണ്ടു ഞാൻ ഒളിച്ചതാണ്. അവിടന്നു ചോദിച്ചു: നീ നഗ്നനാണെന്ന്, ആരാണ് നിന്നോടു പറഞ്ഞത്? ഭക്ഷിക്കരുതെന്ന് ഞാൻ നിന്നോടു കല്പിച്ച വൃക്ഷത്തിൽനിന്ന്, നീ ഭക്ഷിച്ചുവോ? അവൻ പറഞ്ഞു: അങ്ങ് എനിക്കു കൂട്ടിനുതന്ന സ്ത്രീ; അവളാണ് വൃക്ഷത്തിൽ നിന്നുള്ള ഫലം എനിക്കു**

SYRO MALABAR COMMISSION FOR LITURGY

**നല്കിയത്; ഞാൻ അതു ഭക്ഷിക്കുകയും ചെയ്തു. ദൈവമായ കർത്താവ് സ്ത്രീയോടു ചോദിച്ചു: നീ എന്താണ് ഈ ചെയ്തത്? സ്ത്രീ പറഞ്ഞു: സർപ്പം എന്നെ വഞ്ചിച്ചു; ഞാൻ ഭക്ഷിക്കുകയും ചെയ്തു.** ✠

**രണ്ടാം വായന**

**ജ്ഞാനം 12:16-20**

**II. സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. ജ്ഞാനത്തിന്റെ പുസ്തകത്തിൽ നിന്നുള്ള വായന (ജ്ഞാനം 12:16-20)**

✠ **എന്തെന്നാൽ, നീതിയുടെ ഉറവിടമാണ് അങ്ങയുടെ ശക്തി. എല്ലാറ്റിന്റെയുംമേൽ അങ്ങേക്കുള്ള പരമാധികാരം എല്ലാറ്റിനോടും ദയ കാണിക്കാൻ അങ്ങേക്ക് ഇടയാക്കുന്നു. അങ്ങയുടെ അധികാരത്തിന്റെ പൂർണതയെ സംശയിക്കുന്നവരുടെമേൽ, അങ്ങയുടെ ശക്തി അങ്ങ് പ്രകടമാക്കുന്നു; അറിഞ്ഞിട്ടും ഗർവു ഭാവിക്കുന്നവരെ അങ്ങ് ശാസിക്കുകയും ചെയ്യുന്നു. ശക്തിയുടെ അധിപതിയായിരിക്കുന്ന അങ്ങ്, ദയയോടെ വിധിക്കുന്നു; അതിയായ ദയയോടെ, അങ്ങ് ഞങ്ങളെ നയിക്കുന്നു; എന്തെന്നാൽ, ഇഷ്ടമുള്ളപ്പോൾ പ്രവർത്തിക്കാൻ അങ്ങേക്ക് അധികാരമുണ്ടല്ലോ. നീതിമാൻ മനുഷ്യസ്നേഹിയായിരിക്കണമെന്ന് ഇത്തരം പ്രവൃത്തികൾകൊണ്ട് അങ്ങ് ജനത്തെ പഠിപ്പിച്ചു. പാപത്തെക്കുറിച്ച് അനുതാപം നല്കികൊണ്ട് അങ്ങയുടെ മക്കളെ അങ്ങ് പ്രത്യാശകൊണ്ടു നിറച്ചു. അങ്ങയുടെ ദാസരുടെ ശത്രുക്കൾ മരണാർഹരാണെങ്കിലും അവരെ, ഏറെ ശ്രദ്ധയോടും പരിഗണനയോടും കൂടെയാണ്, അങ്ങ് ശിക്ഷിച്ചത്. അങ്ങനെ ദുഷ്ടതയിൽ നിന്ന് വിട്ടകലാൻ, അങ്ങ് അവർക്ക് സമയവും സാഹചര്യവും നല്കി.** ✠

## B. ലേഖനം

**ഒന്നാം ഗണം**

**റോമാ 12:1–15** (പൊതുക്രമം പേജ് 14 കാണുക)

അല്ലെങ്കിൽ

**1 യോഹ 3:1–10**

**സഹോദരരേ, യോഹന്നാൻ ശ്ലീഹാ എഴുതിയ ഒന്നാം ലേഖനം (3:1–10)**

✠ **കണ്ടാലും, നാം ദൈവമക്കളെന്നു വിളിക്കപ്പെടാൻ എത്ര വലിയ സ്നേഹമാണു പിതാവു നമുക്കു നല്കിയിരിക്കുന്നത്! നാം അങ്ങനെയാണുതാനും. ഇതിനാൽ ലോകം നമ്മെ അറിയുന്നില്ല; കാരണം, അത് അവിടത്തെ അറിഞ്ഞിട്ടില്ല. പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാകുന്നു. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരുകാര്യം നാമറിയുന്നു: അവിടന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടത്തെപ്പോലെയാകും. കാരണം, അവിടന്ന് ആയിരിക്കുന്നപോലെ നാം അവിടത്തെ കാണും. അവനിൽ ഈ പ്രത്യാശയുള്ളവൻ, അവൻ പരിശുദ്ധനായിരിക്കുന്നപോലെ, സ്വയം ശുദ്ധീകരിക്കുന്നു. പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. പാപം നിയമലംഘനമാണ്. പാപങ്ങൾ നീക്കാൻ വേണ്ടിയാണ് അവൻ പ്രത്യക്ഷനായത് എന്നു നിങ്ങളറിയുന്നു. അവനിൽ പാപമില്ല. അവനിൽ വസിക്കുന്ന ഒരു വനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുവനും അവനെ കണ്ടിട്ടില്ല; അറിഞ്ഞിട്ടുമില്ല. കുഞ്ഞുമക്കളേ, നിങ്ങളെ ആരും വഴിതെറ്റിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുന്ന ആരും, അവൻ നീതിമാനായിരിക്കുന്നപോലെ, നീതിമാനാണ്. പാപം ചെയ്യുന്നവൻ പിശാചിൽനിന്നുള്ളവനാണ്. എന്തെന്നാൽ, പിശാച് ആദിമുതലേ പാപം ചെയ്യുന്നവനാണ്. പിശാചിന്റെ പ്രവൃത്തികൾ നശിപ്പിക്കുന്നതിനുവേണ്ടിയാണ് ദൈവപുത്രൻ പ്രത്യക്ഷനായത്. ദൈവത്തിൽനിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണം, അവിടത്തെ വിത്ത് അവനിൽ വസിക്കുന്നു. അവൻ ദൈവത്തിൽനിന്നു ജനിച്ചവനായതുകൊണ്ട് അവനു പാപം ചെയ്യാൻ സാധ്യമല്ല. ദൈവത്തിന്റെ മക്കളാരെന്നും പിശാചിന്റെ മക്കളാരെന്നും ഇതിനാൽ വ്യക്തമാണ്. നീതി പ്രവർത്തിക്കാത്ത ഒരുവനും ദൈവത്തിൽ നിന്നുള്ളവനല്ല; തന്റെ സഹോദരനെ സ്നേഹിക്കാത്തവനും അങ്ങനെതന്നെ.** ✠

അല്ലെങ്കിൽ

SYRO MALABAR COMMISSION FOR LITURGY

**റോമാ 1:16–25 (1:1–25)**

**സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം (1:16–25 (1:1–25))**

✠ **ഈശോമിശിഹായുടെ ദാസൻ, ശ്ലീഹായായി വിളിക്കപ്പെട്ട് ദൈവത്തിന്റെ സുവിശേഷത്തിനായി വേർതിരിക്കപ്പെട്ട പൗലോസ്: ഈ സുവിശേഷം വിശുദ്ധലിഖിതങ്ങളിൽ തന്റെ പ്രവാചകന്മാർ മുഖേന ദൈവം മുൻകൂട്ടി വാഗ്ദാനം ചെയ്തിട്ടുള്ളതും ജഡപ്രകാരം ദാവീദിന്റെ വംശത്തിൽ ജനിച്ച അവിടത്തെ പുത്രനും വിശുദ്ധിയുടെ ആത്മാവിനനുസൃതം മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി ശക്തിയിൽ ദൈവപുത്രനായി നിശ്ചയിക്കപ്പെട്ടവനും നമ്മുടെ കർത്താവുമായ ഈശോമിശിഹായെ സംബന്ധിച്ചുള്ളതുമാണ്. അവന്റെ നാമത്തെ പ്രതി, സകല ജനതകളിലും വിശ്വാസത്തിന്റെ അനുസരണമുളവാകാൻ അവനിലൂടെ ഞങ്ങൾ കൃപയും ശ്ലീഹാസ്ഥാനവും സ്വീകരിച്ചിരിക്കുന്നു. അവരിൽ നിങ്ങളും ഈശോമിശിഹായ്ക്കായി വിളിക്കപ്പെട്ടവരാണ്. വിശുദ്ധരാകാൻ വിളിക്കപ്പെട്ട, റോമായിലെ ദൈവത്തിന്റെ സ്നേഹഭാജനങ്ങളെല്ലാവർക്കും നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ ഈശോമിശിഹായിൽനിന്നും കൃപയും സമാധാനവും. നിങ്ങളുടെ വിശ്വാസം ലോകമെങ്ങും പ്രകീർത്തിക്കപ്പെടുന്നതിനാൽ, നിങ്ങൾക്കെല്ലാവർക്കുംവേണ്ടി ആദ്യമേ ഞാൻ ഈശോമിശിഹാവഴി എന്റെ ദൈവത്തിനു നന്ദിപറയുന്നു. ഞാൻ എന്റെ പ്രാർത്ഥനകളിൽ നിങ്ങളെ ഇടവിടാതെ സ്മരിക്കുന്നു. അവിടത്തെ പുത്രനെക്കുറിച്ചുള്ള സുവിശേഷപ്രഘോഷണംവഴി, ഞാൻ ആത്മനാ ശുശ്രൂഷിക്കുന്ന ദൈവമാണ് ഇതിന് എന്റെ സാക്ഷി. ദൈവേഷ്ടത്താൽ എങ്ങനെയെങ്കിലും നിങ്ങളുടെ അടുത്തു വന്നു ചേരാൻ ഇപ്പോഴെങ്കിലും സാധിച്ചെങ്കിൽ എന്നു ഞാൻ എപ്പോഴും പ്രാർത്ഥിക്കുന്നു. നിങ്ങളെ സ്ഥൈര്യപ്പെടുത്താൻ എന്തെങ്കിലും ആത്മീയവരം നിങ്ങൾക്കു നല്കേണ്ടതിന് നിങ്ങളെക്കാണാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത്, നിങ്ങളോരോരുത്തരുടെയും എന്റെയും വിശ്വാസം വഴി നാം പരസ്പരം പ്രോത്സാഹിപ്പിക്കപ്പെടാനാണ്. സഹോദരരേ, ഇത് നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു: മറ്റു ജനതകളുടെയിടയിലെന്നപോലെ, നിങ്ങളിലും എന്തെങ്കിലും ഫലമുളവാക്കാൻ, നിങ്ങളുടെ അടുക്കൽ വരുന്നതിന് പലപ്പോഴും ഞാൻ ഒരുങ്ങിയിരുന്നു. എന്നാൽ ഇതുവരെയും അതു തടസ്സപ്പെട്ടു. ഗ്രീക്കുകാരോടും അപരിഷ്കൃതരോടും വിജ്ഞാനികളോടും അജ്ഞാനികളോടും ഞാൻ കടപ്പെട്ടവനാണ്. അതുകൊണ്ടാണ്**

റോമായിലുള്ള നിങ്ങളോടും സുവിശേഷം പ്രസംഗിക്കാൻ എനിക്ക് ഔത്സുക്യം. സുവിശേഷത്തെപ്പറ്റി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ, വിശ്വസിക്കുന്ന ഏവർക്കും, ആദ്യം യഹൂദർക്കും പിന്നീടു ഗ്രീക്കുകാർക്കും, അതു രക്ഷയിലേക്കു നയിക്കുന്ന ദൈവശക്തിയാണ്. കാരണം, അതിൽ, വിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്കു നയിക്കുന്ന ദൈവത്തിന്റെനീതി വെളിപ്പെട്ടിരിക്കുന്നു. നീതിമാൻ വിശ്വാസംവഴി ജീവിക്കും എന്ന് എഴുതപ്പെട്ടിരിക്കുന്നല്ലോ.

എന്നാൽ, തങ്ങളുടെ അനീതിയാൽ സത്യത്തെ ഞെരുക്കുന്ന മനുഷ്യരുടെ സകല ദൈവനിഷേധത്തിനും നീതിരാഹിത്യത്തിനുമെതിരായി ദൈവത്തിന്റെ ക്രോധം ആകാശത്തുനിന്നു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്കു സ്പഷ്ടമാണ്. ദൈവം അവയെല്ലാം അവർക്കു വ്യക്തമാക്കിയിരിക്കുന്നു. കാരണം, ലോകസൃഷ്ടി മുതൽ ദൈവത്തിൽ അദൃശ്യമായവ, അവിടത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ ഗ്രാഹ്യമാംവിധം ദൃശ്യമാണ്. അതുകൊണ്ട്, അവർക്ക് ഒഴികഴിവില്ല. അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടത്തെ ദൈവമായി മഹത്ത്വപ്പെടുത്തുകയോ അവിടത്തേക്കു നന്ദി പ്രകാശിപ്പിക്കുകയോ ചെയ്തില്ല. മറിച്ച്, അവർ തങ്ങളുടെ യുക്തിവിചാരങ്ങളിൽ നിഷ്ഫലരായിത്തീരുകയും അവരുടെ വിവേകരഹിതമായ ഹൃദയം അന്ധകാരത്തിലാണ്ടുപോകുകയും ചെയ്തു. ജ്ഞാനികളെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ ഭോഷരായിത്തീർന്നു. അവർ അനശ്വരനായ ദൈവത്തിന്റെ മഹത്ത്വം നശ്വരനായ മനുഷ്യന്റെയോ പക്ഷികളുടെയോ നാല്ക്കാലികളുടെയോ ഇഴജന്തുക്കളുടെയോ രൂപസാദൃശ്യമുള്ള വിഗ്രഹങ്ങൾക്കു കൈമാറി. അതുകൊണ്ട്, ദൈവം അവരെ തങ്ങളുടെ ഹൃദയത്തിന്റെ ആസക്തികളോടെ, അവരുടെ ശരീരങ്ങൾ പരസ്പരം അപമാനിതമാക്കുന്നതിന്, അശുദ്ധിക്കു വിട്ടുകൊടുത്തു.എന്തെന്നാൽ, അവർ ദൈവത്തിന്റെ സത്യം വ്യാജവുമായി വച്ചുമാറി. അവർ സ്രഷ്ടാവിലുപരി സൃഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു. അവിടന്ന് എന്നേക്കും വാഴ്ത്തപ്പെട്ടവനാണ്, ആമേൻ. ✠

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

**രണ്ടാം ഗണം**

**റോമാ 12:1–8**

**സഹോദരരേ, പൗലോസ് ശ്ലീഹാ റോമായിലെ സഭയ്ക്ക് എഴുതിയ ലേഖനം (റോമാ 12:1–8)**

✠ **ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചു കൊണ്ട് ഞാൻ നിങ്ങളോട് അഭ്യർഥിക്കുന്നു: നിങ്ങളുടെ ശരീരങ്ങൾ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതാണ് നിങ്ങളുടെ ആത്മീയമായ ആരാധന. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും. എനിക്കു ലഭിച്ചിരിക്കുന്ന കൃപയാൽ നിങ്ങളിൽ എല്ലാവരോടും ഞാൻ പറയുന്നു: നിങ്ങളെക്കുറിച്ച് കരുതേണ്ടതിൽ, ഉപരിയായി സ്വയം കരുതരുത്; മറിച്ച്, ദൈവം ഓരോരുത്തർക്കും നല്കിയിരിക്കുന്ന വിശ്വാസത്തിന്റെ അളവനുസരിച്ച് വിവേകപൂർവം ചിന്തിക്കുവിൻ.**

**നമുക്ക് ഒരു ശരീരത്തിൽ അനേകം അവയവങ്ങളുണ്ട്. എന്നാൽ, എല്ലാ അവയവങ്ങൾക്കും ഒരേ ധർമമല്ല. അതുപോലെ, നാം പലരാണെങ്കിലും മിശിഹായിൽ ഏകശരീരമാണ്; ഓരോരുത്തരും പരസ്പരം ബന്ധമുള്ള അവയവങ്ങളും. നമുക്കു ലഭിച്ചിരിക്കുന്ന കൃപയ്ക്കനുസൃതം വ്യത്യസ്ത ദാനങ്ങളുണ്ട്: പ്രവചനമെങ്കിൽ വിശ്വാസത്തിന്റെ അളവനുസരിച്ചും ശുശ്രൂഷയെങ്കിൽ ശുശ്രൂഷയിലും പ്രബോധകൻ പ്രബോധനത്തിലും ഉപദേശകൻ ഉപദേശത്തിലും ഉപയോഗിക്കട്ടെ. ദാനം ചെയ്യുന്നവൻ ഔദാര്യത്തോടെയും നേതൃത്വം കൊടുക്കുന്നവൻ തീക്ഷ്ണതയോടെയും കരുണ കാണിക്കുന്നവൻ പ്രസന്നതയോടെയും പ്രവർത്തിക്കട്ടെ.** ✠

SYRO MALABAR COMMISSION FOR LITURGY

## C. സുവിശേഷം

**ഒന്നാം ഗണം**

**മത്താ 5:1–12 (പൊതുക്രമം പേജ് 17 കാണുക)**

അല്ലെങ്കിൽ

**മത്താ 5:17–37**

**വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം (മത്താ 5:17–37)**

✠ നിയമത്തെയോ പ്രവാചകരെയോ ഇല്ലാതാക്കാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. ഇല്ലാതാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നത്. ആകാശവും ഭൂമിയും കടന്നുപോകുന്നതു വരെ, സമസ്തവും സംഭവിക്കുവോളം നിയമത്തിൽ നിന്നു വള്ളിയോ പുള്ളിയോ മാറുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഈ പ്രമാണങ്ങളിൽ ഏറ്റവും നിസ്സാരമായ ഒന്ന് ലംഘിക്കുകയും അപ്രകാരം മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ചെറിയവനെന്നു വിളിക്കപ്പെടും. എന്നാൽ, അത് അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവനെന്നു വിളിക്കപ്പെടും. കാരണം, നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ കവിഞ്ഞുനില്ക്കുന്നില്ലെങ്കിൽ, നിങ്ങൾ ഒരിക്കലും സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു. കൊല്ലരുത്; കൊല്ലുന്നവൻ ന്യായവിധിക്കു വിധേയനാകും എന്നു പൂർവികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്കു വിധേയനാകും; സഹോദരനെ ഭോഷാ എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിനും വിഡ്ഢീ എന്നു വിളിക്കുന്നവൻ നരകാഗ്നിക്കും വിധേയനാകും. അതിനാൽ, നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു ബലിപീഠത്തിനുമുമ്പിൽ വച്ചശേഷം, പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക. നീ പ്രതിയോഗിയോട് വഴിക്കുവച്ചുതന്നെ വേഗം സൗഹൃദത്തിലാകുക. അല്ലെങ്കിൽ, പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ സേവകനും ഏല്പിച്ചുകൊടുക്കും. അങ്ങനെ നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. അവസാനത്തെ ചില്ലിക്കാശും കൊടുത്തുവീട്ടുവോളം നീ അവിടെനിന്നു പുറത്തുവരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു.

SYRO MALABAR COMMISSION FOR LITURGY

**വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു. വലത്തു കണ്ണ് നിനക്കു പാപഹേതുവാകുന്നെങ്കിൽ അതു ചൂഴന്നെടുത്ത് എറിഞ്ഞു കളയുക. കാരണം, ശരീരം മുഴുവൻ നരകത്തിലേക്ക് എറിയപ്പെടുന്നതിനെക്കാൾ നല്ലത്, അവയവങ്ങളിലൊന്നു നഷ്ടപ്പെടുകയാണ്. വലത്തുകരം നിനക്കു പാപഹേതുവാകുന്നെങ്കിൽ അതു വെട്ടി ദൂരെ എറിയുക. കാരണം, ശരീരം മുഴുവൻ നരകത്തിൽ പതിക്കുന്നതിനെക്കാൾ നല്ലത്, അവയവങ്ങളിലൊന്നു നഷ്ടപ്പെടുകയാണ്.**

**ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾക്ക് ഉപേക്ഷാപത്രം കൊടുക്കണം എന്നു കല്പിച്ചിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: പരസംഗം മൂലമല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു; ഉപേക്ഷിക്കപ്പെട്ടവളെ പരിഗ്രഹിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.**

**വ്യാജമായി ആണയിടരുത്; കർത്താവിനോടു ചെയ്ത ശപഥം നിറവേറ്റണം എന്നു പൂർവികരോടു കല്പിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്. സ്വർഗത്തെക്കൊണ്ട് ആണയിടരുത്; കാരണം, അത് ദൈവത്തിന്റെ സിംഹാസനമാണ്. ഭൂമിയെക്കൊണ്ടും ആണയിടരുത്. കാരണം, അത് അവിടത്തെ പാദപീഠമാണ്. ജറുസലെമിനെക്കൊണ്ടും അരുത്; കാരണം, അത് മഹാരാജാവിന്റെ നഗരമാണ്. നിന്റെ ശിരസ്സിനെക്കൊണ്ടും ആണയിടരുത്; കാരണം, അതിലെ ഒരു മുടിയിഴ വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു സാധിക്കുകയില്ല. എന്നാൽ, നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളതു തിന്മയിൽനിന്നു വരുന്നു.** ✠

അല്ലെങ്കിൽ

**മത്താ 21:28–32** **(പേജ് 316 കാണുക)**

**രണ്ടാം ഗണം**

**മത്താ 21:28-32**

**വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം (മത്താ 21:28-32)**

✠ **നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യന് രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവൻ ഒന്നാമന്റെ അടുത്തു ചെന്നു പറഞ്ഞു: മകനേ, പോയി ഇന്ന് മുന്തിരിത്തോട്ടത്തിൽ ജോലിചെയ്യുക. അവൻ മറുപടി പറഞ്ഞു: എനിക്കു മനസ്സില്ല. എന്നാൽ പിന്നീട് മനസ്സുമാറ്റി അവൻ പോയി. അവൻ രണ്ടാമന്റെ അടുത്തുചെന്ന് ഇതുപോലെതന്നെ പറഞ്ഞു. അവൻ പറഞ്ഞു: ഞാൻ പോകാം, പിതാവേ. പക്ഷേ, അവൻ പോയില്ല. ഈ രണ്ടുപേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം നിറവേറ്റിയത്? അവർ പറഞ്ഞു: ഒന്നാമൻ. ഈശോ പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത്. എന്തെന്നാൽ, യോഹന്നാൻ നീതിമാർഗത്തിലൂടെ നിങ്ങളെ സമീപിച്ചു; നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യകളും അവനെ വിശ്വസിച്ചു. നിങ്ങൾ അതുകണ്ടിട്ടും, അവനെ വിശ്വസിക്കത്തക്കവിധം പിന്നീടും മനസ്സുമാറ്റിയില്ല.** ✠

SYRO MALABAR COMMISSION FOR LITURGY
SYRO MALABAR COMMISSION FOR LITURGY

# ഓശാന ഞായർ

## A. പഴയനിയമ വായനകൾ

**ഒന്നാം ഗണം**

**ഒന്നാം വായന**

**ഉത്പ 49:8-12; 22-26** (പൊതുക്രമം പേജ് 54 കാണുക)

**രണ്ടാം വായന**

**സഖ 9:9-12** (പൊതുക്രമം പേജ് 56 കാണുക)

**രണ്ടാം ഗണം**

**ഒന്നാം വായന**

**പുറ 15:1-3, 11-15, 20-21**

**I. സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. പുറപ്പാടിന്റെ പുസ്തകത്തിൽ നിന്നുള്ള വായന (പുറ 15:1-3, 11-15, 20-21)**

✠ ആ സമയം, മോശയും ഇസ്രായേല്യരും ഇപ്രകാരം പറഞ്ഞുകൊണ്ട് കർത്താവിനായി ഈ ഗാനം ആലപിച്ചു: കർത്താവിനായി ഞാൻ പാടും, എന്തെന്നാൽ, അവിടന്നു മഹോന്നതനായിരിക്കുന്നു. കുതിരയെയും കുതിരക്കാരനെയും അവിടന്നു കടലിൽ എറിഞ്ഞു. എന്റെ ശക്തിയും ഗാനവും കർത്തൻ ആകുന്നു, അവിടന്ന് എനിക്കു രക്ഷയായി ഭവിച്ചിരിക്കുന്നു; ഇതാണ് എന്റെ ദൈവം, ഞാൻ അവിടത്തെ സ്തുതിക്കും; എന്റെ പിതാവിന്റെ ദൈവം, ഞാൻ അവിടത്തെ പുകഴ്ത്തും. കർത്താവ് യോദ്ധാവാകുന്നു; കർത്താവ് എന്നാകുന്നു, അവിടത്തെ നാമം. കർത്താവേ, ദേവന്മാരിൽ അങ്ങേക്കു തുല്യനായി ആരുണ്ട്? വിശുദ്ധിയിൽ പ്രശോഭിതനും സ്തുതികളിൽ ഭീതിദനും വിസ്മയം, പ്രവർത്തിക്കുന്നവനുമായ അങ്ങേക്കു തുല്യനായി ആരുണ്ട്? അങ്ങു വലത്തുകൈ നീട്ടി; ഭൂമി അവരെ വിഴുങ്ങി. അങ്ങു വീണ്ടെടുത്ത ഈ ജനത്തെ, കാരുണ്യത്തോടെ അങ്ങു നയിച്ചു. അങ്ങേ വിശുദ്ധിയുടെ വസതിയിലേക്ക് അങ്ങേ ശക്തിയാൽ അങ്ങ് ആനയിച്ചു. ജനങ്ങൾ അതു കേട്ട് വിറകൊണ്ടു; ഫിലിസ്ത്യ നിവാസികളെ ആകുലത ഗ്രസിച്ചു. ഏദോം പ്രഭുക്കന്മാർ തീർത്തും പരിഭ്രാന്തരായി. മൊവാബിന്റെ ശക്തന്മാരെ വിറയൽ ഗ്രസിച്ചു. കാനാൻ നിവാസികളാകെ ഉരുകിപ്പോയി. അപ്പോൾ, അഹറോന്റെ സഹോദരിയായ മിരിയാം പ്രവാചിക തന്റെ കൈയിൽ തപ്പെടുത്തു. അവളുടെ പിന്നാലേ, തപ്പുകളോടെയും നൃത്തങ്ങളോടെയും സ്ത്രീകളെല്ലാവരും

SYRO MALABAR COMMISSION FOR LITURGY

**പുറപ്പെട്ടു. മിരിയാം അവർക്കു പാടിക്കൊടുത്തു: കർത്താവിനായി നിങ്ങൾ പാടുവിൻ; എന്തെന്നാൽ, അവിടന്നു മഹോന്നതനായിരിക്കുന്നു. കുതിരയെയും കുതിരക്കാരനെയും അവിടന്നു കടലിൽ എറിഞ്ഞു. ✠**

രണ്ടാം വായന

**ഏശ 62:10-12 + 63:1-4**

**II. സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള വായന (ഏശ 62:10-12 + 63:1-4)**

**✠ കവാടത്തിലൂടെ കടന്നു പോകുവിൻ; ജനത്തിനു വഴിയൊരുക്കുവിൻ. പണിയുവിൻ, കല്ലുകൾ നീക്കി രാജപാത പണിയുവിൻ. ജനങ്ങൾക്കായി ഒരടയാളം ഉയർത്തുവിൻ. ഇതാ, ഭൂമിയുടെ അതിർത്തിവരെ കർത്താവ് പ്രഘോഷിച്ചിരിക്കുന്നു; സീയോൻ പുത്രിയോടു പറയുവിൻ: ഇതാ, നിന്റെ രക്ഷ സമാഗതമാകുന്നു. ഇതാ, അവിടത്തെ പ്രതിഫലം അവിടത്തോടുകൂടെ; സമ്മാനം അവിടത്തെ മുമ്പിലും. കർത്താവിന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധജനമെന്ന് അവർ അവരെ വിളിക്കും. നീയാകട്ടെ, 'അന്വേഷിക്കപ്പെടുന്നവൾ,' 'അപരിത്യക്ത നഗരം,' എന്നു വിളിക്കപ്പെടും. ബൊസ്രായിൽനിന്ന്, ഏദോമിൽനിന്ന്, രക്താംബരമണിഞ്ഞു വരുന്ന ഇവൻ ആര്? തന്റെ വേഷവിധാനത്തിൽ മഹനീയനായി, തന്റെ ശക്തിപ്രാഭവത്തിൽ, അടിവച്ചടുക്കുന്നത് ആര്? നീതിയോടെ പ്രഖ്യാപിക്കുന്നവനും രക്ഷിക്കാൻ ശക്തനുമായ ഞാൻതന്നെ. നിന്റെ വസ്ത്രം ചെമന്നിരിക്കുന്നതും നിന്റെ അങ്കികൾ, മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതുപോലെ ആയിരിക്കുന്നതും എന്തുകൊണ്ട്? മുന്തിരിച്ചക്ക് ഞാൻ ഒറ്റയ്ക്കു ചവിട്ടി; ജനതകളിൽ ആരും എന്നോടൊപ്പം ഉണ്ടായിരുന്നതുമില്ല; എന്റെ കോപത്തിൽ ഞാനവരെ ചവിട്ടി; ക്രോധത്തിൽ ഞാനവരെ മെതിച്ചു; അവരുടെ രക്തം എന്റെ വസ്ത്രങ്ങളിൽ തെറിച്ചു. എന്റെ വസ്ത്രങ്ങളെല്ലാം ഞാൻ മലിനമാക്കി. കാരണം, പ്രതികാരത്തിന്റെ ദിനം എന്റെ മനസ്സിലുണ്ടായിരുന്നു. വീണ്ടെടുപ്പിന്റെ വത്സരം ആസന്നമായി. ✠**

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

## B. ലേഖനം

**ഒന്നാം ഗണം**

**റോമാ 11:13–24 (പൊതുക്രമം പേജ് 58 കാണുക)**

**രണ്ടാം ഗണം**

**ഗലാ 4:12–20**

**സഹോദരരേ, പൗലോസ് ശ്ലീഹാ ഗലാത്തിയായിലെ സഭയ്ക്ക് എഴുതിയ ലേഖനം (ഗലാ 4:12–20)**

✠ **സഹോദരരേ, ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു, നിങ്ങൾ എന്നെപ്പോലെ ആകുവിൻ. ഞാൻ തന്നെയും നിങ്ങളെപ്പോലെയാണല്ലോ. നിങ്ങൾ എന്നോട് ഒരു തെറ്റും പ്രവർത്തിച്ചിട്ടില്ല. ഞാൻ ആദ്യമേ നിങ്ങളോടു സുവിശേഷം പ്രസംഗിച്ചത് എനിക്ക് ശാരീരിക അസ്വാസ്ഥ്യമുള്ള അവസരത്തിലാണെന്നു നിങ്ങൾക്കറിയാമല്ലോ. എന്റെ ശരീരസ്ഥിതി നിങ്ങൾക്കൊരു പരീക്ഷയായിരുന്നിട്ടും നിങ്ങൾ എന്നെ നിന്ദിക്കുകയോ വെറുക്കുകയോ ചെയ്തില്ല. മറിച്ച്, എന്നെ ഒരു ദൈവദൂതനെപ്പോലെ, ഈശോമിശിഹായെപ്പോലെതന്നെ, നിങ്ങൾ സ്വീകരിച്ചു. നിങ്ങളുടെ സന്തോഷം ഇപ്പോൾ എവിടെ? സാധിക്കുമായിരുന്നെങ്കിൽ നിങ്ങൾ കണ്ണുകൾപോലും ചൂഴന്നെടുത്തു തരുമായിരുന്നെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. അങ്ങനെയിരിക്കേ, നിങ്ങളോടു സത്യം പറഞ്ഞതുകൊണ്ട് ഞാൻ നിങ്ങളുടെ ശത്രുവായെന്നോ? അവർ നിങ്ങളിൽ ശുഷ്കാന്തി കാണിക്കുന്നത് സദുദ്ദേശ്യത്തോടെയല്ല; മറിച്ച്, അവരിൽ നിങ്ങൾ ശുഷ്കാന്തി കാണിക്കേണ്ടതിന്, നിങ്ങളെ അടർത്തിയെടുക്കാൻ അവർ ആഗ്രഹിക്കുന്നതിനാലാണ്. നല്ല കാര്യത്തിൽ ശുഷ്കാന്തി കാണിക്കുക എന്നത്, ഞാൻ നിങ്ങളോടൊത്തു ഉണ്ടായിരിക്കുമ്പോൾ മാത്രമല്ല, എല്ലായ്പോഴും നല്ലതു തന്നെ. എന്റെ മക്കളേ, മിശിഹാ നിങ്ങളിൽ രൂപപ്പെടുന്നതുവരെ, വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു. ഇപ്പോൾ നിങ്ങളുടെയിടയിൽ സന്നിഹിതനായിരിക്കാനും എന്റെ സംസാരരീതിതന്നെ മാറ്റാനും സാധിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ, നിങ്ങളെക്കുറിച്ച് ഞാൻ പര്യാകുലനാണ്.** ✠

## C. സുവിശേഷം

**ഒന്നാം ഗണം**

**മത്താ 21:1-17 (പൊതുക്രമം പേജ് 61 കാണുക)**

**രണ്ടാം ഗണം**

**ലൂക്കാ 19:28-40**

**വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം (ലൂക്കാ 19:28-40)**

✠ **ഈശോ ഇതു പറഞ്ഞശേഷം ജറുസലേമിലേക്കു കയറി, മുമ്പേ പൊയ്ക്കൊണ്ടിരുന്നു. ഒലിവുമലയ്ക്ക് അരികേയുള്ള ബേത്ഫഗെയ്ക്കും ബഥാനിയായ്ക്കും അടുത്തെത്തിയപ്പോൾ, ഈശോ രണ്ടു ശിഷ്യന്മാരെ ഇപ്രകാരം നിർദേശിച്ചയച്ചു: എതിരേയുള്ള ഗ്രാമത്തിലേക്കു പോകുവിൻ. അതിൽ പ്രവേശിക്കുമ്പോൾ ഒരിക്കലും മനുഷ്യരാരും ഇരുന്നിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും. അതിനെ അഴിച്ചുകൊണ്ടു വരുക. നിങ്ങൾ അതിനെ അഴിക്കുന്നതെന്തിനെന്ന് ആരെങ്കിലും ചോദിച്ചാൽ, ഇങ്ങനെ പറയണം: കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്. അയയ്ക്കപ്പെട്ടവർ പോയി ഈശോ അവരോടു പറഞ്ഞപോലെ കണ്ടു. അവർ കഴുതക്കുട്ടിയെ അഴിക്കുമ്പോൾ അതിന്റെ ഉടമസ്ഥർ അവരോട്, നിങ്ങൾ എന്തിനാണ് കഴുതക്കുട്ടിയെ അഴിക്കുന്നത് എന്നുചോദിച്ചു. കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട് എന്ന് അവർ പറഞ്ഞു. അവർ അതിനെ ഈശോയുടെ അടുക്കൽ കൊണ്ടുവന്നു. തങ്ങളുടെ വസ്ത്രങ്ങൾ കഴുതക്കുട്ടിയുടെ പുറത്തു വിരിച്ച് അവർ ഈശോയെ കയറ്റിയിരുത്തി. അവൻ കടന്നു പോകുമ്പോൾ അവർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു. ഈശോ ഒലിവുമലയുടെ ഇറക്കത്തിൽ എത്തിയപ്പോൾ ശിഷ്യസമൂഹം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട എല്ലാ അദ്ഭുതങ്ങളെയുംപറ്റി വലിയ സ്വരത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ. സ്വർഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ മഹത്ത്വം. ജനക്കൂട്ടത്തിലുണ്ടായിരുന്ന ചില ഫരിസേയർ അവനോടു പറഞ്ഞു: ഗുരോ, നിന്റെ ശിഷ്യരെ ശാസിക്കുക. ഈശോ പ്രതിവചിച്ചു: ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു.** ✠

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# പെസഹാ വ്യാഴം

## A. പഴയനിയമ വായനകൾ

**ഒന്നാം ഗണം**

**ഒന്നാം വായന**

**പുറ 12:1-20** (പൊതുക്രമം പേജ് 90 കാണുക)

**രണ്ടാം വായന**

**മലാ 1:10-14** (പൊതുക്രമം പേജ് 92 കാണുക)

**രണ്ടാം ഗണം**

**ഒന്നാം വായന**

**പുറ 12:1-14, 21-28**

**I. സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. പുറപ്പാടിന്റെ പുസ്തകത്തിൽ നിന്നുള്ള വായന (പുറ 12:1-14, 21-28)**

✠ കർത്താവ് ഈജിപ്തു ദേശത്തുവച്ച്, മോശെയോടും അഹറോനോടും ഇപ്രകാരം അരുൾചെയ്തു: ഈ മാസം, നിങ്ങൾക്ക് മാസങ്ങളുടെ തുടക്കമായിരിക്കണം. അതു നിങ്ങൾക്ക്, വർഷത്തിലെ മാസങ്ങളുടെ ആദ്യത്തേതായിരിക്കും. ഇസ്രായേൽ സമൂഹത്തോടു മുഴുവൻ നിങ്ങൾ ഇപ്രകാരം പറയുവിൻ: ഈ മാസത്തിന്റെ പത്താം ദിവസം അവർ ഒരോ പിതൃകുടുംബത്തിനും ഒരാട്ടിൻ കുട്ടിയെ, ഭവനത്തിന് ഒരാട്ടിൻകുട്ടി വീതം, തങ്ങൾക്കായി എടുക്കണം. ഒരാട്ടിൻകുട്ടിയെ തീർക്കാവുന്നതിനെക്കാൾ ചെറുതാണ് ഒരുവന്റെ കുടുംബമെങ്കിൽ, അവൻ തന്റെ ഭവനത്തിലേക്ക് അടുത്തുള്ള താമസക്കാരനെക്കൂടി അംഗസംഖ്യയനുസരിച്ച് സ്വീകരിക്കണം. നിങ്ങൾ ആട്ടിൻ കുട്ടിയെ സംബന്ധിച്ചു കണക്കുകൂട്ടേണ്ടത്, അതിനെ ഭക്ഷിക്കാനുള്ള ഓരോരുത്തന്റെയും പ്രാപ്തി അനുസരിച്ചായിരിക്കണം. തികവുറ്റതും ഒരു വയസ്സുള്ളതുമായ ഒരു മുട്ടാടിൻകുട്ടി നിങ്ങൾക്കുണ്ടായിരിക്കണം; നിങ്ങൾ എടുക്കേണ്ടത് ചെമ്മരിയാടുകളിൽ നിന്നോ, കോലാടുകളിൽ നിന്നോ ആണ്. ഈ മാസത്തിന്റെ പതിനാലാം ദിവസംവരെ, അതിനെ നിങ്ങൾ സൂക്ഷിക്കണം. ഇസ്രായേൽ സമൂഹത്തിന്റെ ഓരോ സമ്മേളനവും സായംസന്ധ്യയിൽ അതിനെ അറക്കണം. അവർ അതു ഭക്ഷിക്കാൻ പോകുന്ന വീടുകളുടെമേൽ, അതായത്, കട്ടിളക്കാലുകൾ രണ്ടിലും മേല്പടിയിലും, അതിന്റെ രക്തത്തിൽ

നിന്നെടുത്ത് പുരട്ടണം. മാംസം അവർ ആ രാത്രിയിൽത്തന്നെ ഭക്ഷിക്കണം. അതു തീയിൽച്ചുട്ടും പുളിപ്പില്ലാത്ത അപ്പം കയ്പിലകൾ കൂട്ടിയും അവർ ഭക്ഷിക്കണം. ചുട്ടമാംസമല്ലാതെ, അതിന്റെ തലയോ അതിന്റെ കാലുകളിലും ഉള്ളിലും ഉള്ളവയോ, പാതിവേവിച്ചും വെള്ളത്തിൽ പുഴുങ്ങിവേവിച്ചും നിങ്ങൾ ഭക്ഷിക്കരുത്. അതിൽ നിന്ന്, പ്രഭാതത്തിലേക്ക് നിങ്ങൾ അവശേഷിപ്പിക്കരുത്. അതിൽ നിന്ന്, പ്രഭാതംവരെ അവശേഷിക്കുന്നത്, നിങ്ങൾ തീയിൽ ദഹിപ്പിക്കണം.

ഇപ്രകാരമാണ് നിങ്ങൾ അതു ഭക്ഷിക്കേണ്ടത്: നിങ്ങളുടെ അരകൾ മുറുക്കിയിരിക്കണം; നിങ്ങളുടെ പാദരക്ഷകൾ കാലുകളിലുണ്ടായിരിക്കണം; നിങ്ങളുടെ വടികൾ കൈയിൽ വേണം. നിങ്ങൾ അത് തിടുക്കത്തിൽ ഭക്ഷിക്കണം. അതു കർത്താവിന്റെ പെസഹായാണ്. ആ രാത്രി, ഞാൻ ഈജിപ്തു നാട്ടിലൂടെ കടന്നുപോകും. ഈജിപ്തു നാട്ടിലെ ആദ്യജാതരായ, മനുഷ്യൻമുതൽ മൃഗംവരെയുള്ള, എല്ലാറ്റിനെയും ഞാൻ പ്രഹരിക്കും. ഈജിപ്തു ദേവന്മാർക്കെതിരേ ഞാൻ ശിക്ഷാവിധികൾ നടപ്പാക്കും.ഞാനാണ് കർത്താവ്. നിങ്ങളുടെ വീടുകളിന്മേലുള്ള രക്തം, നിങ്ങൾക്ക് അനുകൂലമായ അടയാളമായിരിക്കും; രക്തം കാണുമ്പോൾ, ഞാൻ നിങ്ങളെ കടന്നുപോകും. ഞാൻ ഈജിപ്തു നാടിനെ പ്രഹരിക്കുമ്പോൾ, അത് നിങ്ങളിൽ വിനാശമുണ്ടാക്കുന്ന ഒരു ബാധ ആയിരിക്കുകയില്ല. ഈ ദിവസം നിങ്ങൾക്ക് ഓർമയ്ക്കുള്ളതായിരിക്കും. ഇതു നിങ്ങൾ കർത്താവിനുള്ള തിരുനാളായി കൊണ്ടാടണം. നിങ്ങളുടെ തലമുറകൾക്കുള്ള ശാശ്വത ചട്ടമായി, അത് നിങ്ങൾ ആചരിക്കണം.

മോശെ ഇസ്രായേൽ ശ്രേഷ്ഠന്മാരെല്ലാവരെയും വിളിച്ച് അവരോടു പറഞ്ഞു: നിങ്ങളുടെ കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾക്കായി ആടുകളെ തിരഞ്ഞുപിടിച്ച് എടുക്കുവിൻ. പെസഹാക്കുഞ്ഞാടിനെ അറക്കുവിൻ. ഒരു ഹിസ്സോപ്പു കറ്റയെടുത്ത്, താലത്തിലുള്ള രക്തത്തിൽ മുക്കുവിൻ; മേല്പടിയിലും കട്ടിളക്കാലുകൾ രണ്ടിലും, താലത്തിലുള്ള രക്തത്തിൽനിന്ന് തളിക്കുവിൻ. പ്രഭാതംവരെ നിങ്ങൾ, ഒരാളും തന്റെ വീട്ടുവാതില്ക്കൽ നിന്ന്, പുറത്തിറങ്ങരുത്. ഈജിപ്തിനെ ശിക്ഷിക്കാൻ കർത്താവു കടന്നുപോകും. മേല്പടിയിലും കട്ടിളക്കാലുകൾ രണ്ടിലും, രക്തം കാണുമ്പോൾ, കർത്താവു വാതിൽ മറികടന്നു പോകും; ശിക്ഷിക്കാൻ നിങ്ങളുടെ വീടുകളിലേക്കു കടക്കുന്നതിന്, അവിടന്ന് സംഹാരകനെ അനുവദിക്കുകയില്ല. ഇക്കാര്യം, നിനക്കും നിന്റെ മക്കൾക്കുമുള്ള ഒരു ചട്ടമായി, എന്നേക്കും

നിങ്ങൾ പാലിക്കണം. കർത്താവ് വാഗ്ദാനം ചെയ്തിട്ടുള്ളതു പോലെ, അവിടന്നു നിങ്ങൾക്കു തരാനിരിക്കുന്ന സ്ഥലത്ത് നിങ്ങൾ ചെന്നെത്താനിടയാകുമ്പോൾ, ഈ ശുശ്രൂഷ നിങ്ങൾ അനുഷ്ഠിക്കണം. നിങ്ങളെ സംബന്ധിച്ച്, ഈ ശുശ്രൂഷ എന്താണെന്ന് നിങ്ങളുടെ മക്കൾ നിങ്ങളോടു ചോദിക്കാൻ ഇടയാകുമ്പോൾ, നിങ്ങൾ പറയണം: ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേല്യരുടെ ഭവനങ്ങൾ, മറികടന്നു പോകുകയും ഈജിപ്തിനെ പ്രഹരിച്ചപ്പോൾ, നമ്മുടെ ഭവനങ്ങളെ വിമോചിപ്പിക്കുകയും ചെയ്ത, കർത്താവിനുള്ള പെസഹാബലിയാണ് ഇത്. അപ്പോൾ ജനം കുമ്പിട്ടു; അവർ ആരാധിച്ചു. ഇസ്രായേല്യർ പോയി കർത്താവ് മോശെയോടും അഹറോനോടും കല്പിച്ച പ്രകാരം പ്രവർത്തിച്ചു; അങ്ങനെതന്നെ അവർ ചെയ്തു. ✠

**രണ്ടാം വായന**

**എസെ 45:18–25**

**II. സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. എസെക്കിയേലിന്റെ പുസ്തകത്തിൽ നിന്നുള്ള വായന (എസെ 45:18–25)**

✠ നാഥനായ കർത്താവ് ഇങ്ങനെ അരുൾചെയ്യുന്നു: ഒന്നാം മാസം ഒന്നാം ദിവസം ഊനമറ്റ ഒരു കാളക്കുട്ടിയെ കൊണ്ടുവന്ന് നീ വിശുദ്ധസ്ഥലം ശുദ്ധീകരിക്കണം. പുരോഹിതൻ പാപമുക്തിയാഗത്തിന്റെ രക്തത്തിൽ നിന്നു കുറച്ചെടുത്ത് ആലയത്തിന്റെ വാതിൽപ്പടികളിലും ബലിപീഠത്തിന്റെ ഓരത്തെ നാലു കോണുകളിലും അകത്തെ അങ്കണത്തിന്റെ വാതിൽപ്പടികളിലും പുരട്ടണം. അശ്രദ്ധയോ അജ്ഞതയോ മൂലം പാപംചെയ്തവനുവേണ്ടി മാസത്തിന്റെ ഏഴാം ദിവസം ഇതുതന്നെ ചെയ്യണം; അങ്ങനെ ആലയത്തിനുവേണ്ടി പരിഹാരം ചെയ്യണം. ഒന്നാംമാസം, പതിന്നാലാം ദിവസം നിങ്ങൾക്കു പെസഹാത്തിരുനാൾ ആയിരിക്കും. ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പമേ ഭക്ഷിക്കാവൂ. അന്ന് രാജാവ് തനിക്കും ദേശത്തെ എല്ലാ ജനത്തിനും വേണ്ടി, പാപമുക്തിയാഗത്തിനായി ഒരു കാളക്കുട്ടിയെ അർപ്പിക്കണം. തിരുനാളിന്റെ ഏഴു ദിവസങ്ങളിലും, കർത്താവിനു ഹോമയാഗമായി, ഊനമറ്റ ഏഴു കാളക്കുട്ടികളെയും ഏഴു മുട്ടാടുകളെയും അവൻ പ്രതിദിനം അർപ്പിക്കണം; ദിവസേന, പാപമുക്തിയാഗമായി ഒരോ കോലാട്ടിൻ കുട്ടിയെയും. ഓരോ കാളയ്ക്കും ഓരോ മുട്ടാടിനുമൊപ്പം ഓരോ ഏഫാ ധാന്യവും ഓരോ ഏഫായ്ക്കും

ഓരോ ഹിൻ എണ്ണയും അർപ്പിക്കണം. ഏഴാം മാസം പതിനഞ്ചാം ദിവസവും തിരുനാളിന്റെ ഏഴു ദിവസങ്ങളിലേതുപോലെ പാപ മുക്തിയാഗവും ഹോമയാഗവും ധാന്യയാഗവും എണ്ണയും അവൻ അർപ്പിക്കണം. ✠

## B. ലേഖനം

**ഒന്നാം ഗണം**

1 കോറി 11: 23-29 (പൊതുക്രമം പേജ് 95 കാണുക)

**രണ്ടാം ഗണം**

1 കോറി 5:6-8; 11:23-30

**സഹോദരരേ, പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ഒന്നാം ലേഖനം (1 കോറി 5:6-8; 11:23-30)**

✠ നിങ്ങളുടെ ആത്മപ്രശംസ ഒട്ടും നല്ലതല്ല. അല്പം പുളിമാവ്, മാവു മുഴുവനും പുളിപ്പിക്കും എന്ന് നിങ്ങൾക്കറിയില്ലേ? നിങ്ങൾ പുതിയ മാവാകേണ്ടതിന് പഴയ പുളിമാവ് നീക്കിക്കളയുക. നിങ്ങൾ യഥാർഥത്തിൽ പുളിപ്പില്ലാത്തവരാണ്. കാരണം, നമ്മുടെ പെസഹാക്കുഞ്ഞാടായ മിശിഹാ, ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, പഴയ പുളിമാവു കൊണ്ടോ, അശുദ്ധിയുടെയും തിന്മയുടെയുമായ പുളിമാവു കൊണ്ടോ അല്ല, ആത്മാർഥതയുടെയും സത്യത്തിന്റെയും പുളിപ്പില്ലാത്ത മാവുകൊണ്ട്, നമുക്ക് ഈ തിരുനാൾ ആഘോഷിക്കാം. കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്: കർത്താവായ ഈശോ താൻ ഏല്പിച്ചുകൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞത അർപ്പിച്ച ശേഷം, മുറിച്ചുകൊണ്ട്, അരുൾചെയ്തു: ഇത് നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരമാകുന്നു, എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ, അത്താഴത്തിനുശേഷം, പാനപാത്രമെടുത്ത്, അരുൾചെയ്തു: ഈ പാനപാത്രം, എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. നിങ്ങൾ, ഇതു പാനം ചെയ്യുമ്പോഴെല്ലാം, എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ. അതുകൊണ്ട്, ഈ അപ്പം നിങ്ങൾ ഭക്ഷിക്കുകയും ഈ പാനപാത്രം, നിങ്ങൾ കുടിക്കുകയും ചെയ്യുമ്പോഴെല്ലാം, അവൻ വരുന്നതുവരെ, കർത്താവിന്റെ മരണം പ്രഖ്യാപിക്കുകയാണ്. അതുകൊണ്ട്, ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാനപാത്രത്തിൽനിന്ന് കുടിക്കുകയും ചെയ്താൽ, അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനുമെതിരേ, കുറ്റക്കാരനാകും. അതുകൊണ്ട്, ഓരോ മനുഷ്യനും,

SYRO MALABAR COMMISSION FOR LITURGY

സ്വയം എങ്ങനെയാണ് ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യുന്നത് എന്നു, പരിശോധിക്കട്ടെ. കാരണം, ശരീരത്തെ വിവേചിച്ചറിയാതെ, ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ, തന്റെതന്നെ ന്യായവിധിയാണ്, ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്. ഇതിനാൽ, നിങ്ങളിൽ പലരും രോഗികളും ദുർബലരുമാകുകയും മറ്റനേകർ, മരിച്ചുപോകുകയും ചെയ്തു. ✠

## C. സുവിശേഷം

**ഒന്നാം ഗണം**

**യോഹ 13:1–14 + മത്താ 26:26–30 (പൊതുക്രമം പേജ് 98 കാണുക)**

**രണ്ടാം ഗണം**

**ലൂക്കാ 22:7–13 + യോഹ 13:1–15 + ലൂക്കാ 22:15–21**

**വിശുദ്ധ ലൂക്കാ, വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം (ലൂക്കാ 22:7–13; യോഹ 13:1–15; ലൂക്കാ 22:15–21)**

✠ പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിക്കേണ്ട പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനം വന്നു. ഈശോ പത്രോസിനെയും യോഹന്നാനെയും ഇപ്രകാരം പറഞ്ഞ് അയച്ചു: നിങ്ങൾ പോയി നമുക്കു ഭക്ഷിക്കാൻ പെസഹാ ഒരുക്കുവിൻ. അവർ ഈശോയോടു ചോദിച്ചു: ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്? ഈശോ പറഞ്ഞു: ഇതാ, നിങ്ങൾ പട്ടണത്തിലേക്കു പ്രവേശിക്കുമ്പോൾ ഒരു മൺകുടംവെള്ളം ചുമന്നുകൊണ്ട് ഒരു മനുഷ്യൻ നിങ്ങളെ കണ്ടുമുട്ടും. അവൻ പ്രവേശിക്കുന്ന വീട്ടിലേക്ക് അവനെ നിങ്ങൾ പിന്തുടരുക. ആ വീടിന്റെ ഉടമസ്ഥനോടു പറയുക: ഗുരു നിന്നോടു ചോദിക്കുന്നു, എന്റെ ശിഷ്യന്മാരോടുകൂടെ ഞാൻ പെസഹാ ഭക്ഷിക്കുന്നതിനുള്ള ശാല എവിടെയാണ്? വിരിച്ചൊരുക്കിയ വലിയ ഒരു മാളികമുറി അവൻ നിങ്ങൾക്കു കാണിച്ചുതരും. അവിടെ ഒരുക്കുക. അവർ പോയി ഈശോ പറഞ്ഞതു പോലെ കാണുകയും പെസഹാ ഒരുക്കുകയും ചെയ്തു. പെസഹാത്തിരുനാളിനു മുമ്പുതന്നെ ഈശോ, ഈ ലോകത്തിൽ നിന്ന് പിതാവിന്റെപക്കലേക്കു പോകാനുള്ള അവന്റെ മണിക്കൂർ വന്നുവെന്ന് അറിഞ്ഞു; ലോകത്തിൽ സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ അവരെ സ്നേഹിച്ചു.

SYRO MALABAR COMMISSION FOR LITURGY

അത്താഴസമയത്ത് പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്കറിയോത്തായുടെ ഉള്ളിൽ ഈശോയെ ഒറ്റിക്കൊടുക്കാൻ തോന്നിച്ചു. പിതാവ് സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നുവെന്നും താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേക്കു പോകുകയും ചെയ്യുന്നുവെന്നും ഈശോ അറിഞ്ഞു. അത്താഴത്തിനിടയിൽ ഈശോ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു കച്ചയെടുത്ത് അരയിൽ ചുറ്റി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന കച്ചകൊണ്ടു തുടയ്ക്കാനും തുടങ്ങി. ഈശോ ശിമയോൻ പത്രോസിന്റെ അടുത്തെത്തി. പത്രോസ് ഈശോയോടു ചോദിച്ചു: കർത്താവേ, നീ എന്റെ പാദങ്ങൾ കഴുകുകയോ? ഈശോ പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് നീ അറിയും. പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദങ്ങൾ കഴുകരുത്. ഈശോ പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടു കൂടെ പങ്കുണ്ടായിരിക്കുകയില്ല. ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല, കരങ്ങളും ശിരസ്സുംകൂടി കഴുകണമേ! ഈശോ പ്രതിവചിച്ചു: കുളികഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളൂ. അവൻ മുഴുവൻ ശുദ്ധിയുള്ളവനായിരിക്കും. നിങ്ങൾ ശുദ്ധിയുള്ളവരാണ്; എന്നാൽ എല്ലാവരുമല്ല. തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് ഈശോ അറിഞ്ഞിരുന്നു; അതുകൊണ്ടാണ് നിങ്ങളിൽ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് ഈശോ പറഞ്ഞത്.

അവരുടെ പാദങ്ങൾ കഴുകിയശേഷം ഈശോ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു. ഈശോ അവരോടു പറഞ്ഞു: പീഡസഹിക്കുന്നതിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കാൻ ഞാൻ അതിയായി ആശിച്ചു. ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഞാൻ ഇനി ഇതിൽനിന്നു ഭക്ഷിക്കയില്ല. ഈശോ പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്തശേഷം അരുൾചെയ്തു: ഇതുവാങ്ങി നിങ്ങൾ പങ്കുവയ്ക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു, ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതുവരെ മുന്തിരിയുടെ ഫലത്തിൽനിന്ന് ഞാൻ പാനംചെയ്യുകയില്ല.

പിന്നെ ഈശോ അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തു കൊണ്ട് അരുൾ ചെയ്തു: ഇതു നിങ്ങൾക്കു വേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ. അപ്രകാരംതന്നെ, അത്താഴത്തിനുശേഷം ഈശോ പാനപാത്രം എടുത്തുകൊണ്ട് അരുൾചെയ്തു: ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്. എന്നാൽ, ഇതാ, എന്നെ ഒറ്റിക്കൊടുക്കുന്നവന്റെ കൈ എന്നോടൊപ്പം മേശമേലുണ്ട്. നിശ്ചയിക്കപ്പെട്ടപോലെ മനുഷ്യപുത്രൻ പോകുന്നു. ✠

SYRO MALABAR COMMISSION FOR LITURGY

SYRO MALABAR COMMISSION FOR LITURGY

# പീഡാനുഭവ വെള്ളി

## A. പഴയനിയമ വായനകൾ

**ഒന്നാം ഗണം**

ഒന്നാം വായന

**ഉത്പ 22:1–19** (പൊതുക്രമം പേജ് 135 കാണുക)

രണ്ടാം വായന

**ഏശ 52:13–53:9** (പൊതുക്രമം പേജ് 138 കാണുക)

**രണ്ടാം ഗണം**

ഒന്നാം വായന

**ഉത്പ 22:1–19** (പൊതുക്രമം പേജ് 135 കാണുക)

രണ്ടാം വായന

**ഏശ 52:13–53:9** (പൊതുക്രമം പേജ് 138 കാണുക)

## B. ലേഖനം

**ഒന്നാം ഗണം**

**റോമാ 5:6–16** (പൊതുക്രമം പേജ് 142 കാണുക)

**രണ്ടാം ഗണം**

**ശ്ലീഹ 8:26–39**

സഹോദരരേ, ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽ നിന്നുള്ള വായന (ശ്ലീഹ 8:26–39)

✠ **കർത്താവിന്റെ ഒരു ദൂതൻ പീലിപ്പോസിനോടു പറഞ്ഞു: എഴുന്നേല്ക്കുക; തെക്കോട്ടു, ജറുസലേമിൽ നിന്ന് ഗാസായിലേക്കുള്ള വഴിയേ പോകുക. അത് വിജനമാണ്. പീലിപ്പോസ് എഴുന്നേറ്റു യാത്രയായി. അപ്പോൾ എത്യോപ്യക്കാരനായ ഒരു ഷണ്ഡൻ, ഒരു ഉദ്യോഗസ്ഥപ്രമുഖനും എത്യോപ്യാ രാജ്ഞിയായ കൻദാക്കെയുടെ സകല ഭണ്ഡാരങ്ങളുടെയും വിചാരിപ്പുകാരനുമായ മനുഷ്യൻ, ജറുസലേമിൽ ആരാധിക്കാൻ പോയിട്ട്, തിരിച്ചുവരുകയായിരുന്നു. രഥത്തിലിരുന്ന് അവൻ ഏശയ്യാ പ്രവാചകന്റെ പുസ്തകം വായിച്ചുകൊണ്ടിരുന്നു. ആത്മാവ് പീലിപ്പോസിനോടു പറഞ്ഞു: ആ രഥത്തെ സമീപിച്ച്, അതിനോടു ചേർന്നുനടക്കുക. പീലിപ്പോസ്**

SYRO MALABAR COMMISSION FOR LITURGY

അവന്റെയടുക്കൽ ഓടിയെത്തി; അവൻ ഏശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുന്നതുകേട്ട് ചോദിച്ചു: വായിക്കുന്നതു മനസ്സിലാകുന്നുണ്ടോ? അവൻ പ്രതിവചിച്ചു: ആരെങ്കിലും പറഞ്ഞുതരാതെ എനിക്കെങ്ങനെ സാധിക്കും? രഥത്തിൽക്കയറി തന്നോടുകൂടെയിരിക്കാൻ പീലിപ്പോസിനെ അവൻ ക്ഷണിച്ചു. അവൻ വായിച്ചുകൊണ്ടിരുന്ന വിശുദ്ധ ലിഖിതഭാഗം ഇതാണ്: കൊലയ്ക്കു കൊണ്ടുപോകുന്ന ആടിനെപ്പോലെയും രോമം കത്രിക്കുന്നവന്റെ മുമ്പിൽ, മൂകമായി നില്ക്കുന്ന, ആട്ടിൻകുട്ടിയെപ്പോലെയും അവൻ തന്റെ വായ് തുറന്നില്ല. അവന്റെ നിന്ദിതാവസ്ഥയിൽ അവനു ന്യായം നിഷേധിക്കപ്പെട്ടു. അവന്റെ തലമുറയെ ആരു വിവരിക്കും? അവന്റെ ജീവൻ ഭൂമിയിൽനിന്ന് എടുക്കപ്പെട്ടു. ഷണ്ഡൻ പീലിപ്പോസിനോടു പറഞ്ഞു: ഞാൻ ചോദിക്കട്ടെ, പ്രവാചകൻ ഇതു പറയുന്നത് ആരെക്കുറിച്ചാണ്? തന്നെക്കുറിച്ചോ മറ്റൊരാളെക്കുറിച്ചോ?

പീലിപ്പോസ് അധരം തുറന്ന്, ഈ ലിഖിതത്തിൽ നിന്നാരംഭിച്ച്, അവനോട്, ഈശോയുടെ സുവിശേഷമറിയിച്ചു. അവർ പോകും വഴി വെള്ളമുള്ളിടത്തെത്തി. ഷണ്ഡൻ പറഞ്ഞു: ഇതാ, വെള്ളം; എനിക്ക് മാമോദീസ നല്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? രഥം നിറുത്താൻ അവൻ ആജ്ഞാപിച്ചു. അവർ ഇരുവരും, പീലിപ്പോസും ഷണ്ഡനും, വെള്ളത്തിലിറങ്ങി. പീലിപ്പോസ് അവനു മാമോദീസ നല്കി. അവർ വെള്ളത്തിൽനിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് പീലിപ്പോസിനെ സംവഹിച്ചുകൊണ്ടുപോയി. ഷണ്ഡൻ അവനെ പിന്നീടു കണ്ടില്ല. സന്തോഷിച്ചുകൊണ്ട് അവൻ തന്റെ വഴിയേ മുന്നോട്ടുപോയി. ✠

SYRO MALABAR LITURGY COMMISSION FOR

## C. സുവിശേഷം

**ഒന്നാം ഗണം**

**ലൂക്കാ 22:63–23:12 + മത്താ 27:19 + ലൂക്കാ 23:13–23 + മത്താ 27:24–25 + ലൂക്കാ 23:24–45 + മത്താ 27:51–54 + യോഹ 19:23–30**
**(പൊതുക്രമം പേജ് 148 കാണുക)**

**രണ്ടാം ഗണം**

**ലൂക്കാ 22:63–23:12 + മത്താ 27:19 + ലൂക്കാ 23:13–23 + മത്താ 27:24–25 + ലൂക്കാ 23:24–45 + മത്താ 27:51–54 + രണ്ടാം ഭാഗം: യോഹ 19:23–42**

**വിശുദ്ധ ലൂക്കാ, വിശുദ്ധ മത്തായി, വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം (ലൂക്കാ 22:63–23:12; മത്താ 27:19; ലൂക്കാ 23:13–23; മത്താ 27:24–25; ലൂക്കാ 23:24–45; മത്താ 27:51–54; യോഹ 19:23–30) + (രണ്ടാം ഭാഗം: യോഹ 19:23–42)**

✠ **ഈശോയ്ക്കു കാവൽനിന്നിരുന്നവർ അവനെ പരിഹസിക്കുകയും അടിക്കുകയും ചെയ്തു. അവർ അവന്റെ കണ്ണുകൾ മൂടിക്കൊണ്ട്, 'നിന്നെ അടിച്ചവൻ ആരെന്നു പ്രവചിക്കുക' എന്നു പറഞ്ഞു. അവർ അവനെ അധിക്ഷേപിച്ച് അവനെതിരായി പലതും പറഞ്ഞു.**

**പ്രഭാതമായപ്പോൾ, പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും ഉൾപ്പെടുന്ന ജനപ്രമാണികളുടെ സംഘം സമ്മേളിച്ചു. അവർ അവനെ തങ്ങളുടെ സംഘത്തിലേക്കു കൊണ്ടുവന്നു പറഞ്ഞു: 'നീ മിശിഹായാണെങ്കിൽ അതു ഞങ്ങളോടു പറയുക.' അവൻ അവരോടു പറഞ്ഞു: 'ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം തരുകയുമില്ല. ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തുവശത്ത് ഇരിക്കും.' അവരെല്ലാവരുംകൂടി ചോദിച്ചു: 'അങ്ങനെയെങ്കിൽ, നീ ദൈവപുത്രനാണോ?' അവൻ പറഞ്ഞു: 'നിങ്ങൾത്തന്നെ പറയുന്നല്ലോ, ഞാൻ ആണെന്ന്.' അവർ പറഞ്ഞു: 'ഇനി നമുക്കു വേറെ സാക്ഷ്യം എന്തിന്? അവന്റെ നാവിൽനിന്നു തന്നെ നാം അതു കേട്ടുകഴിഞ്ഞു.'**

**അനന്തരം, അവരുടെ സംഘം ഒന്നാകെ എഴുന്നേറ്റ് അവനെ പീലാത്തോസിന്റെ മുമ്പിലേക്കു കൊണ്ടുപോയി. അവർ അവന്റെമേൽ കുറ്റംചുമത്താൻ തുടങ്ങി: 'ഈ മനുഷ്യൻ ഞങ്ങളുടെ ജനത്തെ വഴിതെറ്റിക്കുകയും സീസറിനു**

നികുതി കൊടുക്കുന്നതു നിരോധിക്കുകയും താൻ രാജാവായ മിശിഹായാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു.' പീലാത്തോസ് അവനോടു ചോദിച്ചു: 'നീ യഹൂദരുടെ രാജാവാണോ?' അവൻ മറുപടി പറഞ്ഞു: 'നീ തന്നെ പറയുന്നുവല്ലോ.' പീലാത്തോസ് പുരോഹിത പ്രമുഖന്മാരോടും ജനക്കൂട്ടത്തോടും പറഞ്ഞു: 'ഞാൻ ഈ മനുഷ്യനിൽ ഒരു കുറ്റവും കാണുന്നില്ല.' അവരാകട്ടെ, നിർബന്ധപൂർവം പറഞ്ഞു: 'ഇവൻ ഗലീലിമുതൽ ഇവിടംവരെയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ട് ജനത്തെ ഇളക്കിവിടുന്നു.'

ഇതുകേട്ടു പീലാത്തോസ്, 'ഈ മനുഷ്യൻ ഗലീലിയക്കാരനാണോ' എന്നു ചോദിച്ചു. അവൻ ഹേറോദേസിന്റെ അധികാരത്തിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ പീലാത്തോസ് അവനെ അവന്റെ അടുത്തേക്ക് അയച്ചു. ആ ദിവസങ്ങളിൽ ഹേറോദേസ് ജെറുസലെമിൽ ഉണ്ടായിരുന്നു. ഹേറോദേസ് ഈശോയെ കണ്ടപ്പോൾ അത്യധികം സന്തോഷിച്ചു. എന്തുകൊണ്ടെന്നാൽ, അവൻ ഈശോയെപ്പറ്റി കേട്ടിരുന്നതുകൊണ്ട് ഈശോയെ കാണാൻ ആഗ്രഹിച്ചിരുന്നു; ഈശോ ചെയ്യുന്ന ഏതെങ്കിലും ഒരദ്ഭുതം കാണാമെന്നു പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. അതിനാൽ, അവൻ പലതും ഈശോയോടു ചോദിച്ചു. പക്ഷേ, ഈശോ ഒന്നിനും ഉത്തരം പറഞ്ഞില്ല. പ്രധാന പുരോഹിതന്മാരും നിയമജ്ഞരും ഈശോയുടെ മേൽ ആവേശപൂർവം കുറ്റം ചുമത്തിക്കൊണ്ട് ചുറ്റും നിന്നിരുന്നു. ഹേറോദേസ് പടയാളികളോടുചേർന്ന് ഈശോയോടു നിന്ദ്യമായി പെരുമാറുകയും അവനെ അധിക്ഷേപിക്കുകയും ചെയ്തു. ഹേറോദേസ് ഈശോയെ പകിട്ടേറിയ വസ്ത്രം ധരിപ്പിച്ച് പീലാത്തോസിന്റെ അടുത്തേക്കു തിരിച്ചയച്ചു. അന്നുമുതൽ ഹേറോദേസും പീലാത്തോസും പരസ്പരം സ്നേഹിതന്മാരായി. അതുവരെ അവർ ശത്രുതയിലാണു കഴിഞ്ഞിരുന്നത്.

മാത്രമല്ല, പീലാത്തോസ് ന്യായാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ, അവന്റെ ഭാര്യ അവന്റെ അടുത്തേക്ക് ആളയച്ച് അറിയിച്ചു: 'ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. അവൻ മൂലം സ്വപ്നത്തിൽ ഞാൻ ഇന്നു വളരെയേറെ ക്ലേശിച്ചു.'

പീലാത്തോസ് പുരോഹിതപ്രമുഖന്മാരെയും നേതാക്കന്മാരെയും ജനത്തെയും ഒന്നിച്ചുകൂട്ടി അവരോടു പറഞ്ഞു: 'ജനത്തെ വഴിപിഴപ്പിക്കുന്നു എന്നു പറഞ്ഞ് നിങ്ങൾ ഇവനെ എന്റെ മുമ്പിൽ കൊണ്ടുവന്നു. ഇതാ, നിങ്ങളുടെ മുമ്പിൽവച്ചുതന്നെ ഇവനെ ഞാൻ വിസ്തരിച്ചു. നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളിൽ ഒന്നുപോലും ഇവനിൽ ഞാൻ

**കണ്ടില്ല. ഹേറോദേസും കണ്ടില്ല. അവൻ ഇവനെ എന്റെ അടുത്തേക്കു തിരിച്ചയച്ചിരിക്കയാണല്ലോ. നോക്കൂ, മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഇവൻ ചെയ്തിട്ടില്ല. അതിനാൽ ഞാൻ ഇവനെ ചമ്മട്ടി കൊണ്ട് അടിപ്പിച്ച് വിട്ടയക്കും.'**

**അപ്പോൾ, അവർ ഏകസ്വരത്തിൽ ആക്രോശിച്ചു: 'ഇവനെ കൊണ്ടു പോവുക. ബറാബാസിനെ ഞങ്ങൾക്കു വിട്ടുതരിക.' പട്ടണത്തിൽ നടന്ന കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അട യ്ക്കപ്പെട്ടവനാണ് ബറാബാസ്. ഈശോയെ വിട്ടയക്കണം എന്നാഗ്ര ഹിച്ചുകൊണ്ട് പീലാത്തോസ് ഒരിക്കൽകൂടി അവരോടു സംസാരിച്ചു. അവരാകട്ടെ, 'ക്രൂശിക്കുക, അവനെ ക്രൂശിക്കുക' എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. പീലാത്തോസ് മൂന്നാം പ്രാവശ്യവും അ വരോടു ചോദിച്ചു: 'അവൻ എന്തു തിന്മ പ്രവർത്തിച്ചു? വധശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഞാൻ അവനിൽ കണ്ടില്ല. അതുകൊണ്ട് ഞാൻ അവനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച് വിട്ടയക്കും.' അവനെ ക്രൂശിക്കണമെന്ന് അവർ നിർബന്ധപൂർവം ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു: 'അവനെ ക്രൂശിക്കുക!' അവസാനം അവരുടെ നിർബന്ധംതന്നെ വിജയിച്ചു.**

**ബഹളം വർധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാവുന്നില്ലെന്നു മനസ്സിലാക്കിയ പീലാത്തോസ് വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പിൽവച്ചു കൈ കഴുകിക്കൊണ്ടു പറഞ്ഞു: 'ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല. അതു നിങ്ങളുടെ കാര്യമാണ്.' അപ്പോൾ ജനം മുഴുവൻ മറുപടി പറഞ്ഞു: 'അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിക്കൊള്ളട്ടെ!' അപ്പോൾ അവൻ ബറാബാസിനെ അവർക്കു വിട്ടുകൊടുക്കുകയും ഈശോയെ ചമ്മട്ടികൊണ്ടടിപ്പിച്ച് ക്രൂശിക്കാൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു.**

**അവർ ആവശ്യപ്പെട്ടത് അനുവദിച്ചുകൊടുക്കാൻ പീലാത്തോസ് തീരുമാനിച്ചു. അവർ ആവശ്യപ്പെട്ട മനുഷ്യനെ, കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നവനെ, പീലാത്തോസ് വിട്ടയക്കുകയും ഈശോയെ അവരുടെ ഇംഗിതത്തിന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു.**

**അവർ ഈശോയെ കൊണ്ടുപോകുമ്പോൾ, നാട്ടിൻപുറത്ത് നിന്ന് ആ വഴിവന്ന ശിമയോൻ എന്ന ഒരു കിറേനേക്കാരനെ പിടിച്ചു നിർത്തി, കുരിശ് ചുമലിൽവച്ച്, ഈശോയുടെ പുറകേ ചുമന്നുകൊണ്ടു വരാൻ നിർബന്ധിച്ചു. ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറവിളി**

SYRO MALABAR COMMISSION FOR LITURGY

കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും ഈശോയുടെ പിന്നാലേ പോയിരുന്നു. അവരുടെ നേരേ തിരിഞ്ഞ് ഈശോ പറഞ്ഞു: 'ജെറുസലെം പുത്രിമാരേ, എന്നെപ്രതി നിങ്ങൾ കരയേണ്ടാ. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ. എന്തെന്നാൽ, വന്ധ്യകൾക്കും പ്രസവിക്കാത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നു പറയപ്പെടുന്ന ദിവസങ്ങൾ വരും. അന്ന് അവർ പർവതങ്ങളോടു ഞങ്ങളുടെമേൽ വീഴുക എന്നും കുന്നുകളോടു ഞങ്ങളെ മൂടിക്കളയുക എന്നും പറയാൻ തുടങ്ങും. പച്ചത്തടിയോട് അവർ ഇങ്ങനെയാണ് ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും?'

കുറ്റവാളികളായ മറ്റു രണ്ടുപേരെക്കൂടി ഈശോയോടൊപ്പം വധിക്കാൻ അവർ കൂട്ടിക്കൊണ്ടുപോയി. 'തലയോട്' എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവർ വന്നു. അവിടെ അവർ ഈശോയെ കുരിശിൽ തറച്ചു; ആ കുറ്റവാളികളിൽ, ഒരുവനെ അവന്റെ വലത്തുവശത്തും ഇതരനെ ഇടത്തുവശത്തും ക്രൂശിച്ചു.

ഈശോ പറഞ്ഞു: 'പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.'

ഈശോയുടെ വസ്ത്രങ്ങൾ ഭാഗിച്ചെടുക്കാൻ അവർ കുറിയിട്ടു. ജനം നോക്കിനിന്നു. പ്രമാണികളാകട്ടെ അവനെ പരിഹസിച്ചു പറഞ്ഞു: 'ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇവൻ ദൈവത്തിന്റെ മിശിഹാ ആണെങ്കിൽ, അവിടത്തെ തിരഞ്ഞെടുക്കപ്പെട്ടവനാണെങ്കിൽ, തന്നെത്തന്നെ രക്ഷിക്കട്ടെ.' പടയാളികൾ അടുത്തുവന്ന് വിനാഗിരി കൊടുത്ത് ഈശോയെ പരിഹസിച്ചു പറഞ്ഞു: 'നീ യഹൂദരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക.' 'ഇവൻ യഹൂദരുടെ രാജാവ് 'എന്ന ഒരു ലിഖിതം ഈശോയുടെ തലയ്ക്കുമീതേ ഉണ്ടായിരുന്നു. കുരിശിൽ തൂക്കപ്പെട്ടിരുന്ന കുറ്റവാളികളിൽ ഒരുവൻ ഈശോയെ ദുഷിച്ചു പറഞ്ഞു; 'നീ മിശിഹായല്ലേ? നിന്നെയും ഞങ്ങളെയും രക്ഷിക്കുക!' അപരൻ അവനെ ശകാരിച്ചു പറഞ്ഞു: 'നീ ദൈവത്തെ ഭയപ്പെടുന്നില്ലേ? നീയും അതേ ശിക്ഷാവിധിയിൽ തന്നെയാണല്ലോ. നമ്മുടെ ശിക്ഷാവിധി ന്യായമാണ്. നമ്മുടെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം നമുക്കു ലഭിച്ചിരിക്കുന്നു. ഇവൻ ഒരു തെറ്റും ചെയ്തിട്ടില്ല.' അവൻ തുടർന്നു: 'ഈശോയേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ!' ഈശോ അവനോട് അരുൾ ചെയ്തു: 'സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.'

**അപ്പോൾ ഏകദേശം ആറാംമണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു. അപ്പോൾ ദൈവാലയത്തിലെ തിരശ്ശീല മുകൾമുതൽ താഴെവരെ രണ്ടായി കീറി; ഭൂമി കുലുങ്ങി; പാറകൾ പിളർന്നു; ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്രപ്രാപിച്ചിരുന്ന പല വിശുദ്ധന്മാരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു. അവന്റെ പുനരുത്ഥാനത്തിനുശേഷം, അവർ ശവകുടീരങ്ങളിൽനിന്നു പുറത്തുവന്ന് വിശുദ്ധനഗരത്തിൽ പ്രവേശിച്ച് പലർക്കും പ്രത്യക്ഷപ്പെട്ടു. ഈശോയ്ക്കു കാവൽനിന്നിരുന്ന ശതാധിപനും അവന്റെകൂടെ ഉണ്ടായിരുന്നവരും ഭൂകമ്പവും മറ്റു സംഭവങ്ങളും കണ്ട് അത്യധികം ഭയപ്പെട്ടു, 'സത്യമായും ഇവൻ ദൈവപുത്രനായിരുന്നു' എന്നു പറഞ്ഞു.**

**പടയാളികൾ ഈശോയെ ക്രൂശിച്ചതിനുശേഷം അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു; ഓരോ പടയാളിക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു. ആകയാൽ, അവർ പരസ്പരം പറഞ്ഞു: 'നമുക്ക് അതു കീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാനിക്കാം.' 'എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു; എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു' എന്ന തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടിയാണ് പടയാളികൾ ഇപ്രകാരം ചെയ്തത്. ഈശോയുടെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേന മറിയവും നില്ക്കുന്നുണ്ടായിരുന്നു. ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: 'സ്ത്രീയേ, ഇതാ, നിന്റെ മകൻ.' അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: 'ഇതാ, നിന്റെ അമ്മ.' അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.**

**അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി ഈശോ പറഞ്ഞു: 'എനിക്കു ദാഹിക്കുന്നു.' ഒരു പാത്രം നിറയെ വിനാഗിരി അവിടെയുണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. ഈശോ വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: 'എല്ലാം പൂർത്തിയായിരിക്കുന്നു.' ഈശോ തലചായിച്ച് ആത്മാവിനെ സമർപ്പിച്ചു.** ✠

SYRO MALABAR COMMISSION FOR LITURGY

**രണ്ടാം ഭാഗം**
**(യോഹ 19:23-42)**

✠ പടയാളികൾ ഈശോയെ ക്രൂശിച്ചതിനുശേഷം അവന്റെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു; ഓരോ പടയാളിക്കും ഓരോ ഭാഗം. അവന്റെ അങ്കിയും അവർ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ മുകൾമുതൽ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു. ആകയാൽ, അവർ പരസ്പരം പറഞ്ഞു: 'നമുക്ക് അതു കീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു കുറിയിട്ടു തീരുമാനിക്കാം.' 'എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു; എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു' എന്ന തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടിയാണ് പടയാളികൾ ഇപ്രകാരം ചെയ്തത്. ഈശോയുടെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനമറിയവും നില്ക്കുന്നുണ്ടായിരുന്നു. ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: 'സ്ത്രീയേ, ഇതാ, നിന്റെ മകൻ.' അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: 'ഇതാ, നിന്റെ അമ്മ.' അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.

അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി ഈശോ പറഞ്ഞു: 'എനിക്കു ദാഹിക്കുന്നു.' ഒരു പാത്രം നിറയെ വിനാഗിരി അവിടെയുണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. ഈശോ വിനാഗിരി സ്വീകരിച്ചിട്ടു പറഞ്ഞു: 'എല്ലാം പൂർത്തിയായിരിക്കുന്നു.' ഈശോ തലചായിച്ച് ആത്മാവിനെ സമർപ്പിച്ചു.

**അത് സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു. സാബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻ വേണ്ടി അവരുടെ കാലുകൾ തകർക്കാനും അവരെ നീക്കം ചെയ്യാനും യഹൂദർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. അതിനാൽ പടയാളികൾ വന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കാലുകൾ തകർത്തു. അവർ ഈശോയെ സമീപിച്ചപ്പോൾ അവൻ മരിച്ചുകഴിഞ്ഞു എന്നു കണ്ടതിനാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ, പടയാളികളിലൊരുവൻ അവന്റെ വിലാവിൽ കുന്തംകൊണ്ടു കുത്തി. ഉടനേ അതിൽനിന്നു രക്തവും ജലവും പുറത്തുവന്നു.**

അതു കണ്ടയാൾതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു. അവന്റെ അസ്ഥി തകർക്കപ്പെടുകയില്ല എന്ന തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടിയാണ് ഇതു സംഭവിച്ചത്. മറ്റൊരു തിരുവെഴുത്ത് പറയുന്നു: തങ്ങൾ കുത്തിത്തുളച്ചവനെ അവർ നോക്കും. യഹൂദരോടുള്ള ഭയം നിമിത്തം ഈശോയുടെ രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തെയാക്കാരൻ യൗസേപ്പ് ഈശോയുടെ ശരീരം എടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. ഈശോയെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കൊദേമോസും അവിടെയെത്തി. മീറയും അകിലും ചേർന്ന ഏകദേശം നൂറു റാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിരുന്നു. അവൻ ഈശോയുടെ ശരീരമെടുത്ത് യഹൂദരുടെ മൃതസംസ്കാര രീതിയനുസരിച്ച് സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു. അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടവും ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ ഈശോയെ അവിടെ സംസ്കരിച്ചു. ✠

SYRO MALABAR COMMISSION FOR LITURGY

# വലിയ ശനി

## A. പഴയനിയമ വായനകൾ

**ഒന്നാം ഗണം**

**ഒന്നാം വായന**

**പുറ 17:3–7 (പൊതുക്രമം പേജ് 226 കാണുക)**

അല്ലെങ്കിൽ

**ഉത്പ 22:1–19**

**സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. ഉത്പത്തിയുടെ പുസ്തകത്തിൽ നിന്നുള്ള വായന (ഉത്പ 22:1–19)**

✠ **പിന്നീടൊരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിച്ചു. അവിടന്നു വിളിച്ചു: 'അബ്രാഹം.' 'ഇതാ ഞാൻ', അവൻ വിളികേട്ടു. 'നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ടു മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മല മുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം.' അബ്രാഹം അതിരാവിലെ എഴുന്നേറ്റു കഴുതയ്ക്കു ജീനിയിട്ട് രണ്ടു വേലക്കാരെയും മകൻ ഇസഹാക്കിനെയുംകൂട്ടി ബലിക്കുവേണ്ട വിറകും കീറിയെടുത്ത്, ദൈവം പറഞ്ഞ സ്ഥലത്തേക്കു പുറപ്പെട്ടു.**

**മൂന്നാം ദിവസം അവൻ തലയുയർത്തി നോക്കിയപ്പോൾ അകലെ ആ സ്ഥലം കണ്ടു. അവൻ വേലക്കാരോടു പറഞ്ഞു: 'കഴുതയുമായി നിങ്ങൾ ഇവിടെ നില്ക്കുക. ഞാനും മകനും അവിടെപ്പോയി ആരാധിച്ചു തിരിച്ചുവരാം.' അബ്രാഹം ദഹന ബലിക്കുള്ള വിറകെടുത്ത് മകൻ ഇസഹാക്കിന്റെ ചുമലിൽ വച്ചു. കത്തിയും തീയും അവൻതന്നെ എടുത്തു. അവർ ഒരുമിച്ചു മുമ്പോട്ടു നടന്നു. ഇസഹാക്ക് തന്റെ പിതാവായ അബ്രാഹത്തെ വിളിച്ചു: 'പിതാവേ'. 'എന്താ മകനേ', അവൻ വിളി കേട്ടു. ഇസഹാക്കു പറഞ്ഞു: 'തീയും വിറകുമുണ്ടല്ലോ; എന്നാൽ, ദഹനബലിക്കുള്ള കുഞ്ഞാടെവിടെ?' അവൻ മറുപടി പറഞ്ഞു: 'ബലിക്കുള്ള കുഞ്ഞാടിനെ ദൈവംതന്നെ തരും.' അവരൊന്നിച്ചു മുമ്പോട്ടുപോയി.**

**ദൈവം പറഞ്ഞ സ്ഥലത്ത് എത്തിയപ്പോൾ, അബ്രാഹം അവിടെ ഒരു ബലിപീഠം പണിതു. വിറക് അടുക്കിവച്ചിട്ട് ഇസഹാക്കിനെ ബന്ധിച്ചു വിറകിനു മീതേ കിടത്തി. മകനെ ബലികഴിക്കാൻ അബ്രാഹം കത്തി**

SYRO MALABAR COMMISSION FOR LITURGY

കൈയിലെടുത്തു. തൽക്ഷണം കർത്താവിന്റെ ദൂതൻ ആകാശത്തുനിന്ന് 'അബ്രാഹം, അബ്രാഹം' എന്നു വിളിച്ചു. 'ഇതാ ഞാൻ', അവൻ വിളികേട്ടു. 'കുട്ടിയുടെമേൽ കൈവയ്ക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏക പുത്രനെ എനിക്കു തരാൻ നീ മടി കാണിച്ചില്ല.' അബ്രാഹം തലപൊക്കി നോക്കിയപ്പോൾ, തന്റെ പിന്നിൽ, മുൾച്ചെടികളിൽ കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെക്കണ്ടു. അവൻ അതിനെ മകനുപകരം ദഹനബലിയർപ്പിച്ചു. അബ്രാഹം ആ സ്ഥലത്തിനു 'യാഹ്‌വെയിരെ' എന്നു പേരിട്ടു. 'കർത്താവിന്റെ മലയിൽ അവിടന്നു വേണ്ടതു പ്രദാനം ചെയ്യുന്നു'വെന്ന് ഇന്നുവരെയും പറയപ്പെടുന്നു. കർത്താവിന്റെ ദൂതൻ ആകാശത്തുനിന്നു വീണ്ടും അബ്രാഹത്തെ വിളിച്ചു പറഞ്ഞു: 'കർത്താവ് അരുൾചെയ്യുന്നു, നീ നിന്റെ ഏകപുത്രനെപ്പോലും എനിക്കു തരാൻ മടിക്കായ്കകൊണ്ടു ഞാൻ ശപഥം ചെയ്യുന്നു: ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തിലെ മണൽത്തരി പോലെയും ഞാൻ വർധിപ്പിക്കും. ശത്രുവിന്റെ നഗരകവാടങ്ങൾ അവർ പിടിച്ചെടുക്കും. നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ടു നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും.' അബ്രാഹം എഴുന്നേറ്റ് തന്റെ വേലക്കാരുടെ അടുത്തേക്കു ചെന്നു. അവരൊന്നിച്ച് ബേർഷെബയിലേക്കു തിരിച്ചുപോയി. അബ്രാഹം ബേർഷെബയിൽ പാർത്തു. ✠

അല്ലെങ്കിൽ

**നിയ 34:1–9** **(പേജ് 338 കാണുക)**

**രണ്ടാം വായന**

**യോന 2:1–10** **(പൊതുക്രമം പേജ് 227 കാണുക)**

## രണ്ടാം ഗണം

**ഒന്നാം വായന**

**നിയ 34:1–9**

**I. സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. നിയമാവർത്തന പുസ്തകത്തിൽ നിന്നുള്ള വായന (നിയ 34:1–9)**

✠ അനന്തരം, മോശ മൊവാബു സമതലത്തിൽ നിന്ന്, ജറീക്കോയുടെ എതിർവശത്തുള്ള പിസ്ഗായുടെ ഉച്ചിയായ നെബോ മലയിലേക്കു കയറി. കർത്താവ് ദേശംമുഴുവൻ അവനെ കാണിച്ചു. ഗിലയാദു മുതൽ ദാൻ വരെയും, നഫ്താലി മുഴുവനും എഫ്രായിമിന്റെയും മനാസ്സെയുടെയും ദേശവും പശ്ചിമസമുദ്രംവരെയുള്ള യൂദാദേശം

മുഴുവനും നെഗെബും സോവാർവരെയുള്ള ഈന്തപ്പനകളുടെ പട്ടണമായ ജറീക്കോയുടെ താഴ്വരപ്രവിശ്യയും. അനന്തരം, കർത്താവ് മോശെയോടു പറഞ്ഞു: നിന്റെ സന്തതിക്കു നല്കുമെന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ഞാൻ ശപഥം ചെയ്ത ദേശം ഇതാകുന്നു. നിന്റെ കണ്ണുകൾ കൊണ്ടുതന്നെ, ഞാൻ അത് കാണാൻ ഇടയാക്കിയിരിക്കുന്നു; എന്നാൽ, നീ അവിടേക്കു കടക്കുകയില്ല. കർത്തൃദാസനായ മോശ, കർത്താവിന്റെ വാക്കനുസരിച്ച്, മൊവാബു ദേശത്തുവച്ചു മരിച്ചു. മൊവാബു ദേശത്തു, ബത്പെയോറിന് എതിരേയുള്ള താഴ്വരയിൽ അവിടന്ന് അവനെ സംസ്കരിച്ചു. ഇന്നുവരെ അവന്റെ ശവകുടീരം ഒരാൾക്കും അറിഞ്ഞുകൂടാ. മരിക്കുമ്പോൾ മോശയ്ക്കു നൂറ്റിരുപതു വയസ്സായിരുന്നു. അവന്റെ കണ്ണു മങ്ങുകയോ ഉന്മേഷം മായുകയോ ചെയ്തിരുന്നില്ല. ഇസ്രായേല്യർ മുപ്പതു ദിവസം മൊവാബു സമതലത്തിൽ മോശയെപ്രതി കരഞ്ഞു. മോശയെപ്രതിയുള്ള വിലാപക്കണ്ണീരിന്റെ ദിനങ്ങൾ അവർ പൂർത്തിയാക്കി. നൂനിന്റെ പുത്രനായ ജോഷ്വ, ജ്ഞാനത്തിന്റെ ചൈതന്യത്താൽ പൂരിതനായിരുന്നു; എന്തെന്നാൽ, മോശ അവന്റെമേൽ കൈവയ്പു നടത്തിയിരുന്നു. ഇസ്രായേല്യർ അവനെ അനുസരിക്കുകയും കർത്താവു മോശയോടു കല്പിച്ചിരുന്നതുപോലെ അവർ പ്രവർത്തിക്കുകയും ചെയ്തു. ✠

## രണ്ടാം വായന

**യോന 1:1–17**

**I. സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. യോനായുടെ പുസ്തകത്തിൽ നിന്നുള്ള വായന (യോനാ 1:1–17)**

✠ അമിത്തായിയുടെ പുത്രൻ യോനായുടെ പക്കലേക്ക്, കർത്താവിന്റെ വചനം ഇപ്രകാരം ഉണ്ടായി: നീ എഴുന്നേറ്റ് മഹാനഗരമായ നിനെവേയിലേക്കു ചെന്ന്, അതിനെതിരേ വിളിച്ചു പറയുക. എന്തെന്നാൽ, അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ ഉയർന്നിരിക്കുന്നു. എന്നാൽ, യോനാ കർത്താവിന്റെ സന്നിധിയിൽനിന്നു തർഷീഷിലേക്ക് ഒളിച്ചോടാൻ എഴുന്നേറ്റു. അവൻ ജോപ്പായിലേക്ക് ഇറങ്ങി. അവൻ തർഷീഷിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടെത്തി, അതിന്റെ കൂലി കൊടുത്ത്, കർത്താവിന്റെ സന്നിധിയിൽനിന്ന്, തർഷീഷിലേക്ക്, അവരോടൊപ്പം പോകാൻ അതിൽ കയറി. എന്നാൽ, കർത്താവ് കടലിലേക്ക് ഒരു കൊടുങ്കാറ്റ് അഴിച്ചുവിട്ടു. കടലിൽ വലിയ കോളിളക്കമുണ്ടായി. കപ്പൽ തകരുമെന്നായി. നാവികർ പേടിച്ചുവശായി.

ഓരോരുത്തരും, താന്താങ്ങളുടെ ദേവന്മാരോടു കേണപേക്ഷിച്ചു. ഭാരം കുറയ്ക്കാൻവേണ്ടി, കപ്പലിലുണ്ടായിരുന്ന സാമഗ്രികൾ അവർ കടലിലേക്ക് വലിച്ചെറിഞ്ഞു. എന്നാൽ, യോനാ നൗകയുടെ ഉള്ളറയിലേക്ക് ഇറങ്ങി, അവിടെ കിടന്ന് ഗാഢനിദ്രപൂണ്ടു. അപ്പോൾ, കപ്പിത്താൻ അവനെ സമീപിച്ച് അവനോടു ചോദിച്ചു: ഗാഢനിദ്രപൂണ്ടവനേ, നിനക്ക് എന്തുപറ്റി? എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കുക; നമ്മൾ നശിക്കാതിരിക്കാൻ, ഒരുപക്ഷേ, ആ ദൈവം നമ്മെ പരിഗണിച്ചേക്കും.

അനന്തരം, അവർ പരസ്പരം പറഞ്ഞു: വരുവിൻ; ആരു നിമിത്തമാണ് ഈ അനർഥം എന്നറിയാൻ, നമുക്ക് നറുക്കുകൾ ഇടാം. അവർ നറുക്കുകളിട്ടു. യോനായ്ക്കു നറുക്കുവീണു. അപ്പോൾ അവർ അവനോടു ചോദിച്ചു: ആരു നിമിത്തമാണ് നമുക്ക് ഈ അനർഥം എന്നതിനെപ്പറ്റി, നീ ഞങ്ങളോടു വിശദീകരിച്ചാലും! നിന്റെ തൊഴിൽ എന്താണ്? നീ എവിടെനിന്നു വരുന്നു? നിന്റെ നാടേതാണ്? ഏതു ജനത്തിൽപ്പെട്ടവനാണ് നീ? യോനാ അവരോടു പറഞ്ഞു: ഞാൻ ഒരു ഹെബ്രായനാണ്; കടലും കരയും ഉരുവാക്കിയ ആകാശങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടുന്നവനുമാണ്. അപ്പോൾ ആ ആളുകൾക്ക് വലിയ ഭയമുണ്ടായി. താൻ കർത്താവിന്റെ സന്നിധിയിൽനിന്ന് ഒളിച്ചോടുകയാണെന്ന്, യോനാതന്നെ അവരോടു വിശദീകരിച്ചുവെന്ന്, ആ ആളുകൾ അറിഞ്ഞപ്പോൾ, അവർ അവനോടു ചോദിച്ചു: നീ എന്താണ് ഈ ചെയ്തത്? തുടർന്ന് അവർ അവനോടു ചോദിച്ചു: കടൽ ഞങ്ങൾക്കായി ശാന്തമാകേണ്ടതിന് ഞങ്ങൾ നിന്നോട് എന്തുചെയ്യണം? കടൽ കൂടുതൽ കൂടുതൽ പ്രക്ഷുബ്ധമാകുകയാണല്ലോ. യോനാ അവരോടു പറഞ്ഞു: എന്നെ നിങ്ങൾ പൊക്കി കടലിലേക്കു വലിച്ചെറിയുവിൻ. അപ്പോൾ, കടൽ നിങ്ങൾക്കായി ശാന്തമായിക്കൊള്ളും. എന്തെന്നാൽ, ഞാൻ നിമിത്തമാണ്, ഈ വലിയ കൊടുങ്കാറ്റ് നിങ്ങൾക്ക് എതിരായിരിക്കുന്നതെന്ന്, ഞാൻ മനസ്സിലാക്കുന്നു. കരയിലേക്കു തിരിക്കുന്നതിന് ആ ആളുകൾ തണ്ടുവലിച്ചു. എന്നാൽ, അവർക്കു സാധിച്ചില്ല. എന്തെന്നാൽ, കടൽ അവർക്കെതിരേ പൂർവാധികം പ്രക്ഷുബ്ധമാകുകയായിരുന്നു. അതുകൊണ്ട്, അവർ കർത്താവിനോടു നിലവിളിച്ച്, ഉരുവിട്ടു: കർത്താവേ, ദയചെയ്ത്, ഇയാളുടെ ജീവൻ നിമിത്തം, ഞങ്ങൾ നശിക്കാനിടയാകരുതേ! നിഷ്കളങ്ക രക്തം ഞങ്ങൾക്കെതിരേ ചുമത്തരുതേ! കർത്താവേ, അങ്ങ് ആഗ്രഹിക്കുന്നത് അനുസരിച്ചാണല്ലോ അങ്ങു പ്രവർത്തിക്കുന്നത്. അനന്തരം, അവർ യോനായെ പൊക്കി കടലിലേക്കു വലിച്ചെറിഞ്ഞു. ഉടനേ, കടൽ തന്റെ

രൗദ്രത്തിൽനിന്നു സ്വച്ഛമായി. അപ്പോൾ, ആ ആളുകൾ കർത്താവിനെ ഏറെ ഭയപ്പെട്ടു. അവർ കർത്താവിനു ബലിയർപ്പിക്കുകയും നേർച്ചകൾ നേരുകയും ചെയ്തു. യോനായെ വിഴുങ്ങാൻ, കർത്താവ് ഒരു വലിയ മത്സ്യത്തെ നിയോഗിച്ചു. യോനാ മൂന്നു പകലും മൂന്നു രാവും ആ മത്സ്യത്തിന്റെ വയറ്റിൽ ആയിരുന്നു. ✠

SYRO MALABAR COMMISSION FOR LITURGY

## B. ലേഖനം

**ഒന്നാം ഗണം**

റോമാ 6:3–11 (പൊതുക്രമം പേജ് 229 കാണുക)

**രണ്ടാം ഗണം**

ഹെബ്രാ 6:1–8

**സഹോദരരേ, ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം (ഹെബ്രാ 6:1–8)**

✠ മിശിഹാവചനത്തിന്റെ പ്രാരംഭപാഠങ്ങൾ പിന്നിട്ട് നമുക്കു പൂർണതയിലേക്കു മുന്നേറാം. നിർജീവ പ്രവൃത്തികളിൽനിന്നുള്ള മാനസാന്തരം, ദൈവത്തിലുള്ള വിശ്വാസം, മാമോദീസായുടെ പ്രബോധനം, കൈവയ്പ്, മരിച്ചവരുടെ ഉയിർപ്പ്, നിത്യവിധി എന്നിവയ്ക്ക് വീണ്ടും ഒരടിസ്ഥാനം ഇടേണ്ടതില്ല. ദൈവം അനുവദിക്കുന്നെങ്കിൽ നമുക്ക് ഇതിൽ മുന്നേറാം. ഒരിക്കൽ പ്രകാശിതരായവരും സ്വർഗീയ സമ്മാനം ആസ്വദിച്ചറിയുകയും പരിശുദ്ധാത്മാവിന്റെ പങ്കുകാരാകുകയും ദൈവവചനത്തിന്റെ നന്മയും വരാനിരിക്കുന്ന യുഗത്തിന്റെ ശക്തിയും രുചിച്ചറിയുകയും ചെയ്തവരെ, മനഃപൂർവം ദൈവപുത്രനെ കുരിശിൽ തറയ്ക്കുകയും അധിക്ഷേപിക്കുകയും ചെയ്തുകൊണ്ട്, വീണുപോയതിനുശേഷം, മാനസാന്തരത്തിലേക്കു പുനരാനയിക്കുക, അസാധ്യം. പലവട്ടം തന്റെമേൽ പെയ്യുന്ന മഴവെള്ളം കുടിച്ചിട്ട്, ആർക്കുവേണ്ടി കൃഷി ചെയ്യപ്പെടുന്നുവോ അവരുടെ പ്രയോജനത്തിനായി, സസ്യങ്ങൾ മുളപ്പിക്കുന്ന ഭൂമി, ദൈവത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നു. എന്നാൽ, മുള്ളുകളും ഞെരിഞ്ഞിലുകളുമാണ് പുറപ്പെടുവിക്കുന്നതെങ്കിലോ, അതു പ്രയോജനരഹിതമാകും. അതിൻമേൽ ശാപം ആസന്നമാണ്. ദഹിക്കപ്പെടുക എന്നതായിരിക്കും അതിന്റെ അവസാനം. ✠

## C. സുവിശേഷം

**ഒന്നാം ഗണം**

**മത്താ 28:1-20** (പൊതുക്രമം പേജ് 232 കാണുക)

**രണ്ടാം ഗണം**

**മത്താ 27:62-66**

**വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം (മത്താ 27:62-66)**

✠ **പിറ്റേദിവസം, അതായത്, ഒരുക്കദിനത്തിനുശേഷം, പുരോഹിത പ്രമുഖന്മാരും ഫരിസേയരും പീലാത്തോസിന്റെ അടുക്കൽ ഒരുമിച്ചുകൂടി. അവർ പറഞ്ഞു: യജമാനനേ, മൂന്നു ദിവസം കഴിഞ്ഞ് ഞാൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് ആ വഞ്ചകൻ ജീവിച്ചിരുന്നപ്പോൾ പറഞ്ഞത് ഞങ്ങൾ ഇപ്പോൾ ഓർമിക്കുന്നു. അതിനാൽ, മൂന്നാം ദിവസംവരെ ശവകുടീരത്തിനു കാവലേർപ്പെടുത്താൻ ആജ്ഞാപിക്കുക. അല്ലെങ്കിൽ അവന്റെ ശിഷ്യന്മാർവന്ന് അവനെ മോഷ്ടിക്കുകയും അവൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തു എന്ന് ജനങ്ങളോടു പറയുകയും ചെയ്തെന്നുവരും. അങ്ങനെ അവസാനത്തെ ചതി ആദ്യത്തേതിനെക്കാൾ ദോഷകരമായിത്തീരുകയും ചെയ്യും. പീലാത്തോസ് അവരോടു പറഞ്ഞു: നിങ്ങൾക്ക് ഒരു കാവൽസേനയുണ്ടല്ലോ; നിങ്ങൾ പോയി ആവുംവിധം ഭദ്രമാക്കുവിൻ. അവർ പോയി കല്ലിനു മുദ്രവച്ച്, കാവല്ക്കാരിലൂടെ കല്ലറ ഭദ്രമാക്കി.** ✠

SYRO MALABAR COMMISSION FOR LITURGY

# ഉയിർപ്പുതിരുനാൾ

## A. പഴയനിയമ വായനകൾ

**ഒന്നാം ഗണം**

**ഒന്നാം വായന**

**ഏശ 60:1-7 (പൊതുക്രമം പേജ് 270 കാണുക)**

അല്ലെങ്കിൽ

**എസെ 37:1-10 (പേജ് 343 കാണുക)**

**രണ്ടാം വായന**

**1 സമു 2:1-10 (പൊതുക്രമം പേജ് 272 കാണുക)**

അല്ലെങ്കിൽ

**യോനാ 2:1-10 (പേജ് 344 കാണുക)**

**രണ്ടാം ഗണം**

**ഒന്നാം വായന**

**എസെ 37:1-10**

**I. സഹോദരരേ, നിങ്ങൾ ഇരുന്ന് ശ്രദ്ധയോടെ കേൾക്കുവിൻ. എസെക്കിയേലിന്റെ പുസ്തകത്തിൽ നിന്നുള്ള വായന (എസെ 37:1-10)**

✠ **കർത്താവിന്റെ കരം എന്റെമേൽ ഉണ്ടായിരുന്നു. കർത്താവ് തന്റെ ആത്മാവിനാൽ എന്നെ നയിച്ച്, ഒരു താഴ്വരയിൽ കൊണ്ടുവന്നു. അതു നിറയെ അസ്ഥികളായിരുന്നു. അവിടന്ന് എന്നെ അവയുടെ ചുറ്റും നടത്തി. ഇതാ, താഴ്വരയുടെ പരപ്പിൽ, അവ വളരെ ഏറെയുണ്ടായിരുന്നു; വളരെ ഉണങ്ങി വരണ്ടവയുമായിരുന്നു. അവിടന്ന് എന്നോട് ചോദിച്ചു: മനുഷ്യപുത്രാ, ഈ അസ്ഥികൾക്ക് ജീവിക്കാനാവുമോ? ഞാൻ പറഞ്ഞു: നാഥനായ കർത്താവേ, അങ്ങേക്കറിയാമല്ലോ. അവിടന്ന് എന്നോട് അരുൾചെയ്തു: ഈ അസ്ഥികളോട് നീ പ്രവചിക്കുക, വരണ്ട അസ്ഥികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ, എന്ന് അവയോടു പറയണം. നാഥനായ കർത്താവ് ഈ അസ്ഥികളോട് അരുൾചെയ്യുന്നു: ഇതാ, ഞാൻ നിങ്ങളിൽ പ്രാണൻ നിവേശിപ്പിക്കുന്നു; നിങ്ങൾ ജീവിക്കും. ഞാൻ നിങ്ങളുടെ മേൽ, ഞരമ്പുകൾ വച്ചുപിടിപ്പിക്കുകയും മാംസം വളർത്തുകയും ചർമം പൊതിയുകയും**

SYRO MALABAR COMMISSION FOR LITURGY

നിങ്ങളിൽ പ്രാണൻ നിവേശിപ്പിക്കുകയും ചെയ്യും; നിങ്ങൾ ജീവൻ പ്രാപിക്കും. ഞാനാണ് കർത്താവ് എന്ന് നിങ്ങൾ അറിയും. എന്നോടു കല്പിക്കപ്പെട്ടതുപോലെ ഞാൻ പ്രവചിച്ചു. ഞാൻ പ്രവചിച്ചപ്പോൾ ഒരു ശബ്ദം ഉണ്ടായി. ഇതാ, ഒരു കിരുകിരുപ്പ്! വേർപെട്ടുപോയ അസ്ഥികൾ തമ്മിൽ ഒന്നുചേർന്നു. ഞാൻ നോക്കിയപ്പോൾ ഇതാ, ഞരമ്പും മാംസവും അവയുടെമേൽ വന്നിരുന്നു; ചർമം അവയ്ക്കുമേൽ പൊതിഞ്ഞു; എന്നാൽ, അവയ്ക്ക് പ്രാണൻ ഉണ്ടായിരുന്നില്ല. അവിടന്ന് എന്നോട് അരുൾചെയ്തു: നീ ജീവശ്വാസത്തോടു പ്രവചിക്കുക. മനുഷ്യപുത്രാ, ജീവശ്വാസത്തോടു പ്രവചിച്ചു പറയുക. നാഥനായ കർത്താവ് ഇങ്ങനെ അരുൾചെയ്യുന്നു: ജീവശ്വാസമേ, നീ നാലു വായുക്കളിൽനിന്നു വന്ന്, ഈ നിഹതന്മാരുടെമേൽ വീശുക. അവർക്കു ജീവൻ ഉണ്ടാകട്ടെ. അവിടന്ന് എന്നോടു കല്പിച്ചതുപോലെ ഞാൻ പ്രവചിച്ചു. അപ്പോൾ, ജീവശ്വാസം അവയിൽ പ്രവേശിച്ചു. അവർ ജീവൻ പ്രാപിച്ചു. അത്യധികം, വലിയ ഒരു സൈന്യമായി അവർ എഴുന്നേറ്റു നിന്നു. ✠

### രണ്ടാം വായന

**യോനാ 2:1–10**

**II. സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ. യോനായുടെ പുസ്തകത്തിൽ നിന്നുള്ള വായന (യോനാ 2:1–10)**

✠ യോനായെ വിഴുങ്ങാൻ, കർത്താവ് ഒരു വലിയ മത്സ്യത്തെ നിയോഗിച്ചു. യോനാ മൂന്നു പകലും മൂന്നു രാവും, ആ മത്സ്യത്തിന്റെ വയറ്റിൽ ആയിരുന്നു. മത്സ്യത്തിന്റെ വയറ്റിൽനിന്ന്, യോനാ തന്റെ ദൈവമായ കർത്താവിനോടു പ്രാർഥിച്ചു. അവൻ ഉരുവിട്ടു: എനിക്കുള്ള കഷ്ടത മൂലം, ഞാൻ കർത്താവിനോടു വിളിച്ചപേക്ഷിച്ചു; അവിടന്ന് എനിക്ക് ഉത്തരമരുളി. പാതാളത്തിന്റെ ഉദരത്തിൽനിന്നു ഞാൻ നിലവിളിച്ചു; അങ്ങ് എന്റെ സ്വരം കേട്ടു. അങ്ങ് എന്നെ സമുദ്രഹൃത്തിലേക്ക്, ആഴത്തിലേക്ക് വലിച്ചെറിഞ്ഞു. പ്രവാഹം എന്നെ വളഞ്ഞു. അങ്ങയുടെ എല്ലാ തിരമാലകളും ഓളങ്ങളും, എന്റെ മീതേ കടന്നുപോയി. അപ്പോൾ, ഞാൻ പറഞ്ഞു: അങ്ങയുടെ കൺമുമ്പിൽനിന്നു, ഞാൻ നിഷ്കാസിതനായിരിക്കുന്നു. എന്നാലും, അങ്ങയുടെ വിശുദ്ധ ആലയത്തിലേക്ക് നോക്കാൻ, ഞാൻ തുടർന്നും ശ്രമിക്കും. വെള്ളം എന്നെ കഴുത്തുവരെ വലയം ചെയ്തിരിക്കുന്നു. ആഴം എന്നെ ചുറ്റിയിരിക്കുന്നു. പായൽ എന്റെ തല വരിഞ്ഞു മുറുക്കി

**യിരിക്കുന്നു. പർവതങ്ങളുടെ അടിത്തട്ടുകളിലേക്കു ഞാൻ ഇറങ്ങി ച്ചെന്നു. ഭൂമിയുടെ പൂട്ടിയ ഓടാമ്പലുകൾ എനിക്കു പിന്നിൽ, എന്നേ ക്കുമായി ഉണ്ടായിരുന്നു. എങ്കിലും എന്റെ ദൈവമായ കർത്താവേ, അങ്ങ് എന്റെ ജീവൻ ഗർത്തത്തിൽനിന്നു പൊക്കിയെടുത്തു. എന്റെ ആത്മാവ് തളർന്ന് ഇരുന്നപ്പോൾ, ഞാൻ കർത്താവിനെ ഓർത്തു. എന്റെ പ്രാർഥന അങ്ങയുടെ പക്കലേക്ക്, അങ്ങയുടെ വിശുദ്ധ ആലയത്തിലേക്ക് വന്നെത്തി. വ്യർഥവിഗ്രഹങ്ങളെ പൂജിക്കുന്നവർ, സ്വന്തം കൃപ വെടിയുന്നു. എന്നാൽ, ഞാൻ കൃതജ്ഞതാ നാദത്തോടെ, അങ്ങേക്കു ബലിയർപ്പിക്കും. ഞാൻ നേർന്നതു നിറവേറ്റും; കർത്താവിന്റേതാണ് രക്ഷ. ✠**

## B. ലേഖനം

**ഒന്നാം ഗണം**

**റോമാ 5:20–6:23 (പൊതുക്രമം പേജ് 275 കാണുക)**

അല്ലെങ്കിൽ

**ശ്ലീഹ 2:22–28 (പേജ് 345 കാണുക)**

**രണ്ടാം ഗണം**

**ശ്ലീഹ 2:22–28**

**സഹോദരരേ, ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽ നിന്നുള്ള വായന (ശ്ലീഹ 2:22–28)**

**✠ ഇസ്രായേല്യരേ, ഈ വചനങ്ങൾ കേൾക്കുവിൻ: നിങ്ങൾക്കുതന്നെ അറിയാവുന്നപോലെ, ദൈവം, അവൻ വഴി, നിങ്ങളുടെ ഇടയിൽ താൻ പ്രവർത്തിച്ച വൻകാര്യങ്ങളും അദ്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് നസറായനെ, ഈശോയെ നിങ്ങൾക്കു സാക്ഷ്യപ്പെടുത്തിത്തന്നു. ദൈവത്തിന്റെ സുനിശ്ചിതമായ പദ്ധതിയും പൂർവജ്ഞാനവും അനുസരിച്ച് ഏല്പിക്കപ്പെട്ട ഇവനെ നിങ്ങൾ നിയമരഹിതരുടെ കൈകളാൽ കുരിശിൽ തറച്ചുകൊന്നു. എന്നാൽ, ദൈവം ഈശോയെ മരണത്തിന്റെ യാതനകളിൽനിന്ന് വിമുക്തനാക്കി ഉയിർപ്പിച്ചു. കാരണം, അവൻ അതിന്റെ പിടിയിലായിരിക്കുക അസാധ്യമായിരുന്നു. ദാവീദ് അവനെക്കുറിച്ച് പറഞ്ഞിരിക്കുന്നു: ഞാൻ കർത്താവിനെ സദാ എന്റെ മുമ്പിൽ ദർശിച്ചിരുന്നു. ഞാൻ പതറിപ്പോകാതിരിക്കാൻ അവിടന്ന് എന്റെ വലത്തുവശത്തുണ്ട്. ഇതു നിമിത്തം എന്റെ ഹൃദയം ആഹ്ലാദിച്ചു; എന്റെ നാവ് ആനന്ദിച്ചു; മാത്രമല്ല, എന്റെ ശരീരം പ്രത്യാശയിൽ വസിക്കും. എന്തെന്നാൽ, എന്റെ ആത്മാവിനെ**

SYRO MALABAR COMMISSION FOR LITURGY

**അവിടന്ന് പാതാളത്തിൽ ഉപേക്ഷിക്കുകയില്ല. അവിടത്തെ പരിശുദ്ധൻ ജീർണിക്കാൻ അവിടന്ന് അനുവദിക്കുകയുമില്ല. ജീവന്റെ വഴികൾ അവിടന്ന് എന്നെ അറിയിച്ചു. അവിടത്തെ സാന്നിധ്യത്താൽ എന്നെ ആഹ്ലാദംകൊണ്ടു നിറയ്ക്കും. ✠**

## C. സുവിശേഷം

**ഒന്നാം ഗണം**

**മത്താ 28:1-6 (പൊതുക്രമം പേജ് 283 കാണുക)**

**രണ്ടാം ഗണം**

**യോഹ 20:1-10**

**വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം (യോഹ 20:1-10)**

**✠ ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലേ ഇരുട്ടായിരിക്കുമ്പോൾ ത്തന്നെ മഗ്ദലേനമറിയം കല്ലറയുടെ സമീപത്തേക്കു വന്നു. കല്ലറയുടെ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു. അവൾ ഉടനേ ഓടി ശിമയോൻ പത്രോസിന്റെയും ഈശോ സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യന്റെയും അടുത്തെത്തി പറഞ്ഞു: കർത്താവിനെ അവർ കല്ലറ യിൽനിന്നു മാറ്റിയിരിക്കുന്നു. എന്നാൽ, അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പത്രോസ് ഉടനേ മറ്റേ ശിഷ്യനോടു കൂടെ കല്ലറയുടെ അടുത്തേക്കു പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി. എന്നാൽ, മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗം ഓടി ആദ്യം കല്ലറയുടെ അടുത്തെത്തി. കുനിഞ്ഞുനോക്കിയപ്പോൾ കച്ച കിടക്കുന്നത് അവൻ കണ്ടു. എങ്കിലും അവൻ അകത്തു പ്രവേശിച്ചില്ല. അവന്റെ പിന്നാലേ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെ യല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടിവച്ചിരിക്കുന്നതും അവൻ കണ്ടു. അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു. ഈശോ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല. അനന്തരം ശിഷ്യന്മാർ വീടു കളിലേക്ക് മടങ്ങിപ്പോയി. ✠**

SYRO MALABAR COMMISSION FOR LITURGY